
മുഹമ്മ ഗ്രാമപഞ്ചായത്ത്















സമഗ്രവികസനരേഖ

1996

മുഹമ്മ ഗ്രാമപഞ്ചായത്ത്

വികസന സെമിനാറിന് ആശംസകൾ

മുഹമ്മ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്-
ലിമിറ്റഡ് നമ്പർ. 1670, മുഹമ്മ.പി.ഒ

എം. വി. സോമൻ
(പ്രസിഡൻറ്)

പി. രാധാമണി
(സെക്രട്ടറി)

മുഹമ്മ ഗ്രാമപഞ്ചായത്ത്

വികസന സെമിനാറിന് ആശംസകൾ...

കരപ്പുറം വെള്ളകെട്ടുകാവ്യവസായ സഹകരണ സംഘം
ക്ലിപ്തം നമ്പർ.എ.144, മുഹമ്മ.പി.ഒ

കെ. എൻ. മാധവൻ
(പ്രസിഡൻറ്)

റ്റി. ആർ. ഹൈമാവതി ദേവി
(സെക്രട്ടറി)


ഒമ്പതാം പദ്ധതി-ജനകീയ പദ്ധതി

സമഗ്രവികസന രേഖ



മുഹമ്മ ഗ്രാമപഞ്ചായത്ത്

തണ്ണീർമുക്കം പഞ്ചായത്ത്
കഞ്ഞിക്കുഴി പഞ്ചായത്ത്
വണ്ടാഞ്ചേരി പഞ്ചായത്ത്
PUTHANANGADI JN.
ALAPPUZHA THANNEERMUKKOM ROAD
MUHAMMA JN.
MUHAMMA JETTY
പാതിരാമണൽ
1
2
3
4
5
6
7
8
9
10
10



മുൻപ്രസിഡൻറുമാർ

ശ്രീ.പി.എസ്.ബാഹുലേയൻ




1953-54

ശ്രീ.കെ.സി.മാധവൻ




1956-63

ശ്രീ.കെ.ദാസ്



1963-84

ജി.വേണുഗോപാൽ




1988-95


പ്രസിഡൻറ്
ജലജാചന്ദ്രൻ




വൈ:പ്രസിഡൻറ്
ബിമൽ റോയ്




സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ
ഡി.ഷാജി



കെ.എസ്.ദാമോദരൻ




വി.ജി.ശശിധരൻ




രാജമ്മ രമേശൻ




കെ.കെ.വേലായുധൻ




എൽ.പത്മിനി




കൊച്ചുത്രേസ്യ ജെയിംസ്




റ്റി.വി.ഉദയകരൻ



മുഹമ്മ ഗ്രാമ പഞ്ചായത്ത്
പഠന പദ്ധതി





മുഹമ്മ ഗ്രാമപഞ്ചായത്താഫീസ്

ഉള്ളടക്കം

1. ആമുഖം
2. പഞ്ചായത്തിന്റെ പൊതുചിത്രം
3. സാമൂഹിക – സാംസ്ക്കാരിക ചരിത്രം
4. ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി
5. സാമൂഹിക സാമ്പത്തിക മേഖലകൾ
   - 5.1 കൃഷിയും ജലസേചനവും
   - 5.2 മൃഗസംരക്ഷണവും മത്സ്യബന്ധനവും
   - 5.3 വ്യവസായം
   - 5.4 വിദ്യാഭ്യാസം
   - 5.5 കുടിവെള്ളവും പൊതുജനാരോഗ്യവും
   - 5.6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
   - 5.7 പാർപ്പിടവും സാമൂഹ്യക്ഷേമവും
   - 5.8 സംസ്ക്കാരം
   - 5.9 വനിത
   - 5.10 സഹകരണം
   - 5.11 പട്ടികജാതി – പട്ടികവർഗ്ഗക്ഷേമം
   - 5.12 വിഭവസമാഹരണം
   - 5.13 ടൂറിസം
6. ഉപസംഹാരം

വികസന രേഖ തയ്യാറാക്കിയവർ

സർവ്വശ്രീ. എൻ. പി. രവീന്ദ്രനാഥ് കൺവീനർ
" പി. കെ. ഷാജി
" വി. ആർ. സുപ്രഭാസൻ
" കെ. കെ. വിശ്വൻ
" കെ. എൻ. ബാഹുലേയൻ
" എം. ആർ. പ്രസാദ് ദാസ്
" ബി. ബാബു
" എം. എസ്. ദേവദാസ്
" പി. കെ. രാജപ്പൻ
" കെ. പി. അബ്ദുൾഖാദർ കുഞ്ഞ്

സഹായികൾ

കെ. ഷിബു. സുഗുണൻ
വി. എൻ. മനോഹരൻ
ഡോ. സി. രാഘവൻ
ഡോ. സലിം ചെല്ലപ്പൻ
അനിതാ ജയിംസ്
ഡോ. ഒ. എസ്. തമ്പി
പി. കെ. സതീഷ് ചന്ദ്രൻ
കെ. റ്റി. ഷൈജു
ജലജാചന്ദ്രൻ
ബിമൽറോയി
ഡി. ഷാജി
വി. ജി. ശശിധരൻ
കെ. എസ്. ദാമോദരൻ
സുനിൽകുമാർ
രഞ്ജുനാഥ്

എഡിറ്റോറിൽ ബോർഡ്

ഡി. ഷാജി
എൻ. പി. രവീന്ദ്രനാഥ്
പി. കെ. ഷാജി
വി. ആർ. സുപ്രഭാസൻ

പഞ്ചായത്തിലെ ജീവനക്കാർ

1. പി. കെ. സുലോചന (സെക്രട്ടറി)
2. ബി. ഭാർഗ്ഗവൻ യു. ഡി. ക്ലാർക്ക്
3. എസ്സ്. അംബിക "
4. കെ. രേവമ്മ എൽ. ഡി. ക്ലാർക്ക്
5. എം. കെ. ശശികുമാർ "
6. വി. ബി. പുഷ്പവല്ലി (പ്യൂൺ)
7. കെ. ഏ. നാസ്സർ "
8. എസ്. എസ്. രാജമ്മ (പാർട്ട് ടൈം സ്വീപ്പർ)



1

ആമുഖം

ജനാധിപത്യത്തെക്കുറിച്ച് അമേരിക്കൻ പ്രസിഡൻറായിരുന്ന എബ്രഹാം ലിങ്കൻ ഇങ്ങനെ പറഞ്ഞു "ജനങ്ങൾക്കു വേണ്ടി ജനങ്ങളാൽ ഭരിക്കപ്പെടുന്ന ജനങ്ങളാണ് സർക്കാർ" ഇത് ജനാധിപത്യന്റെ ചോദ്യം ചെയ്യപ്പെടാത്ത നിർവ്വചനമായി നിൽക്കുന്നു. 1947 ആഗസ്റ്റ് 15 ന് കോളോണിയൽ നുകത്തിൽ നിന്നും നാം സ്വാതന്ത്ര്യം നേടിയ ജനങ്ങളെ ഭരിക്കാൻ ജനങ്ങൾ തന്നെ ജനപ്രതിനിധികളെ തെരഞ്ഞെടുത്തു നിയമസഭകളിലേയ്ക്കും പാർലമെൻറിലേയ്ക്കുമായച്ചു. നിയമസഭയിലും, പാർലമെൻറിലും ജനവികാരങ്ങൾ അവതരിപ്പിക്കപ്പെട്ടു. ജനങ്ങളുടെ സമഗ്രമായ പുരോഗതിയെ ലക്ഷ്യമാക്കി നിയമങ്ങളും, പദ്ധതികളും തയ്യാറാക്കി. നിർഭാഗ്യമെന്ന് പറയട്ടെ യഥാർത്ഥ യജമാനൻമാരായിരിക്കേണ്ട ജനങ്ങൾ ഇവയിൽ നിന്നെല്ലാം ബോധപൂർവ്വം ഒഴിവാക്കപ്പെട്ടു. ഉയർന്ന ഉദ്യോഗസ്ഥൻമാരും, രാഷ്ട്രിയ നേതാക്കന്മാരും ജനങ്ങൾക്കുവേണ്ടി പദ്ധതികൾ തയ്യാറാക്കി. അതിനിടയിലേയ്ക്ക് പുതിയൊരുവർഗ്ഗം കടന്നുവന്നു. ഇടനിലക്കാരായ കോൺട്രാക്ടർമാർ. ഫലമോ പദ്ധതികൾ പലതുംതാഴേത്തട്ടിലേയ്ക്ക് വന്നില്ല. 100 രൂപ മുടക്കിയാൽ 15 രൂപയുടെ പ്രയോജനം മാത്രം ജനങ്ങളിലെത്തുന്ന അവസ്ഥ സംജാതമായി. പദ്ധതികൾ തന്നെ പലതും ജനങ്ങളുടെ യഥാർത്ഥ പ്രശ്നങ്ങളിൽ നിന്ന് ഉരിത്തിരിഞ്ഞ തായിരുന്നില്ല. ഒപ്പം ഇടനിലക്കാരുടെ ചൂഷണവും. പുരോഗതി എല്ലായിടത്തും എത്തിച്ചേരാതിരിക്കാൻ ഇതിനേക്കാൾ വലിയ കാരണങ്ങൾ അന്വേഷിക്കേണ്ടതുണ്ടെന്ന് തോന്നുന്നില്ല.

ഇക്കാലമത്രയും നമ്മുടെ ആസൂത്രണ പ്രക്രീയ തലകീഴിലായി നിൽക്കുകയായിരുന്നു. ഒപ്പം നമ്മുടെ പ്രതീക്ഷകളും കീഴ്മേൽ മറിഞ്ഞു. വിദ്യാഭ്യാസത്തിലും, ആരോഗ്യപരിപാലനത്തിലും ഉയർന്ന ജീവിതനിലവാരത്തിലും ഭാരതത്തിന് മാതൃകയായിതീർന്ന നമ്മൾ പതുക്കെപതുക്കെ ഒരു കെണിയിലകപ്പെടുകയായിരുന്നു. ഇല്ലായ്മകളുടെ കെണിയിൽ "കാടിയായാലും മൂടിക്കിടക്കണ" മെന്ന പഴഞ്ചൊല്ലിനെ ഓർമ്മിപ്പിക്കുന്ന വിധത്തിൽ ഇല്ലായ്മകളെ നമ്മൾ മൂടിവെച്ചു. നമ്മൾക്ക് എത്രകാലം ഇങ്ങനെ ഒളിച്ചുകളിക്കാൻ പറ്റും മറ്റുള്ളവരെ എന്തിനും, ഏതിനും ആശ്രയിക്കുന്ന ഉപഭോക്തൃ സംസ്ഥാനമായി കഴിയാൻ പറ്റും? ഇതിനൊരു പ്രതിവിധി എന്ന നിലയിലാണ് നമ്മൾ ജനകീയാസൂത്രണത്തെ നോക്കിക്കാണുന്നത്. സ്വന്തം പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കാനും അവ നടപ്പിലാക്കുന്നതിൽ പങ്കാളികളാകാനുമുള്ള ഈ ഭാഗ്യം ആദ്യമായി ലഭിക്കുന്നവർ എന്ന സ്ഥാനം നമുക്കാണ്.

1994 ൽ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ശ്രീമാൻ രാജിവ് ഗാന്ധിയാണ് പാർലമെൻറിൽ 73,74 ഭാരണഘടനാഭേദഗതി അവ തരിപ്പിച്ചു നിയമമാക്കിയത്. ഇതിലൂടെയാണ് പഞ്ചായത്ത്രാജ് ഭാരതത്തിൽ നിയമം മൂലം നിലവിലൽ വരുന്നത്. ഇതിൻെറ ഫലമായി ഗ്രാമസഭകൾക്ക് പ്രത്യേക അവകാശങ്ങൾ ദത്തമായി ഈ ഗ്രാമസഭകളാണ്

പഞ്ചായത്ത്രാജ് സംവിധാനത്തിന്റെ അടിസ്ഥാനശില.

വിശേഷാൽ ഗ്രാമസഭകളിലൂടെ പഞ്ചായത്തിന്റെ പ്രശ്നങ്ങൾ നമ്മൾ സ്പർശിച്ചറിഞ്ഞിരിക്കുന്നു. ഇവയിൽ നിന്ന് മുൻഗണനാ ക്രമത്തിൽ പ്രശ്നങ്ങൾ തെരഞ്ഞെടുത്ത് അവ സ്കീമുകളായി രൂപാന്തരപ്പെടുത്തി 9-ാം പഞ്ചവത്സരപദ്ധതിയുടെ ഭാഗമാക്കി നടപ്പിൽ വരുത്തുക എന്നതാണ് അടുത്ത നടപടി. അതോടെ പ്രശ്ന സങ്കീർണ്ണമായ ജീവിതത്തിന്റെ കുരുക്കഴിക്കുവാനുള്ള ശ്രമത്തിൽ ആദ്യകടമ്പകൾ നമ്മൾ വിജയപൂർവ്വം തരണംചെയ്തിരിക്കുന്നു. ഭരിക്കപ്പെടുന്നവർ എന്ന അവസ്ഥയിൽനിന്ന് ഭരിക്കുന്നവർ എന്ന അവസ്ഥയിലേയ്ക്കുള്ള ഈ മാറ്റമാണ് ജനാധിപത്യത്തെ അർത്ഥ പൂർണ്ണമാക്കുന്നത്. ജനകീയാസൂത്രണം മൂലം ജനജീവിതത്തിൽ സംഭവിക്കാൻ പോകുന്ന മാറ്റം വിസ്മയാവഹമായിരിക്കും. യഥാർത്ഥ പ്രശ്നങ്ങൾ കണ്ടറിഞ്ഞ് പരിഹരിക്കുന്നു എന്നതുപോലെതന്നെ പ്രധാനമാണ് ഭരണത്തിൽ നേരിട്ട് പങ്കാളികളാകുന്നതും. മാത്രമല്ല രാഷ്ട്രപിതാവിന്റെ -ഗ്രാമസ്വരാജ്- എന്ന സ്വപ്നം സ്വതന്ത്ര്യം ലഭിച്ചു 49 വർഷങ്ങൾക്കുശേഷം പൂവണിയുകയാണ് എന്ന പ്രത്യേകതയും ഇതിനുണ്ട്. ഉദ്യോസ്ഥമേധാവിത്വം അവസാനിപ്പിക്കു വാനും, അഴിമതിയും, ധൂർത്തും,കെടുകാര്യസ്ഥതയും പൊതുജീവിതത്തിൽ നിന്ന് തുടച്ചുമാറ്റുന്നതിനും ജനകീയസൂത്രണം ഉപകരിയ്ക്കും എന്ന് നമുക്ക് പ്രത്യാശിക്കാം. എങ്കിലും ഇത് നമ്മൾ അറിയേണ്ടിരിക്കുന്നു. നമ്മുടെ വികസനമേഖല. മുരടിപ്പിലാണ്. ഈ മുരടിപ്പ് മാറ്റാൻ ജനമുന്നേറ്റം ആവശ്യമാണ്. വാർഡുകൾ തോറും 50 വീടിന് ഒരു അയൽകൂട്ടം സൃഷ്ടിക്കുകയും അതിനെ സജീവമായി നിലനിർത്താൻ കഴിയുകയും ചെയ്താൽ ഈ വികസന മുരടിപ്പിനെ ഫലപ്രദമായി ചെറുക്കുവാനും ഒരു പുത്തൻ വികസന സംസ്ക്കാരം സൃഷ്ടിക്കുവാനും കഴിയും.

1996 ആഗസ്റ്റ് 25-ാം തീയതി ജനകീയാസൂത്രണ പ്രക്രീയയ്ക്ക് പഞ്ചായത്തിൽ തുടക്കം കുറിച്ചു. ഇതിന്റെ വിജയത്തിനായി പഞ്ചായത്തുതലത്തിൽ രാഷ്ട്രീയ പാർട്ടികളുടെ യോഗം വിളിച്ചുകൂട്ടുകയും എൽ.ആർ.പി. മാർക്ക് 22-9-96 ൽ ഒന്നാംഘട്ടപരിശീലനം നൽകുകയും ചെയ്തു. ഇതിനെ തുടർന്ന് വിശേഷാൽ ഗ്രാമസഭകൾ വിളിച്ചുകൂട്ടി. ഇതിൽ താരതമ്യേന നല്ല പങ്കാളിത്തം ഉണ്ടായിരുന്നു. പട്ടിക ഒന്ന് ശ്രദ്ധിക്കുക. 30-9-96 ൽ പഞ്ചായത്ത് വികസന റിപ്പോർട്ട് തയ്യാറാക്കുന്നതിന് വിദഗ്ദ്ധസമിതി രൂപികരിച്ചു. തുടർന്ന് 16-11-96 ൽ നടപ്പുസ്കീമുകളുടെ യാഥാർത്ഥ നില അറിയുന്നതിനും നിർദ്ദേശങ്ങൾ ലഭിക്കുന്നതിനുമായി പഞ്ചായത്തിലെ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥന്മാരുടെ യോഗം വിളിച്ചുചേർത്തു. 18-11-96 ൽ എൽ.ആർ.പി മാർക്ക് രണ്ടാം ഘട്ട പരിശീലനം നൽകി. ഇതിൽ 158 പേർ പങ്കെടുത്തു. 20-11-96 മുതൽ 3 ദിവസം കൊണ്ട് കുടുംബസർവ്വേ നടത്തി. പഞ്ചായത്തിലെ സാമൂഹിക സാമ്പത്തിക നിലയെക്കുറിച്ചുള്ള യഥാർത്ഥ ചിത്രം സംഘടിപ്പിച്ചു.

പുനരർപ്പണ ദിനമായ നവംബർ ഒന്നാം തീയതി ജനപങ്കാളിത്തതോടെ 4 റോഡുകളുടെ എർത്ത് വർക്ക് നടത്തി. കൂടാതെ ഏത്ത വാഴകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 700 കർഷകക്കായി 7000 ഏത്തവാഴ വിത്തുകളും ഇതിനാവശ്യമായ രാസവളങ്ങളും കീടനാശിനികളും സൗജന്യനിരക്കിൽ വിതരണം ചെയ്തു.

ജനകീയാസൂത്രണം മുഹമ്മയിൽ

പട്ടിക.1

ഗ്രാമസഭകൾ

വാർഡ്	സ്ത്രി	പുരുഷൻ	ആകെ	പ്രചാരണ പ്രവർത്തനങ്ങൾ
1	52	203	255	ഗ്രാമജ്യോതി,, വിളംബരജാഥ, അയൽകൂട്ടം, സ്ക്വാഡു പ്രവർത്തനം, പോസ്റ്റർ പ്രചരണം, ഗായക സംഘങ്ങൾ എന്നീ പ്രചാരണപ്രവർത്തനങ്ങളാണ് ഓരോ വാർഡുകളിലും നടത്തിയത്.
2	41	159	200	
3	62	320	382	
4	138	248	386	
5	104	259	363	
6	84	180	264	
7	208	246	454	
8	88	325	413	
9	91	122	213	
10	52	100	152	

പഞ്ചായത്തിന്റെ പൊതുചിത്രം

പേര്	–	മുഹമ്മ പഞ്ചായത്ത് – 1st ഗ്രേഡ്
വില്ലേജ്	–	തണ്ണീർമുക്കം തെക്ക്
ബ്ലോക്ക്	–	കഞ്ഞിക്കുഴി
ബ്ലോക്ക് ഡിവിഷനുകൾ	–	2
താലൂക്ക്	–	ചേർത്തല
ജില്ല	–	ആലപ്പുഴ
ജില്ലാപഞ്ചായത്തു ഡിവിഷൻ	–	1
അസംബ്ലി മണ്ഡലം	–	മാരാരിക്കുളം.
പാർലമെൻറ്	–	ആലപ്പുഴ
ജനസംഖ്യ	–	23703
സ്ത്രീകൾ	–	12411
പുരുഷൻമാർ	–	11292
പഞ്ചായത്താഫീസ്	–	ആര്യക്കര (സ്വന്തം കെട്ടിടം)

പഞ്ചായത്തിലെ സ്ഥാപനങ്ങൾ

1. ഗവൺമെൻറ് സംസ്കൃത ഹൈസ്ക്കൂൾ ചാരമംഗലം.
2. ആര്യക്കര ഭഗവതി വിലാസം ഹൈസ്ക്കൂൾ.
3. മദർ തെരേസ ഹൈസ്ക്കൂൾ
4. കെ.പി.എം അപ്പർപ്രൈമറി സ്കൂൾ
5. ഗവൺമെൻറ് എൽ.പി.സ്ക്കൂൾ, മുഹമ്മ
6. മുഹമ്മ സി.എം.എസ്സ് എൽ.പി.സ്ക്കൂൾ
7. കായിപ്പുറം സി.എം.എസ്സ്. എൽ.പി സ്ക്കൂൾ
8. ആസാദ് മെമ്മോറിയൽ പഞ്ചായത്ത് എൽ.പി.സ്ക്കൂൾ
9. ശ്രീനാരായണ വിലാസം എൽ.പി.സ്ക്കൂൾ
10. ഗ്രാമപഞ്ചായത്താഫീസ്
11. തണ്ണീർമുക്കം തെക്ക് വില്ലേജാഫീസ്
12. കൃഷിഭവൻ
13. പോലീസ് സ്റ്റേഷൻ
14. പോസ്റ്റാഫീസ്
15. ഗവൺമെൻറ് പി.എച്ച് സെൻറർ
16. ആയുർവ്വേദ ആശുപത്രി.
17. മൃഗാശുപത്രി
18. വി.ഇ.ഒ. ആഫീസ്, കായിപ്പുറം
19. വി.ഇ.ഒ. ആഫീസ്, മുഹമ്മ
20. സ്റ്റേഷൻ മാസ്റ്റർ ആഫീസ് (കേരള വാട്ടർ ട്രാൻസ്പോട്ട് ഡിപ്പാർട്ട്മെൻറ്)
21. മേജർ സെക്ഷൻ ആഫീസ് (ഇലക്ട്രിസിറ്റി ബോർഡ്)
22. ഇ.എസ്സ്.ഐ. ആശുപത്രി
23. ഗോസംവർദ്ധന ഉപകേന്ദ്രം, മുഹമ്മ
24. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, മുഹമ്മ
25. എസ്.സി.ബി 1670 മുഹമ്മ.
26. എസ്.സി.എസ്സ് 1300 കായിപ്പുറം
27. ജില്ലാസഹകരണ ബാങ്ക്,മുഹമ്മ ബ്രാഞ്ച്
28. ഫെഡറൽ ബാങ്ക് പുത്തനങ്ങാടി
29. മാവേലി സ്റ്റോർ (സിവിൽ സപ്ലൈസ്)

മുഹമ്മ ഗ്രാമപഞ്ചായത്ത് നിലവിലുള്ള ഭരണസമിതി

പ്രസിഡൻറ് – ശ്രീമതി. ജലജാചന്ദ്രൻ
വൈസ് പ്രസിഡൻറ് – ശ്രീ. ബിമൽ റോയ്
സ്റ്റാൻറിംഗ് കമ്മറ്റി ചെയർമാൻ – ശ്രീ. ഡി. ഷാജി.

അംഗങ്ങൾ –


ശ്രീ. കെ.എസ്സ്. ദാമോദരൻ
ശ്രീ. വി.ജി. ശശിധരൻ
ശ്രീമതി.രാജമ്മ രമേശൻ
ശ്രീ.കെ.കെ.വേലായുധൻ
ശ്രീമതി. എൽ. പത്മിനി
ശ്രീമതി. കൊച്ചുത്രേസ്യാ ജെയിംസ്
ശ്രീ. ടി.വി. ഉദയകരൻ

മുഹമ്മ ഗ്രാമപഞ്ചായത്തിനെ പ്രതിനിധീകരിക്കുന്ന ബ്ലോക്ക് പഞ്ചായത്തംഗങ്ങൾ.

1. ശ്രീ. കെ.എൻ. ബാഹുലേയൻ (1, 2, 3, 4, 5, 6, 9, 10 വാർഡുകൾ)
2. ശ്രീ. ആർ. നാസർ (പഞ്ചായത്തിലെ 7, 8 വാർഡുകൾ ഉൾപ്പെടുന്ന ചെറുവാരണം ബ്ലോക്ക് മണ്ഡലത്തെ പ്രതിനിധീകരിക്കുന്നു. കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡൻറും ഇദ്ദേഹമാണ്.)

മുഹമ്മ ഗ്രാമപഞ്ചായത്തിനെ പ്രതിനിധീകരിക്കുന്ന ജില്ലാപഞ്ചായത്തംഗം – ശ്രീ. ടി.കെ. പളനി.
ഗ്രാമ പഞ്ചായത്ത് സെക്രട്ടറി – ശ്രീമതി.പി.കെ.സുലോചന

3. മുഹമ്മ ഗ്രാമപഞ്ചായത്തിലെ പ്രതിനിധികരിക്കുന്ന നിയമ സഭാംഗം – അഡ്വ. ശ്രീ. പി. ജെ. ഫ്രാൻസിസ്.
4. മുഹമ്മ ഗ്രാമപഞ്ചായത്തിനെ പ്രതിനിധീകരിക്കുന്ന ലോകസഭാംഗം – ശ്രീ. വി. എം. സുധീരൻ



3

സാമൂഹിക സാംസ്കാരിക ചരിത്രം

മുഹമ്മ പഞ്ചായത്തിന്റെ ആദിമ ചരിത്രം പഠിക്കുവാൻ ഉതകുന്ന ആധികാരിക രേഖകളൊന്നും തന്നെ ലഭ്യമല്ല. ആയതിനാൽ കേട്ടറിവിനേയും ചോദിച്ചറിവിനേയും ഐതീഹ്യങ്ങളോടുള്ള യുക്തിപൂർവ്വമായ സമീപനത്തേയും ചില മാഗസിനുകളിലെ രേഖകളേയും ആശ്രയിച്ച് മാത്രമേ ചരിത്ര രചനയക്ക് പുറപ്പെടുവാൻ കഴിയുകയുള്ളു.

ചേർത്തല കരപ്പുറം പ്രദേശം ആദ്യം കൊച്ചി രാജവംശത്തിന്റെ അധീനതയിലായിരുന്നു. മാർത്താണ്ഡ വർമ്മയുടെ പടയോട്ടക്കാലത്ത് തിരുവിതാംകൂറുമായി സന്ധിയിലേർപ്പെടുകയും, കിരീടധാരണം കഴിഞ്ഞാൽ തിരുവിതാംകൂർ രാജാവ് കരപ്പുറത്ത് വരാൻ പാടില്ല എന്ന വ്യവസ്ഥയിൽ ചേർത്തല -കരപ്പുറം-പ്രദേശം മാർത്താണ്ഡവർമ്മയ്ക്ക് വിട്ടുകൊടുക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ ഊരാണ്മ ക്ഷേത്രങ്ങളെ കേന്ദ്രീകരിച്ച് കരപ്പുറം പ്രദേശത്ത് ഭരണം നടത്തിയിരുന്നതായിപഴമക്കാർ പറയുന്നു. ഈ കരപ്പുറം പ്രദേശത്തിന്റെ ഒരു ഭാഗമാണ് ഇന്നത്തെ മുഹമ്മ പഞ്ചായത്ത്.

മുഹമ്മ എന്ന സ്ഥലനാമത്തിന് നൂറ് കൊല്ലത്തിന് താഴെ പഴക്കമേയുള്ളു. മുപ്പിരിത്തോടിന് തെക്കുവശം പെരുന്തുരുത്തെന്നും, വടക്കുവശം ചാരമംഗലം എന്നുമാണ് അറിയപ്പെട്ടിരുന്നത്. ചാരമംഗലത്തിന്റെ തെക്കുഭാഗ ത്തിന് "അത്താഴക്കാട്" എന്നും പേരുണ്ടായിരുന്നു. ഇന്നത്തെ ആലപ്പുഴ-തണ്ണീർമുക്കം റോഡിന് കിഴക്കുഭാഗത്താണ് ആദ്യമായി ഇവിടെ കമ്പോളം രൂപപ്പെട്ടത്. തോട് ഒഴുകി കായലിൽ ചേരുന്ന ഭാഗത്തിന് "മുഖപ്പ്" എന്നുപറയാറുണ്ട്. അതിന് "മേക്ക്" പടിഞ്ഞാറ് ഭാഗത്തുള്ള ഒരു വീടിന് "മുഖമ്മേൽ" എന്ന് പേര് വന്നു. ഈ വീടിനടുത്തായി ഒരു കമ്പോളം രൂപംകൊള്ളുകയും അതിനെ "മുഖമ്മേൽ കമ്പോളം" എന്ന് വിളിക്കുകയും ചെയ്തു. ഇത് പിന്നീട് "മുഖം-മുഹ" മെന്ന് ഉച്ചരിക്കുന്ന തുപോലെ "മുഹമ്മ" എന്നായി മാറി. ഇങ്ങനെയാണ് മുഹമ്മ എന്നപേരുണ്ടായതെന്ന് കരുതേണ്ടിയിരിക്കുന്നു.

ഊരാണ്മ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് സവർണ്ണ മേധാവിത്വം ഇവിടെ നിലനിന്നിരുന്നതായി കരുതേ ണ്ടിയിരിക്കുന്നു. ക്ഷേത്രാരാധനയും, വിദ്യാഭ്യാസവും ഇവരുടെ മാത്രം കുത്തകയായിരുന്നു. എന്നാൽ ചില സവർണ്ണ മേധാവികൾ തങ്ങളുടെ "കളരി" പാഠശാലകളിൽ അവർണ്ണരായിട്ടുള്ള കുട്ടികൾക്ക് കൂടി വിദ്യാഭ്യാസം കൊടുത്തിരുന്നതായി കരുതേണ്ടിയിരിക്കുന്നു. ഇത് അവർണ്ണരിൽ വിദ്യാഭ്യാസബോധത്തിന് കളമൊരുക്കി. ക്രമേണ അവരിലും കളരിയാശാൻമാരുണ്ടായി. ക്ഷേത്രാരാധന അവർണ്ണർക്ക് നിഷിദ്ധമായിരുന്ന കാലഘട്ടത്തിൽ, സ്വന്തമായി കളരികൾ നിർമ്മിച്ചതുപോലെ അവർ അവർണ്ണ ദേവതമാരുടെ വിഗ്രഹങ്ങൾ സ്ഥാപിച്ച് ആരാധന തുടങ്ങി. ഇത്തരത്തിൽ രൂപം കൊണ്ട ഒരു ക്ഷേത്രമാണ് കാട്ടുകട. ഇതുപോലെ പഞ്ചായത്തിന്റെ

വിവിധ ഭാഗങ്ങളിൽ അവർണ്ണരുടെ വെച്ചാരാധനാ ക്ഷേത്രങ്ങളുണ്ടായിരുന്നു.

അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ ജനങ്ങൾ ശക്തമായി ചിന്തിക്കാൻ തുടങ്ങുന്നത് നവോത്ഥാന നായകനായ ശ്രീനാരായണഗുരുവിന്റെ വരവോടുകൂടിയാണ്. പെരുന്തുരുത്ത് ഭാഗത്തെ ശ്രാമ്പിക്കൽ, ചീരപ്പൻചിറ, കായിപ്പുറം ഭാഗത്തെ കുറ്റവക്കാട് എന്നീ ഭവനങ്ങൾ അദ്ദേഹം സന്ദർശിക്കുകയുണ്ടായി. കുറ്റവക്കാട്ട് കുടുംബത്തിലുള്ള സർപ്പക്കാവിലെ ചിത്രകൂടങ്ങൾ ഗുരുവിന്റെ ആജ്ഞപ്രകാരം ഇളക്കി കായലിൽ കളഞ്ഞതായി പറയപ്പെടുന്നു. അതിനുശേഷം ഗുരുതന്നെ മുൻകൈയ്യെടുത്ത് കായിപ്പുറത്തുള്ള – സൻമാർഗ്ഗ സന്ദായിനി – ഭജനമഠത്തിന് സ്ഥാനം നിർണ്ണയിച്ച് കൊടുക്കുകയും ചെയ്തു. ജനങ്ങളെ ശുചിത്വ ബോധമുള്ളവരും സദാചാരനിരതരും ആക്കുന്നതിനും കൂടുതൽ മെച്ചപ്പെട്ട ആരാധനാ സൗകര്യം സൃഷ്ടിക്കുവാനും വേണ്ടിയാണ് ഗുരു ഇപ്രകാരം ചെയ്തത്.

മുഹമ്മയുടെ ചരിത്രത്തിൽ നിർണ്ണായക സ്വാധീനം ചെലുത്തിയ ഒരു പുരാതന കുടുംബമായിരുന്നു "ചീരപ്പൻചിറ". ചീരപ്പൻചിറയിലെ കാരണവൻമാർ ഇവിടുത്തെ കരപ്രമാണിമാരായിരുന്നു. പ്രസിദ്ധമായ ഒരായുധാഭ്യാസക്കളരി ഈ കുടുംബം വകയായി ഉണ്ടായിരുന്നു. ഈ കളരിയിൽ ശബരിമല അയ്യപ്പൻ ആയുധാഭ്യാസം നടത്തിയിരുന്നതായി ഐതിഹ്യമുണ്ട്. ഈ കുടുംബത്തിന് "മുനിസിപ്പൽഓടി" എന്ന കളിവള്ളം ഉണ്ടായിരുന്നു.

കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ആദ്യകാല നായകൻമാരിൽ ഒരാളായ എ.കെ.ജി, ഇന്നത്തെ മുഖ്യമന്ത്രി ശ്രീ. ഇ.കെ. നായനാർ തുടങ്ങിയവർ ഇവിടെ ഒളിവിൽ കഴിഞ്ഞിട്ടുണ്ട്. ഇന്നത്തെ വ്യവസായ വകുപ്പ് മന്ത്രി ശ്രീമതി. സുശീലാഗോപാലൻ ഈ കുടുംബാംഗമാണ്. പാരമ്പര്യരീ തിയിലുള്ള പേപ്പട്ടിവിഷ ചികിത്സയ്ക്ക് ഈ കുടുംബം പ്രസിദ്ധമായിരുന്നു. ചീരപ്പൻചിറ കുടുംബത്തിന്റെ വക മുക്കാൽവട്ടം ക്ഷേത്രമാണ് മുഹമ്മയിലെ അതിപുരാതന ദേവാലയം എന്ന് കരുതപ്പെടുന്നു. കേരളത്തിലെ, പ്രത്യേകിച്ചും മുഹമ്മയിലെ പുരോഗമന ജനാധിപത്യ പ്രസ്ഥാനത്തിന്റെ വളർച്ചയിൽ ഈ കുടുംബത്തിലെ ശ്രീമതി മാധവിയമ്മയ്ക്ക് ഒരു പ്രധാന പങ്കുണ്ട്. സി.പി. രാമസ്വാമി അയ്യരുടെ പട്ടാളത്തിന്റെ മുന്നിൽ പോലും കൂസാതെ നിന്ന ധീരവനിതയാണ് ഇവർ.

പെരുങ്ങിഴായിൽ, കുറ്റവക്കാട്, ചിലമ്പിശ്ശേരി, വലിയവീട്, ശ്രാമ്പിക്കൽ എന്നീ തറവാടുകൾക്ക് മുഹമ്മയുടെ ചരിത്രത്തിൽ നിർണ്ണായക സ്ഥാനമുണ്ട്. പെരുങ്ങഴായിൽ തറവാടിന് ഇരുന്നൂറ് വർഷത്തിനുമേൽ പഴക്കമുണ്ട്. ഒരുകാലത്തിവർ രക്ഷിക്കുവാനും, ശിക്ഷിക്കുവാനും അധികാരമുള്ള ഭരണാധികാരികൾ തന്നെയായിരുന്നു. കുറ്റവാളികളെ പെരുങ്ങഴയിൽ കുടുംബത്തിന് തെക്കുവശത്തുള്ള പുളിമരത്തിൽ കെട്ടിയിട്ട് അടിച്ചിരുന്നതായി പഴമക്കാർ പറയുന്നു. ഈ പുളിമരം ഇപ്പോഴും ആ കുടുംബത്തിൽ ചെന്നാൽ കാണാം. നൂറ്റിയൊന്ന് മുറി പുരയിടത്തിന്റെ ഉടമകളായിരുന്നുവത്രേ ഇവർ.

ശ്രീനാരായണഗുരുവിന്റെ സന്ദർശനത്തോടെയാണ് കുറ്റവക്കാട് ശ്രദ്ധേയമാകുന്നത്. ആലുവ അദ്വൈതാശ്രമം പണിയുന്നതിനുള്ള ആഞ്ഞിലിത്തടി ഇവിടെ നിന്നും കൊണ്ടുപോയതാണ്. ശ്രീനാരായണഗുരു സന്ദർശിച്ച മറ്റൊരു തറവാടാണ് ശ്രാമ്പിക്കൽ. സാമൂഹ്യ അനാചാരങ്ങൾക്കെതിരായ ആദ്യനാമ്പ് ഈ തറവാട്ടിൽനിന്നാണെന്ന് പറയപ്പെടുന്നു. മുലക്കരം പിരിയ്ക്കാൻ വന്ന അധികാരിയുടെ മുന്നിൽ സ്വന്തം മുല ഛേദിച്ച് വെച്ച ധീരവനിത ഈ കുടുംബ ക്കാരിയാണെന്നുള്ളത് അഭിമാനപൂർവ്വം നാം സ്മരിക്കേണ്ടിയിരിക്കുന്നു.

ചീരപ്പൻചിറയിലേതുപോലെ തന്നെ പ്രസിദ്ധമായ ഒരു കായികപരിശീലനക്കളരി മണക്കാട്ടുംപള്ളി തറവാട്ടിലും ഉണ്ടായിരുന്നു.

മുഹമ്മയിലെ മറ്റൊരു പ്രസിദ്ധ കുടുംബമായിരുന്നു വലിയവീട്. അരയപ്രമാണിയായിരുന്ന ആണ്ടിഅരയൻ ആയിരുന്നു വലിയവീട്ടിൽ തറവാടിന്റെ കാരണവർ. നാലുകെട്ടും, നടുമുറ്റവും, 50ൽപരം പേർക്ക് ഇരിക്കാൻ പാകത്തിൽ കെട്ടിയുണ്ടാക്കിയ പടിപ്പുരയും ഒക്കെ ഉണ്ടായിരുന്ന വളരെ പ്രതാപമുള്ള കുടുംബമായിരുന്നു ഇത് 90 ൽ പരം മുറി കരിനിലങ്ങളും, വസ്തുക്കളും ഇവർക്ക് ഉണ്ടായിരുന്നു. രാജഭരണകാലത്ത് ആലപ്പുഴ കൊട്ടാരത്തിൽ നിന്നും വൈക്കം ക്ഷേത്രത്തിലേയ്ക്ക് രാജാവ് അഷ്ടമി തൊഴുവാൻ പോകുമ്പോൾ ഓടി വള്ളങ്ങളുടെ അകമ്പടിയോടെ അദ്ദേഹത്തെ കൊണ്ടുപോകുന്നതിനുള്ള അവകാശം ഈ കുടുംബക്കാർക്ക് ചെമ്പ് പട്ടയത്തിൽ എഴുതി കൊടുത്തിരുന്നു. കുടുംബത്തിന് സ്വന്തമായി ഉണ്ടായിരുന്ന ഓടിവള്ളം സൂക്ഷിക്കുന്നതിന് പ്രത്യേകം നിർമ്മിച്ച തോട് "വഞ്ചിച്ചിറ" എന്ന പേരിൽ സി.എം.എസ് – പള്ളിവാതുക്കൽ റോഡിന് കിഴക്ക് വശം ഇപ്പോഴും കാണാം. ആര്യക്കര, കൊച്ചനാകുളങ്ങര എന്നീക്ഷേത്രങ്ങളിലേയ്ക്ക് കൊടിക്കയർ നൽകുന്നത് ഈ കുടുംബത്തിൽ നിന്നാണ്.

കൊച്ചനാകുളങ്ങര ദേവിക്ഷേത്രം, കായിക്കര അന്നപൂർണ്ണേശ്വരി ക്ഷേത്രം, ആര്യക്കര ദേവി ക്ഷേത്രം, പള്ളിക്കുന്ന് ശ്രീകൃഷ്ണ ക്ഷേത്രം., കാട്ടുകട ക്ഷേത്രം തുടങ്ങിയവ ഈ പ്രദേശത്തെ പ്രാചീന ക്ഷത്രങ്ങളിൽപ്പെടും. ദേവസ്വം ബോർഡിന്റെ കീഴിലുള്ള മുഹമ്മ പഞ്ചായത്തിലെ ഏക ക്ഷേത്രമാണ് പത്താം വാർഡിലെ പുരാതനമായ "ശാസ്താംങ്കൽ"(വല്ലാരിമംഗലം), പൂജവെളി, അഞ്ചു തൈയ്ക്കൽ ഇവയും പഞ്ചായത്തിലെ പ്രധാന

ക്ഷേത്രങ്ങളിൽ പെടുന്നു. ഇത് കൂടാതെ നിരവധി കുടുംബ ക്ഷേത്രങ്ങളും പഞ്ചായത്തിലുണ്ട്.

എ.ഡി.1826 ൽ സ്ഥാപിതമായ സെൻറ് ജോർജ്ജ് പള്ളിയാണ് മുഹമ്മയിലെ ആദ്യത്തെ ക്രൈസ്തവ ദേവാലയം. നസ്രത്ത് കാർമ്മൽ ആശ്രമത്തോടനുബന്ധിച്ചുള്ള ചർച്ച്, പുജവെളി പള്ളി, രണ്ടാം വാർഡിലുള്ള സി.എസ്.ഐ. ചർച്ച്, അഞ്ചാം വാർഡിലുള്ള ലൂഥർമിഷൻ ആരാധനാലയം ഇവയൊക്കെയാണ് പ്രധാന ക്രിസ്തീയ ദേവാലയങ്ങൾ.

നൂറ്റമ്പത് വർഷത്തിലേറെ പഴക്കമുണ്ടെന്ന് കരുതപ്പെടുന്ന "മുഹിയുദ്ദിൻ പള്ളി" ആണ് മുഹമ്മയിലെ ഒരേയൊരു മുസ്ലിം ആരാധനാലയം.

മുകളിൽ സൂചിപ്പിച്ച ദേവാലയങ്ങളോട് അനുബന്ധിച്ച് നടന്നു വന്നിരുന്ന ആഘോഷങ്ങളിൽ ജാതിമത ഭേദമന്യേ ജനങ്ങൾ പങ്കെടുത്തിരുന്നു. ഇന്നും ആ പ്രവണത തുടരുകയാണ്. ജാതിമത ഭിന്നതകൾക്കിടയിൽ ഇത് ഒരു രജതരേഖയായി കാണേണ്ടിയിരിക്കുന്നു.

പള്ളിക്കുന്ന് ക്ഷേത്രം നിൽക്കുന്ന സ്ഥലത്തെ മണ്ണ് ഈ പ്രദേശത്തെ മറ്റൊരു പുരയിടങ്ങളിൽ നിന്നും വ്യത്യസ്തമാണ്. തിരുവിതാം കൂർ രാജാവ് നാട് സന്ദർശിച്ച അവസരത്തിൽ താമസിച്ച ഒരു കൊട്ടാരം ഇവവിടെ ഉണ്ടായിരുന്നു എന്നും അത് നിർമ്മിക്കുന്നതിനുള്ള മണ്ണ് ചെങ്ങളത്തുനിന്നും കൊണ്ടുവന്നതാണെന്നും ഒരു ഐതീഹ്യമുണ്ട്. രാജാവ് പള്ളികൊണ്ട സ്ഥലമാകയാൽ ആണ് "പള്ളിക്കുന്ന് " എന്ന പേര് വന്നതെന്ന് കരുതേ ണ്ടിയിരിക്കുന്നു. ഈ പ്രദേശത്ത് "കുശവൻമാർ" താമസിച്ചിരുന്നതായും, ചെങ്ങളത്തുനിന്ന് കൊണ്ടുവന്ന മണ്ണും, ഈപ്രദേശത്തെ മണ്ണും ചേർത്ത് മൺ പാത്രങ്ങൾ നിർമ്മിച്ചിരുന്ന തായും, അവയ്ക്ക് നല്ല ഉറപ്പുണ്ടായിരുന്നതായും പഴമക്കാർ പറയുന്നു.

മുഹമ്മയുടെ ചരിത്രം എഴുതുമ്പോൾ ആര്യക്കരയുടെ പ്രാധാന്യം കുറിക്കാതെ വയ്യ. ആര്യാധിനിവേശകാലത്ത് തിരുവിതാം കൂറിൻെറ തെക്കേ അറ്റത്തുനിന്നും വൈക്കം ക്ഷേത്രത്തിലേക്ക് മുറജപത്തിന് പോകുമായിരുന്ന ആര്യൻമാർ താവളമടിച്ചിരുന്നതു കൊണ്ടാണ് ഈ പ്രദേശത്തിന് "ആര്യക്കര" എന്ന് പേർവന്നതെന്നും അതല്ല, അരയസമുദായ അംഗങ്ങൾ തിങ്ങിപാർക്കുന്ന സ്ഥലമെന്ന നിലയിൽ "ആര്യക്കര" എന്ന് പേർ വന്നതെന്നും രണ്ട് അഭിപ്രായങ്ങൾ നിലവിലുണ്ട്.

മുഹമ്മ പഞ്ചായത്തിൻെറ ഇതര പ്രദേശങ്ങളിൽ നിന്നും വേറിട്ട് വേമ്പനാട്ട് കായലിൻെറ മദ്ധ്യത്തിൽ രൂപപ്പെട്ട മനോഹരമായ ഒരു തുരുത്താണ് "പാതിരാമണൽ". ഇതുമായി ബന്ധപ്പെട്ട് രസകരമായ ഒരു ഐതീഹ്യം നിലവിലുണ്ട്. ആഴ്വാഞ്ചേരി മനയിലെ ഒരു തമ്പുരാൻ തിരുവനന്തപുരത്ത് മുറജപത്തിന് വള്ളത്തിൽപ്പോയി മടങ്ങുമ്പോൾ പാതിരാത്രി സമയത്ത് മൂത്രശങ്കയുണ്ടായെന്നും ജലത്തിൽ മൂത്രവി സർജ്ജനം നടത്തുന്നത് ആചാരങ്ങൾക്ക് നിരക്കാത്ത തായതുകൊണ്ട് അദ്ദേഹം വിഷമത്തിലായെന്നും ഒരുപിടിമണ്ണ് വഞ്ചിക്കാരനെ കൊണ്ട് കഴുക്കോൽ പൂണിയിൽ നിന്നും എടുപ്പിച്ച് ഒരു താമരയിലയിൽ വച്ച് തമ്പുരാൻ മന്ത്രംചൊല്ലി കായലിൽ നിക്ഷേപിച്ചെന്നും അങ്ങനെ ഒരുഭാഗം കരയായി മാറിയെന്നും അദ്ദേഹം അവിടെ തൻെറ അവശ്യം നിറവേറ്റിയെന്നും ആണ് പാതിരാമണലിനെ കുറിച്ചുള്ള ഐതീഹ്യം. പാതിരാത്രിയിൽ ഉണ്ടായതുകൊണ്ടാണ് ദ്വീപിന് ഈ പേര് വന്നതത്രെ.

മറ്റെല്ലാ രംഗങ്ങളുംസവർണ്ണ മേധാവികൾ കൈയ്യടക്കിയിരുന്നതുപോലെ വിദ്യാഭ്യാസരംഗവും അവരുടെ കൈകളിലായിരുന്നു. ഇതിനൊരു മാറ്റം വരുന്നത് സി.എം.എസ്സ്. മിഷണറിമാരും, ലൂഥറൻ സഭക്കാരും മുഹമ്മയിൽ എത്തുന്നതോടെയാണ് വിദ്യാഭ്യാസം ചെയ്യാനുള്ള അതിമോഹത്തിൻെറ പേരിൽ ചില അവർണ്ണ സമുദായ അംഗങ്ങൾ സഭകളിൽ ചേർന്നിരുന്നു. സി.എം.എസ്സ്. മിഷണറിമാർ 1855ൽ മുഹമ്മ സി.എം.എസ്സ് സ്ക്കൂൾ സ്ഥാപിച്ചുകൊണ്ട് ഒരു വിദ്യാഭ്യാസ വിപ്ലവം തന്നെ നടത്തുകയുണ്ടായി. വർഷങ്ങൾക്ക് ശേഷം സ്ത്രീ വിദ്യഭ്യാസം പ്രോൽസാഹിപ്പിക്കുന്നതിനു വേണ്ടി ചിറയിൽ കുടുംബക്കാർ ഒരു "പെൺ പള്ളിക്കൂടം" സ്ഥാപിച്ചു. ഇന്ന് ഈ സ്ഥാപനമില്ല.

ദേശീയ സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെ ട്ടുകൊണ്ടുള്ള ചില പരിശ്രമങ്ങൾ നമ്മുടെ പഞ്ചായ ത്തിലും ഉണ്ടായിട്ടുണ്ട്. പരേതനായ സി.കെ. കുഞ്ഞികൃഷ്ണനാണ് ഈ ശ്രമങ്ങൾക്ക് നേതൃത്വം കൊടുത്തത് പരേതനായ കറുകശ്ശേരി പി.കെ. വാസുപണിക്കരും ഇദ്ദേഹത്തോടപ്പമുണ്ടായിരുന്നു. മുഹമ്മയുടെ ചരിത്രം പഠിക്കുന്ന, ഒരാൾക്ക് സി.കെ.കുഞ്ഞികൃഷ്ണൻെറ നാമം സ്മർശിക്കാതെ കടന്നു പോകുവാൻ ആവില്ല. ഇദ്ദേഹം വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്തിട്ടുണ്ട്. സത്യാഗ്രഹത്തിൽ പങ്കെടുത്തവരിൽ പത്തുകണ്ടത്തിൽ തേവൻ, വാവ എന്നീ ഹരിജനങ്ങൾക്കും മുഖ്യ പങ്കുണ്ട്. വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്ത വാളൻറിയർ മാരുടെ കണ്ണിൽ ഗുണ്ടകൾ ചുണ്ണാമ്പെഴുതുകയുണ്ടായി. അങ്ങനെ കണ്ണ് നഷ്ടപ്പെട്ടവരിൽ ഒരാളാണ് സി.കെ.കുഞ്ഞികൃഷ്ണൻ ആര്യക്കര സ്ക്കൂൾ, മുഹമ്മ കോ-ഓപ്പറേറ്റീവ് സൊസൈറ്റി, മുഹമ്മ പി.എച്ച്.സി, ആയുർവ്വേദ ഡിസ്പെൻസറി, മാർക്കറ്റ

ത്തുടങ്ങിയവ സ്ഥാപിക്കുന്നതിന് ഇദ്ദേഹമാണ് മുൻകൈ എടുത്തിട്ടുള്ളത്. വൈക്കത്ത് പറമ്പിൽ ശ്രീധരൻ, മാന്താറ്റ് കൃഷ്ണപ്പണിക്കർ, മാന്താറ്റ് ആൻറണി, കടവിൽ കൃഷ്ണൻകുഞ്ഞ്, കൈതക്കാട്ട് പുരുഷോത്തമ നായ്ക്കൻ, കെ.പി.സി.സി. മെമ്പറായിരുന്ന അലക്സാണ്ടർ ജെ. മറ്റം എന്നിവരും ആദ്യകാല രാഷ്ട്രീയ സാമൂഹ്യ പ്രവർത്തകരിൽ പ്പെടുന്നു.

"സവർണ്ണ മേധാവിത്വത്തിനെതിരായി ക്ഷേത്രപ്രവേശനത്തിനു വേണ്ടിയുള്ള സത്യാഗ്രഹങ്ങളും തുടർന്നുള്ള പ്രക്ഷോഭങ്ങളും അവശസമുദായങ്ങൾക്ക് ഉദ്യോഗനിയമനങ്ങളിൽ പ്രാതിനിധ്യത്തിനുവേണ്ടിയുള്ള നിവർത്തനപ്രക്ഷോഭം, ശ്രീനാരായണ ധർമ്മങ്ങൾ പ്രചരിപ്പിച്ചുകൊണ്ടുള്ള എസ്.എൻ.ഡി.പി യോഗത്തിന്റെ സംഘടനാപ്രവർത്തനങ്ങൾ, ഒരു ഘട്ടത്തിൽ സ്റ്റേറ്റ് കോൺഗ്രസിന്റെ ആവിർഭാവവും, പ്രവർത്തനങ്ങളും, അക്കാലത്ത് ഇവയെല്ലാംതന്നെ തുടർന്ന് പോന്ന പഴയ ബോധത്തിൽ മാറ്റം വരാൻ ഒരു വിധത്തിൽ പ്രേരകമായി. (മുഹമ്മ കയർഫാക്ടറി വർക്കേഴ്സ് യൂണിയൻ 1988 ൽ പ്രസിദ്ധീകരിച്ച കനക ജൂബിലി സുവനീറിൽ നിന്ന് പേജ് 39) കൊല്ലവർഷം 1109 ൽ മുഹമ്മയിലെ ഏറ്റവും വലിയ കയർ ഫാക്ടറി ആയിരുന്ന -വില്ല്യം ഗുഡ്ഡേക്കർ ആൻറ് സൺസ് (മുഹമ്മ ബ്രാഞ്ച് ഫാക്ടറിയിലെ തൊഴിലാളികൾ) മുൻകൈ എടുത്ത് ഒരു വായനശാല ഉണ്ടാക്കി. "തൊഴിലാളി വായനശാല" ഇത് മുഹമ്മയിൽ ഉണ്ടായ ആദ്യത്തെ വായനശാലയായിരുന്നു. തൻമൂലം തൊഴിലാളികളും അല്ലാത്തവരുമായ വായനക്കാരുടെ ഒരു കേന്ദ്രമായി മാറി. അങ്ങനെ ഈ സ്ഥാപനം വളർന്നു. അന്ന് തൊഴിലാളി അപമാനിതനായിരുന്നു. കയർ വ്യവസായത്തിൽ ഓരോ സ്ഥാപനത്തിലും വ്യത്യസ്തമായ കൂലി നിരക്കുകളാണ് നിലവിലിരുന്നത്. മുതലാളിയ്ക്ക് തോന്നുന്നതുപോലെ കൂലി കുറയ്ക്കുകയും, തൊഴിലാളികളെ പിരിച്ചുവിടുകയും ചെയ്തിരുന്നു. തുച്ഛമായ കൂലിയിൽ നിന്ന് തന്നെ പല പേരിൽ ഭോഗങ്ങൾ പിടിച്ചെടുത്തിരുന്നു. ബാക്കിവരുന്ന കൂലി പോലും പണമായിക്കൊടുക്കാതെ പലചരക്കുകടകളിലേയ്ക്കും, ബാർബർ ഷോപ്പുകളിലേയ്ക്കും മറ്റും തൊഴിലാളികൾക്ക് ചീട്ട് കൊടുക്കുന്ന സമ്പ്രദായമാണ് പല സ്ഥലങ്ങളിലും നിലനിന്നിരുന്നത്. ഇങ്ങനെ അസ്വസ്ഥരായിരുന്ന തൊഴിലിളികൾക്ക് സംഘടിക്കുന്നതിന് "തൊഴിലാളി വായനശാല" യിലെ ഒത്തു ചേരൽ സഹായകമായി ഭവിച്ചു. ഈ വായനശാലയാണ് പിന്നീട് കൊല്ലവർഷം 1114 ൽ "മുഹമ്മ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയൻ" ആയി മാറുന്നത്. മുഹമ്മയിലെ തൊഴിലാളി പ്രവർത്തനരംഗത്ത് ആദ്യത്തെ സംഘടനയാണ് ഈ യൂണിയൻ. ഇതിന്റെ ആദ്യ പ്രസിഡൻറ് സി.കെ.കരുണാകരപ്പണിക്കരും, ആദ്യ സെക്രട്ടറി പി.കെ.നാരായണനും, ആദ്യ ഖജാൻജി കതിരാംതറ നാരായണനുമായിരുന്നു.. മുഹമ്മ അയ്യപ്പൻഎന്ന തൊഴിലാളിയായിരുന്നു ഇതിന്റെ പിന്നിലെ ശക്തിസ്രോതസ്സ്. ഒരു കോൺഗ്രസ്സ് പ്രവർത്തകനായി രാഷ്ട്രീയ ജീവിതമാരംഭിച്ച അയ്യപ്പൻ പിന്നീട് തൊഴിലാളി വായനശാലയും, മുഹമ്മ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയനും, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനവും കെട്ടിപ്പടുക്കുന്നതിന്, മുഹമ്മയിൽ നേതൃത്വം നൽകി. ജയിലിൽ കിടക്കവേ 1950 ഒക്ടോബർ 10-ാം തീയതി രാഷ്ട്രീയ തടവുകാരുടെ അടിയന്തിരാവശ്യങ്ങൾ ഉൾക്കൊള്ളുന്നതും, വയലാർ-മാരാരിക്കുളം രക്തസാക്ഷികളുയർത്തിയ മുദ്രാവാക്യങ്ങൾ ജയിലിൽ മുഴക്കുകയും, രക്തസാക്ഷികളുയർത്തിയ കൊടി ജയിലിന് മുകളിൽ ഉയർത്തുകയും ചെയ്തതിന്റെ പേരിൽ ഭീകരമായ മർദ്ദനത്തിനരയായി മുഹമ്മ അയ്യപ്പൻ വീരചരമം പ്രാപിച്ചു.

രാജവാഴ്ചക്കും, ദിവാൻ ഭരണത്തിനും "അമേരിക്കൻ മോഡലിനും" എതിരായി നടന്ന പുന്നപ്ര-വയലാർ-മാരാരിക്കുളം സമരത്തിന്റെ മുന്നൊരുക്കങ്ങൾ പഞ്ചായത്ത് പ്രദേശത്ത് നടന്നിരുന്നു. പൂജവെളി, കരിങ്ങാട്ടവെളി, കാക്കാലംവെളി തുടങ്ങിയവ സമരസേനാനികളുടെ ക്യാമ്പുകളായിരുന്നു. തോട്ടത്തുശ്ശേരി കുമാരൻ, തോട്ടത്തുശ്ശേരി ഭാനു, ശങ്കരൻ എന്നിവർ പ്രസ്തുത സമരത്തിൽ പങ്കെടുത്ത് ജീവൻ ത്യജിച്ച മുഹമ്മ പഞ്ചായത്ത് പ്രദേശ നിവാസികളായിരുന്നു. ഇവരെ കൂടാതെ മറ്റു നിരവധിപേർ ഈ സമരത്തിൽ പഞ്ചായത്ത് പ്രദേശത്തുനിന്ന് പങ്കെടുക്കുകയുണ്ടായി. പൂജവെളി ക്യാമ്പിന്റെ ക്യാപ്റ്റൻ ചള്ളിയിൽ കൊച്ചുനാരായണൻ ഇവരിൽ പ്രമുഖനായിരുന്നു എന്നതും ചരിത്രവസ്തുതയാണ്.

മുഹമ്മയുടെ ചരിത്രത്തിൽ ഏറ്റവും വലിയ ദാരിദ്ര്യം അനുഭവപ്പെടുന്നത് രണ്ടാം ലോകമഹാ യുദ്ധകാലത്താണ്. ചോളം, ബജറ, കപ്പകൊന്ത് മുതലായവയായിരുന്നു പാവപ്പെട്ടവരുടെ ആഹാരം. പിണ്ണാക്കു തിന്ന് ജീവൻ നിലനിർത്തിയ അനുഭവങ്ങളുണ്ട്. പട്ടിണി മരണങ്ങളും പകർച്ചവ്യാധികൾ മൂലമുള്ള മരണങ്ങളും നിത്യസംഭവങ്ങളായിരുന്നു.

മുഹമ്മയിൽ ജല ഗതാഗതത്തിന് വലിയപ്രാധാന്യം ഉണ്ടായിരുന്നു. കൊപ്രാ വ്യവസായം, കയർ വ്യവസായം എന്നിവ വേമ്പനാട്ട് കായലുമായി ബന്ധപ്പെട്ട ജലഗതാഗതത്തെ ആശ്രയിച്ചാണ് നിലനിന്നിരുന്നത്.

ചതയദിനാഘോഷത്തോടനുബന്ധിച്ച് മുഹമ്മയിൽ വള്ളം കളി മത്സരം നടത്തുക പതിവായിരുന്നു. മുഹമ്മ കേന്ദ്രീകരിച്ച് "വ്യാസൻ" എന്നപേരോടുകൂടിയ ഒരു "കളിവള്ളം" ഉണ്ടായിരുന്നു. ഈ വള്ളം മറ്റ് ജലോത്സവങ്ങളിലും പങ്കെടുത്തിരുന്നു. മുഹമ്മയിൽ തപാൽ സൗകര്യം വളരെയേറെ വർഷങ്ങൾക്ക് മുമ്പു തന്നെയുണ്ടായിരുന്നു. തിരുവിതാംകൂർ സർക്കാരിന്റെ "അഞ്ചലാപ്പീസ്" മുപ്പിരിപ്പാലത്തിന് വടക്കുവശത്തായി വളരെക്കാലം

പ്രവർത്തിച്ചിരുന്നതാണ്. അതാണ് പിന്നീട് മുഹമ്മ പോസ്റ്റാഫീസ് ആയി മാറിയത്.

സാക്ഷരതാ യജ്ഞം കേരളത്തിന്റെ അന്തസ്സുയർത്തിക്കാട്ടിയ ഒരു കർമ്മപരിപാടിയായിരുന്നു. മുഹമ്മ പഞ്ചായത്തിനും ഈ ചരിത്ര സംഭവത്തിൽ സന്നദ്ധപ്രവർത്തകരെ അണിനിരത്തി അഭിമാനകരമായ വിജയം നേടുവാൻ കഴിഞ്ഞിട്ടുണ്ട്.

ജില്ലയിൽ ആദ്യമായി സമ്പൂർണ്ണ സാക്ഷരതാപ്രഖ്യാപനം നടത്തിയത് നമ്മുടെ പഞ്ചായത്തായിരുന്നു.

1953ൽ ആണ് മുഹമ്മ പഞ്ചായത്ത് രൂപം കൊണ്ടത്. ഇപ്പോഴത്തെ പഞ്ചായത്ത് ഓഫീസ് നിർമ്മിക്കുന്നതിന് വേണ്ട സ്ഥലം പുതുപ്പറമ്പിൽ പരേതനായ പി.എസ്.ശങ്കരനാരായണ പിള്ള സൗജന്യമായി നൽകിയിട്ടുള്ളതാണെന്നത് നന്ദി പൂർവ്വം സ്മരിക്കേണ്ട ഒരു വസ്തുതയാണ്. ഇതിന്റെ ആദ്യത്തെ പ്രസിഡന്റ് ശ്രീ.പി.എസ്. ബാഹുലേയനായിരുന്നു. ഇന്ന് നിലവിലിരിക്കുന്നത് 5-ാമത് ഭരണസമിതിയാണ്.

ഒന്നുമുതൽ നാലുവരെയുള്ള ഭരണസമിതികളുടെ പട്ടിക താഴെ കൊടുക്കുന്നു.

ഒന്നാമത് പഞ്ചായത്ത് ഭരണസമിതി

11-8-1953ൽ നിലവിൽ വന്നു.

പ്രസിഡന്റ് : ശ്രീ. പി.എസ്. ബാഹുലേയൻ
വൈ.പ്രസി. : ശ്രീ. സി.കെ.കരുണാകരൻ
അംഗങ്ങൾ : സർവ്വശ്രീ. ടി.കെ വാസു.
" പി.കെ. പുരുഷോത്തമൻ
" കെ.സി. മാധവൻ
" വി.എൻ. കുമാരൻ
" പി.കെ. രാഘവൻ

കുറിപ്പ് :15-6-56ൽ പ്രസിഡന്റ് രാജിവെച്ചതിനെ തുടർന്ന് ശ്രീ. കെ.സി. മാധവൻ 20-7-56ൽ പ്രസിഡന്റായി സ്ഥാനമേറ്റു.

രണ്ടാമത് ഭരണസമിതി 19-12-1963ൽ നിലവിൽവന്നു.

പ്രസിഡന്റ് : ശ്രീ. കെ. ദാസ്സ്.
വൈ.പ്രസി. : ശ്രീ. പി.ഐ. പത്മനാഭൻ.
അംഗങ്ങൾ : സർവ്വശ്രീ. സി.കെ രാമപ്പണിക്കർ
" വി.കെ അങ്കൻ
" വി.കെ പത്മസേനൻ
" കെ.വി ചെല്ലപ്പൻ
" ടി.കെ കുമാരൻ
" കെ.എസ്സ്. ശ്രീധരൻ.

കുറിപ്പ് : 1. 4-ാം വാർഡ് മെമ്പറായിരുന്ന ശ്രീ. കെ.വി ചെല്ലപ്പൻ രാജിവച്ചതിനെ തുടർന്നുണ്ടായ ഒഴിവിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ ശ്രീ. പി.വി പുരുഷോത്തമൻ വിജയിക്കുകയും 24-8-65ൽ സത്യപ്രതിജ്ഞ ചെയ്ത് സ്ഥാനമേൽക്കുകയും ചെയ്തു.

2. 30-1-1964ൽ ശ്രീമതി. സുശീലാഗോപാലൻ നോമിനേറ്റഡ് അംഗമായി സ്ഥാനമേറ്റു.

3. ശ്രീമതി. സുശീലാഗോപാലൻ രാജിവെച്ച ഒഴിവിലേക്ക് ശ്രീമതി. എം. മീനാക്ഷി 5-7-1967ൽ നോമിനേറ്റഡ് അംഗമായി സ്ഥാനമേറ്റു.

മൂന്നാമത് ഭരണസമിതി

20-9-1979ൽ നിലവിൽ വന്നു

പ്രസിഡന്റ് : ശ്രീ. കെ. ദാസ്സ്.
വൈ.പ്രസി. : ശ്രീ. ജോസഫ് വള്ളാപ്പാടൻ
അംഗങ്ങൾ : സർവ്വശ്രീ. കെ.എൻ മാധവൻ
" പി.കെ സുകുമാരൻ
" വി.എ പൊന്നു
" കെ.വി ചെല്ലപ്പൻ
" സി.കെ ഭാസ്കരൻ
" പി. സുരേന്ദ്രൻ
" കെ.കെ ഗോപാലൻ

നാലാമത് ഭരണസമിതി

30-1-1988ൽ നിലവിൽ വന്നു.

പസിഡന്റ് : ശ്രീ. ജി. വേണുഗോപാൽ
വൈ.പ്രസി. : ശ്രീ. പി.കെ പുഷ്പാംഗദൻ
അംഗങ്ങൾ : സർവ്വശ്രീ. ജയിംസ് ചാക്കോ
ശ്രീമതി. പി ഇന്ദിര
ശ്രീ. എൻ. എൻ ശശി
" സി.കെ ഭാസ്കരൻ
" ഡി. ഷാജി
ശ്രീമതി. എൽ പത്മിനി
ശ്രീ. കെ.കെ രാമകൃഷ്ണൻ
" സി.ബി അശോകൻ

1963 മുതൽ 1984 വരെ ദീർഘമായ 21 വർഷക്കാലം മുഹമ്മ പഞ്ചായത്തിന്റെ പ്രസിഡൻറായിരുന്ന മുഹമ്മക്കാരുടെ പ്രിയങ്കരനായ നേതാവാണ് **ദാസ് ചേട്ടൻ** എന്നറിയപ്പെടുന്ന നേതാവാണ് ശ്രീ. **കെ ദാസ്.** സ്വന്തം ആദർശങ്ങളിലുള്ള അടിയുറച്ച വിശ്വാസം, പ്രവർത്തനനിരത, ലാളിത്യം എന്നിവ ജന്മനാ കർഷകനായ ഈ തൊഴിലാളി നേതാവിന്റെ ഗുണങ്ങളിൽ ചിലതുമാത്രമാണ്. മുഹമ്മയുടെ പുരോഗതിക്ക് നിദാനമായ സുപ്രധാന തീരുമാനങ്ങൾ പലതും ശ്രീ. **കെ ദാസ്** പഞ്ചായത്ത് പ്രസിഡൻറ് ആയിരുന്നപ്പോൾ എടുത്തിട്ടുള്ളതാണ്.

ദേശീയ രാഷ്ട്രീയത്തിന് മുഹമ്മയുടെ സംഭാവന

ശ്രീമതി. സുശീലാ ഗോപാലൻ,അഖീലേന്ത്യാജനാധിപത്യ മഹിളാ അസോസിയേഷൻ മുൻജനറൽ സെക്രട്ടറി, സി.പി.ഐ.(എം) കേന്ദ്രകമ്മറ്റിയംഗം, ബഹു.കേരളാവ്യവസായവകുപ്പ് മന്ത്രി.

ശ്രീ. പി. പരമേശ്വരൻ, ഭാരതീയ വിചാരണകേന്ദ്രം ഡയറക്ടർ.

മുഹമ്മയിലെ ഒന്നാമൻമാർ

സംസ്കൃത ഗുരു – കിഴക്കേമഠത്തിൽ മഹോപാദ്ധ്യായ എൻ. രാമൻ പിള്ള
ആയുർവ്വേദ വൈദ്യൻ– കുന്നവശ്ശേരിൽ നാരായണ മേനോൻ
വക്കീൽ (പ്ലീഡർഷിപ്പ്)– തെന്നടി സി.പി പദ്മനാഭപിള്ള
ശ്രീനാരായണ പ്രവർത്തകൻ – ചെമ്പുവെളി കൊച്ചയ്യപ്പനാശാൻ
ഹോമിയോ വൈദ്യൻ – ചേലാട്ട് കേശവൻ വൈദ്യർ
ഇംഗ്ലീഷ് ഡോക്ടർ – എഴുകുളം നിലകണ്ഠൻ (R.M.P)
തുന്നൽക്കാരൻ – മിഷ്യൻ മുതലാളി എന്ന അബ്ദുൾ റഹ്മാൻ.

ഗ്രന്ഥശാലാസ്ഥാപകൻ – രാമനാഥശർമ്മ
ജോത്സ്യൻ – കുന്നവശ്ശേരിൽ നാരായണമേനോൻ
പാരമ്പര്യ വിഷചികിൽസാ കുടുംബം – മഠത്തിച്ചിറയിൽ

കുടുംബം

ആദ്യസ്ഥാപനങ്ങൾ

സ്ക്കൂൾ – മുഹമ്മ സി.എം.എസ്.എൽ.പി.എസ്
ക്ഷേത്രം – മുക്കാൽവട്ടം
ക്രീസ്ത്യൻപള്ളി – മുഹമ്മ സെൻറ് ജോർജ്ജ് ചർച്ച്
മുസ്ലീംപള്ളി – മുഹമ്മ മുഹിയുദ്ദീൻ പള്ളി
വായനശാല – തൊഴിലാളി വായനശാല
ഗ്രന്ഥശാല – എസ്സ്.ഡി.ഗ്രന്ഥാലയം
സഹകരണസംഘം– സർവ്വീസ് കോ–ഓപ്പറേറ്റിവ്സൊസൈറ്റിനമ്പർ 1300

ട്രേഡ് യൂണിയൻ– മുഹമ്മ കയർഫാക്ടറി വർക്കേഴ്സ് യൂണിയൻ.



4

ഭൂപ്രകൃതി
ജനപ്രകൃതി
ജലപ്രകൃതി

തീര സമതലത്തിൽ പെടുന്ന ഒരു ഭൂപ്രദേശമാണ് പഞ്ചായത്തിന്റേത്. പഞ്ചായത്തിലെ 1, 2, 3, 4, 10 എന്നീ വാർഡുകൾ വേമ്പനാട്ട് കായലിനോട് ചേർന്ന് കിടക്കുന്നു. കായലിന്റെ മദ്ധ്യത്തിൽ രൂപം കൊണ്ടിക്കുന്ന പാതിരാമണൽ തുരുത്ത് 10-ാം വാർഡിന്റെ ഭാഗമാണ്. ഇവിടുത്തെ മണ്ണിൽ ചെളിയുടെ അംശം വളരെ കൂടുതലാണ്. കായലോരങ്ങളിൽ ചെളികലർന്ന മണ്ണ് കാണപ്പെടുന്നു. ബാക്കി പ്രദേശങ്ങളിൽ മണലാണ്. ഒന്നാം വാർഡിലെ പള്ളിക്കുന്നു പ്രദേശത്തുമാത്രം വളരെ വ്യത്യസ്തമായ മണ്ണ് കാണപ്പെടുന്നു. ചെങ്കൽ നിറവും പശിമയുമുള്ള മണ്ണാണിത്. 5, 6, 7, 8, 9 എന്നീ വാർഡുകൾ പ്രധാനമായും ചൊരിമണൽ പ്രദേശമാണ്.

മണ്ണ്

പഞ്ചായത്തിൽ പൊതുവായി കാണപ്പെടുന്നത് സിലിക്കാ മണ്ണാണ്. മണ്ണ് പൊതുവേ ഫലപുഷ്ടി കുറഞ്ഞതാണ് ചില പ്രദേശങ്ങളിൽ 6 അടിമുതൽ 8അടി വരെ താഴ്ചയിൽ കലശിമണ്ണ് കാണപ്പെടുന്നു. തീരപ്രദേശങ്ങൾ ഒഴിച്ചുള്ള പ്രദേശങ്ങളിൽ കൃഷിക്ക് ജലസേചനം ആവശ്യമാണ്. മണ്ണിൽ അമ്ലാംശം കൂടുതലായതുകൊണ്ട് ചിലകർഷകർ മണ്ണിൽ കുമ്മായം ചേർക്കാറുണ്ട്. ഈ പ്രക്രീയ എല്ലാകർഷകരും ആനുവർത്തിക്കേണ്ടിയിരിക്കുന്നു. ഇതിനു നടപടികൾ ആവിഷ്കരിക്കേണ്ടതാണ്. ജൈവവളങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്.

ജലപ്രകൃതി

മുഹമ്മ പഞ്ചായത്തിൽ പ്രത്യേകമായ കാലാവസ്ഥ വ്യത്യാസങ്ങൾ അനുഭവപ്പെടുന്നില്ല. സംസ്ഥാനത്തിന്റെ പൊതു അവസ്ഥതന്നെയാണ് ഇവിടെയും. മഴയുടെ അളവ് സംസ്ഥാന ശരാശരിയേക്കാൾ കുറവാണ്. മഴ കൂടുതലായി ലഭിക്കുന്നത് ജൂൺ ജൂലൈമാസങ്ങളിലും, ജനുവരിമുതൽ മെയ്മാസം വരെ മഴ വളരെ കുറവുമാണ്. ഏപ്രിൽ മെയ് മാസങ്ങളിൽ ഏറ്റവും കൂടുതൽ ജലക്ഷാമം അനുഭവപ്പെടുന്നു. മുഹമ്മ ജലസമൃദ്ധമായ ഒരു പ്രദേശമാണ്. ആര്യക്കര തോട്, മുപ്പിരി തോട്, സ്രായി തോട്, മുടക്കനാംകുഴി തോട്, കളളത്തോട്, വൈക്കത്ത് പറമ്പ് തോട്, അങ്ങാടി തോട് എന്നിവ ഒരുവിധം വലിയ ജലാശയങ്ങളാണ്. ഇവ കൂടാതെ അനേകം ചെറുതോടുകളും 9പൊതുകുളങ്ങളും ആയിരക്കണക്കിന് ചെറുകുളങ്ങളും കൊണ്ട് അനുഗ്രഹീതമാണ് മുഹമ്മ. എന്നാൽ വേനൽകാലമാകുന്നതോടുകൂടി കുളങ്ങൾ മിക്കതും വറ്റുന്നു. തോടുകളാകട്ടെ യഥാവസരം വെട്ടിസൂക്ഷിക്കാത്തതുമൂലം നികന്നു വരികയും ചെയ്യുന്നു.

ജലസ്രോതസ്സുകളുടെ വിവരം

പൊതുകുളം	–	12
പൊതുകിണർ	–	118
പൊതുകുഴൽ കിണർ	–	16

വ്യക്തിഗതവിവരം

കുളം	–	4514
കിണർ	–	2219
കുഴൽ കിണർ	–	427

പൊതുകുളങ്ങളുടെ വിവരം

വാർഡ്		
1	–	കോതകുളം
3	–	വലിയകുളം
5	–	കോയിക്കശ്ശേരി കുളം
7	–	കല്ലാപ്പുറം കുളം
7	–	കോതകുളം
7	–	കാട്ടുകട കോളനികുളം
7	–	കണ്ടനാട്ട് കോളനികുളം
8	–	ഏഴുകുളം
8	–	നന്നംകേരി കോളനി കുളം
9	–	കണിയകുളം
9	–	അയ്യം കേരി കുളം
10	–	ശാസ്താങ്കൽ കുളം

അശ്രദ്ധയും ലാഭക്കൊതിയും മൂലം ജലസ്രോതസ്സുകൾ മലിനമായി ക്കൊണ്ടിരിക്കുന്നു. ഫാക്ടറികളിൽ നിന്നൊഴുക്കി വിടുന്ന വിഷജലം തോടുകളെ മലിനമാക്കുന്നുണ്ട്. ഇവ കൂടാതെ പുത്തനങ്ങാടി തോട് ചകിരിയും മൃഗങ്ങളുടെ എല്ലും അഴുക്കുന്നതു മൂലവും മലിനമാക്കുന്നു. മുപ്പിരിത്തോട്ടിലും മൃഗങ്ങളുടെ എല്ല് അഴുക്കാറുണ്ട്. പൊതുജനങ്ങൾ ഉപേക്ഷിക്കുന്ന പ്ലാസ്റ്റിക് ഉല്പന്നങ്ങൾ, ചീഞ്ഞളിഞ്ഞ ഭക്ഷ്യവസ്തുക്കൾ എന്നിവകളാലും തോടുകൾ മലിനമായിത്തീരുന്നു. ഇന്ന് കിണറ്റിലേയും കുഴൽകിണറിലേയും ജലമാണ് പ്രധാനമായും കുടിക്കുവാൻ ഉപയോഗിക്കുന്നത്. ഭൂഗർഭജലത്തിന്റെ ഉപയോഗം വർദ്ധിച്ചു വരുന്നതായികാണപ്പെടുന്നു. ഇതിന്റെ പാരിസ്ഥിതിക പ്രശ്നം പഠിക്കേണ്ടതാണ്.

പരിസ്ഥിതി പ്രശ്നങ്ങൾ.

1. പഞ്ചായത്തിന്റെ കിഴക്കൻ തീരങ്ങളിൽ തീരശോഷണം മലിനമായ വെള്ളക്കെട്ടുകൾ.

2. പുത്തനങ്ങാടി – മുപ്പരിത്തോട് ഇവയിലെ മലിനീകരണം.

3. തോടുകൾ നികത്തുക, യഥാസമയം വെട്ടി പരിപാലിക്കാതിരിക്കുക.

4. നിലം തരിശിടുക, കൂനവച്ച് തെങ്ങിൻ തൈകൾ നടുക. ഇവയ്ക്ക് സത്വര പരിഹാരം കാണേണ്ടിയിരിക്കുന്നു.

ജനപ്രകൃതി

1991 –ലെ കാനേഷുമാരി കണക്കുപ്രകാരം പഞ്ചായത്തിലെ ജനസംഖ്യ – 22128 ആണ്. പുരുഷന്മാർ 10755 ഉം സ്ത്രീകൾ 11373 ഉം ആണ്. സ്ത്രികളുടെ എണ്ണം പുരുഷൻമാരേക്കാൾ കൂടുതലാണ്. പുരുഷൻമാർ – 48.6% സ്ത്രീകൾ 51.4% ആണ്. 1000 പുരുഷമാർക്ക് 1057 സ്ത്രീകളാണ് നമ്മുടെ പഞ്ചായത്തിൽ ഉളളത്. ഇത് സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ്. 1036 ആണ് സംസ്ഥാന ശരാശരി. ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 823.2 ആണ്. സംസ്ഥാന ശരാശരി 749 ആണ്. ആലപ്പുഴജില യിലെ ശരാശരി ജനസാന്ദ്രത 1415 പഞ്ചായത്തു ജനസാന്ദ്രത സംസ്ഥാന ശരാശരിയേക്കാൾ കൂടുതലും ജീല്ലാശരാശരിയേക്കാൾ കുറവുമാണ്.

പഞ്ചായത്തിലെ പട്ടികജാതി – പട്ടിവർഗ്ഗ ജനസംഖ്യാവിവരം

ആകെ ജനസംഖ്യ	–	1116 പട്ടികജാതി
പുരുഷന്മാർ	–	563
സ്ത്രീകൾ	–	553
പട്ടികവർഗ്ഗം		
ആകെ	–	24
പുരുഷന്മാർ	–	11
സ്ത്രീകൾ	–	13

ആകെ ജസംഖ്യയിൽ 18573 പേർ സാക്ഷരരാണ്.

അതിൽ 9309 പുരുഷന്മാരും 9264 സ്ത്രീകളുമാണ്. ആകെ ജനസംഖ്യയൽ സ്ത്രീകളാണു മുന്നിട്ടു നില്ക്കുന്നതെങ്കിൽ സാക്ഷരതയിൽ പുരുഷന്മാരാണ് മുന്നിൽ. സാക്ഷരത ശതമാനം 88.9 ആണ് ഇത് സംസഥാന ശരാശരിയായ 89.81% ത്തിനേക്കാൾ കുറവാണ്.

തൊഴിൽ വിഭജനം

സർക്കാർ ജീവനം	–	650.	കൂലിപ്പണി	– 2013.
അർദ്ധസർക്കാർ	–	266.	കർഷക തൊഴിലാളി	– 615.
സ്വകാര്യം	–	584.	തൊഴിൽ രഹിതർ	– 3314.

1991 -ലെ വാർഡുതിരിച്ചുള്ള സെൻസസ് റിപ്പോർട്ട്.

വാർഡ്	വീടുകൾ	ജനസംഖ്യ	പുരുഷന്മാർ	സ്ത്രീകൾ
ഒന്ന്.	422.	2018.	1005	1013
രണ്ട്.	478	2292	1101	1191
മൂന്ന്.	575	2595	1298	1297
നാല്.	406.	1831.	898.	933.
അഞ്ച്.	476.	2308.	1088.	1220.
ആറ്.	512.	2494.	1253.	1221.
ഏഴ്.	418.	1902.	889.	1013.
എട്ട്.	795.	3306.	1594.	1712.
ഒൻപത്.	338.	1869.	885.	984.
പത്ത്.	320.	1533.	744.	789.

1996 ഡിസംബറിൽ നടത്തിയ കുടുബസർവ്വേ വിവരങ്ങൾ താഴെ കൊടുക്കുന്നു.

വാർഡ്	വാർഡ്എണ്ണം.	ജനസംഖ്യ.	പുരുഷൻ	സ്ത്രീ.	വയസ്സ് 0-5	6-14	15-18	19-40	41-60	60തിനുമേൽ
1.	455.	2078.	994.	1084.	162.	240.	229	839	423	192.
2.	490.	2168.	1028.	1140.	146.	239.	189.	904.	414.	276
3.	615.	3045.	1411.	1634.	247.	426.	353.	1004.	685.	330.
4.	432.	1870.	898.	972.	113.	252.	259.	664.	395.	187.
5.	566.	2384.	1165.	1219.	119.	330.	221.	886.	485.	263.
6.	539.	2448.	1238.	210.	133.	343.	124.	1075.	531.	242.
7.	488.	2043.	958.	1085.	152.	286.	120.	830.	415.	240.
8.	812.	3926.	1797.	2129.	352.	411.	228.	1214.	1017.	703.
9.	404.	1808.	864.	944.	107.	234.	132.	775.	363.	197.
10.	365.	1633.	789.	844.	111.	226.	67.	713.	346.	170.
	5166.	23403.	11142.	12261.	1722.	2987.	1916.	8904.	5074.	2800

അവലംബം - കുടുബസർവ്വേ - 1996

ഭൂവിനിയോഗം

മുഹമ്മ പഞ്ചായത്തിന്റെ വിസ്തൃതി 26.76 ഹെക്ടർ ആണ്.

ഭൂവിവരം.

പുരയിടം	-	876 ഹെക്ടർ
നീലം	-	247 ഹെക്ടർ
തരിശും നീരൊഴുക്കും	-	40 ഹെക്ടർ
റോഡ്,കെട്ടിടം,കായൽ	-	1513 ഹെക്ടർ.
ആകെ	-	2676 ഹെക്ടർ കൃഷി ദവൻ സർവ്വേ.

പുരയിടത്തിലെ കൃഷികൾ

തെങ്ങ്, കശുമാവ്, കമുക്, കുരുമുളക്, പൈനാപ്പിൾ, കൊക്കോ, വെറ്റില, ചേന, കാച്ചിൽ, നാടൻമാവ്, വാഴ.

നിലത്തിലെ കൃഷികൾ

നെല്ല്, കപ്പലണ്ടി, വെള്ളരി, എള്ള്, ഉഴുന്ന്, ചെറുപയർ.

പുരയിടത്തിലും പാടത്തും കൃഷിചെയ്യുന്നവ.


വാഴ, ചേമ്പ്, അച്ചിങ്ങപയർ, കപ്പ, വെണ്ട, ചീര.

പ്രധാനകാർഷിക വിളകളും അവയുടെ ഭൂവിസ്തൃതിയും.

ക്രമനമ്പർ	കാർഷികവിള	ഭൂവിസ്തൃതി ഹെക്ടർ
1.	തെങ്ങ്.	885.
2.	നെല്ല്.	247.
3.	കശുമാവ്	50.
4.	കപ്പ.	28.
5.	കിഴങ്ങുവർഗ്ഗങ്ങൾ	34.
6.	പച്ചക്കറികൾ	25.
7.	കുരുമുളക്.	10.
8.	വാഴ.	10.
9.	കമുക്.	8.
10.	മാവ്.	5.

അവലംബം - കൃഷിഭവൻ രേഖകൾ

247 ഹെക്ടർ നിലമാണ് കൃഷിഭവൻ രേഖ അനുസരിച്ച് ഇവിടെ മുഴുവൻ നിലത്തും നെല്ല് കൃഷി ചെയ്യുന്നതാണ്. എന്നാൽ ഇതിൽ പലനിലങ്ങളിലും കൃഷി നടക്കുന്നില്ല. ചിലനിലങ്ങൾ കുനവച്ച് ൈ തങ്ങ് നട്ടിട്ടുമുണ്ട്. ഇതിന്റെ കൃത്യമായ കണക്ക് ലഭിച്ചിട്ടില്ല. നെൽകൃഷി നാമമാത്രമായേ നടക്കുന്നുള്ളു. 23403 ആണ് പഞ്ചായത്തിലെ ആകെ ജനസംഖ്യ. ഇതിൽ കൃഷി ഉപജീവനമായി സ്വീകരിച്ചിരിക്കുന്നവർ വളരെ കുറവാണ്. സമ്പന്നകർഷകർ ഈ പഞ്ചായത്തിൽ ഇല്ല.



സാമൂഹിക സാമ്പത്തിക മേഖലകൾ

തണ്ണീർമുക്കം
പഞ്ചായത്ത്
7
4
10
3
8
5
2
പാതിരാമണൽ
കായൽ
പഞ്ചായത്ത്
മണ്ണഞ്ചേരി പഞ്ചായത്ത്



5.1

കൃഷിയും ജലസേചനവും

കിഴക്ക് മേമ്പനാട്ട് കായലും പടിഞ്ഞാറ് കഞ്ഞിക്കുഴി പഞ്ചായത്തിന്റെ 2,4,6,7 വാർഡുകളും വടക്ക് പുത്തനങ്ങാടി തോടും തെക്ക് മുടക്കനാം കുഴിതോടും അതിർത്തികളായുള്ള ഒരു ഗ്രാമമാണ് മുഹമ്മ പഞ്ചായത്ത്. 26.76 ചതുരശ്രകിലോ മീറ്റർ ആണ് ഈ പഞ്ചായത്തിന്റെ വിസ്തീർണ്ണം. ഇടത്തരക്കാർക്കും തൊഴിലാളി വിഭാഗങ്ങൾക്കും ഭൂരിപക്ഷമുള്ള ഒരു പ്രദേശമാണിത്.

പ്രാചീനകാലങ്ങളിൽ ഭൂവുടമകൾ ജന്മിമാരാ യിരുന്നു. അവരുടെ നിലങ്ങളിൽ പാട്ടക്കാർ, വാരക്കാർ, കുടികിടപ്പുകാർ എന്നിവർ കൃഷി ചെയ്തിരുന്നു. കൂലി ധാന്യമായി നല്കിയിരുന്നു. ഭൂപരിഷ്ക്കരണത്തിന്റെ വരവോടെ ഇതിന് മാറ്റമുണ്ടായി. പാട്ടക്കാരും, വാരക്കാരും, ജന്മികളായും, കുടികിടപ്പുകാർ 10സെൻറിന് ഉടമകളായും മാറി. തൽഫലമായി കാർഷിക മേഖലയിൽ മുന്നേ റ്റമുണ്ടായതായി പഠനങ്ങൾ തെളിയ്ക്കുന്നു. കൃഷിയിടത്തിന്റെറയും, കാർഷിക ഉപകരണ ങ്ങളുടേയും ഉടമകളായി കുടിയാന്മാരും, വാരക്കാരും, പാട്ടക്കാരും മാറിയതോടെ സ്വന്തമെന്ന തോന്നലും അവരിൽ ഉളവായ സുരക്ഷിത ബോധവും കൃഷിക്ക് പുത്തൻ ഉണർവ്വും, ഉന്മേഷവും നൽകി. സംസ്ഥാനത്ത് കൃഷിഭൂമിയുടെ ആളോഹരി 0.07 ഹെക്ടർ ആണെങ്കിൽ മുഹമ്മയുടേത് 0.09 ആണ്. ഇത് സംസ്ഥാന ആളോഹരിയേക്കാൾ കൂടുതൽ ആണ്. ഭൂരിഭാഗം ജനങ്ങളും 1ഹെക്ടറിൽ താഴെ ഭൂമി കൈവശമുളളവരാണ്. വിശദ വിവരം താഴെ കൊടുക്കുന്നു.

പട്ടിക.1

നമ്പർ	ഭൂപരിധി	കുടുംബങ്ങളുടെ എണ്ണം
1	ഒരുഹെക്ടറിൽതാഴെ	8618
2	1ഹെക്ടറിനും2ഹെക്ടറിനുംഇടയിൽ	44
3	2ഹെക്ടറിന് മുകളിൽ	44

അവലംബം .. വില്ലേജ് ആഫീസ് രേഖ.

ഇവിടുത്തെ പ്രധാന കൃഷി തെങ്ങാണ്. രണ്ടാം സ്ഥാനം നെൽകൃഷിക്കാണ്. കശുവിൻമാവും, ധാരാളമായി കൃഷിചെയ്തുവരുന്നു. ഇടവിളകളായി വാഴ, കുരുമുളക്, വെറ്റിലക്കൊടി, മൾബറി, കൊക്കോ, പച്ചക്കറികൾ എന്നിവ കൃഷിചെയ്തു വരുന്നു. ഭൂമിശാസ്ത്രപരമായി ഇത് സമുദ്രനിരപ്പിൽ നിന്നും ഉയർന്ന പ്രദേശമാണ്. ഏകദേശം885 ഹെക്ടർ സ്ഥലത്ത് തെങ്ങ് കൃഷി ചെയ്യുന്നു. പൊതുവേ തെങ്ങു കൃഷിയിൽ വലിയ വളർച്ച ഉണ്ടായതായി കാണുന്നില്ല. തെങ്ങുകൾക്ക് രോഗം വർദ്ധിച്ചു വരുന്നതായി കാണുന്നുണ്ട്. ഉൽപ്പാദനത്തിൽ ഗണ്യമായ കുറവുകൾ സംഭവിച്ചിട്ടുണ്ട്. നെൽകൃഷി ഒരു പ്രതിസന്ധിയിൽ ആണ്. ആധുനിക

കൃഷിരീതികളുടെ അപര്യാപ്തത നെല്ല് ഉൽപ്പാദനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. ജൈവ വളപ്രയോഗത്തിന്റെ അഭാവം ശ്രദ്ധേയമാണ്. പ്രത്യേക പരിചരണ മില്ലാത്ത ഒരു കൃഷിയാണ് കശുവിൻമാവ് ഈ കൃഷി ശാസ്ത്രീയമായി നടത്തിയാൽ വമ്പിച്ച ആദായം ഇതിൽ നിന്നും കണ്ടെത്താവുന്നുതാണ്.

തെങ്ങ്.

തെങ്ങ് കൃഷിയായിരുന്നു പ്രധാനമെന്ന് നേരത്തെ സൂചിപ്പിച്ചിരുന്നുവല്ലോ. തെങ്ങിന് പരമ്പരാഗത രീതിയിലുള്ള പരിചരണമായിരിന്നു നൽകിയിരുന്നത്. പച്ചില, ചാണകം, ചാരം എന്നിവയായിരുന്നു അന്നുപയോഗിച്ചിരുന്ന വളം തെങ്ങുകളുടെ ഓലകൾ പരസ്പരം കൂട്ടിമുട്ടാത്ത വിധത്തിൽ ക്ലിപ്ത അകലങ്ങളിലായിരുന്നു തെങ്ങുകൾ കൃഷി ചെയ്തിരുന്നുത്. കുടങ്ങളിൽ വെള്ളം കോരി ചുവടുകൾ നനച്ചിരുന്നു. വേനൽക്കാലങ്ങളിൽ ഒന്നിടവിട്ട ദിവസങ്ങളിൽ 10 തൂക്ക് മുതൽ 20 തൂക്ക് വരെ ഒരു തൂക്ക് 2 കുടം ജലം തെങ്ങിന്റെ ചുവട്ടിൽ ഒഴിക്കുമായിരുന്നു. ഇടവപ്പാതിമഴ ലക്ഷ്യമാക്കി മേടമാസാവസാനമാവുമ്പോൾ തടം തുറന്നിരുന്നു. തെങ്ങിന്റെ ഓലയിൽ നിന്നും വിഴുന്ന മഴത്തുള്ളിവരെ തടത്തിൽ വിഴത്തക്കവിധത്തിൽ ആണ് തടം വെട്ടിയിരുന്നത്. ചിങ്ങമാസത്തിൽ പറമ്പുകൾ ഉടച്ച് കിളക്കുകയോ കൂനകളാക്കുകയോ ചെയ്തിരുന്നു. തുലാം അവസാനത്തോടെ തെങ്ങിൻ ചുവടുകൾ വളമിട്ട് മൂടുകയും നനയ്ക്കുവാനുള്ള തടം ഉണ്ടാക്കുകയും ചെയ്തിരുന്നു. മകരം മുതൽ മീനം വരെ നനയ്ക്കുകയും ചെയ്തു പോന്നു. ഇളം വേരിന് ചൂട് തട്ടാതിരിയ്ക്കുവാനും, കേട് സംഭവിക്കാതിരി ക്കുവാനും ഈ രീതി സഹായിച്ചിരുന്നതായി പഴയ കൃഷിക്കാർ അവകാശപ്പെടുന്നു. ചൊരിമണൽ പ്രദേശമായതുകൊണ്ട് തെങ്ങിന് ചെളി ഇറക്കുന്ന പതിവ് പണ്ടും ഇന്നും ഉണ്ട്.

നെല്ല്

നെല്ല് കൃഷിയും പരംമ്പരാഗതരീതിയിലലായിരുന്നു. കൃഷിചെയ്യുന്നതിന് മുമ്പായി പാടശേഖരം കലപ്പ ഉപയോഗിച്ച് ഉഴുതിരുന്നു. ചിലപ്പോൾ നിലം വലിയ കൂനകാളാക്കിയും, മാറ്റിയിരുന്നു. ഇതിന് ശേഷമാണ് കണ്ണികളാക്കി മാറ്റുന്നത്. ഈ കണ്ണികളിൽ മേടമാസം 10–ാം തീയതിയോടെ വിരുപ്പും മുണ്ടകനും ഒരുമിച്ച് വിതച്ചിരുന്നു. (എന്നാൽ ചില അവസരങ്ങളിൽ വിരിപ്പ് മാത്രമേ ഉപയോഗിച്ചി രുന്നുള്ളു). ഇത് കൊയ്ത്തിന് ശേഷം അതിക്രാഴി എന്നതരം വിത്തും ഇവിടെ വിതച്ചിരുന്നതായി പഴമക്കാർ പറയുന്നു. ഇതിന് നല്ല വിളവ് കിട്ടുമായിരുന്നത്രേ. ഞാറ് കാറ്റാടി പരുവമാകുമ്പോൾ കണ്ണിവെട്ടിയിട്ടും പറിച്ചും പാടശേഖരം മുഴുവൻ ക്രമമായി നട്ടിരുന്നു. അതിന് ശേഷമാണ് വളപ്രയോഗം. ചാരം,ചാണകം ഇവയാണ് ഉപയോഗിച്ചിരുന്ന വളങ്ങൾ. (ഇതിന്റെ പ്രത്യേകതയായി ചൂണ്ടിക്കാണിയ്ക്കാൻ കഴിയുന്നത് അന്ന് നെല്ലിന് രോഗമില്ലായിരുന്നു എന്നുള്ളതാണ്). നെല്ല വിളയുന്നതോടെ കന്നിമാസത്തിൽ വിരിപ്പും, മകരത്തിൽ മുണ്ടകനും കൊയ്യുന്നു.

മകരകൊയ്ത്തിന്ശേഷം നിലം ഒരുക്കി ചെറുപയർ, എള്ള്,ഉഴുന്ന്, എന്നിവ ഇടവിളയായി കൃഷിചെയ്തിരുന്നു. കരപ്പുറം പാടങ്ങളിൽ കപ്പലണ്ടിയും ഇടവിളയായി കൃഷി ചെയ്തിരുന്നു. കൃഷി മഴയെ ആശ്രയിച്ചാണ് നടത്തിയിരുന്നത്. അധികം വരുന്ന ജലം ഒഴുക്കിവിടുന്നതിന് കൈത്തോടും ഉപയോഗിച്ചിരുന്നു.

കശുവിൻമാവ്

പഞ്ചായത്തിൽ എല്ലാ പ്രദേശ്ങ്ങളിലും ഏതാണ്ടം വ്യാപകമായി കശുവിൻമാവ് കൃഷി കണ്ടുവരുന്നു. ഇതിന് പ്രത്യേക പരിചരണങ്ങൾ ലഭിക്കുന്നതായി കാണുന്നില്ല. ഇതിൽ വിളവെടുപ്പ് കാലത്ത് മിക്കവാറും എല്ലാ കുടുംബങ്ങളും ദൈനംദിന ചിലവുകൾ ഇതുകൊണ്ട് നടത്തുന്നതായി മനസിലാക്കാം. ശാസ്ത്രിയമായി ചെയ്താൽ വലിയ ലാഭമുണ്ടാക്കാൻ കഴിയുന്ന കൃഷിയാണിത്. മാവ് പൂക്കുന്ന സമയത്ത് തേയില കൊതുകിന്റെ ഉപദ്രവം വ്യാപകമായി കണ്ടുവരുന്നു. കൃഷിവകുപ്പിൽ നിന്നുള്ള സഹായത്തോടെ കീടനാശിനികൾ പ്രയോഗിച്ചാൽ ഇത് തടയാൻ കഴിയുന്നതാണ്. പഴയ കാലങ്ങളിൽ ഇതിന് പ്രതിവിധിയായി വൃക്ഷത്തിന് താഴെ ചവറുകൾ കൂട്ടിയിട്ട് പുകയിടാറുണ്ടായി രുന്നു. ഇങ്ങനെ ചെയ്താലും ശമനംകിട്ടും. ഇതിന്റെ വിളവെടുപ്പിനെ കുറിച്ച് കൃത്യമായ ഒരു കണക്ക് ലഭിച്ചിട്ടില്ല.

പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ കവുങ്ങ് കൃഷി ഉണ്ട്. മഹാളി എന്ന രോഗം കണ്ടുവരുന്നു. പരിഹാരമായി ബോർഡോ മിശ്രിതം പ്രയോഗിക്കാറുണ്ട്. പഞ്ചായത്തിൽ വളരെ സാധ്യതയുള്ള ഒരു കൃഷിയാണ് വെറ്റില. ഇത് പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലും ഉണ്ട്. സീസണിനനുസരിച്ച് നല്ല വില ലഭിയ്ക്കാറുണ്ട്. പഞ്ചായത്തിന്റെ കിഴക്കൻ മേഖയിൽ കൊക്കൊ കൃഷി വ്യാപകമായി ഉണ്ട്. ഈ കൃഷി പ്രതിസന്ധിയിലാണ്. കർഷകന് ന്യായമായ വില കിട്ടുന്നില്ല.

ഇന്ന് അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങളാണ് കൂടുതൽ കൃഷിയ്ക്കും ഉപയോഗിച്ചുവരുന്നത്. ലരാസവളത്തി ന്റെറ ഉപയോഗം വളരെ കൂടുതലുമാണ് എന്നിട്ടും തെങ്ങുകൃഷി ഭീഷണിയെ നേരിടുകയാണ്. കൂമ്പുചീയൽ, ഓലമഞ്ഞളിപ്പ്, കാറ്റ് വീഴ്ച എന്നിരോഗങ്ങളും ചെല്ലികളുടെ ഉപദ്രവവും വ്യാപകമാണ്. എലികളും, വവ്വാലും, തെങ്ങിന്റെറ മച്ചിങ്ങ വലിയ ഒരു അളവോളം നശിപ്പിക്കുന്നു. പണ്ട് തെങ്ങിന് ചെയ്തിരുന്നതുപോലുള്ള പരിചരണം ഇപ്പോഴുണ്ടെന്ന് തോന്നുന്നില്ല. തെങ്ങിന് തടംവെട്ട് വർഷത്തിലൊരിക്കലാണ്. ജലസേചനം പമ്പ് സെറ്റ് ഉപയോഗിച്ച് വ്യാപകമായി നടക്കുന്നുണ്ട്. പണ്ട് തെങ്ങിന് ചുവട്ടിൽ കിട്ടുമായി രുന്നതിനേക്കാൾ കൂടുതൽ ജലം തെങ്ങിന് കിട്ടുന്നുണ്ട്. എന്നിട്ടും ഉത്പാദനവർദ്ധനവ് അനുഭവ പ്പെടുന്നില്ല. ഇത് കൂടുതലായി പഠിക്കേണ്ടിയിരിക്കുന്നു.

നെല്ലു കൃഷിയിലും വളരെ ഏറെ വിപ്ളവം നടന്നു കഴിഞ്ഞിരിക്കുന്നു. വിത്തുകൾ അത്യൽപ്പാദനശേഷിയുള്ള താണ്. രാസവള പ്രയോഗം, കീടനാശിനിപ്രയോഗം എന്നിവ സാർവ്ത്രീകമാണ്. പമ്പുകൾ വച്ച് കൃഷിയിട ങ്ങളിലേയ്ക്ക് ജലം കയറ്റുകയും, ഇറക്കുകയും ചെയ്യുന്നുണ്ട്. മുൻപുണ്ടായിരുന്ന പലകൃഷിയി ടങ്ങളും ഇന്ന് വെള്ള ക്കെട്ടുകളായോ, തരിശുകളായോ വെറുതെ കിടക്കുന്നു. ജലത്തിന്റെറ നിർഗ്ഗമനമാർഗ്ഗം അടഞ്ഞതും, കൈത്തോടുകൾ നികന്നതും കൃഷിലാഭം കരമല്ലാ ത്തതിനാലാകാം ചി ലവയലു കളിലെല്ലാം കൂനകോരി തെങ്ങിൻ തൈകൾ നട്ടുകഴിഞ്ഞു.

പഞ്ചായത്തിന്റെറ കിഴക്കൻമേഖലകളിൽ തരിശ് നിലങ്ങൾ വ്യാപകമാണ്. നാലാം വാർഡിലെ കല്ലാട്ടുപാടവും 1-ാം വാർഡിലെ കറുവളിപ്പാടവും ഇതിന് ഉദാഹരണമാണ്. ഒരു കാലത്ത് ആപ്രദേശങ്ങളിലെ കുറേ കുടുംബങ്ങൾക്ക് ആവശ്യമായ നെല്ല് ഇവിടെ ഉൽപ്പാദിപ്പിച്ചിരുന്നു. കരപ്പുറം പാടങ്ങളിൽ മഴയെ ആശ്രയിച്ചാണ് കൃഷി. കാലലാവസ്ഥ പിഴയ്ക്കുന്നതോടെ അവിടെ കൃഷിയും പിഴയ്ക്കുന്നു.

ഇന്ന് തീര പ്രദേശത്തെ കൃഷിയിടങ്ങളിൽ ഇടവിളകളേയില്ല. കൊയ്ത്ത് കഴിഞ്ഞാൽ പശുക്കളെ മേയ്ക്കാനാണ് പാടം ഉപയോഗിക്കുന്നത്. കരപ്പുറം പാടങ്ങളിൽ ചെറുപയറാണ് പ്രാധാന ഇടവിള. ഉഴുന്ന്, കപ്പലണ്ടി, എള്ള് എന്നിവ നാമമാത്രമായി കൃഷി ചെയ്യുന്നു. വരമ്പുകോരി കപ്പ കൃഷിചെയ്യുന്ന രീതിയും ഉണ്ട്. ഇന്ന് പൊതുവിൽ വീട്ട് മുറ്റത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിന് ഒരു പ്രത്യേക ആഭിമുഖ്യം പ്രകടിപ്പിച്ചും കാണുന്നുണ്ട്. പഞ്ചായത്ത് മുൻകൈയെടുത്ത് 50% സൗജന്യ നിരക്കിൽ ഏത്തവാഴ വിത്തും കീടനാശിനിയും വളവും നൽകി ഏത്തവാഴ കൃഷിയെ പ്രോത്സാഹിപ്പിക്കുന്നു. പഞ്ചായത്തിലെ 730 വീടുകളിൽ ഏത്തവാഴകൃഷി ഈ രീതിയിൽ നടക്കുന്നു.

പ്രശ്നങ്ങൾ

1. പെരുത്തുരത്തു കരി പാടശേഖരത്ത് സ്ഥാപിച്ചിട്ടുള്ള മോട്ടോർ തറയ്ക്ക് സംരക്ഷണമില്ല.

2. കാർഷിക വൃത്തിക്ക് ആവശ്യമായ തൊഴിലാളികൾ ലഭ്യമല്ല

3. തെങ്ങിന് ബാധിക്കുന്ന രോഗത്തിന് ഫലപ്രദമായ പ്രതിരോധ മാർഗ്ഗങ്ങളില്ല.

4. തെങ്ങ് കൃഷി രീതി ശാസ്ത്രീയമല്ല.

5.അത്യുൽപ്പാദനശേഷിയുള്ളതും രോഗപ്രതി രോധശക്തി യുള്ളതുമായ തെങ്ങിൻ തൈകൾ ലഭ്യമല്ല.

6. കൃഷി ചെയ്യുന്നതിനാവശ്യമായ സാങ്കേതിക വൈദഗ്ധ്യത്തിന്റെറ അഭാവം.

7. കീടങ്ങളുടേയും, എലികളുടേയും ഉപദ്രവം.

8. പാടശേഖരങ്ങളിലെ ചെളിമണ്ണുവാരൽ.

9. രോഗം ബാധിച്ച തെങ്ങുകൾക്ക് നല്കിവരുന്ന പ്രതിഫലത്തന്റെറ അപര്യാപ്തത.

10. മണ്ണിനനുയോജ്യമായ വളപ്രയോഗം നടക്കുന്നില്ല.

11. പല സ്ഥലങ്ങളിലും നെല്പാടങ്ങൾ തരിശ് കിടക്കുന്നു.

12. റോഡിന്റെറ ഇരുവശങ്ങളും പഞ്ചായത്ത് പുറം പോക്കുകളും തരിശ് കിടക്കുന്നു.

13. പാടശേഖരവുമായി ബന്ധപ്പെട്ട് തടയണകൾ ഇല്ല.

14. കൃഷിഭവനത്തിൽ നിന്നും അറിയിയ്ക്കുന്ന വിവരങ്ങളും ആനുകൂല്യങ്ങളും യഥാസമയം കർഷകർക്ക് ലഭിക്കുന്നില്ല.

15. നാളികേര വിപണനത്തിന് സഹകരണമേ ഖലയിലൊ,

പൊതുമേഖലയിലൊ സംവിധാനങ്ങളില്ല.

16. ശാരീരികാദ്ധ്വാനം കൂടുതലുള്ള ജോലികൾക്ക് പരിശീലിക്കുന്നതിൽ യുവാക്കൾ തല്പരരല്ല.

17. നെൽകൃഷിയുടെ ഉൽപാദനബോണസ്സ് കുറവാണ്.

18. ജൈവവളപ്രയോഗം കാര്യക്ഷമമല്ല

19. കൃഷി നാശത്തിന് അർഹമായ നഷ്ടപരിഹാരം ലഭിക്കുന്നില്ല.

20. വിള ഇൻഷ്വറൻസ് തുക യഥാസമയം ലഭിക്കുന്നില്ല.

21. അവശ കർഷകർക്ക് ആനുകൂല്യങ്ങളില്ല.

22. ഇടവിളകൾ കൃഷിചെയ്യുന്നതിന് ശരിയായ പ്രോത്സാഹനം ലഭിക്കുന്നില്ല.

23. കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നില്ല.

24. കാർഷിക വായ്പ ലഭിക്കുവാൻ കർഷകർ ബുദ്ധിമുട്ടുന്നു.

25. കാർഷിക വൃത്തിയിൽ ഏർപ്പെടുന്നവർക്ക് വേണ്ടത്ര പ്രോത്സാഹനവും അംഗീകാരവും ലഭിക്കുന്നില്ല.

26. ജലനിർഗ്ഗമന മാർഗ്ഗം അടഞ്ഞതുമൂം വെള്ളക്കെട്ടുകൾ രൂപപ്പെടുകയും തന്മൂലം കൃഷിനാശം ഉണ്ടാവുകയും ചെയ്യുന്നു.

27. കിഴങ്ങുവർഗ്ഗ കൃഷിക്കാർക്ക് വേണ്ടത്ര പ്രോത്സാഹനവും ലഭിക്കുന്നില്ല.

28. കാർഷികരംഗത്തെ ഗ്രൂപ്പ് പ്രവർത്തനമില്ലായ്മ

29. വേനൽ കാലത്തെ ജനസേചനത്തിനുള്ള അപര്യാപ്തത

30. നല്ല നടിൽ വസ്തുക്കൾ യഥാസമയം ന്യായവിലയ്ക്ക് ലഭിക്കുന്നില്ല.

31. പുകൃഷി ചെയ്യുന്നതിന് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല.

32. ഔഷധ സസ്യങ്ങൾ നശിക്കുന്നു.

സാദ്ധ്യതകൾ

തെങ്ങ് കൃഷി

പഞ്ചായത്തിൽ 10 വാർഡുകളിലായി ആകെ 45247 കായ്ഫലമുള്ള തെങ്ങുകളാണുള്ളത്. ഇവയിൽ രോഗം ബാധിച്ച തെങ്ങുകൾ 14598 ആണെന്ന് 96 നവംബറിൽ നടത്തിയ കുടുംബ സർവ്വേ തെളിയിക്കുന്നു. പട്ടിക രണ്ട് കാണുക.

പട്ടിക രണ്ട്

വാർഡ്	കായ്ഫലമില്ലാത്ത	കായ്ഫലംഉള്ള	രോഗംബാധിച്ചതെങ്ങ്
1	3337	3391	869
2	3933	3901	483
3	5630	6280	2820
4	2784	2709	873
5	2199	2471	381
6	5564	6963	1787
7	5878	6250	3277
8	5690	7166	3194
9	2137	2484	775
10	2117	3632	132
ആകെ	40219	45247	14598

അവലംബം കുടുംബസർവ്വെ 1996

ഈ പ്രശ്നം വളരെ ഗൗരവമയിത്തന്നെ കാണേണ്ടതാണ്. ഇതിൽ 30% തെങ്ങുകൾക്കും കാറ്റുവിഴ്ച രോഗമാണ് ബാധിച്ചിരുക്കുന്നത്. കാറ്റുവിഴ്ച ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റുന്നതിന് തെങ്ങൊന്നിന് 500 രൂപ പ്രതിഫലം നൽകുകയും രോഗപ്രതിരോധശേഷിയുള്ള തൈകൾ കർഷകന് ലഭ്യമാക്കണം. കൃഷിഭവൻ മുഖേന ഇല ശാസ്ത്രിയമായി കൃഷിചെയ്യുവാനുള്ള അറിവ് പകർന്നു കൊടുക്കണം. ബ്ലോക്കടിസ്ഥാനത്തിൽ ഓരോ മണ്ണ് പരിശോധന കേന്ദ്രം തുറക്കുയും പരിശോധനയുടെ

അടിസ്ഥാനത്തിൽ ആവശ്യമായ വളപ്രയോഗം നിർദ്ദേശിക്കുകയും ചെയ്യണം. ഇപ്പോൾ നിർജ്ജീവമായി കിടക്കുന്നകേരസംരക്ഷണ സമിതികൾ സജീവമായി പ്രവർത്തിപ്പിക്കുവാനുള്ള സാഹചര്യം ഒരുക്കുകയും അവയുടെ നേതൃത്വത്തിൽ മരുന്ന് തളിയ്ക്കുകയും ശാസ്ത്രിയമായ വളപ്രയോഗം നടത്തുന്നതിന് കർഷകരെ ബോധവൽക്കരിക്കുകയും ചെയ്യുക. ജലസേചന– സൗകര്യത്തിനായി കുളങ്ങൾ യാഥാസമയം വെട്ടുകയും മണ്ണിന്റെ നിർവാർച്ച തടയുവാൻ ചെളിയിറക്കുകയും ചെയ്യുക. ഇതിനായി അർഹരായ കർഷകർക്ക് സബ്സിഡി നല്കേണ്ടതാണ്. ജലസേചനത്തിന് പമ്പ്സെറ്റ് വാങ്ങുന്നതിന് ഇപ്പോഴുള്ള വായ്പാ സൗകര്യവും സബ്സിഡിയും 1 2 എച്ച്.പി.മോട്ടോർ വാങ്ങുന്നതിനും കൂടി ലഭ്യമാക്കണം. 25 സെൻറിൽ താഴെയു ള്ളവർക്കും ഈ ആനകൂല്യം ലഭ്യമാക്കണം. തെങ്ങുകയറ്റ തൊഴിലാളുകളുടെ ദൗർലഭ്യം ഇല്ലാതാക്കൻ

തെങ്ങുകയറ്റപരിശീന കേന്ദ്രം പഞ്ചായത്തിൽ ആരംഭിക്കേണ്ടതാണ്. നാലികേരം വിറ്റഴിക്കുന്നതിന് വിപണനകേന്ദ്രം സഹകരണ മേഖയിൽ ആരംഭിയ്ക്കുക. കുളങ്ങൾ, ഇടത്തോടുകൾ എന്നിവ നികത്തുന്ന പ്രവണത ബോധവൽ ക്കരണത്തിലൂടെ തടയുക.

നെൽകൃഷി

1-ാം വാർഡിലെ പെരുന്തുരുത്ത് കരിയിൽ സുഗമമായി കൃഷി നടത്തുന്നതിന് മോട്ടോർ തറയും പരിസരവും കരിങ്കല്ല് കെട്ടിസംരക്ഷിക്കുയും, വെള്ളം വറ്റിക്കുന്നതിനാവശ്യമായ പെട്ടി, പറ മുതലായ ഉപക രണങ്ങൾ ലഭ്യമാക്കുകയും ചെയ്യുക. നിലവിലുള്ള ചാലുകളുടെ വീതിയും ആഴവും വർദ്ധിപ്പിക്കണം.

പാടശേഖരങ്ങളിൽ നിന്നും ചെളിമണ്ണ് വാരുന്നത് കർശന മായും നിരോധിയ്ക്കണം. തരിശായിക്കിടക്കുന്ന ഒന്നാം വാർഡിലെ കറുവള്ളിപ്പാടം, നാലാം വാർഡിലെ കല്ലാട്ട് പാടം തുടങ്ങിയ പാടങ്ങിൽ കൃഷി നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണം.
ജലം കൂടുതലായി ലഭിക്കുന്ന മുടക്കനാം കുഴി തോട് സ്രായിതോട് മുപ്പിരിതോട്, കള്ളത്തോട് കാട്ടുകട തോട്, ദേവസ്വംചിറ തോട്, മൂന്ന് തോട്ടു മുഖാരം ആര്യക്കരതോട് പോഴിതോട് എന്നിവിയിൽ തടയണകൾ നിർമ്മിക്കുക. പാടശേഖരങ്ങളോട് ബന്ധപ്പെട്ട് ഉള്ളതും ഇപ്പോൾ നിവർത്തൽ ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്നതുമായ തോട്ടുകൾ വെട്ടി ജല നിർഗ്ഗമനമാർഗ്ഗങ്ങൾ തുറക്കുക.

നെൽകൃഷിയുടെ വിളവെടുപ്പ് കഴിഞ്ഞാൽ പാടങ്ങളിൽ പയറുവർഗ്ഗങ്ങൾ കൃഷിചെയ്യുന്നതിന് പ്രോത്സാഹനം നൽകുക

പ്രധാനപ്പെട്ട തോടുകളുടെ ആഴം കുട്ടുകയും, ഇരുവശവും കല്ല് കെട്ടി സംരക്ഷി ക്കുകയും ചെയ്യുക.നെൽ കൃഷിയുടെ ഉൽപ്പാദന ബോണസ് 1സെൻറിന് 1രൂപയിൽ നിന്ന് 10 രൂപയായി ഉയർത്തുക.

കൃഷി ആവശ്യങ്ങൾക്കുള്ള വൈദ്യുതി കണ്കഷൻ സ്ഥലപരിമിതി കണക്കിലെടുക്കാതെ ആവശ്യക്കാർക്കായി ലഭ്യമാക്കണം. ട്രില്ലർ, സ്പ്രെയർ, മെതിയന്ത്രം തുടങ്ങിയവ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുക. കരപ്പുറം നെലുൽപ്പാദനങ്ങളിൽ വർദ്ധിപ്പിക്കുന്നതിൽ പാടശേഖ രങ്ങളിലെ ഈർപ്പം നില നിർത്തണം.

ഇതിന് സഹായകരമായ രീതിയിൽ പാടശേഖരങ്ങിൽ അന്ധകാരനഴി ചെളിയിറക്കി മണ്ണിൻെറ കണ്ണടക്കണം. ഇതിന് സബ്സിഡി നൽകികൊണ്ട് കൃഷിക്കാരെ പ്രോത്സാ ഹിപ്പിക്കണം. ഗുണമേത്മയുള്ള വിത്തുകൾ നല്കി കൃഷി പ്രോത്സാഹിപ്പീക്കേയും ഉല്പാദനം വർദ്ധിപ്പിക്കുകയും വേണം.

ഇടവിളകൾ

പഞ്ചായത്തു പ്രദേശത്തു കണ്ടുവരുന്ന ഇടവിളകൾ കമുക് , വെറ്റില, കൊക്കോ, കുരുമുളക്, വാഴ, മരച്ചീനി, പച്ചക്കറികൾ, കിഴങ്ങു വർഗ്ഗങ്ങൾ എന്നിവയാണ്. ഇവ പരമ്പരാഗത രീതീയിലാണ് കൃഷി ചെയ്യുന്നത്. പച്ചില, പായൽ, ചാണകം, ചാരം എന്നിവയാണ് വളങ്ങളായി ഉപയോഗിക്കുന്നത്. കൃഷിരീതികളൾ ശാസ്ത്രീയമാക്കിയാൽ കൂടുതൽ ഉല്പാദനം കൈവരിക്കാൻ കഴിയും.

പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിൽ കവുങ്ങ് കൃഷി കാണപ്പെടുന്നുണ്ട്. ഈ കൃഷി പ്രോത്സാ ഹിപ്പിക്കുന്നതിനായി കൃഷി ഭവൻ വഴി അത്യുൽപ്പാദ നശേഷിയുള്ള തൈകൾ സൗജന്യ നിരക്കിൽ നൽകേ ണ്ടതാണ്. ചില സ്ഥലങ്ങളിൽ ഈ കൃഷിയ്ക്ക് മഹാളി രോഗം കണ്ടുവരുന്നു. ഇതിന് പ്രതിവിധി നടപ്പാ ക്കുന്നതിനുള്ള പ്രായോഗിക നിർദ്ദേശങ്ങൾ കൃഷി ഭവനിൽ നിന്നും പ്രാദേശിക കൃഷി സംരക്ഷണ സമിതികൾ വഴി നൽകേണ്ടതാണ്.

ശരിയായ പരിചരണവും, ജലസേചനവും ലഭ്യമാക്കാൻ കഴിഞ്ഞാൽ വളരെ ലാഭമായി നടത്താൻ കഴിയുന്ന ഒന്നാണ് വെറ്റില കൃഷി. വെറ്റില കർഷകർക്ക് പമ്പ് സെറ്റുകൾ ലഭ്യമാക്കുകയും വൈദ്യുതി സൗജന്യ നിരക്കിൽ നല്കുകയും ചെയ്യേണ്ടതാവശ്യമാണ്. ചില ഇടങ്ങളിൽ ഇതിന് -വണ്ടൻ- രോഗം കണ്ടുവരുന്നുണ്ട്. ഇതിന് ഫലപ്രദമായ നിവാരണമാർഗ്ഗം സ്വീകരിക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ കൃഷിഭവൻ മുഖേന ലഭ്യമാക്കണം.,

തീര പ്രദേശങ്ങളിൽ കൊക്കോ കൃഷി വ്യാപകമായി ഉണ്ട്. കൊക്കോ കർഷകന് ന്യായമായ വില ലഭിക്കുന്നില്ല. കൊക്കോ ഉപയോഗിച്ച് ഭക്ഷ്യോല്പന്നങ്ങൾ നിർമ്മിക്കുന്ന ഫാക്ടറി ആരംഭിക്കുന്നതിനെ കുറിച്ച് ആലോചി ക്കേണ്ടതാണ്.

കുരുമുളക് ചെറിയ തോതിൽ കൃഷി ചെയ്യുന്ന വളരെയധികം വീടുകൾ പഞ്ചായത്തിലുണ്ട്. 94-95, 95-96 വർഷങ്ങളിലായി 5000 തൈകൾ കൃഷി ഭവൻ വഴി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ ശരിയായ കൃഷിരീതിയെകുറിച്ചുള്ള അജ്ഞത മൂലമോ വിതരണം ചെയ്ത തൈകളുടെ ഗുണനിലവാര കുറവുമൂലാമോ ഫലപ്രദമായി ഈ കൃഷി നടത്തുവാൻ കൃഷിക്കാർക്ക് കഴിഞ്ഞില്ല. ഇതിന് പരിഹാരമായി ശരിയായ കൃഷി രീതികൾ കർഷകർക്ക് പകർന്നുകൊടുക്കുവാനും ദ്രുതവാട്ടം പോലുള്ള രോഗങ്ങളെ നിയന്ത്രിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുവാനും കഴിയണം. കൂടുതൽ അത്യുത്പാദന ശേഷിയുള്ള തൈകൾ കൃഷിഭവൻ വഴി നൽകേണ്ടതാണ്. കൃഷി ഭവനിൽനിന്നും കഴിഞ്ഞ 3വർഷങ്ങളിലായി വിതരണം ചെയ്ത നടിയിൽ വസ്തുക്കളുടെ വിവരം പട്ടിക 3ൽ ചേർത്തിരിക്കുന്നു.

പട്ടിക 3

നടിൽ വസ്തുക്കളുടെ വിതരണം സംബന്ധിക്കുന്ന വിവരം

പേര്	93-94	94-95	95-96
തെങ്ങിൻതൈ	3245	355	1350
കശുവിൻമാവ്	160	160	160
കുരുമുളക്	---	2000	3000
കമുക്	---	---	500
മരച്ചീനി	800	---	---
മാവ് ഗ്രാഫ്റ്റ്	39	25	20
കിഴങ്ങ് വർഗ്ഗങ്ങൾ കിറ്റുകൾ	13 കിറ്റുകൾ	2 കിറ്റുകൾ	7
നാരകം	---	---	100

അവലംബം കൃഷിഭവൻ രേഖകൾ

വളരെ ഫലപ്രദമായും ആദായകരമായും കൃഷി ചെയ്യുവാൻ സാധിക്കുന്ന ഒന്നാണ് മരച്ചീനി കൃഷി.

ഈ പഞ്ചായത്തിലെ മണ്ണ് ഇതിന് വളരെയോ ജിച്ചതാണ്. എന്നാൽ എലികളുടെ ഉപദ്രവം കൂടുതലായതു കൊണ്ട് പല കർഷകരും ഈ കൃഷി ചെയ്യുന്നതിൽ നിന്നും പിന്നോക്കം പോകുന്ന സ്ഥിതിവിശേഷം നിലനിൽക്കുന്നു. 94-95, 95-96 വർഷങ്ങളിൽ കൃഷിഭവനിൽ നിന്നും മരച്ചീനി കമ്പുകൾ വിതരണം ചെയ്തിട്ടില്ല. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഒന്നോ രണ്ടോ ദിവസം കൊണ്ട് എലികളെ നശിപ്പിക്കുവാനുള്ള ഒരു പദ്ധതി തയ്യാറാക്കി നടപ്പിലാക്കുകയും അത്യുൽപാദന ശേഷിയുള്ള മരച്ചീനിക്കമ്പുകൾ കർഷകക്ക് ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. പഞ്ചായത്തിലെ എല്ലാ വീടുകളിലും പച്ചക്കറികൾ വാഴ, കിഴങ്ങ് വർഗ്ഗങ്ങൾ മുതലായവ കൃഷി ചെയ്യുവാനുള്ള വിത്തുകളും തൈകളും കൃഷിക്കാർക്ക് എത്തിച്ചുകൊടുക്കുകയും അത്യാവശ്യമായ സാങ്കേതിക നിർദ്ദേശങ്ങൾ നൽകുകയും ചെയ്യേണ്ടതാണ്.

ഓർക്കിഡുകൾ, ആന്തൂറിയം, കുറ്റിമുല്ല തുടങ്ങിയവ കൃഷിചെയ്യാനുള്ള സാങ്കേതിക വൈദഗ്ധ്യം കൃഷിക്കാർക്ക് നൽകുകയും ഇവയുടെ തൈകൾ ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. ഗ്രീൻ ഹൗസുകൾ നിർമ്മിക്കുന്നതിനും കൃഷി ചെയ്യുന്നതിനും വായ്പകളും, സബ്സിഡിയും ലഭ്യമാക്കുകയും കയറ്റുമതി സാദ്ധ്യതയുള്ള പൂക്കളുടെ സംഭരണവും, വിപണനവും നിർവഹിക്കുന്നതിനുവേണ്ടി ഒരു സഹകരണ സംഘം രൂപീകരിക്കുന്നത് നന്നായിരിക്കും.

ഔഷധ സസ്യങ്ങൾ കൃഷിചെയ്യുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുകയും വായ്പാ സൗകര്യം ലഭ്യമാക്കുകയും ചെയ്യുക.

പഞ്ചായത്തിലെ 95% വീട്ടുവളപ്പുകളിലും കശുമാവ് വളർത്തുന്നുണ്ട്. ഇപ്പോൾ ഉണ്ടാകുന്ന പൂവുകൾ തേയില കൊതുകിന്റെ ഉപദ്രവം മൂലം കൂടുതലും കരിഞ്ഞ് പോകാറുണ്ട്. ഇതിനെ നിയന്ത്രിക്കുന്നതിന് ആവശ്യമായ മരുന്നുകളും സ്പ്രേയറുകളും കൃഷിഭവൻ വഴി വിതരണം ചെയ്യുവാനുള്ള നടപടികൾ കൈക്കൊള്ളണം. നല്ലയിനം തൈകളും കർഷകർക്ക് ലഭ്യമാക്കേണ്ടതാണ്.

ഇടവിളകൾ കൃഷിചെയ്യുന്നതിന് തടസ്സമായി വെള്ളം കെട്ടിനിൽക്കുന്ന സ്ഥലങ്ങളിൽ നിന്ന് വെള്ളം ഒഴുകി പോകുവാനുള്ള സാഹചര്യം സൃഷ്ടിച്ചാൽ കൂടുതൽ വിളവ് ലഭിക്കുവാൻ സഹായകമാവും. ഉദാഹരണം ആറാം വാർഡിന്റെ വടക്കേ അറ്റത്ത് ആനേക്കാട്ട് മില്ലിന് മുൻവശവും സമീപപ്രദേശങ്ങൾ മൂന്നാം വാർഡിൽ എസ്.സി.എസ് 1300 ന് സമീപപ്രദേശങ്ങൾ എട്ടാം വാർഡിലെ തോട്ടത്തുശ്ശേരി, പുല്ലംപാറ, പോട്ടച്ചാൽ പ്രദേശങ്ങൾ.

പുറംപോക്കുകളിലും മറ്റും കൃഷി ചെയ്യുന്നതിന് താൽപ്പര്യമുള്ള കൃഷിക്കാരെ പങ്കെടുപ്പിച്ചുകൊണ്ട് കൃഷി ചെയ്യുവാൻ പ്രോൽസാഹനം നൽകുക.

കൂൺ കൃഷി ചെയ്യുവാൻ കർഷകരെ പരിശീലിപ്പിക്കുകയും അതിനാവശ്യമായ സ്പാൺ ലഭ്യമാക്കുകയും ചെയ്യുക.

മൾബറി കൃഷി ചെയ്യുകയും പട്ടുനൂൽപ്പുഴു വളർത്തുകയും ചെയ്തിരുന്ന 45 കുടുംബങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ടായിരുന്നു. ഇപ്പോൾ നാമമാത്രമായ കൃഷിക്കാർ മാത്രമേ ഈ മേഖലയിൽ ഉള്ളൂ. കൊക്കൂണിന്റെ വിലയിടിഞ്ഞതാണ് ഇതിന് പ്രധാന കാരണം. ഈ കൃഷി ചെയ്യുന്നവർക്ക് പ്രോൽസാഹനം നൽകുകയും കൊക്കൂൺ സംഭരണ കേന്ദ്രങ്ങൾ ഖാദിബോർഡിന്റെ കീഴിൽ പ്രവർത്തി
ക്കുകയും ചെയ്യണം.

പൊതു നിർദ്ദേശങ്ങൾ

ജൈവവളങ്ങൾക്കും രാസവളങ്ങൾക്കും തുല്യമായ പ്രാധാന്യം നൽകി സബ്സീഡി അനുവദിക്കണം. പായ്ക്കറ്റിൽ വരുന്ന ജൈവ വളങ്ങൾക്ക് സബ്സീഡി നൽകുന്നത് ആശാസ്യമല്ല.

എല്ലാ മാസവും കർഷകരെ വിളിച്ച് ചേർത്ത് കൃഷി വിദഗ്ധന്മാർ പങ്കെടുക്കുന്ന സെമിനാറുകൾ സംഘടിപ്പിക്കുക.

പ്രധാനപ്പെട്ട കവലകളിലും ക്ലബ്ബുകളിലും കൃഷിഭവൻ വാർത്താബോർഡുകൾ സ്ഥാപിക്കുക.

കാർഷിക വായ്പകൾ സ്വന്തം ജാമ്യത്തിൽ കൊടുക്കുവാനുള്ള ഏർപ്പാട് ചെയ്യുക.

പച്ചക്കറികളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്ന തനുസരിച്ച് അതിന്റെ വിപണനം സുഗമമായി നടക്കുന്നതിനും കർഷകർക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനും ഒരു മാർക്കറ്റിംഗ് സംവിധാനം പഞ്ചായത്തിൽ ആവിഷ്ക്കരിക്കുകയും ചെയ്യണം.

എല്ലാ കൃഷികൾക്കും ഗ്രൂപ്പ് ഫാമിങ്ങ് സമ്പ്രദായം പ്രോൽസാഹിപ്പിക്കണം.

എല്ലാ കൃഷിക്കാർക്കും വൈദ്യുതി സൗജന്യമാ യി വിതരണം ചെയ്യണം.

ഉല്പാദന ഉപകരണങ്ങൾ കൃഷിക്കാർക്ക് വിതരണം ചെയ്യുവാനുള്ള സംവിധാനം ഉണ്ടാക്കണം.

പഞ്ചായത്ത് തല കാർഷിക വികസ ന സ മി തി

കാർഷിക മേഖലയുടെ വികസനം മുന്നിൽ കണ്ട് രൂപം കൊടുത്ത സമിതിയാണിത്. പഞ്ചായത്തിലെ പ്രധാന കർഷകരും ജനപ്രതിനിധികളും ഉൾപ്പെടെ 40 പേരാണ് ഈ കമ്മറ്റിയിലുള്ളത്. പഞ്ചായത്ത് തലത്തിൽ കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങൾ കണ്ടറിഞ്ഞ് അവയ്ക്ക് പരിഹാരം നിർദ്ദേശിക്കുകയും കൃഷിയെ പ്രോൽസാഹിപ്പിക്കു ന്നതിനാവശ്യമായ സംവിധാനങ്ങൾ ഒരുക്കുകയാണ് സമിതിക്കുള്ള ഉദ്ദേശ്യ ലക്ഷ്യങ്ങൾ. സമിതിയുടെ നിർദ്ദേശാനുസരണമാണ് പഞ്ചായത്ത് തലത്തിൽ ഏത്തവാഴ കൃഷിയെ പ്രോൽസാഹിപ്പിച്ച് വരുന്നത്.

കൂലി നിരക്ക് കാർഷികമേഖല നേരിടുന്ന അനേകം പ്രശ്നങ്ങളിൽ ഒന്നാണ്. ഈ മേഖലയിൽ പണിയെടുക്കുന്നവരുടെ എണ്ണം കുറഞ്ഞു വരുന്നത് വിദ്യാഭ്യാസ നിലവാ രത്തിൽ സംഭവിച്ച മാറ്റങ്ങൾ വിദ്യാസമ്പന്നരിൽ പൊതുവേ കണ്ടുവരുന്ന കൃഷിയോടുള്ള താല്പര്യകുറവ് ഇവയെല്ലാം തൊഴിലാളികളുടെ എണ്ണക്കുറവിന് കാരണമായിട്ടുണ്ട്. പഞ്ചായത്ത് പ്രദേശത്ത് ഒരു ഏകീകൃത കൂലി നൽകുന്നില്ല. പല പ്രദേശങ്ങളിലും പല രീതിയിലാണ് കൂലി നിരക്ക്. കൃഷിയിൽ നിന്ന് ആദായം കുറയുന്ന സാഹചര്യത്തിൽ തൊഴിലാളികൾ അവരവർക്ക് ഇഷ്ടമുള്ളതുപോലെ കൂലി ഈടാക്കുന്നത് പലരേയും കാർഷിക വൃത്തിയിൽ വേണ്ടത്ര ശ്രദ്ധചെലുത്താതിരിക്കാൻ പ്രേരിപ്പിക്കുന്നുണ്ട്. അതിനാൽ കർഷകത്തൊഴിലാളി മേഖലയിൽ ഏകീകൃത കൂലി നിരക്ക് അനിവാര്യമാണ്. സ്ത്രീ തൊഴിലാളികളുടേയും പുരുഷന്മാരായ തൊഴിലാളിക ളുടേയും കൂലി നിരക്കും ഒരു പോലെയല്ല.

പാടശേഖരസമിതികൾ

പഞ്ചായത്തിൽ 3 പാടശേഖരസമിതികൾ നിലവിലുണ്ട് അവയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

പേര്	വിസ്തീർണ്ണം ഏക്കർ	അംഗങ്ങളുടെ എണ്ണം
1. ചാലാപാടം നെൽ ഉല്പാദകസമിതി	57.10	42
2. കരിപാടശേഖരം പെരുംന്തുരുത്ത്	42	77
3. നെൽഉല്പാദക സമിതി വാർഡ് 8	113	93

ഈ സമിതികളുടെ മേൽനോട്ടത്തിലും നിർദ്ദേശത്തിലും മേൽപ്പറഞ്ഞ പാടശേഖരങ്ങളിൽ നെൽകൃഷി വളരെ നല്ല രീതിയിൽ നടക്കുന്നുണ്ട്. ചാലാപാടം നെൽഉല്പാദന സമിതിയുടെ നേതൃത്വത്തിൽ കള്ളത്തോടിനിരുവശവും കരിങ്കൽ ഭിത്തികെട്ടി സ്ലൂയിസ് നിർമ്മിക്കുവാനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. ഇതുമൂലം 265 ഏക്കർ സ്ഥലത്ത് കൃഷിയ്ക്ക് ജലസേചനം നടത്തുവാൻ കഴിയും.

ജലസേചനം

ജലം വേഗത്തിൽ വാർന്നു പോകുന്ന മണ്ണാണ് മുഹമ്മ പഞ്ചായത്തിലേത്. അതിനാൽ ജലം കൂടുതൽ ഒഴിക്കുകയല്ല, സമയത്ത് ലഭിക്കുകയാണ് പ്രധാനം. അതിന് ജലം സംരക്ഷിച്ച് നിർത്തുവാൻ കഴിയുന്ന സംവിധാനങ്ങൾ വേണം.പ്രകൃതി നൽകിയ സംവിധാനങ്ങളാണ് തോടുകളും, കുളങ്ങളും. ഇവയെ സംരക്ഷിക്കുകയാണ് പ്രധാനം. കുഴൽ കിണറുകളുടെ വരവോടെ ഭൂഗർഭജലം വലിയതോതിൽ കുറയുന്നു. തൽഫലമായി ഉപരിതല ജലസ്രോതസുകൾ വറ്റുന്നു. ആയതിനാൽ കുഴൽ കിണറുകൾ വ്യാപിക്കുന്നതിനെ നിരുൽസാഹപ്പെടുത്തേണ്ടിയിരിക്കുന്നു. ഇത് ഒരു പരിസ്ഥിതി പ്രശ്നം കൂടിയായതിനാൽ ഇത് തടയു കയല്ലാതെ മറ്റ് മാർഗ്ഗങ്ങളൊന്നുമില്ല തോടുകളാലും കുളങ്ങളാലും നമ്മുടെ ഗ്രാമം സമൃദ്ധമാണ്. എന്നാൽ യാതൊരു തത്വദീക്ഷയുമില്ലാതെ ഇന്ന് നികത്ത പ്പെടുകയാണ്. ഈ അവസ്ഥ മാറണം. കുളങ്ങളും തോടുകളും കാലാകാലങ്ങളിൽ വെട്ടി സംരക്ഷിക്കണം. പൊതുകുളങ്ങളുടേയും, തോടുകളുടേയും അതിരുകൾ കല്ല് കെട്ടി സംരക്ഷിക്കണം. അവയിൽ നിന്ന് മലിന വസ്തുക്കളും.ചെളിയും യഥാകാലം നീക്കം ചെയ്യണം. പുത്തനങ്ങാടി തോട്, ആര്യക്കര തോട്, മുപ്പിരിത്തോട്, കള്ളത്തോട്, സ്രായിത്തോട്, മുടക്കനാംകുഴിതോട്, മൂന്തോട്ട്, മുഖാരംതോട്, കാട്ടുകടതോട് ദേവസ്വംച്ചിറ തോട് എന്നിവയാണ് ഈ പ്രദേശത്തെ ജലസംഭ രണശേഷി കൂടുതൽ ഉള്ള തോടുകൾ. ഇവയിൽ തടയണകൾ കെട്ടിയാൽ മഴക്കാലത്ത് ലഭിക്കുന്ന അധികജലം വേനൽക്കാലത്ത് കൃഷിയ്ക്ക് ഉപയോഗിക്കാം.

പ്രശ്നങ്ങൾ

1. കൃഷിയ്ക്ക് ആവശ്യമായ ജലസേജന സൗകര്യം ഇല്ല.

2. പൊതുകുളങ്ങളുടേയും, തോടുകളുടേയും നാശം

3. കൈത്തോടുകൾ സംരക്ഷിക്കാത്തതിനാൽ ജലനിർഗമന മാർഗ്ഗം അടയുന്നു.

4. വൈദ്യുതി സമയത്ത് ലഭിക്കാതെ വരിക

5. കുഴൽ കിണറുകൾ സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നം

6. മണലിൽ ജലം പിടിച്ചുനിർത്തുവാനുള്ള ബുദ്ധിമുട്ട്

സാദ്ധ്യതകൾ

സ്വന്തം പുരയിടത്തിലെ ജലസംഭരണികൾ വെട്ടുന്നതിനും വൃത്തിയാക്കുന്നതിനും സംരക്ഷിക്കുന്നതിനും

സബ്സീഡി നിരക്കിൽ പണം അനുവദിക്കുക. പഞ്ചായത്ത് പൊതുജന പങ്കാളിത്തതോടെ പൊതുകുളങ്ങളും, തോടുകളും സംരക്ഷിക്കുന്നതിന് പദ്ധതി തയ്യാറാക്കി സമയ ബന്ധിതമായി നടപ്പിലാക്കുക. ജലസേചനത്തിന് ഉപയോഗിക്കുന്ന പമ്പ് സെറ്റുകൾക്ക് അടിയന്തിമായി വൈദ്യുതി എത്തിക്കുക.

കുഴൽ കിണർ സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങളെ കുറിച്ച് ആഴത്തിലുള്ള പഠനങ്ങൾ നടത്തുകയും വിദഗ്ദ്ധൻമാരുടെ നേതൃത്വത്തിൽ സെമിനാറുകൾ സംഘടിപ്പിച്ച് വ്യാപകമായ ബോധവൽക്കരണം നടത്തുകയും വേണം. പറമ്പ് കിളയ്ക്കുക, കുനവെയ്ക്കുക തുടങ്ങിയ സംരക്ഷണ പ്രവർത്തനങ്ങൾ പ്രോൽസാഹിപ്പിക്കുകയും തെങ്ങിൻ ചുവട്ടിൽ പൊതിമടൽ അടുക്കി നനയ്ക്കുന്നതിനും ചെളി ഇറക്കുന്നതിനും കർഷകരെ പ്രേരിപ്പിക്കുകയും ചെയ്യേണ്ടതാണ്.

പഞ്ചായത്തിലെ കൃഷി പ്രധാനമായും മഴയെ ആശ്രയിച്ചാണ് നടത്തുന്നത്. ജൂലൈ മാസങ്ങളിൽ ലഭിക്കുന്നകാലവർഷവും, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ലഭിക്കുന്ന തുലാവർഷവുമാണ് ഇവിടെ ലഭിക്കുന്നത്. 1992 മുതൽ 1996 വരെ ഇവിടെ ലഭിച്ച മഴയുടെ അളവ് താഴെ കൊടുക്കുന്നു.

RAIN FALL DATA FROM 1992 - 1996 (IN M.M)					
MONTH	1992	1993	1994	1995	1996
ജനുവരി	ഇല്ല	ഇല്ല	161.8	ഇല്ല	0.60
ഫെബ്രുവരി	ഇല്ല	ഇല്ല	99.5	ഇല്ല	4.00
മാർച്ച്	ഇല്ല	ഇല്ല	7.8	91.20	9.00
ഏപ്രിൽ	10.2	15.3	39.5	28.20	39.00
മെയ്	62.7	89.73	111.73	362.3	73.2
ജൂൺ	492.8	564.91	623.00	473.00	359.00
ജൂലൈ	562.6	601.40	590.20	555.60	582.50
ആഗസ്റ്റ്	ഇല്ല	104.10	497.50	280.60	252.70
സെപ്റ്റംബർ	292.86	104.04	170.00	106.85	144.22
ഒക്ടോബർ	326.6	101.60	329.6	230.90	227.34
നവംബർ	98.70	109.30	123.60	77.20	104.80
ഡിസംബർ	5.20	ഇല്ല	ഇല്ല	ഇല്ല	ഇല്ല

5.2

മൃഗസംരക്ഷണവും മത്സ്യബന്ധനവും

അധികാരവികേന്ദ്രീകരണവും, ഗ്രാമതലപദ്ധതി ആസൂത്രണവും ലക്ഷ്യമാക്കി ജനകീയ ആസൂത്രണം എന്ന ബൃഹത്തായ പ്രകീയയിലൂടെ അടിസ്ഥാനപരമായ വികസനത്തേക്കുറിച്ച് ഒൻപതാം പദ്ധതിയുടെ പൂമുഖപ്പടിയിൽ നിന്ന് ചിന്തിക്കുകയാണ് ഇന്ന് നമ്മൾ. നമ്മുടെ സംസ്ഥാനത്തിന്റെ മൊത്തം തൊഴിൽ വളർച്ചാനിരക്കിന്റെ അഞ്ചുശതമാനത്തോളം സംഭാവനചെയ്യുന്ന മൃഗ സംരക്ഷണമേഖല ഇതിന്റെ പ്രത്യേക പ്രാധാന്യം അർഹിക്കുന്നു. കേരളത്തിൽ ഈ മേഖലയുടെ 94%ത്തോളം ഗ്രാമങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുന്നു. ഇതിൽ തന്നെ അദ്ധ്വാനത്തിന്റെ 64% ത്തോളം കൈകാര്യം ചെയ്യുന്നത് ഗ്രാമീണ സ്ത്രീകളാണ് എന്നുള്ളത് ഈ മേഖലയുടെ മാത്രം പ്രത്യേകതയാണ്.

നമ്മുടെ പഞ്ചായത്തിൽ മൃഗസംരക്ഷണ രംഗത്ത് വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിൽ വരുത്തുമ്പോൾ സമഗ്രമായ ആസൂത്രണത്തിന്റെ പിൻബലത്തോടെ ഉൽപാദനോപാധികൾ വിതരണം ചെയ്യണം. ഇതിന്റെ നേട്ടങ്ങൾ പൂർണ്ണമായി ഗുണഭോക്താക്കൾക്ക് കിട്ടത്തക്ക വിധം ഇടനിലക്കാരെ ഒഴിവാക്കണം. മൃഗസംരക്ഷണ മേഖല പുഷ്ടിപ്പെടുത്തി ഗ്രാമീണ സമ്പദ്ഘടനയെ ശക്തിപ്പെടുത്തുന്ന തരത്തിൽ ഉള്ള വികസന പ്രക്രിയകൾക്ക് പ്രത്യേകം ഊന്നൽ നൽകണം. ഈ മേഖലയിലെ തൊഴിൽ സാദ്ധ്യതകളോട് അഭ്യസ്ഥവിദ്യർ കാണിയ്ക്കുന്ന വിമുഖത, തൊഴിൽ ചെയ്യുവാൻ ആഗ്രഹിക്കുന്നവരോട് സാമ്പത്തിക സ്ഥാപനങ്ങൾ കാണിക്കുന്ന താല്പര്യക്കുറവ്, ചുരിങ്ങിവരുന്ന മേച്ചിൽ സ്ഥലങ്ങൾ, പെരുകുന്ന ഉൽപാദന ചിലവ് എന്നിവയും അത്യുല്പാദന ശേഷിയുള്ള ജനുസുകളുടെ ദൗർലഭ്യവും മൊത്തത്തിലുള്ള വികസനത്തിലുള്ള വിഘാതം സൃഷ്ടിക്കുന്ന പല ഘടകങ്ങൾ ആണ്. ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും വികസന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തുകയും ചെയ്യുന്നതോടെ നമ്മുടെ ഗ്രാമത്തിലെ മൃഗപരിപാലന രംഗത്തിന്റെ മുഖച്ഛായ മാറുകയും ഗ്രാമീണ സംമ്പദ്ഘടനയിൽ അമ്പരിപ്പിക്കുന്ന പുരോഗതി കൈവരിയ്ക്കുവാൻ സാധിക്കും എന്നകാര്യത്തിൽ അർത്ഥശ ങ്കയ്ക്കിടയില്ല. പാലുല്പാദനവുമായി ബന്ധപ്പെട്ട് നിലനിൽ ക്കുന്ന മേഖലയാണിതെന്ന പൊതുധാരണ ഈ രംഗത്തെ സമഗ്രമായ വികസനത്തിന് വിഘാതമായി നിലനിൽക്കുന്നുണ്ട്. കഴിഞ്ഞ 8 പഞ്ചവത്സര പദ്ധതി കാലത്ത് നടപ്പിൽ വരുത്തിയ വികസന രീതികൾ പരിശോധിച്ചാൽ മുകളിൽനിന്ന് താഴേയ്ക്ക് ഈ കാഴ്ചപ്പാടിനെ ബലപ്പെടുത്തുന്ന ഒട്ടനവധി ഘടകങ്ങൾ നമുക്ക് കണ്ടെത്തുവാൻ കഴിയും.

മൃഗപരിപാലനവുമായി ബന്ധപ്പെട്ട് വികസിക്കേണ്ട അനുബന്ധ മേഘലകളും അതിലൂടെ ഉരുത്തിരിഞ്ഞു വരുന്ന തൊഴിൽ സാദ്ധ്യതകളും കണക്കിലെടുക്കുമ്പോൾ മാത്രമാണ് നമ്മുടെ പഞ്ചായത്തിലെ

ജനസാമാന്യത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക പുരോഗതിക്ക് സഹായകരമാകുന്ന വികസനം നേടുവാൻ സാധിക്കുന്നത്. ഈരംഗത്തുനിന്നും ലഭിക്കുന്ന ഉൽപ്പന്നങ്ങളും, ഉപോൽപന്നങ്ങളും സാമൂഹ്യ സാമ്പത്തിക മേഖലകളിൽ നിർണ്ണായക സ്വാധീനം ചെലുത്തുന്ന ഒന്നാണ്.

ഗ്രാമീണ ജനതയുടെ ആരോഗ്യപരിപോഷണം ലാക്കാക്കി പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദനവും സാമ്പത്തീക അഭിവൃദ്ധി ഉന്നമിട്ട് വ്യവസായിക ആവശ്യങ്ങൾക്കുള്ള തുകൽ, എല്ല് കൊഴുപ്പ്, ജലാറ്റിൻ എന്നിവയുടെ നിർമ്മാണവും, ഔഷധവ്യവസായത്തിന് ഗുണകരമാകുന്നതരത്തിൽ ഹോർമോൺ, വാക്സിൻ എന്നിവയുടെ നിർമ്മാണവും തുടങ്ങേണ്ടതാവശ്യമാണ്. കാർഷികമേഖലയുടെ ക്രമാനുഗതവും തനിമായാർന്നതുമായ പുരോഗതിയ്ക്ക് മൃഗസംരക്ഷണമേഖലയുടെ മികച്ച സംഭാവനയായ ജൈവവളം, ഊർജ്ജോല്പാദനം എന്നിവ ലക്ഷ്യമിട്ട് ഈ രംഗത്തെ സ്രോതസ്സായ ബയോഗ്യാസ് പ്ളാൻറുകൾ തുടങ്ങിയവ ബഹുമുഖ കാഴ്ചപ്പാടോടെ ശ്രദ്ധ ചെലുത്തി നടപ്പിലാക്കേണ്ടവയാണ്. ജന പങ്കാളിത്തത്തോടെ ഇത്തരത്തിലുള്ള വികസന പ്രക്രീയകൾ നടപ്പിലാക്കുന്നതോടെ മൃഗ പരിപാലന രംഗം മാറ്റത്തിന്റെ മാതൃകയാക്കുകയും പഞ്ചായത്തിന് അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിക്കുവാൻ സാധിക്കുകയും ചെയ്യും.

ചരിത്രം

മൃഗപരിപാലനത്തെ ഗ്രാമീണ ജീവിത സംസ്കാരത്തിന്റെ അഭിവാജ്യ ഘടകമായി കണ്ടുകൊണ്ട് ഇതിനെ ഒരു പാർശ്വവ്യത്തിയോ, ജീവനോപാധിയോ ആയി മാത്രം കാണാതെ വളർത്തു മൃഗങ്ങളെയും, പക്ഷികളേയും കുടുംബ ബന്ധുവിനെപ്പോലെ കാണുകയും സ്നേഹിക്കുകയും ചെയ്തുവന്നിരുന്ന അൽപം പൗരാണികവും, സവിശേഷവും ആയ ജീവിത രീതിയിൽ നിന്നും ഈ പഞ്ചായത്തിലെ മൃഗ സംരക്ഷണ മേഖലയുടെ ചരിത്രം ആരംഭിക്കുന്നു.

പശു, ആട് എന്നിവയാണ് പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ. കോഴി, താറാവ് എന്നീ വളർത്തു പക്ഷികളും അപൂർവ്വമായി മുയൽ വളർത്തലുംപന്നി വളർത്തലും കണ്ടുവരുന്നു. തെക്കു കിഴക്കൻ പ്രദേശത്ത് വേമ്പനാട്ട് കായലിനോട് അടുത്തുകിടക്കുന്ന ചുരുക്കം ചിലയിടങ്ങളിൽ എരുമ വളർത്തലും കണ്ടുവരുന്നു. ഈ രംഗത്തെ വികസനം പ്രധാനമായും ക്ഷീരോൽപാദനത്തെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. മറ്റ് അനുബന്ധ മേഖലകളിൽ വേണ്ടത്ര വികസനം പ്രകടമല്ല. സങ്കരയിനം പശുക്കളുടെ കുടിയേറ്റത്തിനു മുൻപ് നമ്മുടെ പ്രദേശത്ത് നാടൻ പശുക്കളെയാണ് വ്യാപകമായി വളർത്തിയിരുന്നത്. ഇന്ന് വംശനാശ ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന വിസ്മയകരമായ രോഗപ്രതിരോധ ശേഷിയും ഇണക്കവും ഉണ്ടായിരുന്ന കുറുകിയ ഇനം വെച്ചൂർ പശുക്കളെയും ധാരാളമായി വളർത്തിയിരുന്ന പ്രദേശമായിരുന്നു നമ്മുടേത്. വളരെ കുറച്ചുമാത്രം "തീറ്റ" ഭക്ഷിച്ച് ജീവിച്ചിരുന്ന ഈ ഇനം പശുക്കളുടെ പാലിന് ഔഷധ ഗുണം ഉണ്ടായിരുന്നതായി പറയപ്പെടുന്നു. ആട്ടിൻ പാലിനോളം ചെറുതായ ഫാറ്റ് ഗ്ലോബുകൾ അടങ്ങിയ ഇവയുടെ പാലിന് ദഹന ശേഷി വർധിപ്പിക്കുവാനുള്ള കഴിവ് ശാസ്ത്രീയമായി തെളിയിച്ചിട്ടുണ്ട്. ഹൃദ്രോഹികൾക്കും, ശിശുക്കൾക്കും വരെ വെച്ചൂർ പശുക്കളുടെ പാല് കുടിക്കാം എന്നാണ് വായ്മൊഴി. വെച്ചൂർപശുക്കൾ കേരളത്തിന്റെ ജൈവസമ്പത്താണ്. മൂന്നാം ലോക രാജ്യങ്ങളിലെ ജൈവ വൈവിധ്യങ്ങളെ കൊള്ളയടിക്കുവാൻ സമ്പന്ന രാജ്യങ്ങൾ നിയമാവലികളുടെ മറവിൽ നടക്കുന്ന കുത്സിത ശ്രമങ്ങളെ ചെറുത്ത് തോൽപ്പിക്കുകയും ഇവയുടെ ഗുണ മേന്മ വർദ്ധിപ്പിച്ച് നിലനിർത്തേണ്ട ബാദ്ധ്യതയും നാം ഏറ്റെടുക്കണം. മൃഗ പരിപാലനത്തിന്റെ വ്യത്യസ്ത മേഖലകളിലായി ഗ്രാമ ജനസംഖ്യയുടെ 72%ത്തോളം പരോക്ഷമായോ പ്രത്യക്ഷമായോ ഏർപ്പെട്ടിരിക്കുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

പട്ടിക1 വളർത്തു മൃഗങ്ങളുടെ പട്ടിക വാർഡ് തലത്തിലുള്ളത്
താറാവ്, കോഴികൾ എന്നിവയുടെ വിവരങ്ങൾ

വാർഡ്	പശു	ആട്	പന്നി	കോഴി	താറാവ്
1	110	123	–	336	28
2	69	92	–	625	123
3	95	130	2	900	40
4	101	160	–	1050	65
5	135	165	–	890	27
6	185	210	–	450	32
7	195	206	–	475	85
8	240	250	2	515	96
9	110	170	–	945	188
10	85	61	2	440	36
ആകെ	1325	1567	6	6626	720

മൃഗസംരക്ഷണ സ്ഥാപനങ്ങൾ

പഞ്ചായത്തിൽ പ്രധാനമായും 2 സ്ഥാപനങ്ങളാണുള്ളത്. 4-ാം വാർഡിൽ പ്രവർത്തിക്കുന്ന വെറ്റിനറി ഡിസ്പെൻസറിയും 1-ാം വാർഡിൽ പ്രവർത്തിക്കുന്ന ഗോസംവർദ്ധക ഉപകേന്ദ്രവും ആണിവ. മൃഗസംരക്ഷണരംഗത്ത് കാര്യമായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന

ഗവൺമെൻറ് മൃഗാശുപത്രിക്ക് പരാധീനതകൾ ഏറെയാണ്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത് സ്വന്തം കെട്ടിടം ഇല്ലാത്തതാണ്. ആധുനിക സൗകര്യങ്ങൾ അടങ്ങുന്ന ഓപ്പറേഷൻ തിയേറ്റർ, മൈക്രോസ്കോപ്പ് ഉൾപ്പെടുന്ന ലാബ് സൗകര്യം, മൃഗ പരിപാലത്തിൽ ഏർപ്പെട്ടിരിക്കുന്നവരെ ബോധവൽക്കരിക്കാനും, പരിശീലനം നടത്തുവാനും ഉതകുന്ന തരത്തിലുള്ള കോൺഫ്രൻസ് ഹാൾ, ഉപകരണങ്ങൾ ശുദ്ധീകരിക്കുന്നതിനുള്ള സ്റ്റെറിലൈസിഗ് സംവിധാനം, ടെലഫോൺ തുങ്ങിയ സൗകര്യങ്ങളോടു കൂടിയ സ്വന്തമായ ആശുപത്രി കെട്ടിടം അത്യന്താപേക്ഷിതമാണ്. ഒരു വെറ്റിനറി സർജനടക്കം 3ജീവനക്കാർ ഈ സ്ഥാപനത്തിൽ സേവനമനുഷ്ടിക്കുന്നു. ഒരു പാർട്ടൈം സ്വീപ്പറുടെ തസ്തിക നികത്തുകയും ലാബറട്ടറി ടെക്ക്നീഷ്യൻറെ തസ്തിക സൃഷ്ടിക്കുകയും വേണം

ഒന്നാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഗോസംവർദ്ധക ഉപകേന്ദ്രമാണ് മറ്റൊരു സ്ഥാപനം. ഇതും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഒരു ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഇവിടെ സേവനം അനുഷ്ടിക്കുന്നു. പരാതികളും, പരാധീനതകളും പരിഹരിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തി ഈ സ്ഥാപനത്തെ കാര്യക്ഷമമായി പ്രവർത്തിപ്പിക്കേണ്ടതുണ്ട്.

പട്ടിക 2 മൃഗ സംരക്ഷണ സ്ഥാപനങ്ങൾ

പേര്	ആരംഭിച്ച വർഷം	സ്റ്റാഫ്	വാർഡ്
മൃഗാശുപത്രി	സബ് സെൻറർ 21-3-61	3	4
ഗോസംവർദ്ധക ഉപകേന്ദ്രം	ആശുപത്രി 5-1-89	1	1

8-ാം പദ്ധതി കാലത്ത് നടപ്പിലാക്കിയ പദ്ധതികൾ

1. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി.
2. പേവിഷത്തിനെതിരേയുള്ള നിർമ്മാർജന പ്രവർത്തനങ്ങളും പ്രധിരോധ കുത്തിവയ്പും
3. വന്ധ്യതാ പരിശോധന ക്യാമ്പുകൾ
4. S.C.P, T.S.P, MLPP മേൽപറഞ്ഞ സ്കീമുകൾ കഴിഞ്ഞ പദ്ധതി കാലത്ത് പഞ്ചായത്തിൽ ഫലപ്രതമായി നടപ്പിലാക്കി പ്രവർത്തനങ്ങളാണ്.

പട്ടിക 3

പേവിഷബാധ - പ്രധിരോധവും, കുത്തിവെയ്പും

വിവരം	പശു	എരുമ	ആട്	പട്ടി	പൂച്ച	മറ്റുള്ളവ
പ്രതിരോധകുത്തി വെയ്പ് നൽകിയവയുടെ എണ്ണം	-	-	-	262	-	-
കടി ഏറ്റതിനു ശേഷംകുത്തിവയ്പ് നടത്തിയവയുടെ എണ്ണം	12	-	9	-	-	3

പട്ടിക 4

കൃത്രിമ ബീജസംങ്കലന വിവരങ്ങൾ

വളർത്തുമൃഗം	ആകെ എണ്ണം	കൃത്രിമബീജസങ്കലനം നടത്തിയവ	ഗർഭധാരണത്തിന് 2 ലധികംതവണ ബീജ സങ്കലനം വേണ്ടിവന്നവ
പശു	1050	894	
കിടാരി	300	243	
എരുമ	6	5	}105

അകിട് വീക്കം, മുടന്തൻ പനി ദഹനസംബന്ധമായ അസുഖങ്ങൾ എന്നിവയാണ് പഞ്ചായത്തിലെ മൃഗസംരക്ഷണ മേഖലയിൽ വ്യാപകമായി കാണുന്ന രോഗങ്ങൾ. രോഗവിവരങ്ങളെ കുറിച്ചുള്ള വിവരങ്ങൾ താഴെ പട്ടിക 5 ൽ കൊടുക്കുന്നു.

രോഗവിവരങ്ങൾ

പട്ടിക 5

ക്രമ നമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	താറാവ്
1	2	3	4	5	6	7	8	9
1	ഗഹനസംബന്ധമായവ	992	11	608	4	–	35	140
2	ശ്വാസകോശസംബന്ധമായവ	625	8	540	6	–	147	150
3	ഉപാപജയസംബന്ധം	205	8	140	–	–	–	–
4	ത്വക്ക് രോഗങ്ങൾ	455	4	389	3	–	–	–
5	ധാതുലവണങ്ങളുടെ അഭാവം	240	7	143	1	–	18	40
6	പരാദരോഗങ്ങൾ	986	4	325	6	–	140	68
7	പ്രത്യുത് പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ	365	2	164	7	–	–	–
8	വന്ധ്യത	421	2	29	–	–	–	–
9	അകിട് വീക്കം	364	2	126	–	–	–	–
10	മുടന്തൻ പനി	685	4	264	–	–	–	–
11	പകർച്ച വ്യാധികൾ	422	9	264	2	–	–	–

സംഘത്തിന്റെ പേര്	ഏകദേശപശുക്കളുടെ	ഒരുമാസം കിട്ടുന്ന	പ്രവർത്തനമേഖല
ക്ഷീരോൽപാദകസംഘം	എണ്ണം	പാൽ	
മുഹമ്മ മുഹമ്മ നോർത്ത്	132	450	മുഹമ്മ പഞ്ചായത്തിന്റെ 1,2,9 വാർഡുകൾ
ക്ഷീരോൽപാദകസംഘം ആകെ	118 250	398 848	മുഹമ്മപഞ്ചായത്തിന്റെ 5,6,8 വാർഡുകൾ

കാലിവളർത്തലും ക്ഷീരോൽപാദനവും

ഗ്രാമീണ ജനസംഖ്യയുടെ 24% ആൾക്കാർ കാലിവളർത്തലിൽ ഏർപ്പെട്ടിരിക്കുന്നു. ഉൽപാദന ക്ഷമത കുറഞ്ഞ നാടൻ പശുക്കൾ വിരലിൽ എണ്ണാവുന്നത് മാത്രം ആണുള്ളത്. സങ്കരയിനം പശുക്കളാണ് സർവ്വസാധാരണമായി കണ്ടുവരുന്നത്. കാർഷിക മേഖലയിലെ മുരടിപ്പും, തീറ്റപ്പുല്ലിന്റെ ലഭ്യത കുറവും മുന്തിയ ഇനം പശുക്കളെ തീറ്റിപ്പോറ്റുവാൻ വേണ്ടിവരുന്ന ഉയർന്ന സാമ്പത്തിക ബാദ്ധ്യതയും, കന്നുകാലി മേഖലയുടെ വികസനത്തെ സാരമായി ബാധിക്കുന്നു. ക്ഷീരോൽപാദന രംഗത്ത് ഗ്രാമീണ ജനതയുടെ സാമ്പത്തിക വികസനവും, ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് ഏറെ ദൂരം നാം മുന്നോട്ട് പോകേണ്ടതുണ്ട്. ക്ഷീരസംഘങ്ങളിൽ കിട്ടുന്ന പ്രതിദിന പാൽ ഉൽപാദനത്തിന്റെ കണക്ക് താഴെ പട്ടിക 6ൽ കൊടുക്കുന്നു.

കാലിവളർത്തൽ മേഖലയിൽ ഉൽപാദനം ലക്ഷ്യമിട്ട് ക്ഷീരകർഷകർ അന്ധമായ പരീക്ഷണങ്ങൾക്ക് തയ്യാറാകുന്നതും ഈ രംഗത്ത് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിന് കാരണമാകുന്നു. സമീപകാലത്ത് മാംസംകലർന്ന കാലിത്തീറ്റ വ്യാപകമായി പശുക്കൾക്ക് കൊടുക്കുന്നതുമൂലം ബ്രിട്ടണിൽ ലക്ഷക്കണക്കിനു പശുക്കൾ ഭ്രാന്തുപിടിച്ച് മരണമടഞ്ഞു. ആയതുകൊണ്ട് കാലിവളർത്തൽ മേഖലയിൽ നടത്തുന്ന അന്ധമായ പരീക്ഷണങ്ങൾ നമ്മുടെ കാലിവളർത്തൽ മേഖയിൽ പ്രശ്നങ്ങൾ സൃഷ്ടിക്കാതിരിക്കുവാൻ നാം പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്.

നമ്മുടെ പഞ്ചായത്തിലെ കാലിവളർത്തൽ മേഖല നേരിടുന്ന പ്രതിസന്ധികൾ ഗ്രാമസഭയിൽ നിന്നുയർന്നു വരുന്ന പ്രശ്നങ്ങളുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ച് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തേണ്ടതുണ്ട്.

പ്രശ്നങ്ങൾ

1. സങ്കരയിനം പശുക്കളെ നിലനിർത്തുവാൻ വേണ്ടിവരുന്ന സാമ്പത്തിക ഭാരം.

2. വൈക്കോൽ, തീറ്റപ്പുല് എന്നിവയുടെ ലഭ്യത കുറവ് കാലിത്തീറ്റ, പിണ്ണാക്ക് എന്നിവയുടെ അമിതമായ വിലവർദ്ധനവ്.

3. പാലിന്റെ വിപണനത്തിന് ഏകീകൃത സ്വഭാവമില്ല.

4. പാലിന്റെ ഉപോൽപ്പന്നങ്ങൾ നിർമ്മിക്കുവാനും വിപണനംനടത്തുവാനുമുള്ള സംവിധാനങ്ങളില്ല.

5. വിപണനം ചെയ്യുന്ന പാലിന്റെ വിലയിൽ സമാന സ്വഭാവമില്ല.

6. ശാസ്ത്രീയമായി തൊഴുത്ത് നിർമ്മിച്ച് മുന്തിയയിനം പശുക്കളെ പോറ്റുന്നത് സാധാരണക്കാരനുള സാമ്പത്തിക ബുദ്ധിമുട്ട്.

7. അത്യുൽപാദന ശേഷിയുള്ള പശുക്കളെ ശാസ്ത്രീയമായി വളർത്തുന്നതിന് കർഷകനു പരിശീലനക്കുറവ്

8. കറവുമാടുകളിലെ വന്ധ്യത.

9. അകിടുവീക്കം പോലുള്ള മാരക രോഗങ്ങക്ക് ഉപയോഗിക്കുന്ന മരുന്നിന്റെ ഉയർന്ന വില.

സാദ്ധ്യതകൾ

പഞ്ചായത്തിലെ ബഹുപൂരിപക്ഷം വരുന്ന സാധാരണ ജനങ്ങൾക്ക് അത്യുൽപാദന ശേഷിയുള്ള കറവ മാടുകളെ ഉയർന്ന വിലനൽകി വാങ്ങി ക്ഷീരോൽപാദനവും, വിപണനവും നടത്തുന്നതിനുള്ള വരുമാനം തൊഴിലിൽനിന്നും ലഭിക്കാറില്ല. ഉൽപാദന വിപണനത്തിലൂടെ ഇവരുടെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിനും അതുവഴി ജനസാമാന്യത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക ഭദ്രത ഉറപ്പു വരുത്തുന്നതിനും വേണ്ടി അത്യുല്പാദനശേഷി ഉള്ള കറവുമാടുകളെ വാങ്ങുവാൻ പഞ്ചായത്ത് ധനസഹായം നൽകണം.

നമ്മുടെ പ്രധാനപ്പെട്ട കർഷിക മേഖലയിൽ ഒന്നാണ് നെൽകൃഷി. ഇതിൽനിന്നും ഉപോൽപന്നം എന്നനിലയിൽ ലഭിച്ചിരുന്ന വൈക്കോൽ കാലിവളർത്തൽ മേഖലയുടെ പ്രധാനപ്പെട്ട ഘടകങ്ങളിൽ ഒന്നാണ്. കാർഷികമേഖലയിൽ സമീപകാലത്തുണ്ടായ മാന്ദ്യം വൈക്കോലിന്റെ ലഭ്യതയെ സാരമായി ബാധിച്ചിട്ടുണ്ട്. ക്ഷീരകർഷകർ വൈക്കോലിനായി പ്രധാനമായി ഇന്ന് ആശ്രയിക്കുന്നത് കുട്ടനാടൻ പാടശേഖരങ്ങളെ ആണ്. ഇതിനാകട്ടെ അമിതവിലയും, ലഭ്യത സമയ ബന്ധിതവുമാണ്. ഇത് പരിഷ്കരിക്കുന്നതിനു വേണ്ടി വൈക്കോലിന്റെ സംഭരണത്തിലും, വിതരണത്തിലും പഞ്ചായത്തിന്റെ മേൽനോട്ടം ഉണ്ടാകുകയും അവർക്ക് ന്യായവിലയക്ക് വിതരണം ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുകയും വേണം.

വൈക്കോലിന് ഒപ്പം തന്നെ പ്രധാനപ്പെട്ട ഒന്നാണ് കാലിവളർത്തൽ മേഖലയിൽ പച്ചപ്പുല്ലിന്റെ ഉപഭോഗം. എന്നാൽ സങ്കരയിനം പശുക്കളെ തീറ്റിപോറ്റുന്നതിന് ആവശ്യമായ പച്ചപ്പുല്ലിന്റെ ലഭ്യത ക്ഷീരകർഷകരെ അലട്ടുന്ന സങ്കീർണ്ണമായ പ്രശ്നങ്ങളിൽ ഒന്നാണ്. പരിഹാര മാർഗ്ഗമെന്ന നിലയിൽ തീറ്റ പുൽകൃഷി വ്യാപകമാക്കണം. കർഷകർക്ക് സ്വന്തം ഭൂമിയിലും നാമമാത്രകർഷകർക്ക് പാട്ടത്തിനെടുത്ത ഭൂമിയിലും പുൽകൃഷിക്ക് ധനസഹായം നൽകണം കൃഷിചെയ്തെടുക്കുന്ന തീറ്റപ്പുല്ല് സന്നദ്ധ സംഘടകളുടേയും ക്ഷീര സംഘങ്ങളുടേയും സഹകരണത്തോടെ ഫോടർ ബാങ്കുകൾ സ്ഥാപിച്ച് സംഭരണവും വിപണവും നടത്തണം. പഞ്ചായത്തിൽ നിലവിൽ ഉള്ള 2ഫോഡർ ബാങ്കുകളും പുല്ല് സംഭരണം നടത്തുന്നില്ല. ക്ഷീരസംഘങ്ങളുടെ കീഴിലുള്ള ഈ ബാങ്കുകൾ മറ്റാവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്.

നാടൻ പശുക്കളുടെ തിരോധാനവും സങ്കരയിനത്തിന്റെ കുടിയേറ്റവും കാലിവളർത്തൽ രീതികളേയും പരിവർത്തനവിധേയമാക്കിയിട്ടുണ്ട്. ഇതിന്റെ പ്രത്യക്ഷ ഉദാഹരണമാണ് കാലിത്തീറ്റയുടെ വ്യാപകമായ ഉപയോഗം. നെല്ല് കുത്തി കിട്ടുന്ന തവിടിനേറെയും, പഴംകഞ്ഞിയുടേയും സ്ഥാനത്ത് സങ്കരയിനം പശുക്കളുടെ ഉൽപ്പാദനക്ഷമതയെ ലക്ഷ്യമിട്ട് രൂപപ്പെടുത്തുന്ന മനോഹരമായി ചാക്കുകളിൽ നിറച്ച കാലിത്തീറ്റകൾ പ്രചാരത്തിലെത്തി. എന്നാൽ ഇന്ന് ക്ഷീരകർഷകർക്കാവശ്യമായ കാലിതീറ്റ ന്യായമായ വിലയ്ക്ക് ലഭിക്കാറില്ല. സ്വകാര്യ ഏജൻസികൾ നിർമ്മിച്ച് വിപണിയിൽ എത്തിക്കുന്ന കാലിതീറ്റകൾക്ക് വ്യത്യസ്ത ഗുണനിലവാരവും ഏകീകൃത സ്വഭാവമില്ലാത്ത അധികവിലയുമാണ്. ക്ഷീരസംഘങ്ങൾ വഴി മിൽമാ വിതരണം നടത്തുന്ന കാലിതീറ്റ വേണ്ട സമയത്ത് ആവശ്യത്തിന് ലഭിക്കാറില്ല. എന്ന പരാതിയും നിലനിൽക്കുന്നു. അടിസ്ഥാന പരമായിത്തന്നെ ഈ പ്രതിസന്ധി മറികടക്കുന്നത് പഞ്ചായത്തിൽ ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കണം.

ക്ഷീരകർഷകർ ഉൽപ്പാദിപ്പിക്കുന്ന പാലിന് കാലിവളർത്തലിലെ ഉത്പ്പാദനച്ചിലവുമായി ബന്ധപ്പെട്ട് ന്യായമായവിലയക്ക് വിപണനംചെയ്യാൻ കഴിയുന്നില്ല എന്നത് ഈ മേഖല നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങളിൽ ഒന്നാണ്. 10 വാർഡുകളുള്ള പഞ്ചായത്തിൽ 2ക്ഷീരസംഘങ്ങൾ മാത്രമാണ് പ്രവർത്തിക്കുന്നത്. തെക്കൻ മേഖലയിൽ ആസ്ഥാനങ്ങൾ കേന്ദ്രീകരിച്ചുള്ള ഈസ്ഥാപനങ്ങൾ വഴി വേണ്ടത്ര പ്രയോജനം ലഭിക്കുന്നത് ക്ഷീരകർഷകരിൽ തന്നെ ന്യൂന പക്ഷത്തിനുമാത്രമാണ്. വടക്കൻ പ്രദേശങ്ങളായ 4, 6, 7, 10 തുടങ്ങിയ വിർഡുകളിലെ കർഷകർ പ്രധാനമായും വിപണനത്തിനാശ്രയിക്കുന്നത് അടുത്ത പഞ്ചായത്തൽ നിലനിൽക്കുന്ന ക്ഷീരസംഘത്തെയാണ്. ഇതുമൂലം അന്യപഞ്ചായത്തിലെ ക്ഷീരസംഘത്തെ ആശ്രയിക്കുന്ന കർഷകർക്ക് മെമ്പർഷിപ്പോ, വാർഷിക ബോണസോ മറ്റ് ആനുകൂല്യങ്ങളോ ലഭിക്കാറില്ല. ഇതിന് ഒരു പരിഹാരമാർഗ്ഗം എന്ന നിലയിൽ ഈ 2വാർഡുകൾ ചേർത്ത് ക്ഷീരസംഘങ്ങൾ രൂപീകരിക്കാൻ പഞ്ചായത്ത് മുൻകൈ എടുക്കണം. ഇങ്ങനെ ആരംഭിക്കുന്ന സംഘങ്ങളുടെ ആസ്ഥാനങ്ങൾ ഇരുവർഡുകളിൽ നിന്നും കർഷകർക്ക് എളുപ്പം എത്തിച്ചേരാവുന്നിടത്തും യാത്രാസൗകര്യം ഉള്ളടുത്തുമായിരിക്കണം. ക്ഷീരമേഖലയുടെ സാമ്പത്തിക അഭിവൃത്തി ലക്ഷ്യമിട്ട് പാലുപയോഗിച്ച് നിർമ്മിച്ച് വിപണനം നടത്താവുന്ന ഉൽപന്നങ്ങൾ നിർമ്മിക്കുന്ന ചെറുകിട ഫാക്ടറികൾ പഞ്ചായത്തിൽ ആരംഭിക്കണം. തൊഴിൽരഹിതരായ വനിതകൾക്ക് ഈ മേഖലയിൽ പരിശീലനം നൽകി ക്രിയാത്മകമായ മാനേജ്മെന്റോടെ സഹകരണ അടിസ്ഥാനത്തിലും ഇത്തരം സ്ഥാപനങ്ങൾ ആരംഭിക്കാവുന്നതാണ്.

പഞ്ചായത്തിലെ അപൂർവ്വം ക്ഷീരകർഷകർക്ക് ഉയർന്ന ഉൽപാതനക്ഷമതയുള്ള പശുക്കൾ ഉണ്ടെങ്കിനും ഇവയെ ശാസ്ത്രീയമായി വളർത്തുന്നതിനുള്ള പരിജ്ഞാനമോ, വൃത്തിയും വെടിപ്പുമുള്ള തൊഴുത്തുകളോ ഇല്ലായെന്നുള്ളത് പ്രധാനപ്പെട്ട ഒരു പോരായ്മയാണ്. ഇതിന് ശാശ്വതമായ പരിഹാരം എന്നനിലയിൽ കർഷകർക്കായി വൈജ്ഞാനിക സെമിനാറുകൾ സംഘടിപ്പിക്കുകയും, ശാസ്ത്രീയമായി തൊഴുത്തുകൾ നിർമ്മിക്കുന്നതിനുള്ള ധനസഹായങ്ങൾ നൽകുകയും വേണം. ഇങ്ങനെ നൽകുന്ന പണം നിർമ്മാണാവശ്യത്തിനുപയോഗിക്കുന്നു എന്നും ബന്ധപ്പെട്ട സമിതികൾ പരിശോധിച്ച് ഉറപ്പുവരുത്തണം. ശാസ്ത്രീയമായിട്ടുള്ള തൊഴുത്തുകളുടെ പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക

വാർഡ് നമ്പർ	പശുക്കൾ ഉള്ള കുടുംബങ്ങളുടെ എണ്ണം	ശാസ്ത്രീയമായിട്ടുള്ള തൊഴുത്തുൾ	സൈധാരണ തൊഴുത്തുകൾ
1	66	26	40
2	40	17	23
3	56	16	40
4	56	11	45
5	62	19	43
6	81	26	55
7	99	–	99
8	109	16	93
9	48	14	34
10	53	6	47

സങ്കരയിനം പശുക്കളുടെ കറവരംഗത്ത് ശാസ്ത്രീയമായ പരിശീലനം സിദ്ധിച്ച തൊഴിലാളികളുടെ അഭാവംരൂക്ഷമയി നേരിട്ടുകൊണ്ടിരിക്കുന്ന ഒരു പ്രദേശമാണ് നമ്മുടേത്. ഇത് പരിഹരിക്കുന്നതിനായി ഈ രംഗത്ത് തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കണം.

ക്ഷീരോൽപാദന മേഖലയെ ബാധിക്കുന്ന ഒന്നാണ് കന്നുകാലികളിൽ കാണപ്പെടുന്ന വന്ധ്യത. ഉയർന്ന വിലകൊടുത്ത് കർഷകൻ വാങ്ങിക്കൊണ്ട് വരുന്നതോ, വളർത്തി വലുതാക്കിയതോ ആയ കാലികളിൽ കാണപ്പെടുന്ന വന്ധ്യത അക്ഷരാർത്ഥത്തിൽ ക്ഷീരകർഷകന്റെ പ്രതീക്ഷകളെ തകിടം മറിക്കുകയും കാലിവളർത്തലിൽ നിന്നും പിൻതിരിയുന്നതിന് പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഇതിനെതിരെയുള്ള ക്രീയാത്മക നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ ആവിഷ്കരിച്ച് നടപ്പിൽ വരുത്തണം. വന്ധ്യതാ പരിശോധനാക്യാംപുകൾ , ബോധവൽകരണ ക്യാംപുകൾ എന്നിവ പഞ്ചായത്തിൽ മൃഗസംരക്ഷണവകുപ്പുമായി സംയോജിച്ച് നടപ്പിലാക്കണം. കന്നുകാലികൾക്കുണ്ടാകുന്ന ആകസ്മികമരണം " വന്ധ്യത " പോലെതന്നെ ഗുരുതരമായ പ്രശ്നങ്ങൾ കർഷകരിൽ സൃഷ്ടിക്കുന്നുണ്ട്. മരണം മൂലം ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം

മുഴുവൻ കർഷകർ തന്നെ വഹിക്കേണ്ടനിലയാണ് ഇന്ന് നിലവിൽ ഉള്ളത്. ഇതിന് പരിഹാരം എന്നനിലയിൽ സമഗ്രമായ "കന്നുകാലി ഇൻഷ്വറൻസ് " പദ്ധതി നടപ്പിൽ വരുത്തണം.

ഊർജോൽപാദനരംഗത്ത് മൃഗസംരക്ഷണ മേഖലയുടെ മികച്ച സംഭാവനയാണ്. "ബയോഗ്യാസ്പ്ലാൻറുകൾ" നമ്മുടെ പഞ്ചായത്തിൽ വ്യാപകമായി ഉപയോഗിക്കപ്പെടുന്നില്ല. ബയോഗ്യാസ് പ്ളാൻറ് നിർമ്മാണവും ഇതിൻെറ ആവശ്യകതയെയും കുറിച്ച് ഉള്ള അവബോധവും വളർത്തുന്ന ക്ലാസുകളും സംഘിടിപ്പിക്കണം.

പഞ്ചായത്തിലെ ക്ഷീരകർഷകർക്ക് ജനിതകഗുണമുള്ള പശുക്കുട്ടികളെ കുറഞ്ഞ നിരക്കിൽ നൽകി മൃഗസംരക്ഷണ വകുപ്പിൻെറ സഹായത്തോടെ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിപ്രകാരം കന്നുകുട്ടികൾക്ക് ആവശ്യമാകുന്ന പരിചരണം നൽകി ആദ്യപ്രസവം 30മാസത്തിനുള്ളിൽ സാദ്ധ്യമാകുന്ന വിധത്തിൽ രൂപപ്പെടുത്തി തുടർ പ്രസവങ്ങൾ തമ്മിലുള്ള ഇടവേള കുറച്ച്, ക്ഷീരോൽപാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതികൾ നടപ്പിൽ വരുത്തണം.

കാലിവസന്ത നിർമ്മാർജനം ചെയ്യുന്നതിനു വേണ്ടി രോഗനിർണ്ണയ സർവ്വേകൾ പഞ്ചായത്തിൽ സംഘടിപ്പിക്കണം.

പഞ്ചായത്തിനെ കാലിരോഗ വിമുക്ത മേഖലയായി പ്രഖ്യാപിച്ചുകൊണ്ട് കന്നുകാലികൾക്ക് വ്യാപകമായി കണ്ടുവരുന്ന രോഗങ്ങൾക്ക് എതിരെ മൃഗസംരക്ഷണ വകുപ്പുമായി സഹകരിച്ച് പ്രതിരോധ കുത്തിവെയ്പുകൾ നടത്തണം.

മാംസോല്പാദനം ലക്ഷ്യമിട്ടും പഞ്ചായത്തിൽ കാളക്കുട്ടി വളർത്തൽ യൂണിറ്റുകൾ ആരംഭിക്കണം. ഇന്ന് ജനിക്കുന്ന കാളക്കുട്ടികളിൽ 70% മുതൽ 90% വരെ അശ്രദ്ധമൂലം മരണമടയുന്നു. എന്നാണ് കണക്ക് പഞ്ചായത്ത് സാമ്പത്തിക സഹായം നൽകി തൊഴിൽ രഹിതരായ യുവാക്കൾക്ക് പരിശീലനം നൽകി യൂണിറ്റുകൾ അവരെ ഏൽപ്പിക്കാവുന്നതാണ്.

ക്ഷീരകർഷകരെ തെരെഞ്ഞെടുത്ത് കാലിത്തൊഴുത്ത്, കറവപശു തീറ്റപ്പുൽകൃഷി എന്നിവയ്ക്ക് ധനസഹായം നൽകണം.

കാലിവളർത്തൽ പരിപോഷിപ്പിയ്ക്കുന്നതിൻെറ ഭാഗമായി പഞ്ചായത്തിൻെറ വിവിധ വാർഡുകളിൽ കന്നുകാലി പ്രദർശനവും മികച്ച ക്ഷീരകർഷകർക്ക് അവാർഡുകളും ഏർപ്പെടുത്തണം.

പഞ്ചായത്തിൽ ഒരു ലൈവ് സ്റ്റോക്ക് മാനേജമെൻറ് ട്രെയിനിങ്ങ് സെൻറർ ആരംഭിക്കണം.

ക്ഷീര സംഘങ്ങൾ വഴിയുള്ള മിൽമയുടെ വെറ്റിനറി സേവനം കർഷകന് വേണ്ടത്ര ഗുണകരവും, ലാഭകരവും അല്ലാത്തതുകൊണ്ട് ഈ സേവനം സ്ഥലത്തെ മൃഗാശുപത്രികൾ വഴിയാക്കാവാനുള്ള സംവിധാനം ഉണ്ടാകണം.

ആട്വളർത്തൽ

പാവപ്പെട്ടൻെറ പശു എന്ന ചെല്ലപ്പേരിട്ട് വിളിക്കുന്ന ആട് ശാന്ത സ്വഭാവിയായ സ്നേഹമുള്ള വളർത്തു മൃഗമാണ്. നമ്മുടെ പഞ്ചായത്തിൽ വ്യാപകമായി ആട് വളർത്തൽ നിലനിലക്കുന്നില്ലെങ്കിലും പ്രത്യേകശ്രദ്ധയും പരിഗണനയും നൽകേണ്ട മേഖലതന്നെയാണിത്. ഏതാണ്ട് പൂർണ്ണമായി തന്നെ സ്ത്രീകളാണ് ഇത് കൈകാര്യം ചെയ്യുന്നത്. എളുപ്പം പോറ്റിവളർത്താവുന്നതും അധിക ചിലവില്ലാത്തതുമായ ആട് വളർത്തൽ പരിപോഷിപ്പിക്കുന്നത് സാമ്പത്തീക അഭിവൃദ്ധിയ്ക്കും, വിശിഷ്യാ സ്ത്രീകളുടെ വരുമാനവർദ്ധനവിനും സഹായകരമാകും എന്നുള്ളതുകൊണ്ട് പഞ്ചായത്തിൽ ഇത് വ്യാപകമാക്കേണ്ടതുണ്ട്.

ആടുവളർത്തൽ ശാസ്ത്രീയമായ സംവിധാനങ്ങളില്ലായ്മ. ആട്ടിൻകുട്ടികളുടെ ലഭ്യക്കുറവ്. തീറ്റയുടെ പരിമിതികൾ. സഹകരണ ശൃംഖലയുടെ അഭാവം. മാംസോൽപ്പാദനത്തിനും, വിപണനത്തിനും ക്രീയാത്മക സംവിധാനങ്ങളുടെ അഭാവം. ശാത്രീയമായ ആടുകളുടെ അഭാവം. ഇടനിലക്കാരുടെ ചൂഷണം. എന്നിവ ഈ മേഖലയെ നേരിടുന്ന പ്രശ്നങ്ങളാണ്.

സാദ്ധ്യതകൾ

ആട് വളർത്തൽ വ്യാപകമാക്കുന്നതിൻെറ ഭാഗമായി സൗകര്യമേഖലയിൽ ആട് വളർത്തൽ സ്റ്റെറുകൾ ആരംഭിക്കണം.

മുന്തിയ ഇനം ആട്ടിൻകുട്ടികളെ (ഉദാ- മലബാറി ഇനം) സൗജന്യനിരക്കിൽ താൽപര്യമുള്ളവർക്ക് വിതരണം ചെയ്യണം.

ആട് വളർത്തൽ പരിശീലന കേന്ദ്രം ആരംഭിക്കണം. ഇതിലൂടെ തൊഴിൽ രഹിതരായ വനിതകൾക്ക് ശാസ്ത്രീയ പരിശീലനം നൽകണം.

അതിവിദൂര ഭാവിയിൽ ഈ മേഖല അനുഭവിക്കേണ്ടിവരുന്ന രൂക്ഷമായപ്രശ്നങ്ങളിൽ ഒന്നാണ് ആട്ടിൻ തീറ്റയുടെ ലഭ്യത. ഗ്രാമങ്ങൾ നഗര വൽക്കരിക്കപ്പെടുകയും, വൃക്ഷങ്ങളും, സസ്യങ്ങളും വ്യാപകമായി നാശത്തെ നേരിട്ടുകൊണ്ടിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ആടുവളർത്തലിനെ നിലനിർത്തുന്നതിന് വേണ്ടി തീറ്റകളായി ഉപയോഗിക്കുന്ന സസ്യങ്ങൾ വ്യാപകമായി വെച്ച് പിടിപ്പിക്കണം.

ഈ മേഖലയിലൂടെയുള്ള സാമ്പത്തിക ഉന്നമനത്തിൻെറ അടിത്തറ മാംസോൽപാദനമാണ്. എന്നാൽ ക്രീയാത്മകമായി

സംഘടിയ്ക്കപ്പെടുന്നില്ല. തൊട്ടാൽ പൊള്ളുന്ന നിലവിലുള്ള വിലയുള്ള ആട്ടിൻ മാംസത്തിന്റെ വിപണനത്തിലൂടെ തടിച്ചുകൊഴുക്കുന്നത് മദ്ധ്യവർത്തികളാണ്. ആടുകളുടെ കൊടുക്കൽ വാങ്ങൽ രംഗത്ത് ഇടത്തട്ടുകാരന്റെ ചൂഷണം ശക്തമായി തന്നെ നിലനിൽക്കുന്നു. മാംസോൽപാദന ഉപാധി എന്നനിലയിൽ സഹകരണ മേഖലയിൽ അറവുശാലകൾ നിർമ്മിക്കുകയും മാംസവിപണനം നടത്തുകയും വേണം.

ചെറുകിട നാമമാത്രമായ കർഷകർക്ക് ആട് വളർത്തലിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതിനും, സാമ്പത്തിക അഭിവൃത്തിക്കും വേണ്ടി 100 വീടുകൾ 2 ആട് എന്ന ക്രമത്തിൽ മൃഗസംരക്ഷണ വകുപ്പുമായി ബന്ധപ്പെട്ട് നൽകാവുന്നതാണ്. പഞ്ചായത്തിലെ ആടുവളർത്തൽ മേഖല വിപുലീകരിച്ചുകൊണ്ട് ഗ്രാമ സമ്പദ്ഘടനയെ ശക്തിപ്പെടുത്താവുന്നതാണ്.

പന്നിവളർത്തൽ

പഞ്ചായത്തിൽ ഒറ്റപ്പെട്ട ചിലയിടങ്ങളിൽ മാത്രമേ പന്നിവളർത്തൽ കാണപ്പെടുന്നുള്ളൂ. അസ്വസ്ഥത ഉളവാക്കുന്ന ശബ്ദവും, ആകൃതിയും ഒത്തുചേർന്ന ഈ മൃഗത്തെ ഒരു പൊതുശല്യം എന്നരീതിയിൽ ആണ് ബഹുജനങ്ങൾ കാണുന്നത്. എന്നാൽ ഹോട്ടലുകളിലേയും, അറവുശാലകളിലേയും, അടുക്കളയിലേയും മാലിന്യങ്ങൾ ഫലപ്രദമായി ഉപയോഗിച്ച് കൊണ്ട് പന്നിവളർത്തൽ മാസോൽപാദനത്തെ ലക്ഷ്യമിട്ടും പരിപോഷിക്കാവുന്നതാണ്. വേമ്പനാട്ട് കായലിനോട് ചേർന്ന് അധികം ആൾപ്പാർപ്പില്ലാത്ത പ്രദേശങ്ങളിൽ ഇവയെ വളർത്തുന്നതിന് സൗകര്യങ്ങൾ ഉണ്ടാക്കുന്നത് കൂടുതൽ ഗുണകരമായിരിക്കും.

പന്നിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നതിന് സ്വകാര്യ മേഖലയിൽ നെഴ്സറികൾ ആരംഭിക്കാവുന്നതാണ്.

കോഴിവളർത്തൽ

ആരോഗ്യമുളള ജനതയാണ് നാടിന്റെ യഥാർത്ഥ സമ്പത്ത്. ഗ്രമീണ ജനതയുടെ പോഷക സമൃതത്ഥമായ ആരോഗ്യവുമായി ബന്ധപ്പെടുത്തി മുട്ടയുൽപാദനവും മാംസോൽപ്പാദനവും ലക്ഷ്യമിട്ട് കോഴിവളർത്തൽ വ്യാപകമാക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ നമ്മുടെ പഞ്ചായത്തിൽ കോഴിവളർത്തൽ മേഖലയിൽ വിപുലമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുണ്ട്.

ഇന്ന് വ്യാപകമായി നിലനിൽക്കുന്നത് ലാഭകരമായി സംഘടിക്കപ്പെടുന്നതുമായ "എഗ്ഗർ നെഴ്സറി" സംവിധാനം വ്യാപകമാക്കണം. പഞ്ചായത്തിലെ 5-ാം വാർഡിൽ നിലവിൽ ഒരു എഗ്ഗർ നെഴ്സറി ഉണ്ടെങ്കിലും ഇത് ഭലപ്രതമായി പ്രവർത്തിക്കുന്നില്ല. മുട്ടയുൽപാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തെരെഞ്ഞെടുക്കപ്പെട്ട 25ഓ. 50ഓ വനിതാ സംരംഭകൾക്ക് നഴ്സറികൾ വഴി 50-100ഓ മുട്ടക്കോഴിക്കുഞ്ഞുങ്ങളെ നൽകി ഇവരെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കണം.

മുട്ടയുൽപാദന മേഖലയിൽ ഒരു ദ്വിമുഖ സമീപനം ഗുണകരമായിരിക്കും.

1. "അടുക്കള മുറ്റത്തെ കോഴി" എന്ന ആശയം മുൻനിർത്തി 5 മുട്ടക്കോഴികളെ ഒരു കുടുംബത്തിനു നൽകി ഉൽപ്പാദനം വർദ്ധിപ്പിക്കുകയും അതുവഴി വീടുകളിലെ പോഷണ നിലവാരവും സാമ്പത്തിക നിലയും മെച്ചപ്പെടുത്തുവാൻ പഞ്ചായത്ത് ലക്ഷ്യമിടണം.

2. കോഴിവളർത്തൽ മേഖലയിൽ ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം ക്രിയാത്മകമായിരിക്കും. യൂണിറ്റ് അടിസ്ഥാനത്തിൽ കോഴിവളർത്തൽ കേന്ദ്രങ്ങൾ വ്യാപകമാക്കണം. ഈരണ്ട് സംമ്പ്രദായങ്ങളെയും "എഗ്ഗർ നെഴ്സറി" സംവിധാനത്തോട് ബന്ധപ്പെടുത്തി ഒരു സ്ഥിരം സംവിധാനം ആക്കി ഈ മേഖലയിൽ വിപ്ലവാത്മകമായ പരിവർത്തനങ്ങൾക്ക് തുടക്കം കുറിക്കണം.

പൊതുമേഖലയിൽ ഇറച്ചിക്കോഴി വളർത്തലിന് സ്ഥിരം സംവിധാനംങ്ങൾ ഉണ്ടാക്കുകയും, ഇതിനോടനുബന്ധിച്ച് "ചിക്കൻ കോർണറുകൾ " തുറക്കുകയും ചെയ്യുന്നത് ഫലപ്രദമായിരിക്കും.

പഞ്ചായത്തിൽ വേമ്പനാട്ട് കായലിനോട് ചേർന്ന് കിടക്കുന്ന വാർഡുകളിൽ "എഗ്ഗർ നെഴ്സറി" സംമ്പ്രദായം താറാവുവളർത്തലിലും പ്രയോജനപ്പെടുത്താവുന്നതാണ്.

ഇന്ന് അപൂർവ്വമായി കണ്ടുവരുന്ന കാട, ടർക്കി മുതലായ ഇനങ്ങളിൽപ്പെട്ട കോഴികളെ വളർത്തുന്നതിന് താല്പര്യമുള്ള കർഷകരെ കണ്ടെത്തി സൗജന്യനിരക്കിൽ കോഴികളെ നൽകണം.

സ്ക്കൂളുകളിൽ "പൗൾട്രി" ക്ലബ്ബുകൾ ആരംഭിച്ച് കുട്ടികളിൽ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കണം.

മാംസോൽപാദനം

അപാകതയും പരിഹാരവും

മൃഗസംരക്ഷണ മേഖലയെ പൊതുജനാരോഗ്യവുമായി ബന്ധപ്പെടുത്തി ചിന്തിക്കുമ്പോൾ പ്രത്യേകം ഊന്നൽ നൽകേണ്ട ഒന്നാണ്. ഒട്ടനവധി പാരിസ്ഥിതികവും, ആരോഗ്യപരവുമായ പ്രശ്നങ്ങൾ സൃഷ്ടിച്ചുകൊണ്ട് അശാസ്ത്രീയമായി പഞ്ചായത്തിൽ നിലനിന്നിരുന്ന മേഖലയാണിത്. രോഗമുള്ള മൃഗങ്ങളെയും, പ്രായം ചെന്നതും ക്ഷീണിച്ചതുമായവയേയും, അണുബാധയുള്ളതും മരണമടഞ്ഞതുമായ മൃഗങ്ങളേയും അറക്കുന്നതുമൂലവും ഒട്ടേറെ ആരോഗ്യ പ്രശ്നങ്ങൾ

ഈ മേഖല സൃഷ്ടിക്കുന്നുണ്ട്. സ്ഥിരമായ ഒരു അറവുശാലയാണ് പഞ്ചായത്തിനുള്ളത്. വിശേഷ അവസരങ്ങളിൽ (ഉത്സവം, മറ്റ് ആഘോഷദിനങ്ങൾ) പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ അനധികൃതമായി ഇറച്ചിവെട്ട് നടത്തുന്നുണ്ട്. അറവുശാലകൾക്ക് കൃത്യമായ ലൈസൻസോ, വിൽപന നടത്തുന്ന മാംസത്തിന്റെ ഗുണനിലവാരം കൃത്യമായി പരിശോധിക്കുവാനുള്ള സംവിധാനങ്ങളോ ഇല്ല.

ഇത് പരിഹരിക്കുന്നതിനായി മണ്ണുത്തി വെറ്റിനറി കോളേജിലെ മീൽ ടെക്നോളജി വിഭാഗത്തിന്റെ ഉപദേശപ്രകാരം പഞ്ചായത്തിൽ ശാസ്ത്രീയമായ അറവുശാല നിർമ്മിക്കണം. മൃഗാശുപത്രിയുമായി ബന്ധപ്പെടുത്തി കൃത്യമമായ മാംസപരിശോധനയും, ലൈസൻസിംഗ് സമ്പ്രദായവും ഏർപ്പെടുത്തണം.

പേവിഷ നിർമ്മാർജന പദ്ധതി

നമ്മുടെ സമൂഹത്തിനെ ഗ്രസിച്ചിരിക്കുന്ന മാരകരോഗങ്ങളിൽ ഒന്നാണ് പേവിഷബാധയേറ്റുണ്ടാകുന്ന രോഗങ്ങൾ വേണ്ടത്രശ്രദ്ധിക്കാതിരുന്നാൽ വിഷബാധയേൽക്കുന്ന വ്യക്തിയുടെ മരണത്തിൽ കലാശിക്കുന്ന ഈ രോഗം ഫലപ്രദമായി ചെറുക്കപ്പെടേണ്ടതുണ്ട്. എളുപ്പം നിയന്ത്രിക്കാവുന്നതും ഒഴിവാക്കാൻ പറ്റുന്നതുമായ ഈ രോഗത്തിനെതിരെ ഇന്ന് ഫലപ്രദമായി വാക്സിനുകളും, പ്രതിരോധ പ്രവർത്തനങ്ങളും നിലവിലുണ്ട് എന്നാൽ ഇവ ശരിയായ രീതിയിൽ ഉപയോഗിക്കുന്ന കാര്യത്തിൽ നാം വേണ്ടത്ര ശുഷ്കാന്തി കാണിക്കാറില്ലാ എന്നതാണ് വസ്തുത.

പേ വിഷബാധയക്കെതിരെയുള്ള പ്രധിരോധ പ്രവർത്ത നങ്ങളിൽ ഗ്രാമപഞ്ചായത്തിന് ബഹുദൂരം മുന്നോട്ട് പോകു വാൻ സാധിക്കും. അലഞ്ഞുതിരിഞ്ഞു നടക്കുന്ന തെരിവു നായ്കളെ നശിപ്പിക്കുക എന്നതാണ് ഇതിൽ ഏറ്റവും പ്രധാനപ്പെട്ടത്. പേവിഷബാധയെ കുറിച്ച് ഈ രോഗത്തിന്റെ മാരക സ്വഭാവത്തെ കുറിച്ചും ഗ്രാമവാ സികളെ ബോധവ ൽക്ക രിക്ക ുന്ന സെമിനാറുകളും, മെഡിക്കൽ ക്യാ മ്പു ക ളും സംഘടി പ്പിക്ക ണം.

മൃഗസംരക്ഷണ വകുപ്പുമായി സഹകരിച്ചുകൊണ്ട് പഞ്ചാ യത്തിലെ നായ്കളെ കുറിച്ചുള്ള വിവര ശേഖരണ സർവ്വേ നടത്തണം. കൃത്യമായ സർവ്വേയുടെ അടിസ്ഥാ നത്തിൽ നായ്ക്കൾക്ക് പ്രതിരോധ കുത്തിവയ്പ് നടത്തി ലൈസൻസ് ഏർപ്പെടുത്തണം.

നിർബന്ധ ലൈസൻസിംഗ് സമ്പ്രദായവും ഇതില്ലാത്ത നായ്ക്കളെ നശിപ്പിക്കുവാൻ ആവശ്യമായനിയമനിർമ്മാണം നടത്തി കാര്യക്ഷമമായി ഈ നിയമം ഉപയോഗിയ്ക്കണം.

ഇങ്ങനെ നമ്മുടെ പഞ്ചായത്തിനെ പേ വിഷനിർമ്മാർജനഗ്രാമമായി ഈ രംഗത്ത് ക്രിയാത്മകമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിൽ വരുത്തണം.

9-ാം പദ്ധതിയിലൂടെ ജനപങ്കാളിത്തത്തോടെ മൃഗസംര ക്ഷണ മേഖലയിൽ യുക്ത ഭദ്രവും, ക്രിയ്തമകവുമായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിൽ വരുത്തുമ്പോൾഇ തുമായി ബന്ധപ്പെട്ട വിവിധ രംഗങ്ങളിൽ വനിതാ പങ്കാളിത്തവും, പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനവും പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാകണം. അന്യം നിന്നുപോകുന്ന പ്രത്യേക ഇനം പക്ഷികളേയും, മൃഗങ്ങളേയും (വെച്ചൂർപശുക്കൾ, കാട, ടർക്കി) സംരക്ഷിച്ച് നിലനി ർത്തുന്നതിന് പ്രത്യേക ഊന്നൽ നൽകണം. ഗ്രാമീണ സ മ്പദ്ഘടന യുടെ ക്രമാനുഗതമായ വളർച്ചയ്ക്ക് ഉതകുന്ന തരത്തിലുള്ള പദ്ധതികൾ നടപ്പിൽ വരുത്തി മൃഗസംരക്ഷണ മേഖലയുടെ ഭാവി ശോഭനമാക്കുകയും വരുന്ന തലമുറയുടെ കൂടി പ്രധാന ജീവനോപാധി എന്ന നിലയിലേയ്ക്ക് ഈ പഞ്ചായത്തിലെ മൃഗസംരക്ഷണ മേഖലയെ വളർത്തികൊണ്ട് വരണം.

മത്സ്യബന്ധനം

മുഹമ്മ പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശത്ത് 1,2,3,4,10 വാർഡുകളിലായി ഉദ്ദേശം അഞ്ചര കി. മീറ്റർ നീളത്തിൽ വേമ്പനാടു കായൽ ദീരം വ്യാപിച്ചുകിടക്കുന്നു. ഈ തീരപ്രദേശത്ത് മത്സ്യം പിടിച്ചും കക്കാവാരിയും ഉപജീവനം കഴിക്കുന്ന 1500 ൽപരം മത്സ്യത്തൊഴിലാളികളുണ്ട്. ഇവരിൽ അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരും പെതുസേവന മേഖലയിൽ പ്രവർത്തിക്കുന്നവരുമുണ്ട്. ഇവരിൽ ശ്രീ. വി. എൻ. കുമാരൻ, ശ്രീ. വി. എസ്. ബാഹുലേയൻ, ശ്രീ. മാർത്താണ്ടംകരി കെ. എസ്. നാരായണൻ, ശ്രീ. കരകത്തിൽ നാണു, ശ്രീ. കെ. എസ്. ശ്രീധരൻ, ശ്രീ. . പി. കെ. കൊച്ചിര എന്നിവരുടെ പേരു് എടുത്തു പറയേണ്ടിയിരിക്കുന്നു.

ഇവിടുത്തെ മത്സ്യത്തൊഴിലാളികൾ കക്ഷി രാഷ്ട്രീയ ഭേദമെന്യെ സ്വാതന്ത്ര്യ സമര പ്രവർത്തനങ്ങളിൽ പങ്കെടുത്തിട്ടുള്ളവരാണ്. ആദ്യകാലങ്ങളിൽ ഈ തൊഴിൽ രംഗത്ത് അരയ സമുദായത്തിൽപ്പെട്ടവർ മാത്രമേ ഉണ്ടായിരുന്നുള്ളു. അരയ ജനങ്ങളുടേതായ കരയോഗങ്ങളും കരയോഗത്തിന്റെ പ്രവർത്തകർ നേതൃത്വം കൊടുത്ത് പ്രവർത്തിച്ചിരുന്ന സംഘങ്ങളും ഉണ്ടായിരുന്നു. ഈ സംഘങ്ങളുടെ കീഴിൽ മുഹമ്മപ്രദേശത്ത് റേഷൻ കടകളും കാര്യക്ഷമമായി പ്രവർത്തിച്ചിരുന്നു. അക്കാലത്ത് അത്താഴക്കാട്, ചാരംമംഗലം, പെരുംന്തുരുത്ത് എന്നി പ്രദേശങ്ങളിൽ മത്സ്യ സഹകരണ സംഘങ്ങൾ പ്രവർത്തിച്ചിരുന്നു. എന്നാൽ ഇന്ന് മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘങ്ങൾ നിലവിൽ വന്നതിന്റെ ഭാഗമായി പ്രവർത്തന രഹിതമായി കിടന്ന മൂന്ന് മത്സ്യ സഹകരണസംഘങ്ങളും ലിക്വഡേറ്റ് ചെയ്യപ്പെട്ടു.

മത്സ്യബന്ധനം കൊണ്ടുമാത്രം ഉപജീവനം നടത്താൻ കഴിയാതെ വന്നപ്പോൾ കായലിൽ മുങ്ങി കക്കാവാരാൻ തുടങ്ങി എന്നാൽ കക്കാവ്യവസായ രംഗത്തും കൈമാറ്റരംഗത്തും കടുത്ത ചൂഷണം ഉയർന്നുവന്നപ്പോൾ കക്കാവ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിക്കപ്പെട്ടു. ഇങ്ങനെ ഈ ചൂഷണത്തിൽ നിന്ന് തൊഴിലാളികളെ ഒഴിവാക്കാൻ വേണ്ടി പ്രവർത്തിച്ചതിന്റെ ഫലമായി മുഹമ്മയിൽ പ്രശസ്തമായി വ്യവസായ രംഗത്ത് തലയുയർത്തി നിൽക്കുന്ന രണ്ട് കക്കാ വ്യവസായ സഹകരണസംഘങ്ങൾ നിലവിൽ വന്നു. അടുത്ത പഞ്ചായത്ത് പ്രദേശങ്ങളിലെ തൊഴിലാളികളേയും ഇടത്തട്ടുകാരന്റെ ചൂഷണത്തിൽ നിന്ന് ഈ സംഘങ്ങൾ സംരക്ഷിക്കുന്നുണ്ട്. കൊല്ലവർഷം 1123 ൽ സ്ഥാപിച്ച കറുത്ത കക്കാവ്യവസായ സഹകരണ സംഘവും 1961 ൽ പ്രവർത്തനം ആരംഭിച്ച വെള്ളകക്കാ വ്യവസായ സഹകരണ സംഘവും ഈ രംഗത്ത് മാതൃകാപ്രവർത്തനമാണ് കാഴ്ചവെയ്ക്കുന്നത്.

എന്നിരുന്നാലും മത്സ്യരംഗത്തേയും കക്കാമേഖലയിലേയും തൊഴിലാളികൾ സാമൂഹ്യമായും സാമ്പത്തികമായും വളരെ

പിന്നോക്കാവസ്ഥയിലാണ്. ഇവരുടെ താമസസ്ഥലവും ചുറ്റുപാടുകളും ചതുപ്പ് നിറഞ്ഞതും വൃത്തിഹീനവും ആയതിനാൽ ഈ പ്രദേശം ഒരു സാംക്രമിക രോഗാണു താവളമായി മാറിയിരിക്കുകയാണ്. ജലജന്യരോഗ ബാധ പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശത്തുള്ള തീരവാസികളിൽ ഏറിയ പങ്കും കണ്ടുവരുന്നു. മാറിമാറിവരുന്ന വെള്ളപ്പൊക്ക കെടുതികളും വരൾച്ചയും ഈ പ്രദേശവാസികളുടെ ജീവിതം ദുസ്സഹമാക്കുന്നു. സഞ്ചരിക്കുന്നതിനുള്ള സൗകര്യക്കുറവ് വൈദ്യുതി ലഭിക്കുന്നതിനുള്ള സാധ്യതകൾ നിഷേധിക്കൽ താമസ സ്ഥലത്തിന്റെ അപര്യാപ്തത 10 സെൻറിൽ രണ്ടും അതിലധികവും വീടുകൾ. എന്നിങ്ങനെ അനവധി ദുരിതങ്ങൾ ഇവർ അനുഭവിക്കുന്നു.

പ്രശ്നങ്ങൾ

1. കായലുമായി ബന്ധപ്പെട്ടുകിടക്കുന്ന വെള്ളക്കെട്ടുകൾ മത്സ്യകൃഷിക്ക് ഉപയോഗിച്ച് കാണുന്നില്ല.

2. കീടനാശിനികളുടെ അമിതമായ പ്രയോഗം, കായലിലെ മത്സ്യ സമ്പത്ത് നശിപ്പിക്കുന്നു.

3. മത്സ്യ വിപണനത്തിന് പറ്റിയ കേന്ദ്രങ്ങൾ ഇല്ല.

4. മത്സ്യ ബന്ധനത്തിനുള്ള ഉപകരണങ്ങൾ വാങ്ങാൻ മത്സ്യത്തൊഴിലാളികൾക്ക് സാമ്പത്തികമായി ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

5. രാത്രികാലത്ത് മത്സ്യ ബന്ധനത്തിനു പോകുന്നവർ കാറ്റും മഴയും ഉണ്ടാകുമ്പോൾ ദിക്കറിയാൻ വളരെ ക്ലേശിക്കേണ്ടിവരുന്നു.

6. മത്സ്യതൊഴിലാളുകൾ ഇടനിലക്കാരുടെ ചൂഷണത്തിന് വിധേയരാകുന്നു.

7. തണ്ണീർമുക്കം ബണ്ടിന്റെ നിർമ്മാണത്തോടു കൂടി യഥാസമയം ഓരു വെള്ളം കേറിഇറങ്ങാത്തതുകൊണ്ട് മത്സ്യസമ്പത്ത് നശിക്കുന്നു.

8. മത്സ്യങ്ങൾ വംശനാശഭീഷണി നേരിടുന്നു.

9. ഡ്രജിംങ്ങ് മൂലം മത്സ്യത്തിന്റേയും കക്കയുടേയും പ്രജനനത്തെ ബാധിക്കുന്നു.

10. സഹകരണ സംഘങ്ങളിൽ കക്ക കെട്ടിക്കിടക്കുന്നു.

11. മത്സ്യത്തൊഴിലാളി മേഖലയിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്.

12. കായലോരം വിസർജ്യവസ്തുക്കളാലും ഫാക്ടറികളിൽ നിന്ന് പുറന്തള്ളുന്ന വിഷജലത്താലും മലിനമാകുന്നു.

13. മത്സ്യത്തൊഴിലാളി മേഖലയിൽ ആവശ്യമായ പൊതുനിരത്തുകൾ ഇല്ല.

14. പ്രകൃതിക്ഷോഭം ഉണ്ടാകുമ്പോൾ മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധന ഉപകരണങ്ങളും വള്ളവും സംരക്ഷിക്കുന്നതിനുള്ള സൗകര്യം ഇല്ലായ്മ.

15. പൊതുതോടുകളുടെ സ്വകാര്യകൈയ്യേറ്റം.

16. ഡ്രജർ ഉപയോഗിച്ച് കായൽ നിവർത്തുന്നത് കൊണ്ട് തൊഴിൽ നഷ്ടപ്പെടുന്നു.

17. മത്സ്യക്കച്ചവടക്കാർക്ക് കായലിനക്കരെ മത്സ്യക്കച്ചവടത്തിന് പോകുന്നതിന് വേണ്ടി പ്രത്യേകം ബോട്ട് സർവ്വീസില്ല.

18. സഹകരണ സംഘങ്ങളിൽ കെട്ടി കിടക്കുന്ന കക്കാവിറ്റഴിക്കുവാൻ കഴിയുന്നില്ല.

19. നഞ്ചുകലക്കൽ, വള്ളിവലി അടക്കംകൊല്ലിവല ഉപയോഗിക്കൽ, കെട്ടിവലി എന്നീ രീതിയിലുള്ള മത്സ്യബന്ധനം മത്സ്യസംമ്പത്ത് നശിപ്പിക്കുന്നു.

20. ഓരുജലം കയറാത്തതുകൊണ്ട് കണ്ടൽക്കാടുകൾ നശിക്കുന്നു.

21. മത്സ്യരോഗം തടയാൻ തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടറുകൾ യഥാസമയം തുറന്നുകൊടുക്കുന്നില്ല.

22. മത്സ്യത്തൊഴിലാളികൾക്കുള്ള വാർദ്ധ്യക്യകാല പെൻഷൻ പഞ്ചായത്തിലൂടെ വിതരണം ചെയ്യുന്നില്ല.

23. കക്കാതിളപ്പിക്കുന്നതിന് കായൽതീരത്ത് സ്ഥലസൗകര്യമില്ല.

സാദ്ധ്യതകൾ

കായലുമായി ബന്ധപ്പെട്ടുകിടക്കുന്ന പാഴ് നിലങ്ങൾ (വെള്ള കെട്ടുകൾ) മത്സ്യം വളർത്തി ഉപയോഗിച്ചാൽ ഉൾനാടൻ ജലവിഭവം ഉപയോഗിച്ചുള്ള മത്സ്യം ഉല്പാദനം വർദ്ധിപ്പിക്കാൻ

കഴിയും. അതുവഴി മത്സ്യത്തൊഴിലാളികൾക്കും തീരനിവാസികളായ കർഷകർക്കും തൊഴിലും വരുമാനവും വർദ്ധിപ്പിക്കുവാൻ കഴിയും. കൃഷിക്കുവേണ്ടി കായൽ നിലങ്ങളിൽ കീടനാശിനികൾ അമിതമായി പ്രയോഗിക്കുന്നത് മൂലം വലിയ തോതിൽ ജലമലീനികരണം സംഭവിക്കുന്നതിനാൽ മത്സ്യരോഗം കൂടെ കൂടെ ഉണ്ടായി മത്സ്യസമ്പത്ത് നശിക്കുന്നു. ഇതൊഴിവാക്കുന്നതിന് കായൽ നിലങ്ങളിൽ കൃഷിയോടൊപ്പം മത്സ്യം വളർത്തലും പ്രോൽസാഹിപ്പിച്ചാൽ അമിതമായ കീടനാശിനി പ്രയോഗം ഒരു പരിധിവരെ ഒഴിവാക്കാൻ കഴിയും. അതോടൊപ്പം മത്സ്യരോഗത്തെ സംബന്ധിച്ച് ശാസ്ത്രീയമായി പഠനം നടത്തി പരിഹാരം കാണുകയും ചെയ്യേണ്ടതാണ്.

മത്സ്യതൊഴിലാളികൾ കൊണ്ടുവരുന്ന മത്സ്യം യഥാസമയം പര്യാപ്തമായ വിലയ്ക്ക് വിറ്റഴിക്കുന്നതിന് മത്സ്യത്തൊഴിലാളി കേന്ദ്രങ്ങളിൽ ലേല ചന്തകൾ സ്ഥാപിച്ച് ഇടനിലക്കാരുടെ പിടിയിൽ നിന്നൊഴിവാക്കി ഈ വിഭാഗങ്ങളെ സംരക്ഷിക്കേണ്ടതാണ്. മത്സ്യഫെഡുവഴി കുറഞ്ഞ പലിശ നിരക്കിൽ വായ്പകളും സബ്സിഡിയും നൽകി മത്സ്യബന്ധനോപകരണങ്ങൾ വിതരണം ചെയ്താൽ അമിത പലിശ ഈടാക്കുന്ന കേന്ദ്രങ്ങളിൽ നിന്നും പണം വാങ്ങി ദുരിതമനുഭവിക്കുന്ന മത്സ്യത്തൊഴിലാളികളെ സഹായിക്കാൻ കഴിയും, ഇതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം. അതോടൊപ്പം കടലോര മത്സ്യ ത്തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന സമ്പാദ്യ സമാശ്വാസ പദ്ധതിയിൻ കീഴിൽ ഉൾനാടൻ മത്സ്യത്തൊഴിലാളികളെയും ഉൾപ്പെടുത്തുക.

കാലവർഷ കാലയളവിൽ രാത്രിസമയങ്ങളിൽ കായലിൽ മത്സ്യബന്ധനത്തിന് പോകുന്ന മത്സ്യതൊഴിലാളികൾ പ്രകൃതി ക്ഷോഭങ്ങളിൽപ്പെട്ട് കരകാണാൻ കഴിയാതെ വിഷമിക്കുന്നതും പതിവാണ്. ഇത് ഒഴിവാക്കാൻ കായലിനോട് ചേർന്ന് തെക്കും വടക്കും ഭാഗങ്ങളിലായി ഓരോ സൗരോർജ്ജ വിളക്കുകൾ (സിഗ്നൽ ലൈറ്റുകൾ) സ്ഥാപിക്കുക.

തണ്ണീർമുക്കം ബണ്ട് സ്ഥാപിച്ചതുമുതൽ ബണ്ടിന് തെക്കു ഭാഗത്തുള്ള കായൽ പ്രദേശത്ത് കക്കയും മത്സ്യവും മുൻപ് കിട്ടിയിരുന്ന നിലയിൽ ലഭിക്കാതെയായി. ബണ്ടിനോട് ചേർന്ന് ഷട്ടറുകൾ നിർമ്മിച്ചതുകൊണ്ട് ഓര് ജലം കടക്കാതെയായി. അതുകൊണ്ട് കഴിഞ്ഞ കുറച്ച് വർഷങ്ങളായി തണ്ണീർമുക്കം ബണ്ടിനുള്ളിൽ ഓരുജലമത്സ്യങ്ങളൊന്നും ലഭിക്കാതെയായി. അതോടൊപ്പം കണ്ടൽകാടുകളും, മറ്റു ഓരുജലസസ്യങ്ങളും വംശനാശം വന്ന് നശിക്കുകയും ചെമ്മീൻ, കക്ക, നാരൻ, ഞണ്ട്, വറ്റ, കണമ്പ്, കുറിച്ചിൽ, കട്ട്ല, കാര, ചൂടൻ എന്നീ മത്സ്യങ്ങളുടെ വംശനാശവും വന്നുകഴിഞ്ഞു. ഇതു മൂലം മത്സ്യത്തൊഴിലാളികളുടെ വരുമാനത്തിൽ ഗണ്യമായ കുറവ് സംഭവിച്ചുകൊണ്ടിരിക്കുന്നു. തണ്ണീർമുക്കം ബണ്ടിന്റെ ഷട്ടർ കുട്ടനാട്ടിലെ കൃഷി ആവശ്യത്തിന് വേണ്ടി അടയ്ക്കുമ്പോൾ മത്സ്യത്തിന്റേയും കക്കയുടേയും പ്രജനനത്തിന് ആവശ്യമായ ഉപ്പുവെള്ളം ലഭിക്കുന്നില്ല. ജനുവരിമുതൽ ഏപ്രിൽ വരേയുള്ള കാലയളവിലാണ് ചെറുതരം മത്സ്യത്തിന്റെയും കക്കയുടേയും ഉല്പാദനം നടക്കുന്നതെന്ന് സെൻട്രൽ മറയിൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് നടത്തിയ ഗവേഷണ ഫലങ്ങൾ ചൂണ്ടിക്കാണിക്കുന്നു. ആകയാൽ മത്സ്യത്തിന്റെയും കക്കയുടേയും പ്രജനനകാലയളവായ ജനുവരി, ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ വേമ്പനാട്ടുകായലിൽ കൃഷിയ്ക്ക് ദോഷകരമാകാത്ത നിലയിൽ കുറഞ്ഞ തോതിൽ ഓരുജലം കടത്തിവിട്ട്, മത്സ്യത്തിന്റേയും കക്കയുടേയും പ്രകൃതി ദത്തമായ വംശവർദ്ധനയ്ക്ക് അവസരമുണ്ടാക്കണം.

ഉൾനാടൻ ജലാശയത്തിലെ മത്സ്യബന്ധനത്തിന് പറ്റുന്ന പരമ്പരാഗത വലകൾ വികസിപ്പിച്ചെടുക്കേണ്ടിയിരിക്കുന്നു. പണ്ടു കാലത്ത് ഓരോ തരം മത്സ്യങ്ങളേയും പ്രത്യേകതരം വലകൾ ഉപയോഗിച്ച് പിടിച്ചിരുന്നു. അതുമൂലം മറ്റ് മത്സ്യങ്ങളും അവയുടെ കുഞ്ഞുങ്ങളും നശിച്ച് പോയിരുന്നില്ല. ഇന്നാകട്ടെ അടംക്കംകൊല്ലി വലകൾ ഉപയോഗിച്ചും കുരുത്തോലവള്ളികൾ ഉപയോഗിച്ചും മത്സ്യം പിടിക്കുന്നതുവഴി ഇതിന്റെ വംശനാശം വളരെ കൂടുതലായി സംഭവിക്കുന്നു. വേമ്പനാട്ട് കായലിൽ മേൽപ്പറഞ്ഞ മത്സ്യബന്ധന രീതികൾ നിരോധിക്കേണ്ടതാണ്. മത്സ്യങ്ങളുടെ ഉല്പാദന കാലയളവിൽ ഡ്രജിംങ്ങും നിർത്തിവെക്കേണ്ടതാണ്.

വേമ്പനാട്ട് കായലിൽ നിന്നും ലഭിക്കുന്ന കക്കാ ഇറച്ചി ശാസ്ത്രീയമായ പാകപ്പെടുത്തി ഭക്ഷ്യയോഗ്യമായ അച്ചാറുകൾ ഉണ്ടാക്കി വനിതകളുടെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുവാൻ കഴിയും. ചെമ്മീൻ വളർത്ത് കേന്ദ്രങ്ങളിലേയ്ക്ക് തീറ്റയായും കക്കായിറച്ചി സംഭരിച്ച് വിതരണം ചെയ്യാൻ കഴിയും.

കായലോരത്ത് താമസിക്കുന്ന മത്സ്യതൊഴിലാളികളുടേയും കക്കാതൊഴിലാളികളുടെയും ഉപയോഗത്തിന് മിനിശുദ്ധജല ടാങ്കുകൾ സ്ഥാപിച്ച് ശുദ്ധജല വിതരണം നടത്തുക. അതുകൊണ്ട് ജലജന്യരോഗങ്ങൾക്ക് വിധേയരാകുന്ന മത്സ്യതൊഴിലാളികളെ അതിൽ നിന്ന് മോചിപ്പിക്കുവാൻ കഴിയും.

കായലോരത്തും തോടുകളിലും വിസർജ്ജ്യ വസ്തുക്കൾ തള്ളുന്നതുമൂലം ആരോഗ്യപരിപാലനത്തിനുള്ള സൗകര്യം ലഭിക്കുന്നില്ല. ഓരോ മത്സ്യതൊഴിലാളി കുടുംബത്തിനും സെപ്റ്റിക് ടാങ്ക് കക്കൂസുകൾ നിർമ്മിച്ച് നൽകുക. കായൽ പുറംപോക്കിലും തോടുകളിലും അറവ് ശാലയിലെ അവശിഷ്ടങ്ങൾ തള്ളുന്നത് നിർത്തുകയും കായലോരത്തും തോടിറമ്പുകളിലും ചകിരിയലി മില്ലുകളിൽ നിന്ന് ഉണ്ടാകുന്ന മാലിന്യങ്ങൾ തള്ളുന്നതും

കയർ ഫാക്ടറികളിൽ നിന്ന് വിവിധയിനം ചായങ്ങൾ കലർന്ന വെള്ളവും പുറംമ്പോക്ക് തോടുകളിൽ കൂടി കായലിലേയ്ക്ക് ഒഴുകുന്നതുമൂലം കായൽ ജലം മലിനമാകുന്നു. ഇത് നിയന്ത്രിക്കുകയും ചകിരിയലിമില്ലുകൾ ചകിരിയഴുക്കുന്നതിന് പ്രത്യേകം ടാങ്കുകൾ കെട്ടി അഴുക്കുന്നതിനും കർശനമായ നിർദ്ദേശങ്ങൾ നല്കുക. ശാസ്ത്രീയമായ അറവുശാലകൾ ഇല്ലാത്തവരുടെ ഇറച്ചി വ്യാപാരം അനുവദിക്കാതിരിക്കുക.

മത്സ്യതൊഴിലാളികൾ തിങ്ങിപാർക്കുന്ന പ്രദേശത്തേയ്ക്കും മത്സ്യ ലേലകേന്ദ്രങ്ങളിലേയ്ക്കും സഞ്ചരിക്കാൻ വേണ്ടി പൊതുനിരത്തുകൾ നിർമ്മിക്കുക. പ്രകൃതിക്ഷോഭമുണ്ടാകുമ്പോൾവള്ളവും വലയും സംരക്ഷിക്കുന്നതിന് വേണ്ടി കായലിനോട് ചേർന്ന വളപ്പുകൾ നിർമ്മിക്കുക. കായലിനോട് ചേർന്നുള്ള പൊതു തോടുകൾ സ്വകാര്യ ആവശ്യങ്ങൾക്ക് കൈയ്യേറുന്നത് നിരുൽസാഹപ്പെടുത്തുക.

മത്സ്യബന്ധനത്തിനുള്ള വള്ളവും വലയും അറ്റകുറ്റപ്പണികൾ ചെയ്യിക്കുന്നതിന് വളരെയധികം സാമ്പത്തിക ബാദ്ധ്യത വരുന്നതുമൂലം വരുമാനത്തിലെ ഏറിയ പങ്കും ഇങ്ങനെ ചിലവഴിക്കേണ്ടിവരുന്നു. പ്രസ്തുത തൊഴിലാളികളുടെ വലയും വള്ളവും റിപ്പയർ ചെയ്യുന്നതിന് മത്സ്യഫെഡിന്റേയും ഖാദിഗ്രാമവ്യവസായവകുപ്പിന്റേയും സബ്സിഡി യോട് കൂടിയ സാമ്പത്തിക സഹായം ലഭ്യമാക്കുക.


മത്സ്യതൊഴിലാളികളായ കച്ചവടക്കാർക്ക് മത്സ്യം കയറ്റി കൊണ്ടുപോകുന്നതിനു വേണ്ടി പ്രത്യേകം ബോട്ടും ബസ്സും മത്സ്യഫെഡ് വഴിയേർപ്പെടുത്തുക തണ്ണീർമുക്കം ബണ്ടിന്റെ തെക്കുള്ള കായലോരങ്ങളിൽ ജലസസ്യങ്ങൾ വെച്ച് പിടിപ്പിച്ച് ഓര് ജലമത്സ്യത്തിന്റെ വംശം വർദ്ധിപ്പിക്കുക.

മത്സ്യതൊഴിലാളി ക്ഷേമനിധി ഓഫിസിന്റെ പ്രവർത്തനം ആഴ്ചയിൽ ഒരു ദിവസം മുഹമ്മയിൽ പ്രവർത്തിക്കുക. എല്ലാ മത്സ്യതൊഴിലാകൾക്കും ക്ഷേമനിധി അംഗത്വം എടുക്കുന്നതിന് നിലവിലുള്ള നിയമത്തിന്റെ തടസ്സങ്ങൾ ഒഴിവാക്കുക. മുഴുവൻ മത്സ്യതൊഴിലാളികളേയും ക്ഷേമനിധിയിൽ അംഗങ്ങളായി ചേർക്കുന്നതിന് നിയമം ഭേദഗതി വരുത്തുക.

വാർദ്ധക്യം ബാധിച്ച് സഞ്ചരിക്കാൻ നിർവ്വാഹമില്ലാത്ത മത്സ്യതൊഴിലാളികൾക്ക് പെൻഷൻ തുക ഗ്രാമപഞ്ചായത്താഫീസിൽ വെച്ച് വിതരണം ചെയ്യാൻ ഏർപ്പാടുണ്ടാക്കുക.

ഇന്ന് ഭൂരിപക്ഷം മത്സ്യത്തൊഴിലാളികളും കായലിൽ മുങ്ങി കക്കാവാരി സംഘങ്ങളിൽ കൊടുത്താണ് ഉപജീവനം നടത്തുന്നത്. കക്കാവ്യവസായത്തിൽ സഹകരണ സംഘങ്ങൾ പിന്തള്ളപ്പെടുകയാണ്. സംഘങ്ങളിലെ കക്കാ വിറ്റഴിക്കപ്പെട്ടിരുന്ന മാർക്കറ്റുകളിൽ സ്വകാര്യ വ്യക്തികളും ഇടനിലക്കാരും പുഴകളിൽ നിന്നും പാടശേഖരങ്ങളിൽ നിന്നും യന്ത്രമുപയോഗിച്ച് ഭൂമി കുഴിച്ച് കുറഞ്ഞ ചിലവിൽ കക്കാ ശേഖരിച്ച് വേണ്ടത്ര അംഗീകാരപത്രങ്ങളില്ലാതെ കൊണ്ടുപോയി വിലകുറച്ച് വിൽക്കുന്നതിനാൽ മുഹമ്മയിലെ കക്കാ സഹകരണ സംഘങ്ങൾ സാമ്പത്തികമായി ബുദ്ധിമുട്ടിലാണ് തൻമൂലം നിലനിൽപ്പു തന്നെ ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്നു.

കാർഷികാവശ്യങ്ങൾക്ക് നീറ്റ് കക്ക ഉപയോഗിക്കുന്നതിന് സബ്സിഡി ഏർപ്പെടുത്തുകയും അനധികൃതമായ കക്കാ ശേഖരണവും വിപണനവും തടയുകയും ചെയ്യുക. കക്കാ തിളപ്പിക്കുന്നതിന് കായൽ തീരപ്രദേശങ്ങളിൽ ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തണം.



5.3 വ്യവസായം

വേമ്പനാട്ട് കായലോരംകൊണ്ട് അനുഗ്രഹീതമാണ് മുഹമ്മ പഞ്ചായത്ത്. 1,2,3,10 എന്നീ വാർഡുകൾക്ക് പ്രത്യക്ഷത്തിൽ കായൽ ദീരത്തിന്റെ ഗുണമേന്മ ലഭിക്കുന്നുണ്ട്. വേമ്പനാട്ട് കായലിലൂടെയുള്ള ഗതാഗതസൗകര്യമാണ് ഈ പ്രദേശത്തിന്റെ വളർച്ചയ്ക്കും വ്യവസായ പുരോഗതിയ്ക്കും മുഖ്യാധാരം. കൊപ്രയും കയറുല്പന്നങ്ങളും കയറ്റിയ വഞ്ചികളെ കൊണ്ട് കായൽപ്പരപ്പ് നിറയുമ്പോൾ കിഴക്കൻ കാറ്റിന്റെ ഗതിയ്ക്കനുസരിച്ച് കുട്ടനാട്ടിൽ നിന്നും വൈക്കോൽ നിറച്ച വള്ളങ്ങളും കായലിൽ എത്തുന്നതുകാണാമായിരുന്നു. പ്രധാനമായും ജലഗതാഗതത്തിന് ഇവിടുത്തെ വ്യവസായ പുരോഗതിയ്ക്ക് നല്ലൊരു പങ്ക് വഹിയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്.

മുഹമ്മ കയർ വ്യവസായത്തിന്റെ ഈറ്റില്ലമാണ്. തൊണ്ടഴുക്കുവാൻ ആവശ്യമായ തോടുകളും, കായലോരങ്ങളും, കയർ വ്യവസായത്തെ പുഷ്ടിപ്പെടുത്തി. വില്യംഗുഡേക്കർ ആണ് ഈ പ്രദേശത്തെ വൻകിട കയർഫാക്ടറി. ഇവിടെ 800 ൽ പ്പരം തൊഴിലാളികൾ പണിയെടുത്തിരുന്നു. സംഘടിത തൊഴിലാളി വർഗ്ഗത്തിന് രൂപം നൽകിയത് ഈ ഫാക്ടറിയിലെ തൊഴിലാളികളാണ്. ജോലികഴിഞ്ഞ് വൈകിട്ട് ഒത്തുചേരാൻ തൊഴിലാളികൾ ഒരു വായനശാല സ്ഥാപിച്ചു. അവിടെ അവർ ഒത്തുകൂടി ആശയങ്ങൾ കൈമാറി. പില്ക്കാലത്ത് സംഘടിത തൊഴിലാളി വർഗ്ഗത്തിന് ഒരു യൂണിയൻ ഉണ്ടായി. അതാണ് മുഹമ്മ കയർഫാക്ടറി വർക്കേഴ്സ് യൂണിയൻ.

ഇതേ കാലഘട്ടത്തിൽ മുഹമ്മ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ 25 മുതൽ 50 വരെ കയറ്റ് തറികളുള്ള ഫാക്ടറികൾ ഉണ്ടായിരുന്നു. ശ്രീ. റ്റീ. വി. തോമസ്സ്, ശ്രീ. ആർ. സുഗതൻ എന്നിവരെപ്പോലുള്ള തൊഴിലാളി നേതാക്കൾ ടി കയർഫാക്ടറികളിൽ ഉണ്ടാകുന്ന കൂലിത്തർക്കത്തിന് പരിഹാരം കണ്ടെത്താൻ ബന്ധപ്പെട്ടിരുന്നു. കാലാന്തരത്തിൽ വേണ്ടവണ്ണം നടത്തി കൊണ്ടുപോകുവാൻ നിവർത്തിയില്ലാത്തതുകൊണ്ട് പല ഫാക്ടറികളും ആദ്യം നിന്നു. എന്നാൽ വില്ല്യം ഗുഡേക്കർ ഇന്ന് തൊഴിലാളികൾ ഏറ്റെടുത്ത് ലേബേഴ്സ് കയർ മാറ്റ്സ് ആൻറ് മാറ്റിംഗ് സഹകരണ സംഘം നമ്പർ.733 ആയി രജിസ്റ്റർ ചെയ്ത് 118 അംഗങ്ങളെ ഉൾപ്പെടുത്തികൊണ്ട് സജീവമായി പ്രവർത്തിക്കുന്നു. ഇന്നും ഒരു വൻകിട വ്യവസായ സ്ഥാപനം മുഹമ്മ പഞ്ചായത്തിൽ ഇല്ലാത്തതുകൊണ്ട് ഇവിടുത്തെ മനുഷ്യവിഭവശേഷി വേണ്ടും വണ്ണും പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്.

വ്യവസായം

പ്രശ്നങ്ങൾ

1. ചെറുകിട കയർ ഫാക്ടറി ഉടമകൾ ഇടത്തട്ടുകാരുടെ ചൂഷണത്തിന് വിധേയരായിക്കൊണ്ടിരിക്കുന്നു.

2. പരംമ്പരാഗത രീതിയിലുള്ള നിർമ്മാണ രീതി പിൻന്തുടരുന്നതു കൊണ്ട് കയർ വ്യവസായം പിൻന്നോക്കം പോകുന്ന സ്ഥാതി നിലനിൽക്കുന്നു.

3. ആഭ്യന്തരമാർക്കറ്റിംഗിന്റെറ അഭാവം.

4. നാളികേര സംസ്ക്കരണത്തിനുള്ള അപര്യാപ്തത.

5. കക്കാ ഉപയോഗിച്ചുള്ള വ്യവസായങ്ങളില്ല.

6. കയർ സഹകരണസംഘങ്ങൾക്ക് ഓരർഡറുകളുടെ അപര്യാപ്തത

7. കക്കാ സഹകരണ സംഘങ്ങളിൽ കക്കാവിപണനം ചെയ്യാനാകാതെ കെട്ടിക്കിടക്കുന്നു.

സാദ്ധ്യതകൾ

കയർമേഖല

1. പഞ്ചായത്തിൽ ഏറ്റവും കൂടിതൽ ജനങ്ങളുടെ ഉപജീവനമാർഗ്ഗം ഇന്നും കയർ പിരിക്കുകയും കയറുല്പന്നങ്ങൾ നിർമ്മിക്കലുമാണ്. ഈ മേഖലയിലാകെ ജോലി ചെയ്യുന്നവർ 4199 ആണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ചെറുകിട കയർഫാക്ടറി ഉടമകൾ ഇന്നും ഇടനിലക്കാരുടെ ചൂഷണത്തിന് വിധേയരായിക്കൊ ണ്ടിരിക്കുകയാണ്. 438 ചെറുകിട കയർ ഫാക്ടറികളിലായി ആകെ 1541 തറികൾ പഞ്ചായത്തിലുണ്ട്. കയറ്റുമതിക്കാരിൽ നിന്നും ഓഡറുകൾ ശേഖരിക്കുകയും, ചെറുകിടക്കാർക്ക് നൽകുകയും, ചെറുകിട കയർഫാക്ടറിക്കാവശ്യമായ കയറും മറ്റ് സേവനങ്ങളും (ഡൈയിംഗ്, ബ്ലീച്ചിംഗ് മുതലായവ) ലഭ്യമാക്കുകയും ചെയ്യുന്നത് ഇടനിലക്കാരാണ്. തൻമൂലം ഉല്പാദകന് ലഭിക്കേണ്ട ന്യായമായ ലഭത്തിൽ നല്ലൊരു പങ്കും ഇടനിലക്കാർ നേടുന്ന സ്ഥിതി വിശേഷം നിലനിൽക്കുന്നു. ചെറുകിട കയർഫാക്ടറി ഉടമകളുടെ ഒരു സഹകരണ സംഘം കാര്യക്ഷമമായി പ്രവർത്തിച്ചാൽ ഈ പ്രതിസന്ധി മുറിച്ച് കടക്കാവുന്നതേയുള്ളു. ഇപ്പോൾ തൊട്ടടുത്ത പ്രദേശമായ കഞ്ഞിക്കുഴിയിൽ ഈ രീതിയിലുള്ള ഒരു സഹകരണ സംഘം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ സംഘം ബ്ലോക്കടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കുകയും, കൂടുതൽ ഫാക്ടറി ഉടമകളെ ഇതിൽ അംഗങ്ങളാക്കുകയും ചെയ്യേണ്ടതാണ്. ഫാക്ടറികൾക്ക് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ഉടമകൾക്ക് നൽകുകയും അവർ നിർമ്മിക്കുന്ന കയർ ഉല്പന്നങ്ങൾ വാങ്ങുകയും ചെയ്യുന്നതിന് എല്ലാ വാർഡുകളിലും സംഭരണ വിതരണ ഡിപ്പോകൾ തുറക്കേണ്ടതാണ്. ഈ സംഘം കാര്യക്ഷമമായി പ്രവർത്തിക്കുന്ന തിനാവശ്യമായ സാമ്പത്തിക സഹായം സർക്കാരിൽ നിന്നും നൽകേണ്ടതാണ്.

2. ഉല്പാദന രംഗത്ത് ഇന്നും വളരെ പ്രചീനങ്ങളായ രീതികളാണ് പിൻന്തുടരുന്നത്. നമ്മുടെ അയൽ സംസ്ഥാനങ്ങളിൽ ഈ രംഗത്ത് ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ വമ്പിച്ച പരിവർത്തനങ്ങൾ വരിത്തിക്കൊണ്ടിരുക്കുന്നു. ഗുണനിലവാരത്തിലും ഉല്പാദന വൈവിധ്യത്തിലും വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചില്ലെങ്കിൽ അന്താരാഷ്ട്ര വിപണയിൽ നാം പിൻന്തള്ളപ്പെട്ട് പോകുന്ന സ്ഥിതിവിശേഷം ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. നിയന്ത്രണ രീതിയിലുള്ള യന്ത്രവൽക്കരണം തൊഴിലാളികളുടെ ജോലി നഷ്ടപ്പെടാത്ത രീതിയിൽ നടപ്പാക്കേണ്ടിയിരിക്കുന്നു. (ഉദാഹരണം കയർപിരി യന്ത്രങ്ങൾ ഉപയോഗിച്ചുള്ള കയർ നിർമ്മാണം)

3. കയറ്റുമതിക്കാരുടെ ഉടമസ്ഥതയിലുള്ള 10 ഫാക്ടറികൾ ഈ പഞ്ചായത്തിൽ ഉണ്ട്. ഇതിൽ ഭൂരിഭാഗം ഫാക്ടറികളിലും സ്ഥിരം തൊഴിലാളികളുടെ എണ്ണം വളരെ കുറവാണ്. ഷിയറിംഗ്, സ്റ്റെൻസിലിംഗ്, ക്ലിപ്പിംഗ്, സ്റ്റഫിംഗ് തുടങ്ങിയ ജോലികൾ ഇന്നും ഇടനിലക്കാരുടെ അധീനതയിലുള്ള തൊഴിലാളികളെ കൊണ്ട് "പീസ് വർക്ക്" സമ്പ്രദായത്തിൽ (ചെയ്യുന്ന ജോലിയ്ക്ക് കൂലി) ചെയ്യിയ്ക്കുകയാണ് ഈ സമ്പ്രദായം നിലനിൽക്കുന്നത് കൊണ്ട് തൊഴിലാളികൾക്ക് ലഭിക്കേണ്ട മറ്റ് ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നു. മാത്രമല്ല തൊഴിലാളികൾക്ക് അർഹതപ്പെട്ട കൂലിയുടെ ഒരംശം ഇടനിലക്കാർക്ക് ലഭിക്കുകയും ചെയ്യുന്നു. ഈ രീതി അവസാനിപ്പിച്ച് ഫാക്ടറികളിൽ സ്ഥിരം തൊഴിലാകളെ കൊണ്ട് ജോലി ചെയ്യിയ്ക്കുവാനുള്ള സംവിധാനം ഉണ്ടാകേണ്ടിയിരിക്കുന്നു.

4. കയറുല്പന്നങ്ങളുടെ ആഭ്യന്തരവിപണി ഇപ്പോൾ തൃപ്തികരമല്ല. ഏകദേശം 150 ഷോറുമുകൾ ഇതരസംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. ഇന്ത്യയിലെ മുഴുവൻ ജില്ലകളിലും കയ ർ ബോർഡിന്റെറ നേതൃത്വത്തിൽ ഷോറുമുകൾ തുറക്കുകയും കയറുല്പന്നങ്ങളുടെ ഉപയോഗത്തെകുറിച്ച് വ്യപകമായ പ്രചാരണ പ്രവർത്തനം നടത്തുകയും ചെയ്താൽ ആഭ്യന്തര വിപണി സജീവമാക്കാൻ കഴിയും.

5. മുൻകാലങ്ങളിൽ, തൊണ്ടഴുക്കിയതിന് ശേഷം കയർപിരിക്കുന്ന രീതിയാണ് നിലനിന്നിരുന്നത്. ഇപ്പോൾ അയൽ സംസ്ഥാനങ്ങളിൽ നിന്നും പച്ചത്തൊണ്ടിൽ നിന്നും നിർമ്മിക്കുന്ന ചകിരി ഇവിടെ കൊണ്ടുവന്ന് വെള്ളത്തിലിട്ടതിന് ശേഷം അലിച്ചെടുക്കുന രീതിയാണ് ഉള്ളത്. പച്ചത്തൊണ്ടിൽ നിന്നും നേരിട്ട് ചകിരി ഉണ്ടാക്കുന്ന മില്ല് ജില്ലാടിസ്ഥാനത്തിൽ സ്ഥാപിക്കുകയാണെങ്കിൽ കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും.

6. ചിരട്ട ഉപയോഗിച്ചുള്ള കൗതുക വസ്തുക്കളുടെ നിർമ്മാണവും, ചകരിച്ചോറ് ഉപയോഗിച്ചുള്ള വസ്തുക്കളുടെ നിർമ്മാണവും നടത്തുന്ന ഫാക്ടറികൾക്ക് ഇവിടെ സാദ്ധ്യതയുണ്ട്.

7. മണ്ണൊലിപ്പ് തടയുന്നതിനുവേണ്ടി "വലപ്പായ" ഉപയോഗിക്കുന്നത് ഫലപ്രദമാണെന്ന് ഈ അടുത്ത കാലത്ത് കണ്ടുപിടിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനുള്ള സ്കീമുകൾ കയർ ബോർഡിന്റെ പരിഗണനയിൽ ഉണ്ടെന്ന് അറിയുന്നു. ഇതിന്റെ നിർമ്മാണം പ്രോത്സാഹിപ്പിക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചാൽ കുറച്ചു തൊഴിലവസരങ്ങൾ ഉണ്ടാക്കുവാൻ കഴിയും.

8. നാളികേര പൊടി നിർമ്മിക്കുന്ന ഒരു വ്യവസായ യൂണിറ്റിന് പഞ്ചായത്തിൽ സാദ്ധ്യതയുണ്ട്.

9. ഈ വ്യവസായത്തിന് ഇന്ന് നിലവിലുള്ള വായ്പാ സൗകര്യം വിപുലീകരിക്കുകയും കൂടുതൽ ഉദാരമാക്കുകയും ചെയ്യുക.

കക്കാ വ്യവസായം

1. വേമ്പനാട്ട് കായലിൽ സുലഭമായുള്ള കക്ക വാരിയുപജീവനം കഴിക്കുന്ന വളരെയധികം കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. വെള്ള കക്ക, കറുത്ത കക്ക ഇവ സംഭരിക്കുകയും വിപണനം നടത്തുകയും ചെയ്യുന്ന ഓരോ സഹകരണ സംഘങ്ങൾ ഇവെടെയുണ്ട്. കറുത്ത കക്ക സഹകരണ സംഘം 1949 മെയ് മാസത്തിലും വെള്ളകക്ക സഹകരണസംഘം 1961 സെപ്റ്റംബറിലുമാണ് പ്രവർത്തനം ആരംഭിച്ചത്. കാർഷിക ആവശ്യത്തിന് മാത്രമാണ് 1978 ന് മുൻമ്പ് ഏറിയ പങ്ക് കക്ക ഉപയോഗിച്ചിരുന്നത്. 1978 വരെ ഈ സംഘത്തിൽ അംഗങ്ങളായിരുന്ന തൊഴിലാളികൾക്ക് അർഹമായ കൂലി കൃത്യമായി ലഭിച്ചിരുന്നില്ല. ഈ കാലയളവിൽ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമായിരുന്നില്ല. 1978 മുതൽ തൊഴിലാളികളുടെ സംഘടനകളുടെ ശ്രമഫലമായി സ്ഥിരമായ വേതനവും, ന്യായമായ വേതനവും ലഭിക്കുന്നതിനുള്ള അവസരം ഉണ്ടായി . ഈ രണ്ട് സംഘങ്ങളിലും സമീപ പഞ്ചായത്തിലുള്ള തൊഴിലാളികളും അംഗങ്ങളാണ്. കായലിൽ നിന്നും കറുത്ത കക്ക ശേഖരിക്കുന്നതിൽ പുരുഷന്മാരോടൊപ്പം സ്ത്രികളും പങ്കാളികളാണ്. വെള്ള കക്കാവിരലിൽ ഏർപ്പെട്ടിരിക്കുന്നത് പുരുഷന്മാരാണ്. ഉണ്ട് തൊഴിലിലും കൂടി ഉദ്ദേശ്യം 1500 തൊഴിലാളികൾ ജോലി ചെയ്യുന്നു. സംഘങ്ങൾക്ക് വേണ്ടി കക്ക എടുക്കുകയും വ്യാപാരികൾക്ക് കൊടുക്കുകയും ചെയ്യുന്നതിനുവേമ്ടി മാത്രം ഉദ്ദേശ്യം 150 തൊഴിലുളികൾ ജോലി ചെയ്യുന്നു. ഇതിൽ ഏറിയ പങ്കും സ്ത്രീകളാണ്. എന്നാൽ 1996 ആരംഭം മുതൽ കക്കായുടെ വിപണന രംഗത്ത് ഗുരുതരമായ പ്രതിസന്ധി ഉടലെടുത്തു. ഇപ്പോൾ ഏകദേശം അയ്യായിരം ടൺ അസംസ്കൃത കക്ക വിറ്റഴിക്കാനാവാതെ കെട്ടിക്കിടക്കുന്നു. വെള്ളകക്കയുടെ വരവും വിപണനവും സംബന്ധിച്ച 1995-96,1996-97 വർഷങ്ങളുടെ പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക 1

1995 – 1996

മാസം	വരവ് ടൺകണക്കിൽ	ചിലവ് ടൺകണക്കിൽ
ഏപ്രിൽ	734	746
മെയ്	838	843
ജൂൺ	605	581
ജൂലൈ	622	659
ആഗസ്റ്റ്	839	822
സെപ്റ്റംബർ	474	359
ഒക്ടോബർ	1395	1296
നവംബർ	1445	1386
ഡിസംബർ	1566	1758
ജനുവരി	1736	1542
ഫെബ്രുവരി	1352	878
മാർച്ച്	1618	624
ആകെ	13224	11494
	മിച്ചം. –	1730

1996 – 97

മാസം	വരവ് ടൺകണക്കിൽ	ചെലവ് ടൺകണക്കിൽ
ഏപ്രിൽ	1482	774
മെയ്	1391	822
ജൂൺ	616	732
ജൂലൈ	686	321
ആഗസ്റ്റ്	555	495
സെപ്റ്റംബർ	689	670
ഒക്ടോബർ	888	191
നവംബർ	907	166
ആകെ	7214	4171
	മിച്ചം –	3043
ആകെ കൈവശമുള്ളത്	–1730	+3043 = 4773 ടൺ

ഈ പ്രതിസന്ധിക്കുള്ള പ്രധാന കാരണം ഈ അടുത്ത കാലത്തായി വെള്ളകക്കാവാരുന്നതിനും വിപണനം ചെയ്യുന്നതിനുമുള്ള അവകാശം ചില സ്ഥലങ്ങളിൽ സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും നല്കിയതാണ്. ഈ ഏജൻസികൾ യന്ത്ര സഹായത്തോട് കൂടി കക്കാവാരൽ നടത്തുകയും അവ വിപണനം ചെയ്യുകയുമാണ് ചെയ്യുന്നത്. അതുകൊണ്ട് തന്നെ ഈ സ്ഥാപനങ്ങൾക്ക് മനുഷ്യശേഷി ഉപയോഗിച്ച് സഹകരണ സംഘങ്ങൾ ശേകരിക്കുന്ന കക്കയേക്കാൾ കുറഞ്ഞ ചിലവിൽ കക്ക ശേഖരിക്കുന്നതിന് കഴിയുന്നു. കക്ക കൂടുതലും വിറ്റഴിയുന്നത് അയൽ സംസ്ഥാനങ്ങളിൽ ആണ്. കക്കയുടെ ഓർഡറുകൾ കൂടുതലും മുകളിൽ പറഞ്ഞ സ്വകാര്യ വ്യക്തികൾക്കും, സ്ഥാപനങ്ങളങ്ങക്കും ലഭിക്കുന്നതുകൊണ്ടാണ് സഹകരണ സംഘങ്ങളിൽ കക്ക കെട്ടിക്കിടക്കുന്നതിന് ഇടയാക്കിയത്. കക്കാ ഉപയോഗിച്ചിട്ടുള്ള ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ഫാക്ടറികൾ ഇവിടെ ധാരാളം ആരംഭിച്ചാൽ ഒരുപരിധിവരെ ഈ പ്രതിസന്ധി തരണംചെയ്യുവാൻ കഴിയും. താഴെ കൊടുക്കുന്ന വ്യവസായങ്ങൾ ആരംഭിക്കുവാനുള്ള സാദ്ധ്യത ഇവിടെയുണ്ട്.

എ. കാർബൈഡ് ഫാക്ടറി.

ബീ. കാലിത്തീറ്റ, കോഴിത്തീറ്റ നിർമ്മാണം.

സി. സിമൻറ്, സ്നോസം മുതലായവയുട നിർമ്മാണം.

ഡി. കക്കാനീറ്റി കാർഷികാവശ്യത്തിന് ഉപയോഗിക്കുന്ന കുമ്മായം ഉല്പാദിപ്പിക്കുന്ന ചുളകൾ.

ഇ. കക്ക ഇറച്ചി സംസ്ക്കരിച്ച് ഭക്ഷ്യയോഗ്യമാക്കി പായ്ക്കറ്റിൽ വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കിയാൽ വനിതകൾക്ക് തൊഴിൽ സാദ്ധ്യത.

കൂടാതെ സംസ്ഥാനത്തിനുളളിൽ സ്വകാര്യമേഖലയിൽ പ്രവർത്തികുന്ന കാർബൈഡ് കമ്പനികൾ, കാർഷികാവശ്യത്തിന് വേണ്ടി സംഭരിക്കുന്ന കക്ക സ്വകാര്യവ്യക്തികളിൽ നിന്നും വാങ്ങി ഉപയോഗിക്കുന്നതുകൊണ്ട് സഹകരണസംഘങ്ങളിലെ കക്ക വിറ്റഴിക്കുവാൻ കഴിയുന്നില്ല.

തമിഴ് നാട്ടിൽ നിന്നും ഇറക്കുമതി ചെയ്യുന്ന "കോരപ്പുല്ല്" ഉപയോഗിച്ചുള്ള തടുക്കുകളു, പായകളും, നിർമ്മിക്കുന്ന തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വളരെയധികം തൊഴിലാളികൾ ഈ പഞ്ചായത്തിലെ 4,6,7,8,10 എന്നീവാർഡുകളിൽ ഉണ്ട്. ഇതിൽ 90% സ്ത്രീകളാണ്. ഈ രംഗത്ത് ഒരു സഹകരണസംഘം പ്രവർത്തിക്കുന്നുണ്ട്. ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരിൽ ചെറിയ ശതമാനം മാത്രമെ ഈ സംഘത്തിൽ അംഗങ്ങളായുള്ളു. ഈ സഹകരണസംഘത്തിൻെറ പ്രവർത്തന മേഖല കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുകയും, ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന മുഴുവൻ ആളുകളെയും ഇതിലെ അംഗങ്ങളാക്കുകയും ചെയ്ത് ഇതിൻെറ പ്രവർത്തനം കാര്യക്ഷമ മാക്കണം. ഇതിന് സർക്കാരിൻെറ ധനസഹായം നൽകിയാൽ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവെയ്ക്കാൻ കഴിയും.

കള്ള് ചെത്ത് വ്യവസായം

പഞ്ചായത്തിൽ കള്ള് ചെത്ത് വ്യവസായ രംഗത്ത് നല്ലനിലയിൽ സുരക്ഷിതത്വം 1978 – 80 വരെ നിലനിന്നിരുന്നു. 80 കൾക്ക് ശേഷം പടിപടിയായി കള്ള് ചെത്ത് വ്യവസായത്തിൽ തൊഴിൽ സാദ്ധ്യത കുത്തനേ കുറഞ്ഞു. തെങ്ങ് രോഗം, കോളുചെത്തും വിൽപ്പനയും ചാരായ ഷാപ്പുകളുടെ കടന്ന് കയറ്റവും കഴിഞ്ഞ ദശകത്തിൽ ഈ രംഗത്ത് കുത്തനെ മാന്ദ്യം ബാധിച്ചു. 150 ന് മുകളിൽ സ്ഥിരം

തൊഴിലാളികൾ ചെത്ത് രംഗത്ത് പണിയെടുത്തിരുന്നു. അതോടൊപ്പം മദ്യവ്യവസായ തൊഴിലാളികളും ഉണ്ടായിരുന്നു. 78-80 കളിൽ പഞ്ചായത്തിൽ 4 ഷാപ്പുകളായിരുന്നു. അനേക്കാട്,ആര്യക്കര, മുഹമ്മ, അങ്ങാടിയ്ക്ക് സമീപം എന്നിവയായിരുന്നു ഷാപ്പുകൾ. നമ്പർ ഷാപ്പുകളുടെ കീഴിൽ ഉപഷാപ്പുകളും അതോടൊപ്പം ചാരായ ഷാപ്പുകളും അനിയന്ത്രിതമായി കടന്നുവന്നപ്പോൾ ഈ രംഗത്ത് സ്ഥിരം തൊഴിലാളികളുള്ള നമ്പർ ഷാപ്പുകൾ നടത്തിപ്പിൽ നിന്നും ഉടമകൾ പിൻമാറുകയും തെങ്ങപാട്ടവും, ഒരുക്ക്ഫീസും കൃത്യമായി കോൺട്രക്ടർമാർ നേരിട്ട് എടുത്തുകൊടുക്കുവാൻ തയ്യാറാകാതിരുന്നതിനാലും ഈ രംഗത്ത് ചെത്ത് തൊഴിലാളികൾക്ക് പിടിച്ച് നിൽക്കാൻ കഴിയാത്ത സ്ഥാതി കൂടിവന്നു.

ഇന്ന് ഈ രംഗത്ത് 35 ചെത്ത് തൊഴിലാളുകളും, 25 ന് മേൽ മദ്യവ്യവസായ തൊഴിലാളികളും മാത്രമാണ് പണിയെടുക്കുന്നത്. ഇവരിൽ ഭൂരിപക്ഷം പേർക്ക് ഡി.എ. അടങ്ങുന്ന കൂലി ലഭിക്കുന്നില്ല. കാരണം ഡി.എ. യ്ക്ക് അർഹമായ കള്ള് ഉല്പാദിപ്പിക്കുവാൻ കഴിയുന്നില്ല.

തെങ്ങ് രോഗം, പാരമ്പര്യരീതിയിലുള്ള വള പ്രയോഗം, ജലസേചനം തുടങ്ങീയ കാര്യങ്ങളിൽ വരുത്തിയ അവഗണന ഒരു പ്രധാന വസ്തുതയാണ്.

ഇന്ന് 35 ചെത്ത് തൊഴിലാളികളുംകൂടി ഉദ്ദേശ്യം 200 ലിറ്റർ കള്ളുപോലും ഉല്പാദിപ്പിക്കുന്നില്ല. ഷാപ്പുകളിലേയ്ക്ക് ആവശ്യമുള്ള കള്ള്, മുതലാളിമാർ പാലക്കാട്, തിരുവനന്തപുരം തുടങ്ങീയ പ്രദേശങ്ങളിൽ നിന്നും കടത്തികൊണ്ടുവന്നാണ് വില്പന നടത്തുന്നത്.

തെങ്ങുകൾക്ക് ബാധിച്ചിരിക്കുന്ന രോഗം തന്നെയാണ് ഈ വ്യവസായത്തേയും പ്രതികൂലമായി ബാധിച്ചിരിക്കുന്നത്. രോഗപ്രതിരോധ ശേഷിയുള്ള തെങ്ങുകൾ വെച്ചുപിടിപ്പിക്കുകയാണ് ഇതിന് പോംവഴി. ചെത്തിക്കൊണ്ടിരിക്കുന്ന സമയത്ത് തെങ്ങ് നഷ്ടപ്പെടുകയാണെങ്കിൽ തെങ്ങിന്റെ ഉടമസ്ഥർക്ക് ന്യായമായ പ്രതിഫലം നൽകുകയും വേണം.



5-4

വിദ്യാഭ്യാസം

പ്രാചീന സാമൂഹ്യ വ്യവസ്ഥിതിയുടെ സന്താനമായ ജാതി ചിന്തയുമായി ബന്ധപ്പെട്ടുമാത്രമേ പഞ്ചായത്തിലെ വിദ്യാഭ്യാസത്തെക്കുറിച്ച് പറയുവാൻ കഴിയുകയുള്ളു. പുരാതന കുടുംബങ്ങളെ കേന്ദ്രീകരിച്ചുള്ള ആശാൻ കളരികൾ മുഹമ്മയിലുണ്ടായിരുന്നു. ഇവ മിക്കവാറും സവർണരുടെ തറവാടുകളിലാണ് നടന്നിരുന്നത്. ഗുരു മിക്കവാറും തറവാട് കാരണവരാകാനാണ് സാധ്യത. ഇപ്രകാരമുള്ള ആശാൻ കളരികൾ സവർണ സമുദായത്തിലെ കുട്ടികളെ ഉദ്ദേശിച്ചായിരുന്നു നടത്തിയിരുന്നതെങ്കിലും ചില കളരികളിൽ അവർണർക്കും പ്രവേശനമുണ്ടായിരുന്നു. അത്തരം കളരികളിൽ അവർണരെ പ്രത്യേകം ഇരുത്തിയിരുന്നതായി ചില പഴമക്കാർ രേഖപ്പെടുത്തുന്നു. കുട്ടികൾ മേൽവസ്ത്രം ധരിക്കാറില്ലായിരുന്നു. കൗപീനമോ, തോർത്തോ ഉടുത്തായിരുന്നു പഠിക്കാനായി എത്തിയിരുന്നത്. നവോത്ഥാനുപ്രസ്ഥാനത്തിന്റെ ആവിർഭാവത്തോടുകൂടി മറ്റു പിന്നോക്കക്കാരിലും ആശാൻമാരുണ്ടായി.

പ്രാദേശിക വിദ്യാപീഠങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ മുഹമ്മ നിവാസികളുടെ നാവിൻ തുമ്പിൽ ഉദിക്കുന്ന ആദ്യപേരാണ് കിഴക്കേമഠത്തിൽ നാരായണനാശാൻ. ഇദ്ദേഹം ഗുരുകുല വിദ്യാഭ്യാസത്തിന് സമാനമായ ഒരു സംസ്കൃത വിദ്യാപീഠം നടത്തിയിരുന്നതായി പഴമക്കാർ പറയുന്നു. സംസ്കൃത പണ്ഡിതനായ ഇദ്ദേഹം തന്റെ വിദ്യാപീഠത്തിൽസിദ്ധരൂപം, അമരകോശം, കാവ്യങ്ങൾ, അലങ്കാരങ്ങൾ എന്നിവ പഠിപ്പിച്ചിരുന്നു. ഈ സ്ഥാപനത്തിൽ നിന്നും വിദ്യാഭ്യാസം പൂർത്തിയാക്കി പുറത്തിറങ്ങുന്നവർ അക്കാലത്തെ ഭിഷഗ്വരൻമാരായോ, ജ്യോത്സൻമാരായോ ജീവിത വ്യാപാരത്തിൽ ഏർപ്പെട്ടിരുന്നു. ക്രിസ്ത്യൻ മിഷണറിമാരുടെ വരവോടുകൂടിയാണ് ഇവിടെ ഔപചാരിക വിദ്യാലയങ്ങൾ രൂപപ്പെടുന്നത്. 1855ൽ സി.എം.എസ്കാർ സ്ഥാപിച്ച മുഹമ്മ സി.എം.എസ് എൽ.പി സ്ക്കൂളാണ് ഈ പ്രദേശത്തെ ആദ്യത്തെ വിദ്യാഭ്യാസ സ്ഥാപനം. തുടർന്ന് സി.എം.എസ്കാർതന്നെ കായിപ്പുറത്ത് ഒരു എൽ പി സ്ക്കൂൾ സ്ഥാപിച്ചു. ലൂഥറൻ സഭ പിന്നീടാണ് ഇവിടെ എത്തിച്ചേരുന്നത്. അവർ പുത്തനങ്ങാടി തോടിനു പടിഞ്ഞാറ്.

തെക്കേക്കരയിൽ ഒരു പ്രൈമറിസ്ക്കൂൾ സ്ഥാപിച്ചു. നിർഭാഗ്യവശാൽ ആ സ്ക്കൂൾ ഇന്ന് പ്രവർത്തിക്കുന്നില്ല. ഇവ കൂടാതെ കായിക്കരയിൽ സ്ഥാപിതമായ കായിക്കര എൽ.പി സ്ക്കൂൾ സ്ത്രീവിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനായി ചിറയിൽ കുടുംബക്കാർ സ്ഥാപിച്ച പെൺപള്ളിക്കുടം എന്നിവ മുഹമ്മയുടെ സവിശേഷതകൾ ആയിരുന്നു. നിർഭാഗ്യമെന്നു പറയട്ടെ ഈ 2 സ്ഥാപനങ്ങളും ഇന്ന് പ്രവർത്തിക്കുന്നില്ല.

ഗവൺമെൻറുടമയിൽ ഒരു സ്ക്കൂൾ ആദ്യം സ്ഥാപിക്കുന്നത് 1917 ലാണ്. അതായത് ഗവൺമെൻറ് എൽ.പി സ്ക്കൂൾ. ഗവൺമെൻറുടമയിൽ ഒരു സംസ്കൃത ഹൈസ്ക്കൂൾ ഇന്നുണ്ട്.

സംസ്കൃതഹൈസ്ക്കൂൾ

1114ൽ സി. ആർ. മുകുന്ദൻപിള്ള മഹോപാദ്ധ്യായയാണ് ഈ സ്ക്കൂൾ സ്ഥാപിക്കുന്നത്. 1946ൽ ഒരു ചക്രം മാത്രം കൈപ്പറ്റിക്കൊണ്ട് ഈ സ്ക്കൂൾ ഗവൺമെൻറിലേയ്ക്ക് വിട്ടുകൊടുത്ത് മുഹമ്മയുടെ വിദ്യാഭ്യാസ പാരമ്പര്യത്തിലേയ്ക്ക് വലിയ ഒരു സംഭാവനയാണ് ശ്രീ മുകുന്ദൻപിള്ള നടത്തിയത്. തിരുവനന്തപുരം സംസ്കൃത കോളേജിൻെറ പ്രിൻസിപ്പലായി സേവനമനുഷ്ടിച്ചിട്ടുള്ള പ്രൊഫസർ ധനപാലൻ, മാനുസ്ക്രിപ്റ്റ് ലൈബ്രറി ഡയറക്ടർ ഡോ. കെ.വിജയൻ ഉൾപ്പടെ വളരെയേറെ ഉന്നതൻമാരെ ഈ സ്ക്കൂൾ കേരളത്തിനു സംഭാവന ചെയ്തിട്ടുണ്ട്.579 കുട്ടികളും 29 അദ്ധ്യാപകരും ഈ സ്ക്കൂളിലുണ്ട്.വിസതൃതമായ ഒരു കളിസ്ഥലമുണ്ടങ്കിലും കായിക പ്രതിഭകളെ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടില്ല. വളരെയേറെ പരാധീനതകളുള്ള ഒരു സ്ക്കൂളാണിത്. കുടിവെള്ള സൗകര്യം ലഭ്യമല്ല, ചുറ്റുമതിൽ പൂർണ്ണമല്ല, കക്കൂസ് ഇല്ല, ആവശ്യമായ ഫർണീച്ചറുകൾ ഇല്ല, ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ പര്യാപ്തമല്ല, എസ്. എസ്. എൽ. സി വിദ്യാഭ്യാസ നിലവാരം സംസ്ഥാനനിലവാരത്തേക്കാൾ താഴെയാണ്. വിദ്യാർത്ഥി സമരങ്ങൾ ഈ സ്ക്കൂളിൻെറ സമാധാന അന്തരീക്ഷത്തെ തകർക്കാറുണ്ട്. വർഷം തോറും വിദ്യാർത്ഥികൾ കുറയുന്ന പ്രവണത കണ്ടു വരുന്നു.

എ.ബി വിലാസം എച്ച്.എസ്

1937ൽ ഒരു മിഡിൽസ്ക്കൂളായി പ്രവർത്തനം ആരംഭിച്ചു. സ്വാതന്ത്ര്യസമരസേനാനി യും വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്ത് ചരിത്രത്തിൻെറ ഭാഗമായിത്തീർന്ന ശ്രീ. സി.കെ കുഞ്ഞുകൃഷ്ണനാണ് ഈ സ്ക്കൂൾ സ്ഥാപിക്കുവാൻ മുൻകൈഎടുത്തത്. അദ്ദേഹം തന്നെയാണ് ഈ സ്ക്കൂളിൻെറ ആദ്യ മാനേജർ. ആദ്യംമുതൽ തന്നെ ഈ സ്ക്കൂൾ ആര്യക്കര ക്ഷേത്ര ദേവസ്വത്തിൻെറ കീഴിലാണ് പ്രവർത്തിച്ചിരുന്നത്. വളരെയേറെ പ്രഗത്ഭൻമാർ ഈ സ്ക്കൂളിൻെറ മാനേജരൻമാരായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 1967 മുതൽ ശ്രീ എൻ.പി പുരുഷോത്തമനാണ് ഈ സ്ക്കൂളിൻെറ മാനേജർ. അദ്ദേഹം ഈ സ്ക്കൂളിലെ അദ്ധ്യാപകൻ തന്നെയായിരുന്നു. 1982ലാണ് ഈ സ്ക്കൂൾ ഹൈസ്ക്കൂളായി ഉയർത്തിയത്. ഇപ്പോഴിത് ഒരു എയ്ഡഡ് സ്ക്കൂളാണ്. മുഹമ്മ പഞ്ചായത്തിൽ ഏറ്റവുമധികം കുട്ടികൾ പഠിക്കുന്ന സ്ക്കൂളാണിത്. 1991വരെ ഈ സ്ക്കൂളിൽ കുട്ടികൾ വർദ്ധിച്ചുവരുന്ന രീതിയാണുണ്ടായിരുന്നത്. ഇതിനുശേഷം കുട്ടികൾ ക്രമമായി കുറഞ്ഞുവരുന്നു. 44 ഡിവിഷനുണ്ടായിരുന്ന ഈ സ്ക്കൂളിൽ ഇന്ന് 36 ഡിവിഷനാണുള്ളത്. 1453 കുട്ടികളും 55 അദ്ധ്യാപകരും 6 ഇതര ജീവനക്കാരും ഈ സ്ക്കൂളിലുണ്ട്. ഇവിടുത്തെ ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല. നല്ല കെട്ടിടങ്ങൾ ഉണ്ടെങ്കിലും ആവശ്യമായ ബഞ്ച്, ഡെസ്ക്, ബോർഡ്,കസേര,മേശ എന്നിവയില്ല. സ്ക്കൂളിന് നല്ല ഒരു മൈതാനമുണ്ട്. അതിൽ ഒരു ട്രാക്ക് പോലും ഇല്ല. കലാരംഗത്ത് 5 വർഷം മുമ്പുണ്ടായിരുന്ന ഉണർവ് ഇന്ന് കാണുന്നില്ല. കായികരംഗത്ത് ട്രാക്ക്ഫീൽഡിൽ നില പരിതാപകരമാണ്. ഗെയിംസ് രംഗത്ത് കഴിഞ്ഞ 3 വർഷമായി വോളീബോളിൻെറ ജില്ലാതല വിജയികളാണ്. ലൈബ്രറി, ലബോറട്ടറി സൗകര്യങ്ങൾ പര്യാപ്തമല്ല. കുട്ടികളുടെ എണ്ണത്തിനനുസരിച്ചുള്ള മൂത്രപ്പുരകളും കക്കൂസുമില്ല. കഴിഞ്ഞ 5 വർഷമായി എസ്.എസ്.എൽ.സി വിജയശതമാനം സംസ്ഥാന ശരാശരിയെക്കാൾ കുറവാണ്. വിദ്യാർത്ഥി സമരങ്ങൾ സ്ക്കൂൾ അന്തരീക്ഷത്തെ ബാധിച്ചിരുന്ന നില ഉണ്ടായിരുന്നു. കഴിഞ്ഞ 3 വർഷമായി വിദ്യാർത്ഥിസമരങ്ങളില്ല.

മദർ തെരേസാ ഹൈസ്ക്കൂൾ

കാർമൽ മൊണാസ്ട്രി വകയാണ് ഈ സ്ക്കൂൾ. ഇതൊരു എയ്ഡഡ് സ്ക്കൂളാണ്. 1982ലാണ് ഈ സ്ക്കൂൾ പ്രവർത്തനമാരംഭിച്ചത്. പഞ്ചായത്തിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന സ്ക്കൂളാണിത്. എട്ടാം സ്റ്റാൻഡേർഡിലേയ്ക്ക് കുട്ടികൾക്ക് ടെസ്റ്റ് നടത്തിയാണ് അഡ്മിഷൻ കൊടുക്കുന്നത്. 360 കുട്ടികളും 12 അദ്ധ്യാപകരും ഈ സ്ക്കൂളിലുണ്ട്. ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമാണ്. കലാകായിക രംഗം തീർത്തും അപര്യാപ്തമാണ്. എസ്.എസ്.എൽ.സി വിജയശതമാനം 98 ശതമാനത്തിനും 100 ശതമാനത്തിനും ഇടയിലാണ്.

കെ.പി.എം.യു.പി.എസ്.

പഞ്ചായത്തിലെ ഏക യു.പി. സ്ക്കൂളാണിത്. 1937ലാണ് ഈ സ്ക്കൂൾ പ്രവർത്തനമാരംഭിച്ചത്. ഇതൊരു സ്വകാര്യ സ്ക്കൂളാണ്. കെ.പി. ബാലകൃഷ്ണപിള്ളയാണ് ഇതിന്റെ മാനേജർ. ഭാരതീയ വിചാര കേന്ദ്രംഡയറക്ടർ ശ്രീ. പി പരമേശ്വരൻ, നാടകാചാര്യനായ ശ്രീ എസ്.എൽ പുരം സദാനന്ദൻ തുടങ്ങിയവർ ഈ സ്ക്കൂളിലാണ് പഠിച്ചത്. 529 കുട്ടികളും 19 അദ്ധ്യാപകരും ഒരു പ്യൂണും ഈ സ്ക്കൂളിലുണ്ട്. ഭൗതികസാഹചര്യങ്ങൾ തൃപ്തികരമാണ്. വർഷംതോറും വിദ്യാർത്ഥികളുടെ എണ്ണം വർദ്ധിച്ചുവരുന്നു, കലാകായികരംഗം സാമാന്യം തൃപ്തികരമാണ്.

മുഹമ്മ സി.എം.എസ്.എൽ.പി സ്ക്കൂൾ

1855ൽ സി.എം.എസ് മിഷണറിമാരാണ് ഈ സ്ക്കൂൾ സ്ഥാപിച്ചത്. പഞ്ചായത്തിലെ ആദ്യത്തെ വിദ്യാഭ്യാസസ്ഥാപനമാണിത് ഭൗതികസാഹചര്യങ്ങൾ തൃപ്തികരമല്ല. കെട്ടിടങ്ങൾ കുറവാണ്. 1,2 ക്ലാസുകൾക്ക് ഷിഫ്റ്റ് സമ്പ്രദായമാണ്. ആവശ്യത്തിന് ഫർണിച്ചറുകൾ ഇല്ല. കക്കൂസ് ഇല്ല. 315 കുട്ടികളും 6 അദ്ധ്യാപകരും ഉണ്ട്. 2 വേക്കൻസികൾ നികത്താനുണ്ട്. കളിസ്ഥലം ഇല്ല.

കായിപ്പുറം സി.എം.എസ്.എൽ.പി.എസ്.

1882ലാണ് ഈ സ്ക്കൂൾ പ്രവർത്തനം ആരംഭിച്ചത്. സി.എം.എസ് മിഷണറിമാരാണ് ഈ സ്ക്കൂൾ ആരംഭിച്ചത്. ഭൗതികസാഹചര്യങ്ങൾ തൃപ്തികരമല്ല. ഫർണിച്ചറുകൾ കുറവാണ്. കളിസ്ഥലമില്ല. കായികഗംഗത്ത് ചില്ലറ നേട്ടങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. കലാരംഗം തൃപ്തികരമല്ല. 181 കുട്ടികളും 4 അദ്ധ്യാപകരുമുണ്ട്.

ആസാദ് എൽ.പി.എസ്.

1985ലാണ് ഈ സ്ക്കൂൾ പ്രവർത്തനം ആരംഭിച്ചത്. സ്ക്കൂൾ നിർമ്മിക്കുന്നതിനുള്ള സ്ഥലം പൊതുജനം സൗജന്യമായി നൽകിയതാണ്. പഞ്ചായത്തിൻറ അധീനതയിലുള്ള ഏകസ്ക്കൂളാണിത്. 197 കുട്ടികളും 6 അദ്ധ്യാപകരുമുണ്ട്. ഫർണീച്ചറുകൾകുറവാണ്. Staff Room ഇല്ല . വർഷം തോറും കുട്ടികൾ കുറയുന്നു. കലാ രംഗത്തുനേട്ടങ്ങൾ ഉണ്ട്. കായികരംഗം ആശാവഹമല്ല.

എസ്സ്.എൻ.വി.എൽ.പി.എസ്സ്.

1949ലാണ് ഈ സ്ക്കൂൾ പ്രവർത്തനം ആരംഭിച്ചത്. ആദ്യ മാനേജർ കെ.കെ മാധവനാണ് എസ്സ്.എൻ.വി ഭജനമഠമാണ് ഈ സ്ക്കൂൾ രൂപീകരിക്കുന്നതിന് നേതൃത്വം നൽകിയത്. കെട്ടുതെങ്ങ് വ്യവസ്ഥയിലാണ് ഈ സ്ക്കൂൾ കെട്ടിടം പണിയുന്നതിന് ഫണ്ട് സംഭരിച്ചത്. 270 കുട്ടികളും 8 അദ്ധ്യാപകരുമുണ്ട്. ചുറ്റുമതിലുമുണ്ട്. സ്റ്റാഫ് റൂം ഇല്ല ഫർണീച്ചറുകൾ കുറവാണ് കളിസ്ഥലം 20സെൻറ് മാത്രമാണ്. 1995- 96ൽ കായികരംഗത്ത് ചാമ്പ്യൻ ഷിപ്പു നേടിയിട്ടുണ്ട്.

ഗവ. എൽ.പി.എസ്സ്

1917ലാണ് ഈ സ്ക്കൂൾ പ്രവർത്തനമാരംഭിച്ചത്. ഗവ.ഉടമയിലുള്ള പഞ്ചായത്തിലെ ഏക എൽ.പി. സ്ക്കൂളാണിത്.220 കുട്ടികളും 8 അദ്ധ്യാപകരും ഉണ്ട്. ചുറ്റുമതിൽ പൂർണ്ണമല്ല. കളിസ്ഥലം കുറവാണ് കക്കൂസ് ഇല്ല. വൈദ്യുതി ഇല്ല. ഫർണീച്ചറുകൾ കുറവാണ്.സ്റ്റാഫ് റൂം ഇല്ല. കലാ-കായികരംഗംവളരെ മോശമാണ്.

ദീപ്തി സ്പെഷ്യൽ സ്ക്കൂൾ & ഹോം ഫോർ ദ മെൻറലി റിട്ടാർഡഡ്.

കർമ്മലിത്താ മഠത്തിൻറെ നേതൃത്വത്തിലാണ് ഈ സ്ഥാപനം നടത്തുന്നത്.5നും14നും ഇടയ്ക്ക് പ്രായമുള്ളമന്ദബുദ്ധികളായ കുട്ടികളുടെ സ്ക്കൂളാണിത്. 45 കുട്ടികളും 9 അദ്ധ്യാപകരും ഉണ്ട്. ജില്ലയ്ക്കുവെളിയിലുള്ള കുട്ടികൾവരെ ഈ സ്ക്കൂളിലുണ്ട്.

പട്ടിക - D

പട്ടിക ജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

L.P.			U.P			H.S.		
ആകെ	SC/ST	%	ആകെ	SC/ST	%	ആകെ	SC/ST	%
1190	68	5.71	1469	104	7.14	1457	105	7.2

പട്ടിക - E

S.S.L.C. വിജയശതമാനം

സ്ക്കുളിൻറ പേര്	92-93	93-94	94-95	95-96
M.T.H.S. മുഹമ്മ	100	100	98	99.5
സംസ്കൃതഹൈസ്ക്കുൾ മുഹമ്മ	51	48	52	38
A.B.V.H.S. മുഹമ്മ	41	42	47	32

പട്ടിക - F

ഗവ. സ്ക്കുളുകളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്

ആകെഅദ്ധ്യാപകർ പഞ്ചായത്തിൽ	2ഗവ. വിദ്യാലയങ്ങളിലെ അദ്ധ്യപകരുടെഎണ്ണം	ഗവ. അദ്ധ്യാപകരുടെ ശതമാനം	പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം	ഗവ. സ്ക്കൂളുകളിലെ വിദ്യാർത്ഥികൾ	ഗവ. സ്ക്കുളുകളിലെ വിദ്യാർത്ഥികൾ ശതമാനം
150	38	25.3	4116	799	19.4

പട്ടിക -B

വിദ്യാർത്ഥികൾ – അദ്ധ്യാപകർ

ക്ര.ന.	സ്ക്കൂൾ	മാനേജ്മെൻറ്	വിദ്യാർത്ഥികൾ			അദ്ധ്യാപകർ		
			ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	ഗവ. സംസ്കൃത ഹൈ സ്ക്കൂൾ	ഗവൺമെൻറ്	300	279	579	8	21	29
2.	A.B.V.H.S മുഹമ്മ.	എയിഡഡ്	779	674	1453	13	43	56
3.	M.T.H.S. മുഹമ്മ.	"	190	170	360	7	5	12
4.	K.P.M.U.P.S മുഹമ്മ.	"	298	231	529	3	16	19
5.	GOVT. L.P.S മുഹമ്മ.	ഗവൺമെൻറ്	109	111	220	1	8	9
6.	C.M.S.L.P.S മുഹമ്മ.	എയിഡഡ്	161	154	315		6	6
7.	C.M.S.L.P.S കായിപ്പുറം	"	104	77	181	2	2	4
8.	S.N.V.L.P.S മുഹമ്മ.	"	140	130	270	2	6	8
9.	A.M.L.P.S കായിപ്പുറം	"	93	104	197		7	7
	ആകെ		2174	1930	4104	36	114	150

പട്ടിക -C

ആകെ കുട്ടികളുടെ കണക്ക് 1995–96

SC/ST			മറ്റുള്ളവർ		
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
137	140	277	2057	1782	3839
1	പഠനം നിറുത്തിയവരുടെ കണക്ക്			3	11
	2	3	8		
ആകെ പഠനം നിറുത്തിയവർ					14

പഞ്ചായത്തിലുള്ള 9 സ്ക്കൂളുകളിൽ കെ.പി.എം.യു.പി.എസും, എം.ടി.എച്ച്.എസും ഒഴികെയുള്ള സ്ക്കൂളുകൾ പ്രതിസന്ധിയിലാണ്. വർഷം തോറും വിദ്യാർത്ഥികൾ കുറയുന്നതായി കാണപ്പെടുന്നു. അദ്ധ്യാപന നിലവാരം താഴുകയും ഇംഗ്ലീഷ് മീഡിയം സ്ക്കൂളുകളോടുള്ള അമിതമായ ആഭിമുഖ്യം ഇതിന് കാരണമായിട്ടുണ്ട്. അദ്ധ്യാപനരംഗത്ത് വനിതകൾക്കാണ് മുൻതൂക്കം. സ്ക്കൂളുകളുടെ ഭൗതിക സാഹചര്യം തൃപ്തികരമല്ല. ആവശ്യമായ ഫർണിച്ചറുകളുടെ അഭാവം മുകളിൽ പറഞ്ഞ സ്ക്കൂളുകളിലൊഴികെ എല്ലായിടത്തുമുണ്ട്. കലാ-കായിക രംഗത്ത് എണ്ണപ്പെട്ട നേട്ടങ്ങൾ ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടില്ല എന്നതും ശ്രദ്ധിക്കേണ്ടതാണ്.

പ്രീ പ്രൈമറി വിദ്യാഭ്യാസരംഗത്തും ചില പ്രശ്നങ്ങളുണ്ട്. 21 അംഗനവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ രണ്ടെണ്ണത്തിന് സ്വന്തമായി കെട്ടിടങ്ങളില്ല.ഇവയുടെ ഭൗതികസാഹചര്യങ്ങൾ തൃപ്തികരമല്ല.അദ്ധ്യാപികമാരുടെ നിലവാരം അത്ര ഉയർന്നതല്ല. ഇവർക്കാവശ്യമായ "Inservice Course" കൾ കൊടുക്കുന്നത് നന്നായിരിക്കും പഴയ രീതിയിൽ പ്രവർത്തിക്കുന്ന 5 ആശാൻകളരികളുണ്ട്. ഇന്നത്തെ രീതിയിൽ പ്രവർത്തിക്കുന്ന 3 നേഴ്സറി സ്ക്കൂളുകളുമുണ്ട്. നേഴ്സറിസ്ക്കൂളുകളിൽ കളികളേക്കാൾ അദ്ധ്യാപനത്തിനാണ് മുൻതൂക്കം നൽകുന്നത്. 3 വയസാകുന്നതിനുമുമ്പുതന്നെ കുട്ടികളെ നേഴ്സറികളിൽ ചേർക്കുന്നപ്രവണത വർദ്ധിച്ചുവരുന്നതായി കാണുന്നു.

ഇതോടൊപ്പം കൊടുത്തിരിക്കുന്ന പട്ടികകളിൽനിന്നും പഞ്ചായത്തിലെ സ്ക്കൂളുകളെ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും അറിയാൻ കഴിയുന്നതാണ്

പ്രശ്നങ്ങൾ

1. 6,4, വാർഡുകളിൽ എൽ.പി സ്ക്കൂളുകൾപ്രവർത്തിക്കുന്നില്ല
2. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സ്ക്കൂളുകളുടെ ഭൗതികസാഹചര്യങ്ങൾ തൃപ്തികരമല്ല.
3, തൊഴിലധിഷ്ഠിത വിദ്യാഭ്യാസ കോഴ്സുകൾ ഇല്ല.
4, അംഗനവാടികൾ നല്ലരീതിയിൽ പ്രവർത്തിക്കുന്നതിനുള്ള ഭൗതികസാഹചര്യങ്ങൾ അപര്യാപ്തം ആയതിനാൽ നിലവിലുള്ള അംഗൻ വാടി കെട്ടിടങ്ങൾ പലതും പുനരുദ്ധാരണം നടത്തേണ്ടതാണ്.
5, അക്ഷരജ്ഞാനവും അക്കജ്ഞാനവും ഇല്ലാത്ത കുട്ടി കളെ കണ്ടെത്തി അവർക്ക് പ്രത്യേക പരിശീലനം കൊടുക്കുന്നതിനുള്ള സാഹചര്യം ഇല്ല.
6, സ്ക്കൂൾ പി.ടി.എ കൾ സജീവമല്ല.
7. സ്ക്കൂൾ അന്തരീക്ഷം സമാധാനമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമല്ല.
8, സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ല.
9, ഉന്നത വിജയം കരസ്ഥമാക്കുന്ന കുട്ടികൾക്ക് പഞ്ചായത്തുതലത്തിൽ നൽകുന്ന പ്രോത്സാഹനം തൃപ്തികരമല്ല.
10 അഭ്യസ്തവിദ്യർക്ക് പി.എസ്സ്.സി. മുതലായ പരീക്ഷകൾക്ക് പരിശീലനം കൊടുക്കവാൻ പറ്റിയ സംവിധാനം ഇല്ല.
11. കുട്ടികളുടെ കായിക കലാ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാനുള്ള സാഹചര്യങ്ങൾ അപര്യാപ്തം.
12. വർദ്ധിച്ചു വരുന്ന സദാചാരവിരുദ്ധ പ്രവർത്തനങ്ങൾക്ക് എതിരെ കുട്ടികളെ ബോധവൽക്കരിക്കാനുള്ള പരിപാടികൾ ഇല്ല.
13, മാതൃഭാഷ വിദ്യാഭ്യാസത്തിനുതകുന്ന വിധത്തിൽ വാർഡുകൾതോറും ആശാൻ കളരികൾ ഇല്ല.
14. പഞ്ചായത്തിലെ എച്ച്.എസ്സുകളിൽ പ്ലസ്സ് ടു ഇല്ല.
15. സംസ്കൃതത്തിന് ഉപരി പഠന സൗകര്യംഇല്ല.
16. വായനാശീലം വളർത്തുന്നതിന് സ്ക്കൂളുകളിൽ ഇന്നുള്ള സൗകര്യങ്ങൾ തൃപ്തികരമല്ല.
17. മാതൃഭാഷാ വിദ്യാഭ്യാസത്തിന് നൽകുന്ന പ്രാധാന്യം തീരെ കുറവാണ്.
18. സ്ക്കൂളുകളിൽ കുട്ടികളുടെ എണ്ണം കുറയുന്നു.
19. ഗവ. സംസ്കൃത ഹൈസ്ക്കൂൾ, എ.ബി.വിലാസം ഹൈസ്ക്കൂൾ എന്നിവിടങ്ങളിൽ കുട്ടികളുടെ എണ്ണം

കുറയുകയും ഡിവിഷൻ ഫാൾ ഉണ്ടാവുകയും ചെയ്യുന്നു. 20. പാഠപുസ്തകങ്ങൾ,സ്കൂൾ വർഷാരംഭത്തിൽ ലഭിക്കുന്നില്ല.

സാധ്യതകൾ

പഞ്ചായത്തിലെ പ്രീ പ്രൈമറി വിദ്യാഭ്യാസസ്ഥാപനങ്ങൾമുതൽ ഹൈസ്ക്കൂൾ വരെയുള്ള എല്ലാ സ്ഥാപനങ്ങൾക്കും പി.റ്റി.ഏയും,എംപി.റ്റി.ഏയും ഉണ്ട്. എന്നാൽ ഇവയൊന്നുംഫലപ്രദമായി കടമകൾ നിർവ്വഹിക്കുന്നില്ല എന്നുവേണം കരുതുവാൻ. അതിനാൽ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനുള്ള ആദ്യപടിയായി പി.റ്റി.ഏ കളേയും,എംപി.റ്റി.ഏ കളേയും സജീവമാക്കേണ്ടിയിരിക്കുന്നു. സ്ക്കൂളുകളുടെ പരിമിതികൾ മനസിലാക്കി അവയെ ചലിപ്പിക്കുവാൻ ഈ സംഘടനകൾക്ക് കഴിയണം. ഭൗതികസാഹചര്യങ്ങൾ ഒരുക്കിക്കൊടുക്കുന്ന കാര്യത്തിലും സ്ക്കൂൾ അന്തരീക്ഷം സമാധാനമാക്കുന്ന കാര്യത്തിലും ഇവർക്ക് കാര്യമായി പ്രവർത്തിക്കുവാൻ കഴിയും.

അദ്ധ്യയനനിലവാരം ഉയർത്തുക ഒരു പ്രധാന പ്രശ്നമാണ്. അതിന് ആദ്യപടിയായി ഓരോ ക്ലാസുകളിലും ലഭിക്കേണ്ട ജ്ഞാനം ലഭിച്ചിട്ടില്ലാത്ത കുട്ടികളെ കണ്ടെത്തുകയും അവർക്ക് പരിഹാര ബോധനം നൽകുകയും വേണം. ഇതിന് പി.റ്റി.ഏ യുടെ സഹായം തേടാം. അദ്ധ്യാപകരുടെ സഹായത്തിനു മാത്രം കാത്തുനിൽക്കാതെ അഭ്യസ്തവിദ്യരായിട്ടുള്ള സന്നദ്ധ പ്രവർത്തകരെക്കൂടി പങ്കെടുപ്പിച്ച് ഇതിന് പരിഹാരം കാണാം. അദ്ധ്യയന നിലവാരം ഉയർത്തുന്നതിനായി അദ്ധ്യാപകർക്ക് വർഷംതോറും "Inservice Course"കളും 2 വർഷംകൂടുമ്പോൾ Quality improvement programകളും സംഘടിപ്പിക്കേണ്ടിയിരിക്കുന്നു.

സ്ക്കൂളുകളിൽ പരീക്ഷയെമാത്രം ആശ്രയിച്ചുള്ള വിദ്യാഭ്യാസരീതിയാണ് നിലവിലിരിക്കുന്നത്. ഇതിന് മാറ്റം വരണം. കുട്ടിയിലെ വൈജ്ഞാനികവും ഇതരവുമായ കഴിവുകൾ ഉയർത്താൻ കഴിയണം. കലാകായിക രംഗത്ത് പ്രതിഭകളെ കണ്ടെത്തുന്ന തരത്തിലുള്ള വിദ്യാഭ്യാസരീതി ഉണ്ടാകണം. കലാകായിക മേഖലയിലും സിലബസും പരീക്ഷകളും ആവശ്യമാണ്.

സ്ക്കൂൾ കോംപ്ലക്സുകൾക്ക് വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്താൻ കഴിയും. വിദ്യാഭ്യാസ സ്ഥാപനങ്ങൾ പരസ്പരം സഹകരിച്ച് അദ്ധ്യാപകരെയും അദ്ധ്യാപന ഉപകരണങ്ങളെയും കൈമാറുന്ന രീതി സ്ക്കൂളുകളുടെ നിലവിലുള്ള അപര്യാപ്തതകൾക്ക് ഒരു പരിധിവരെ പരിഹാരം ഉണ്ടാക്കും. വർക്ക്ഷോപ്പുകൾ, സെമിനാറുകൾ,വിനോദത്തിലൂടെ വിജ്ഞാനം പകരുന്ന രീതികൾ, എന്നിവ സ്ക്കൂളുകളിൽ നടത്തേണ്ടതും ആവശ്യമാണ്.

ചില വാർഡുകളിൽ (വാർഡ് 6,4,) കുട്ടികൾ പ്രൈമറി വിദ്യാഭ്യാസം ലഭിക്കുന്നതിനു വേണ്ടി ദൂരസ്ഥലങ്ങളെ അഭയം പ്രാപിക്കുന്ന രീതിയുണ്ട്. ഇത് പരിഹരിക്കാൻ ഈ വാർഡുകളിൽ എൽ.പി. സ്ക്കൂളുകൾ ആരംഭിക്കണം.

പഞ്ചായത്തിൽ 3 എച്ച്.എസ് ഉണ്ട്. ഇവയിലൊന്നുംതന്നെ തൊഴിലധിഷ്ഠിത കോഴ്സുകൾ നടക്കുന്നില്ല. അതുകൊണ്ട് സ്ക്കൂൾ വിദ്യാഭ്യാസം കഴിഞ്ഞാൽ ചില കുട്ടികൾ വെറുതെ നടക്കുന്ന പതിവ് കണ്ടുവരുന്നുണ്ട്. തൊഴിൽപരിശീലനം ലഭിക്കുന്നതോടെ ഇതിന് പരിഹാരം കാണാൻ കഴിയും.

ഉന്നത വിജയം കരസ്ഥമാക്കുന്ന കുട്ടികൾക്ക് പ്രോത്സാഹനം നൽകുന്നത് മറ്റുകുട്ടികളേയും പഠിക്കുവാൻ പ്രേരിപ്പിക്കുന്ന സംഗതിയാണ്. അതിനായി സ്ക്കൂൾ തലത്തിലും പഞ്ചായത്തുതലത്തിലും ചില സംവിധാനങ്ങൾ ഉണ്ടാകുന്നത് നന്നായിരിക്കും. ഒപ്പം ഇത്തരം കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം നൽകുവാൻ ബാങ്കുകളെ പ്രേരിപ്പിക്കുകയും വേണം.

സംസ്കൃത ഹൈസ്ക്കൂൾ ഒരു സംസ്കൃത കോളേജായി ഉയർത്തിയാൽ സ്ക്കൂൾ വിദ്യാഭ്യാസം കഴിയുന്ന കുട്ടികളിൽ സംസ്കൃതത്തിനോട് താത്പര്യമുള്ള കുട്ടികൾക്ക് ഉയർന്ന വിദ്യാഭ്യാസത്തിന് സാഹചര്യം ഉണ്ടാകും. എസ്.എസ്.എൽ.സിക്കുശേഷം കോളേജ് അഡ്മിഷന് കുട്ടികൾ വളരെയേറെ ബുദ്ധിമുട്ടുന്നുണ്ട്. എം.ടി.എച്ച്.എസ്, ഏ.ബി.വി.എച്ച്.എസ്,എന്നീ സ്ഥാപനങ്ങളിൽ പ്ലസ് റ്റു കോഴ്സ് ഏർപ്പെടുത്തിയാൽ ഇതിന് പരിഹാരം കാണാൻ

കഴിയും. ഏ. ബി. വി. എച്ച്. എസിൽ ഇതിനാവശ്യമായ ഭൗതികസാഹചര്യങ്ങൾ എല്ലാംതന്നെ ലഭ്യമാണ്. ഒന്നാംഘട്ടം എന്ന നിലയിൽ ഇവിടെ പ്ലസ് റ്റു ആരംഭിക്കുന്നത് നന്നായിരിക്കും. മത്സ്യബന്ധത്തിൽ ഏർപ്പെട്ടിരിക്കുന്ന ധാരാളം രക്ഷിതാക്കളുടെ കുട്ടികൾ പഠിക്കുന്ന സ്ക്കൂൾ എന്ന നിലയിൽ ഏ. ബി. വി. എച്ച്. എസിൽ ഒരു ഫിഷറീസ് വിഭാഗം തുടങ്ങേണ്ടതാണ്.

സ്ക്കൂളുകളിൽ നിലവിലുള്ള ലൈബ്രറികളും ലബോറട്ടറികളും ഫലപ്രദമായി ഉപയോഗിക്കുന്ന രീതി ഉണ്ടാകേണ്ടിയിരിക്കുന്നു. ഓരോ സ്ക്കൂളിനോടും ചേർന്ന് വിദഗ്ദ്ധൻമാരെ ഉൾപ്പെടുത്തി ഒരു വിദ്യാലയ ഉപദേശക സമിതി ഉണ്ടാകുന്നത് നന്നായിരിക്കും. കുട്ടികളിൽ വായനാശീലം കുറവാണ്. അതുപരിഹരിക്കുന്നതിനായി സ്ക്കൂളുകളിൽ ഒരു വായനശാല ആരംഭിക്കുന്നത് നന്നായിരിക്കും.

മാതൃഭാഷാ വിദ്യാഭ്യാസത്തിന് മുൻതൂക്കം കൊടുക്കുന്ന ഒരു സിലബസും അദ്ധ്യാപനരീതിയും ഉണ്ടാകേണ്ടിയിരിക്കുന്നു. കുട്ടികളുടെ കൊഴിഞ്ഞുപോക്ക് അവസാനിപ്പിക്കുന്നതിനായി ഉച്ചക്കഞ്ഞിവിതരണം കുറ്റമറ്റതാക്കുകയും അദ്ധ്യാപനം ആകർഷകമാക്കുകയും വേണം. സ്ക്കൂൾ വർഷാരംഭത്തിൽ തന്നെ സ്ക്കൂളുകളിൽ പാഠപുസ്തകങ്ങൾ ലഭ്യമാക്കണം. ആവശ്യമെങ്കിൽ സൊസൈറ്റികൾക്ക് ഗ്രാൻറ് നൽകാനുള്ള സംവിധാനവും ഉണ്ടാകുന്നത് നന്നായിരിക്കും.

പ്രീ പ്രൈമറി വിദ്യാഭ്യാസരംഗത്ത് ഗണ്യമായ സംഭാവന നൽകിയിരിക്കുന്നത് പണ്ട് ആശാൻകളരികളായിരുന്നു. അക്ഷരജ്ഞാനവും അക്കജ്ഞാനവും ഏകദേശം ഇവിടെ വച്ചുതന്നെ ഉറപ്പിക്കുവാൻ കഴിഞ്ഞിരുന്നു. ആരോഗ്യ പരിപാലനത്തിൻറെ ആദ്യപാഠങ്ങളും സമൂഹത്തിൽ പെരുമാറേണ്ടതിൻറെ ആദ്യപാഠങ്ങളും ഇവിടെവച്ചു ലഭിച്ചിരുന്നു. ആശാൻ കളരികൾ ആരംഭിക്കുന്നത് നന്നായിരിക്കും. ഇന്ന് പ്രീ പ്രൈമറി വിദ്യാഭ്യാസത്തിനു വളരെയേറെ പണം മുടക്കാൻ നിർബന്ധിതരായിത്തീരുന്ന രക്ഷിതാക്കൾക്കും ഇത് ആശ്വാസമാകും നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ആശാൻ കളരികൾക്ക് പഞ്ചായത്ത് സംരക്ഷണം നൽകണം.

ഏകദേശം 25 വർഷങ്ങൾക്കുമുമ്പുവരെ ഗ്രാമീണർക്ക് അനൗപചാരിക വിദ്യാഭ്യാസം നൽകിയിരുന്നത് വായശാലകളായിരുന്നു. ഇന്ന് വായനശാലകൾ ഭീഷണിയെ നേരിടുകയാണ്. ഗ്രാൻറ് വാങ്ങലും രജിസ്റ്റർ ശരിയാക്കിവയ്ക്കലുമാണ് ഇന്ന് പ്രധാനമായും അവിടെ നടക്കുന്നത് ഈ സംവിധാനം മാറിയേപറ്റൂ. അടുത്ത തലമുറയെ ലക്ഷ്യമാക്കിയെങ്കിലും വായനശാലകൾ പുന സംഘടിപ്പിക്കണം. കുട്ടികളെ ആകർഷിക്കുന്നതിനായും വിജ്ഞാനം നൽകുന്നതിനായും എല്ലാ വായനശാലയോടും ചേർന്ന് കുട്ടികളുടെ ലൈബ്രറികൾ സംഘടിപ്പിക്കണം. സ്ക്കൂൾ വിദ്യാർത്ഥികളെ നിർബന്ധമായും ഇതിൽ അംഗങ്ങളാക്കുകയും വായനശാലയെ പ്രോത്സാഹിപ്പിക്കുകയും വേണം. ഇതിന് സന്നദ്ധ സംഘടനകലുടെ സഹായം തേടേണ്ടതാണ്.

തിരക്കു പിടിച്ച ജീവിതാന്തരീക്ഷത്തിൽ കുട്ടികൾക്ക് മാർഗ്ഗ ദർശനം നൽകാൻ രക്ഷിതാക്കൾക്ക് കഴിയാതെ വരുന്നതും വിദ്യാഭ്യാസത്തിൻറെ ശാപമാണ്. ഇതിന് ഒരു സാമൂഹ്യ ബോധവത്കരണം ആവശ്യമാണ്. വിദ്യാലയങ്ങളിൽ വർദ്ധിച്ചുവരുന്ന പുകവലി, മദ്യപാനശീലം എന്നിവയ്ക്കെതിരായും ബോധവത്കരണപരിപാടികൾ ആവിഷ്കരിക്കുന്നതും നന്നായിരിക്കും. അക്ഷരാഭ്യാസം മാത്രമാണം വിദ്യാഭ്യാസം എന്നൊരു ധാരണ പൊതുവേ സമൂഹത്തിൽ കണ്ടുവരുന്നുണ്ട്. ഏതൊരു തൊഴിലും വിദ്യയാണെന്ന അറിവ് പകരുക ആവശ്യമായിരിക്കുന്നു. ചില തൊഴിലുകളോട് ഇന്ന് സമൂഹം പ്രകടിപ്പിക്കുന്ന അവജ്ഞാ മനോഭാവം മാറുന്നതിന് ഇത് സഹായകമാണ്.

സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് ഇന്ന് കണ്ടു വരുന്ന പരാധീനതകൾ മാറ്റുന്നതിനായി പഞ്ചായത്തിലെ തെരഞ്ഞെടുത്ത ഒന്നോ, രണ്ടോ വിദ്യാലയങ്ങളിൽ സാങ്കേതിക വിദ്യാഭ്യാസം നൽകുന്നത് നന്നായിരിക്കും. അതിനു പറ്റുന്നില്ലെങ്കിൽ പഞ്ചായത്തിൻറെ നേതൃത്വത്തിൽ സഹകരണമേഖലകളിൽ ഒരു സാങ്കേതിക വിദ്യാലയം തുടങ്ങി ഈ കുറവ് പരിഹരിക്കാം. ഇവിടെത്തന്നെ ഉദ്യോഗസംബന്ധമായ പരീക്ഷകൾക്ക് അഭ്യസ്തവിദ്യർക്ക് കോച്ചിംഗ് നൽകുവാനും കഴിയും. വിദ്യാലയങ്ങളിൽ ഒരു പ്രധാന പ്രശ്നം നിലവിലിരിക്കുന്ന അദ്ധ്യാപക-വിദ്യാർത്ഥി അനുപാതമാണ്. 1:50 എന്ന രീതി മാറി 1:30 എന്ന രീതിയിൽ

ആക്കിയാൽ അദ്ധ്യാപകർക്ക് കുട്ടികളെ വ്യക്തിപരമായി ശ്രദ്ധിക്കുവാൻ കഴിയും. ഇതുപോലെ സിലബസ് ലഘൂകരിക്കേണ്ടതുമാണ്.

വൈകല്യങ്ങളുള്ള കുട്ടികൾ പൊതു വിദ്യാലയങ്ങളിൽ വരുമ്പോൾ അവർക്ക് ചില പ്രശ്നങ്ങൾ ഉണ്ടാകുന്നത് പരിഹരിക്കുന്നതിനായി മാനസികവും ശാരീരികവുമായ വൈകല്യങ്ങളുള്ള കുട്ടികൾക്ക് പ്രത്യേക വിദ്യാലയങ്ങൾപഞ്ചായത്തിന്റെ നേതൃത്വത്തിൽ സ്ഥാപിക്കേണ്ടതാണ്.

ഇന്ന് ജനതയെ വലുതായി സ്വാധീനിക്കുന്ന ടി.വി, റേഡിയോ തുടങ്ങിയ മാധ്യമങ്ങളിൽ വിദ്യാഭ്യാസ പരിപാടികൾ കൂടുതലായിനടത്തുവാനുള്ള സംവിധാനം ഒരുക്കണം. സ്ക്കൂളുകളിൽ ഓഡിയോ, വീഡിയോ സംവിധാനങ്ങൾ ഒരുക്കി വിദ്യാഭ്യാസ പരിപാടികൾ കാണുവാൻ അവസരങ്ങൾ ഒരുക്കണം.

പഞ്ചായത്തിൽ വൈദ്യുതി പ്രശ്നം രൂക്ഷമാകുന്നതുമൂലംകുട്ടികൾക്ക് വീടുകളിൽ പഠിക്കാൻ കഴിയാതെ വരുന്നു. ഇത് പരിഹരിക്കുന്നതിനായി അനർട്ടുമായിബന്ധപ്പെട്ട് സൗജന്യ നിരക്കിൽ സൗരോർജ്ജവിളക്കുകൾ വിതരണം ചെയ്യേണ്ടതാണ്.



"ഒരു ശിശുവുൻറ ശരീരത്തിലും മനസ്സിലും ആത്മവിലുമുള്ള ഏറ്റവും നല്ലതിനെ വികസിപ്പിക്കുന്നതാണ് വിദ്യാഭ്യാസം. – ഗാന്ധിജി."

പട്ടികകൾ താഴെ ചേർക്കുന്നു.

പട്ടിക A

വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ
സ്ക്കൂളുകളുടെ എണ്ണം

വാർഡ്	HS			UPS			LPS			നഴ്സറി			പാരലൽ കോളേജ്		സാങ്കേതിക വിദ്യാലയങ്ങൾ
	സർക്കാർ	എയിഡഡ്	ആകെ	സർക്കാർ	എയിഡഡ്	ആകെ	സർക്കാർ	എയിഡഡ്	ആകെ	സർക്കാർ	സ്വകാര്യം	ആകെ	കോളേജ് ക്ലാസുകൾ മാത്രം നടത്തുന്നവ	സ്ക്കൂൾ കോളേജ് ക്ലാസുകൾ നടത്തുന്നവ	
1.					1	1							1		ഇല്ല
2.								1	1		1	1		1	"
3.								1	1					1	"
4.											1	1			"
5.		1	1											3	"
6.	1		1											1	"
7.															"
8.								1	1						"
9.		1	1				1		1		1	1			"
10.								1	1						"
ആകെ	1	2	3		1	1	1	4	5		3	3	1	6	

പട്ടിക - G

അക്കാദമിക് സൗകര്യങ്ങളുടെ ലഭ്യത

	ലൈബ്രറി	പ്രവർത്തിക്കുന്നത്	ലാബ്	പ്രവർത്തിക്കുന്നത്	പഠനോപകരണങ്ങൾ	റേഡിയോ	ടേപ്പ് റിക്കോർഡർ	ടെലിവിഷൻ	സിനിമാ പ്രൊജക്ടർ	സ്ലൈഡ് പ്രൊജക്ടർ	ബ്ലാക് ബോർഡ് ആവശ്യമുള്ളവ	സ്കൂൾ പി.ടി.എ പ്രവർത്തിക്കുന്നുണ്ടോ
ഉള്ളത്	5	5	3	2	7	3	1		1	1	6	9
ഇല്ലാത്തത്	4	4	6	1	(പരിമിതം)	6	8	9	8	8	3	

പട്ടിക - H

ഭൗതിക സാഹചര്യങ്ങൾ

സ്കൂൾ	ആകെവിദ്യാർത്ഥികൾ	ആകെ അദ്ധ്യാപകർ	മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം	വൈദ്യുതി
ഗവ. സംസ്കൃതഹൈസ്ക്കൂൾ ചാരമംഗലം	579	29	3	2	ഇല്ല	ഉണ്ട്
ഏ.ബി.വി.എച്ച്.എസ് മുഹമ്മ	1453	56	4	3	ഉണ്ട്	ഉണ്ട്
എം.ടി.എച്ച്.എസ് മുഹമ്മ	360	12	2	3	ഉണ്ട്	ഉണ്ട്
കെ.പി.എം.യു.പി.എസ് മുഹമ്മ	529	19	2	1	ഉണ്ട്	ഉണ്ട്
സി.എം.എസ്.എൽ.പി.എസ് മുഹമ്മ	315	6	1	ഇല്ല	ഉണ്ട്	ഉണ്ട്
സി.എം.എസ്.എൽ.പി.എസ് കായിപ്പുറം	181	4	1	1	ഉണ്ട്	ഉണ്ട്
ഗവ.എൽ.പി.എസ് മുഹമ്മ	220	9	1	ഇല്ല	ഉണ്ട്	ഉണ്ട്
എസ്.എൻ.വി.എൽ.പി.എസ് മുഹമ്മ	270	8	2	1	ഉണ്ട്	ഇല്ല
ഏ.എം.എൽ.പി.എസ് കായിപ്പുറം	197	7	2	1	ഉണ്ട്	ഉണ്ട്

പട്ടിക - I

മുഹമ്മ ഗ്രാമപഞ്ചായത്ത് സാമ്പത്തിക ആനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

ക്ര. ന.	സ്ക്കൂളിന്റെ പേര്	മെറിറ്റ്സ്കോളർഷിപ്പ്	ലംസംഗ്രാന്റ്	മുസ്ലിംപെൺകുട്ടികളുടെ സ്കോളർഷിപ്പ്	വികലാംഗസ്കോളർഷിപ്പ്	ജവാൻമാരുടെമക്കൾക്കുള്ള വിദ്യാഭ്യാസആനുകൂല്യം	ബീഡിതൊഴിലാളി സ്കോളർഷിപ്പ്	മത്സ്യതൊഴിലാളികളുടെ കുട്ടികൾക്കുള്ള സ്കോളർഷിപ്പ്	മറ്റുള്ളവ വ്യക്തമാക്കുക
1	ഗവ.സംസ്കൃതഹൈസ്ക്കൂൾ ചാരമംഗലം	11	31	3	10			8	5 (USS) 1 (LSS) 40 (SM) സ്കോളർഷിപ്പ്
2.	ഏ.ബി.വി.എച്ച്.എസ് മുഹമ്മ	18	266	31	1			14	14സ്റ്റൈപ്പെൻറ് (S/T)
3.	എം.ടി.എച്ച്.എസ്. മുഹമ്മ	1	14	1				14	4(USS)
4.	കെ.പി.എം.യു.പി.എസ് മുഹമ്മ	36	37	34				40	
5.	സി.എം.എസ്.എൽ.പി.എസ് മുഹമ്മ		8			2		78	
6.	സി.എം.എസ്.എൽ.പി.എസ് കായിപ്പുറം		10						
7.	ഗവ. എൽ.പി.എസ് മുഹമ്മ		17		2	1			
8.	എസ്.എൻ.വി.എൽ.പി.എസ് മുഹമ്മ		18						
9.	ഏ.എം.എൽ.പി.എസ് കായിപ്പുറം		15			1		14	

പട്ടിക - J

അക്കാദമിക് നിലവാരം

ക്ലാസ്	ആകെ	കുട്ടികളുടെ പൊതുനിലവാരം					
		30% ത്തിനു താഴെ	30-40% മാർക്ക് നേടുന്നവർ	40-50% മാർക്ക് നേടുന്നവർ	50-60% മാർക്ക് നേടുന്നവർ	60% മാർക്ക് നേടുന്നവർ	
3	283	56	44	30	43	110	1996 ലെ പാദവർഷ പരീക്ഷാഫലത്തിന്റെ പട്ടിക
4	289	26	35	54	45	129	
5	442	120	68	90	57	107	
6	519	227	109	68	46	69	
7	496	265	74	60	49	48	
8	469	219	80	66	50	54	
9	512	184	92	114	60	62	
10	431	174	60	92	42	63	
ആകെ	3441	1271	562	574	392	642	

5 -5

കുടിവെള്ളം പൊതുജനാരോഗ്യം

"വെള്ളം വെള്ളം സർവ്വത്ര
തുള്ളി കുടിപ്പാനില്ലാത്രെ"(വൈലോപ്പിള്ളി)

മുഹമ്മ പഞ്ചായത്തിലെ കുടിവെള്ളത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ ഓർമ്മയിൽ ഓടിയെത്തുന്ന വരികളാണ് മുകളിൽ ഉദ്ധരിച്ചത്. വേമ്പനാട്ട് കായലും അനേകം കൈത്തോടുകളും കുളങ്ങളും ഒക്കെക്കൊണ്ട് സമ്പന്നമാണ് നമ്മുടെ പഞ്ചായത്ത്. നിർഭാഗ്യമെന്നു പറയട്ടെ കുടിക്കാനുള്ള ശുദ്ധജലം മാത്രം ഇവിടെ ലഭ്യമല്ല. പണ്ടു കാലങ്ങളിൽ സ്വന്തം പുരയിടത്തിലെ കുളത്തിലെ ജലമാണ് ഗ്രാമീണർ കുടിക്കാനുപയോഗിച്ചിരുന്നത്. ഇന്ന് ജലസ്രോതസ്സുകൾ എല്ലാം മലിനമാണ്. കുഴൽ കിണറുകളേയും , കിണറുകളേയും, കുളങ്ങളേയുമാണ് പ്രധാനമായും കുടിവെള്ളത്തിനാ ശ്രയിക്കുന്നത് അപൂർവ്വമായി പൊതുടാപ്പുകളെയും ആശ്രയിക്കുന്നുണ്ട്.

പട്ടിക - 1

കുടിവെള്ള സ്രോതസ്സുകൾ

പൊതുകിണർ ഉപയോഗിക്കുന്ന കുടുംബങ്ങൾ	944
സ്വകാര്യ കിണറുകൾ ഉപയോഗിക്കുന്ന കുടുംബങ്ങൾ	2432
കുഴൽ കിണർ ഉപയോഗിക്കുന്ന കുടുംബങ്ങൾ	427
പൊതുകുളം ഉപയോഗിക്കുന്ന കുടുംബങ്ങൾ	
സ്വകാര്യകുളം ഉപയോഗിക്കുന്ന കുടുംബങ്ങൾ	1134
പൈപ്പ് വെള്ളംഉപയോഗിക്കുന്ന കുടുംബങ്ങൾ	229
ആകെ കുടുംബങ്ങൾ	5166

കുടിവെള്ളം

പ്രശ്നങ്ങൾ

1. പൊതു ടാപ്പുകൾക്ക് സംരക്ഷണമില്ല.
2. ഭൂരിപക്ഷം സ്ഥലങ്ങളിലും പ്രത്യേകിച്ച് തീരദേശവാർഡുകളിൽ ശുദ്ധജലം ലഭിക്കുന്നില്ല.
3. കോളനികളിൽ ശുദ്ധജലത്തിന്റേയും പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യങ്ങളുടെയും അഭാവം.
4. പഞ്ചായത്തിൽ ശുദ്ധജലവിതരണം നടത്തുന്നതിന് വാട്ടർ അതോറിറ്റിയുടെ 2 വാട്ടർടാങ്കുകൾ നിലവിലുണ്ട്. ജലസംഭരണശേഷി കൂടുതലുള്ള ഈ ടാങ്കുകളിൽ നിറയ്ക്കാനുള്ള ജലസ്രോതസ്സും പര്യാപ്തമല്ല.

സാധ്യതകൾ

പഞ്ചായത്തിലെ ഭൂരിപക്ഷം കുടുംബങ്ങൾ കുടിവെള്ളത്തിനുവേണ്ടി ആശ്രയിക്കുന്നത് കുളങ്ങളേയും കിണറുകളേയുമാണ്. ഈ അടുത്ത കാലത്ത് കുഴൽ കിണറുകളുടെ എണ്ണം വർദ്ധിച്ചിട്ടുണ്ട്. കുളങ്ങളിലെ വെള്ളം ഉപയോഗിച്ചിരുന്നവരിൽ ഭൂരിപക്ഷം പേരും കുഴൽ കിണറുകളിലെ വെള്ളം ഉപയോഗിക്കുന്ന പ്രവണതയും കണ്ടുവരുന്നു. കേരളാ വാട്ടർ അതോറിറ്റിക്ക് മുഹമ്മആശുപത്രിക്കു സമീപവും കായിപ്പുറത്തുമായി 2 ജലസംഭരണികളുണ്ട്. 136 പൊതു ടാപ്പുകൾ ഇവിടെ ഉണ്ട്. മുഹമ്മ ജലസംഭരണിയിൽ നിന്നും വിതരണം ചെയ്യുന്ന ജലം കുടിവെള്ളമായി ഉപയോഗിക്കാൻ പറ്റാത്തതാണെന്നുള്ള പരാതിയും നിലനിൽക്കുന്നു. വേമ്പനാട്ട്കായലിന്റെ തീരത്തുള്ള വാർഡുകളിൽ (1,2,3,4,10) താമസിക്കുന്നവരിൽ ഭൂരിപക്ഷം പേർക്കും ശുദ്ധജലം ലഭിക്കുന്നില്ല. ഈ പ്രദേശങ്ങളിലെ കുളങ്ങളിലും,കിണറുകളിലും നിന്ന് ലഭിക്കുന്ന വെള്ളത്തിന് ചെളിയുടെ ദുസ്വാദും ഉപ്പുരസവും അനുഭവപ്പെടുന്നു. പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ശുദ്ധജലം എത്തിക്കുന്നതിനുവേണ്ടിനിലവിലുള്ള ജലസംഭരണികൾ പര്യാപ്തമാക്കുകയും തീരപ്രദേശങ്ങളിലേയ്ക്ക് പുതിയ പൈപ്പു ലൈനുകൾ സ്ഥാപിച്ച് ശുദ്ധജലം എത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും നിലവിലുള്ള പൊതു ടാപ്പുകൾ യഥാസമയം അറ്റകുറ്റപണികൾ ചെയ്യിക്കുന്നതിനും അവ സംരക്ഷിക്കുന്നതിന് ജനകീയ സമിതി രൂപീകരിക്കുകയും ചെയ്യേണ്ടതാണ്.ഹൗസ് കണക്ഷനുകൾ കൊടുക്കുവാനുള്ള വ്യവസ്ഥകൾ ഉദാരമാക്കുകയും ശുദ്ധജലം ലഭ്യമാക്കുകയും ചെയ്യേണ്ടതും ആവശ്യമാണ്.

പട്ടിക - 2. KWA പദ്ധതികൾ

ശുദ്ധജലസംഭരണികൾ	സംഭരണശേഷി	ആരംഭിച്ച വർഷം	ജലസംഭരണശേഷിഅനുസരിച്ച് നൽകിയിട്ടുള്ള ടാപ്പുകൾ
മുഹമ്മ	45000	1972	136
കായിപ്പുറം	90000	1954	

കോളനികളിൽ ഇന്നുള്ള ഇ.എസ്.പി. ടൈപ്പ് കക്കുസുകൾ പലതും ഉപയോഗശൂന്യമായിരിക്കുകയാണ്. ഇതിനു പകരമായി ഇരട്ടക്കുഴി കക്കുസുകൾ നിർമ്മിച്ചുകൊടുക്കേണ്ടതാണ്. കോളനികളിലെ വീടുകൾ സ്ഥിതി ചെയ്യുന്നത് നാലോ,അഞ്ചോ സെൻറിനുള്ളിലാണ്. ഇപ്പോൾ ഈ കോളനികളിൽ ശുദ്ധജലം ലഭിക്കുന്നത് പൊതു കിണറോ, കുളമോ മുഖേനയാണ്. ഇത് അവിടെ താമസിക്കുന്നവർക്ക് വളരെയധികം ബുദ്ധിമുട്ട് ഉളവാക്കുന്നുണ്ട്. എല്ലാ കോളനികളിലും ഓരോ ഓവർ ഹെഡ് ടാങ്ക് നിർമ്മിക്കുകയും എല്ലാ വീടുകളിലേയ്ക്കും പൈപ്പുകൾ വഴി ജലവിതരണം നടത്തുകയും ചെയ്താൽ ഈ പ്രശ്നത്തിന് പരിഹാരമാകും.

കുളം, കിണർ, കുഴൽ കിണർ എന്നീ സ്രോതസ്സുകളിൽ നിന്നും ലഭിക്കുന്ന ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള സംവിധാനം ഉണ്ടാകേണ്ടിയിരിക്കുന്നു.

ആരോഗ്യപരിപാലനം

ആരോഗ്യമുള്ള ഒരു ജനതയാണ് ഒരു രാഷ്ട്രത്തിന്റെ സമ്പത്ത് എന്നു പറയാറുണ്ട്. ആരോഗ്യം എന്നാൽ രോഗമില്ലാത്ത അവസ്ഥയാണ്. ശരിയായ വ്യായാമം,പോഷകമൂല്യമുള്ള ഭക്ഷണം, ശുചിത്വപരിപാലനം

ശുദ്ധജലം, ശുദ്ധവായു എന്നിവയെല്ലാം കൂടിച്ചേരുമ്പോഴാണ് ശരിയായ ആരോഗ്യം ഉണ്ടാകുന്നത്. പ്രാചീനകാലത്ത് മനുഷ്യർ പ്രകൃതിയുടെ ഭാഗമായാണ് ജീവിച്ചുപോന്നത്. അധ്വാനവും അതനുസരിച്ചുള്ളഭക്ഷണക്രമവും നിലനിന്നിരുന്നു. ജലവും വായുവും വിവിധ വസ്തുക്കൾ കൊണ്ട് മലിനീകരിക്കപ്പെട്ടിരുന്നില്ല. ഈയൊരവസ്ഥയിൽ രോഗം അവരിൽ വളരെ കുറവായി കാണപ്പെട്ടിരുന്നു.

ശാസ്ത്ര സാങ്കേതികരംഗത്തെ മുന്നേറ്റം മനുഷ്യജീവിതത്തെ വളരെ സഹായിച്ചിട്ടുണ്ടെങ്കിലും കൃത്രിമവസ്തുക്കളുടെ ഉപയോഗം നിമിത്തം അവന്റെആരോഗ്യം ക്രമേണ തകരാറിലായി.

പട്ടിക - 3

മുഹമ്മ പഞ്ചായത്തിലെ സർക്കാർ ആരോഗ്യകേന്ദ്രങ്ങൾ

ക്ര.ന.	സ്ഥാപനങ്ങൾ	വാർഡ്	ജീവനക്കാരുടെഎണ്ണം	സ്ഥാപിച്ച വർഷം
1.	പി.എച്ച്.സെൻറർ മുഹമ്മ	VIII	34	1946
2.	ആയുർവ്വേദാശുപത്രി	IV	04	1952
3.	ഇ.എസ്.ഐ ഡിസ്പെൻസറി	I	12	1981
4.	പി.എച്ച്.സിയുടെ സബ്സെൻററുകൾ കല്ലാപ്പുറം	VI	1	
5.	പള്ളിക്കുന്ന്	I	1	
6.	എസ്.എൻ.വിക്ക് കിഴക്കുവശം	VIII	1	
7.	ആര്യക്കര ക്ഷേത്രത്തിനുകിഴക്കുവശം	II	1	
8.	കായിപ്പുറം	III	1	
9.	പുജവെളി	X	1	

മണ്ണിലെ അധ്വാനം കുറഞ്ഞതും ശാരീരിക അധ്വാനത്തിൻെറഭാഗത്ത് യന്ത്രങ്ങളെ നൽകിയതുമെല്ലാം ആരോഗ്യത്തെ കാര്യമായി ബാധിച്ചു. പരിസരം. വൃത്തിയാക്കി സൂക്ഷിച്ചിരുന്ന പഴയ പാരമ്പര്യം നമുക്ക് നഷ്ടമാകാനും തുടങ്ങി. ഈയൊരവസ്ഥയിൽ നിന്നുവേണം നമ്മൾ പൊതുജനാരോഗ്യത്തെക്കുറിച്ച് ചിന്തിക്കേണ്ടത്.

പഞ്ചായത്തിലെ പഴയ ചികിത്സാരീതി ആയുർവേദമായിരുന്നു. അത് ഇന്നു കാണുന്നതുപോലെ മെഡിക്കൽ ഷോപ്പുകളിൽ നിന്നു മരുന്ന് വാങ്ങി ഉപയോഗിക്കലല്ലായിരുന്നു. അന്ന് ആയുർവേദവൈദ്യൻമാരുണ്ടായിരുന്നു. അവർ നിർദ്ദേശിക്കുന്നതനുസരിച്ച് പച്ച മരുന്നുകൾ ശേഖരിച്ച് ഔഷധങ്ങൾ ഉണ്ടാക്കി കഴിക്കുകയാണ് ചെയ്തിരുന്നത്. പിന്നീട് ഹോമിയോ മരുന്നിൻെറ ഉപയോഗവും ഉണ്ടായി.ആധുനികകാലമായതോടെരോഗങ്ങളുടേയും,രോഗികളുടേയുംസംഖ്യ വർദ്ധിച്ചു. ചികിത്സാരീതിയും നവീനമായി. ഇംഗ്ലീഷ് ചികിത്സാരീതിയാണ് ഇന്ന് കൂടുതൽ നിലവിലുള്ളത്. ജലജന്യരോഗങ്ങളും വായുജന്യരോഗങ്ങളും വർദ്ധിച്ചുവരുന്നു. ഒരു കാലത്ത്നമ്മൾ നിർമ്മാർജ്ജനം ചെയ്തു എന്നു കരുതിയിരുന്ന കോളറ, മലേറിയ എന്നീ രോഗങ്ങൾ തിരിച്ചുവന്നിരിക്കുന്നു. കൂടാതെ എലിപ്പനി, മെനഞ്ചൈറ്റിസ് തുടങ്ങി ചില പുതിയ രോഗങ്ങളും. ഈ പരിതസ്ഥിതിയിൽ ആരോഗ്യ പരിപാലനത്തിന് കൂടുതൽ ശ്രദ്ധ നൽകേണ്ടിയിരിക്കുന്നു.

പട്ടിക - 4 കുടുംബാരോഗ്യ രജിസ്റ്റർ

(അവലംബം മുഹമ്മ പി.എച്ച്. സെൻറർ)

പി.എച്ച് സെൻറർ മുഹമ്മയുടെ പരിധിയിൽ പെടുന്നമുഴുവൻ വീടുകളുടേയുംഎണ്ണം	7642
കുടിവെള്ള ലഭ്യത	കിണർ പൈപ്പ്വെള്ളം
കക്കൂസ്	75%
വൈദ്യുതീകരണം	70%
രോഗാവസ്ഥ	70 1000
പ്രതിരോധചികിത്സ	100%

പഞ്ചായത്തിൽ ഗവൺമെൻറുടമയിൽ ഒരു ആയുർവേദ ഡിസ്പെൻസറിയുണ്ട്. രോഗികളെ പരിശോധിച്ച് മരുന്ന് നിർദ്ദേശിക്കുകയും കൊടുക്കുകയുമല്ലാതെ കിടത്തി ചികിത്സയില്ല.

പട്ടിക 5

ആയുർവേദ ഡിസ്പെൻസറി

സ്ഥാപിച്ച വർഷം	1952
ആകെ സ്റ്റാഫ്	4
സ്ത്രീകൾ	2
പുരുഷൻമാർ	2
ഒരുദിവസം വരുന്ന ശരാശരി രോഗികൾ	175
സ്ത്രീകൾ	125
പുരുഷൻമാർ	50

സ്ത്രീ രോഗികളാണ് കൂടുതൽ എത്തിച്ചേരുന്നത്.വാതം, കൈകാൽ കഴപ്പ്,എന്നീരോഗങ്ങൾക്കാണ് സാധാരണ ചികിത്സ തേടി എത്താറുള്ളത്.

ഈ പഞ്ചായത്തിലെ വലിയ ചികിത്സാകേന്ദ്രം മുഹമ്മ പബ്ലിക് ഹെൽത്ത്സെൻററാണ്. 1946ൽ ദ്വൈവാര ഡിസ്പെൻസറിയായി പ്രവർത്തനം ആരംഭിച്ച ആശുപത്രി 1952ൽ പി.എച്ച്.സി.ആയി ഉയർത്തി. 23രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമേ ഉള്ളൂ.ഒരു കയർ വാർഡ്, ഒരു ചെറിയ ഓപ്പറേഷൻ തിയറ്റർ എന്നിവ ഉണ്ട്. പ്രസവവാർഡ് ഉണ്ടെങ്കിലും സൗകര്യങ്ങൾ പര്യാപ്തമല്ല. പുതിയ ഒരു പ്രസവവാർഡ് പണിയുന്നതിന് ഫണ്ടും ലഭിച്ചിട്ടുണ്ട്. ഒരു ദിവസം ശരാശരി 500ൽപരം രോഗികൾ ഈ സ്ഥാപനത്തിലെത്തുന്നുണ്ട്.

5 പഞ്ചായത്തുകൾ അടങ്ങുന്ന കഞ്ഞിക്കുഴി ബ്ലോക്കിലെ ജനസമൂഹത്തിൽ നല്ലൊരു പങ്കും ഈ പി.എച്ച്.സിയെയാണ്ആശ്രയിക്കുന്നത്. സമൂഹത്തിൻെറ അടിയന്തിരാവശ്യങ്ങൾ നിറവേറ്റുന്നതിന്ഈസ്ഥാപനത്തിലെ സൗകര്യം പര്യാപ്തമല്ല.

പട്ടിക - 6

സ്റ്റാഫിനെ സംബന്ധിക്കുന്ന വിവരങ്ങൾ

ചീഫ് മെഡിക്കൽ ഓഫീസർ	1
അസിസ്റ്റൻറ് മെഡിക്കൽ ഓഫീസർ	3
നോൺ മെഡിക്കൽ സൂപ്പർവൈസർ	1
ലെപ്രസി ഇൻസ്പെക്ടർ	1
സ്റ്റാഫ് നേഴ്സ്	3
ക്ലാർക്ക്	2
പ്യൂൺ	1
അറ്റൻഡർ	2
നേഴ്സിങ് അസിസ്റ്റൻറ്	2
ഒഫ്താൽമിക് അസിസ്റ്റൻറ്	1
ലേഡിഹെൽത്ത് സൂപ്പർവൈസർ	1
ലേഡിഹെൽത്ത് ഇൻപെക്ടർ	3
ജൂനിയർ പി.എച്ച്. നേഴ്സ്	6
ലാബ് ടെക്നീഷ്യൻ	1
ഫാർമസിസ്റ്റ്	1
സ്വീപ്പർ	1

പി.എച്ച്.സി.കീഴിൽ ആറ് സബ്സെൻററുകൾ പ്രവർത്തിക്കുന്നുണ്ട്.

1981 മുതൽ ഒരു ഇ.എസ്.ഐ. ആശിപത്രിയും ഇവിടെ പ്രവർത്തിച്ചു വരുന്നുണ്ട്. അംഗീകൃത തൊഴിലാളികൾക്ക് ഇതുമൂലം വളരെ പ്രയോജനം ചെയ്യുന്നുണ്ട്. ഒരു വർഷം 60000 ത്തോളം രോഗികൾ ഇവിടെഎത്തുന്നതായിട്ടാണ് കണക്ക്. ഇത്രയും രോഗികൾക്ക് ചികിത്സാ സൗകര്യങ്ങൾ ലഭിക്കുന്നതിനുള്ള സംവിധാനം ഇവിടെ പരിയാപ്തമല്ല. ആവശ്യമായ സ്റ്റാഫില്ല.

പട്ടിക 7

E.S.I. ഹോസ്പിറ്റൽ മുഹമ്മ

E.S.I.ഹോസ്പിറ്റൽസ്ഥാപിതം	1981
ഒരുവർഷംശരാശരി ചികിത്സയ്ക്കായി എത്തുന്ന രോഗികൾ	6000
ആവശ്യമായ ചികിത്സാസൗകര്യം	ഇല്ല
ഭൂരിഭാഗം ചികിത്സയ്ക്കായി എത്തുന്നവർ	സ്ത്രീകൾ
ഗവൺമെൻറ് സൗകര്യം	ഇല്ല
ഒരു ദിവസം ഏകദേശം ചികിത്സയ്ക്കായി എത്തുന്ന രോഗികൾ	175
ആകെജീവനക്കാരുടെ	14
തസ്തിക നിലവിലുള്ളത്	12
ഒഴിവുള്ളത്	2
കെട്ടിടം സർക്കാർ/വാടക	വാടക

ഇതു കൂടാതെ സ്വകാര്യ വ്യക്തികൾ നടത്തുന്ന ആയുർവ്വേദ ചികിത്സാ സ്ഥാപനങ്ങളും, ഹോമിയോ സ്ഥാപനങ്ങളും പഞ്ചായത്തിൻെറ പല ഭാഗങ്ങളിലുമുണ്ട്. രോഗികൾ താൽക്കാലിക മായി ഇവയെ ആശ്രയിക്കാറുണ്ട്.

പ്രശ്നങ്ങൾ

1. മുഹമ്മ ഗവൺമെൻറ് ആയുർവേദ ആശുപത്രിയിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമില്ല. മരുന്നുകൾ ആവശ്യത്തിന് ലഭ്യമല്ല.
2. മുഹമ്മയിൽ ഒരു ഹോമിയോ ആശുപത്രിയില്ല.
3. മുഹമ്മ പി.എച്ച്. സെൻററിൽ ചികിത്സാ സൗകര്യം അപര്യാപ്തമാണ്.
4. പി.എച്ച്. സെൻററിൻെറ കീഴിൽ പ്രവർത്തിക്കുന്ന അഞ്ച് സബ് സെൻററുകൾക്കും കെട്ടിടമില്ല.
5. കൊതുകുനിവാരണത്തിന് ഫലപ്രദമായ സംവിധാനമില്ല.
6. ശസ്ത്രക്രിയയ്ക്ക് ആവശ്യമായ രക്തം യഥാസമയം ലഭിക്കാൻ ബുദ്ധിമുട്ടുണ്ട്.
7. സ്ക്കൂൾ കുട്ടികളുടെ ആരോഗ്യത്തെ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനുള്ള സംവിധാമില്ല.
8. പരിസര ശുചിത്വമില്ലായ്മ വർദ്ധിക്കന്നു.
9. അമ്മമാർക്ക് ആരോഗ്യപരിപാലനത്തെ സംബന്ധിക്കുന്ന വിവരങ്ങൾ വേണ്ടത്ര കൊടുക്കാൻ കഴിയുന്നില്ല.
10. പ്രകൃതി ചികിത്സാകേന്ദ്രമില്ല.
11. നായ്ക്കളുടെ ശല്യം വർദ്ധിക്കുന്നു.
12. ശ്വാസകോശരോഗങ്ങൾ വർദ്ധിക്കുന്നു.
13. പൊതുകക്കുസുകളും, മൂത്രപ്പുരകളുമില്ല.

സാധ്യതകൾ

ഭാരതീയരുടെ തനതു ചികിത്സാ സമ്പ്രദായമാണ് ആയുർവ്വേദം. ഈ ചികിത്സാരീതിക്ക് അമൂല്യമായ പല ശക്തിവിശേഷങ്ങളുമുണ്ട്. മുഹമ്മയിൽ ഒരു ആയുർവ്വേദ ആശുപത്രിയുണ്ട്. സ്ഥലപരിമിതി, കെട്ടിടങ്ങളുടെ പരിമിതി, സ്റ്റാഫിൻെറ പരിമിതി, ചികിത്സാസൗകര്യങ്ങളുടെപരിമിതി ഇങ്ങനെപരിമിതികളാൾ ഈ ആശുപത്രി ഒരു പ്രതിസന്ധിയിലാണ്. ഇവിടെരോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യമുണ്ടാകണം. മരുന്നുകൾക്ക് താരതമ്യേന വിലകൂടുതലാണ്. ആയതിനാൽ സർക്കാരിൽനിന്നും രോഗികൾക്ക് ആവശ്യമുള്ള മരുന്നു് ലഭിക്കുവാനുള്ള സംവിധാനമുണ്ടാകണം. ഇപ്പോളിത് വാടകകെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. സ്വന്തമായി കെട്ടിടം പണിതിട്ടുണ്ടങ്കിലും വൈദ്യുതി കുടിവെള്ളം സ്റ്റാഫിനുള്ള ചില സൗകര്യങ്ങൾ ഇവ ഇല്ലാത്തതുമൂലമാണ് സ്വന്തം കെട്ടിടത്തിലേക്ക് മാറുവാൻ കഴിയാത്തത്. ഇതിന് അടിന്തിരപരിഹാരം വേണം.

പാവപ്പെട്ടവൻെറ ചികിത്സാ സമ്പ്രദായമാണ് ഹോമിയോ. ഇതിന് ഇന്ന് പരക്കെ പ്രചാരംലഭിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിൽ സർക്കാർ മേഖലയിൽ ഒരു ഹോമിയോ ചികിത്സാലയമില്ല.

ആയതിനാൽ രോഗികൾ പലപ്പോഴും സ്വകാര്യ ചികിത്സാകേന്ദ്രങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. ഇത് പരിഹരിക്കുന്നതിന് ഒരു ഹോമിയോ ചികിത്സാലയം സർക്കാർ ഉടമയിൽ പഞ്ചായത്തിൽ സ്ഥാപിക്കേണ്ടതാണ്.

ഈ പഞ്ചായത്തിലേയും അന്യ പഞ്ചായത്തുകളിലേയും നല്ലൊരു വിഭാഗം രോഗികളുടെ അഭയ കേന്ദ്രമാണ് മുഹമ്മ പി.എച്ച്.സി. ഇല്ലായ്മകളുടെ ഒരു പട്ടിക തന്നെ ഈ പി.എച്ച്.സി യുടെ കാര്യത്തിൽ നിരത്താൻ കഴിയും. താഴെ കൊടുക്കുന്ന പട്ടിക പരിശോധിച്ചാൽ ഈ ഡിസ്പെൻസറിയിൽ വരുന്ന രോഗികളുടെ എണ്ണം മനസിലാക്കാം.

പട്ടിക - 8

1995-96	OP
പുരുഷൻമാർ	22865
സ്ത്രീകൾ	23645
കുട്ടികൾ	8240
ആകെ	54750

1995-96	IP
പുരുഷൻമാർ	6248
സ്ത്രീകൾ	3827
കുട്ടികൾ	1260
ആകെ	11335
രോഗം ഭേദമായവർ	41676
ആശ്വാസം ലഭിച്ചവർ	12696
MCHൽ പ്രവേശിപ്പിച്ചവർ	378

1995-96ൽ 220 പ്രസവം നടന്നതായി ആശുപത്രി രേഖകൾ കാണിക്കുന്നു. ഒരു മാതൃമരണംപോലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

ആശുപത്രിക്ക് സ്ഥലപരിമിതിയുണ്ട്. കുറഞ്ഞത് ഒരു ഏക്കർ സ്ഥലമെങ്കിലും കൂടുതലായി എടുക്കുകയും അവിടെ വിപുലമായ സൗകര്യങ്ങളോടുകൂടിയ കെട്ടിടങ്ങൾ പണിയുകയും വേണം. ഇപ്പോഴുള്ള ഓപ്പറേഷൻ തിയറ്റർ വിപുലീകരിച്ച് മേജർ ഓപ്പറേഷൻ നടത്തുവാനുള്ള സൗകര്യമുണ്ടാകണം. ആശുപത്രിയോട് ചേർന്ന് ബ്ലഡ് ബാങ്കും സ്ഥാപിക്കണം. ഏതടിയന്തിര ഘട്ടത്തിലും രോഗികൾക്ക് ചികിത്സാസൗകര്യം ലഭിക്കുന്നതിനുവേണ്ടി രാത്രി കാലങ്ങളിൽ ഡ്യൂട്ടി ഡോക്ടർമാരുടെ സേവനം ഉണ്ടായിരിക്കണം. കൂടുതൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനാവശ്യമായിട്ടുള്ള കെട്ടിടങ്ങളും മറ്റു സൗകര്യങ്ങളും ഉണ്ടാകണം. ഇന്നിപ്പോൾ 23 കിടക്കകളുള്ള ഈ ആശുപത്രിയിൽ 80ൽപരം രോഗികളെ തറയിലും മറ്റും കിടത്തി ചികിത്സിക്കേണ്ടി വരുന്നു. ഇവർക്കാവശ്യമായ കക്കൂസുകളും മൂത്രപ്പുരകളുമില്ല. അതുമൂലം പല ആരോഗ്യപ്രശ്നങ്ങളും ഉണ്ടാകാറുണ്ട്. മൈനർ ഓപ്പറേഷൻ തിയറ്റർ ഉണ്ടെങ്കിലും ഒരു ജനറേറ്ററിന്റെ പോരായ്മനിലനിൽക്കുന്നു. ഇന്ന് ലഭിക്കുന്ന മരുന്നുകൾ അപര്യാപ്തമാണ്. തൻമൂലം പലപ്പോഴും പുറത്തേയ്ക്ക് മരുന്നു കുറിക്കേണ്ടി വരുന്നു. ഇതിനു മാറ്റമുണ്ടാക്കാൻ കഴിയണം. ഫാർമസിയുടേയും സ്റ്റോറിന്റെയും സ്ഥലസൗകര്യം വർദ്ധിപ്പിക്കേണ്ടതുണ്ട്. വിപുലമായ ലബോറട്ടറി സൗകര്യങ്ങളും ആവശ്യമാണ്. വർദ്ധിച്ചുവരുന്ന രോഗികളുടെ എണ്ണം പരിഗണിച്ച് ആവശ്യമായ സ്റ്റാഫിനെ നിയമിക്കേണ്ടതുണ്ട്. ഒരു ആംബുലൻസും ഈ ആശുപത്രിക്ക് സ്വന്തമായി ഉണ്ടാകണം. നിവാരണം ചെയ്ത ചിലരോഗങ്ങളുടെ തിരിച്ചുവരവും, പുതിയ ചില രോഗങ്ങളുടെ ആവിർഭാവവും, വർദ്ധിച്ചുവരുന്ന രോഗികളുടെ എണ്ണവുംപരിഗണിച്ച് മുഹമ്മ പി.എച്ച് സെൻർ ഒരു കമ്മ്യൂണിറ്റി സെൻററായി അടിയന്തിരമായി ഉയർത്തേണ്ടതാണ്. സ്റ്റാഫിനാവശ്യമായ ക്വോർട്ടേഴ്സ്

വാഹനങ്ങൾ പാർക്കു ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ചുറ്റുമതിൽ തുടങ്ങിയവ നിർമ്മിക്കണം.

ESI ആശുപത്രിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും സ്വന്തം കെട്ടിടത്തിലേയ്ക്ക് പ്രവർത്തനം മാറ്റുകയും വേണം. ഒരു വർഷം അറുപതിനായിരത്തിലധികം രോഗികൾ എത്തുന്ന കേന്ദ്രം എന്ന നിലയിൽ രോഗികളെ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യം മുഹമ്മ ESI ആശുപത്രിക്കുണ്ടാകേണ്ടതാവശ്യമാണ്. ഇപ്പോൾ നിലനിൽക്കുന്ന സ്റ്റാഫിന്റെ പോരായ്മ പരിഹരിക്കേണ്ടതുണ്ട്.

കൊതുകു പരത്തുന്ന രോഗങ്ങൾ ഈ പഞ്ചായത്തിൽ വർദ്ധിച്ചുവരുന്നു. ഉദാഹരണം മലേറിയ, ഫൈലേറിയ. ഈ സാഹചര്യത്തിൽകൊതുകുകളെ നശിപ്പിക്കേണ്ടത് അനിവാര്യമാണ്. അതിനായി ജലം കെട്ടി നിൽക്കുന്ന സ്ഥലങ്ങളിൽ ജലനിർഗ്ഗമന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും അല്ലാത്തിടങ്ങളിൽ കൊതുകു നശീകരണപ്രവർത്തനം നടത്തുകയും ചെയ്യണം. ഇതിന് സന്നദ്ധസംഘടനകളുടെ സഹായം തേടണം.

സന്നദ്ധസംഘടനകളുടെ സഹായത്തോടെ രക്തദാനത്തിന് തയ്യാറുള്ളവരെ കണ്ടെത്തി രക്തഗ്രൂപ്പുകൾ നിർണ്ണയിച്ച് ഒരു ലിസ്റ്റ് ആശുപത്രിയിലും ഒരു ലിസ്റ്റ് പഞ്ചായത്തിലും സൂക്ഷിക്കേണ്ടതാണ്. സ്കൂളുകളിൽ കുട്ടികളുടെ ആരോഗ്യ പരിശോധന നടത്തി ഹെൽത്തുകാർഡുകൾ വിതരണംചെയ്യേണ്ടതാണ്. പരിസര ശുചിത്വമില്ലായ്മ ഒരു പ്രധാന പ്രശ്നമാണ്. ഇതിന് ബോധവത്കരണം ആവശ്യമാണ്. കൂടാതെ ജലാശയങ്ങൾ എല്ലാം മലിനമാണ്. അവയെ മലിനമാക്കുന്ന കാരണങ്ങൾ കണ്ടെത്തി പരിഹാര മാർഗ്ഗങ്ങൾ ഉണ്ടാകണം. മുഹമ്മ ജംഗ്ഷൻ കേന്ദ്രീകരിച്ച് യാത്രക്കാർക്കും കച്ചവടക്കാർക്കും ഉപയോഗിക്കാൻ കഴിയുന്ന നിലയിൽ മൂത്രപ്പുരകളും പൊതുകക്കൂസും നിർമ്മിക്കണം. മാർക്കറ്റിലെ അവശിഷ്ടങ്ങൾ അന്നന്നു നീക്കംചെയ്യുവാനുള്ള സൗകര്യം ഏർപ്പെടുത്തണം. അംഗനവാടികളേയും വായനശാലകളേയും മറ്റു സന്നദ്ധസ്ഥാപനങ്ങളേയും കേന്ദ്രീകരിച്ച് അമ്മമാർക്ക് ആരോഗ്യബോധവത്കരണക്ലാസുകൾ ഫലപ്രദമായി നടത്തേണ്ടതാണ്.

പ്രകൃതിചികിത്സയോടുള്ള താത്പര്യം വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ പഞ്ചായത്തിൽ പ്രകൃതിചികിത്സയ്ക്കാവശ്യമായ സൗകര്യം ഏർപ്പെടുത്തണം.

അലഞ്ഞുതിരിഞ്ഞുനടക്കുന്ന നായ്ക്കളുടെ ശല്യം വർദ്ധിക്കുന്നു. ലൈസൻസില്ലാതെ വളർത്തുന്നതും അലഞ്ഞുനടക്കുന്നതുമായ നായ്ക്കളെപിടികൂടി നശിപ്പിക്കുവാൻ സ്ഥിരം സംവിധാനം ഉണ്ടാകണം. പുകയില്ലാത്ത അടുപ്പുകൾ ഉപയോഗിക്കുന്നതിന് ആവശ്യമായസാമ്പത്തിക-സാങ്കേതിക സഹായം വരുമാനം കുറഞ്ഞ കുടുംബങ്ങൾക്കു് ലഭ്യമാക്കിയാൽ പുകഅടുപ്പുകളിൽ നിന്നുള്ളരോഗബാധ ഒഴിവാക്കുവാനും കുട്ടികളേയും, കുടുംബിനികളേയും ആരോഗ്യം സംരക്ഷിക്കുവാനും കഴിയും. ആകയാൽ പുകയില്ലാത്ത അടുപ്പുകൾ വൻതോതിൽ പ്രചരിപ്പിക്കണം.

പട്ടിക – 8

വർഷം പകർച്ചവ്യാധികൾ
(അവലംബം പി.എച്ച്.സെന്ററർ മുഹമ്മ)

രോഗവിവരം	റിപ്പോർട്ട് ചെയ്യപ്പെട്ട രോഗികൾ	രോഗബാധിത പ്രദേശങ്ങൾ
ശ്വാസകോശരോഗങ്ങൾ	6138	
വയറിക്കരോഗങ്ങൾ	700	മുഹമ്മ
വൈറൽഫീവർ	5052	പഞ്ചായത്തിലെ
ചിക്കൻപോക്സ്	31	എല്ലാവാർഡിലും
മലമ്പനി	8	

പട്ടിക – 9

എലിജിബിൾ കപ്പിൾ രജിസ്റ്റർ – സ്റ്റെർലൈസേഷൻ രജിസ്റ്റർ (അവലംബം പി.എച്ച്.സെന്റെർ മുഹമ്മ)

1995 – 96

കുടുംബക്ഷേമമാർഗ്ഗം സ്വീകരിച്ച സ്ത്രീകൾ	62
കുടുംബക്ഷേമമാർഗ്ഗം സ്വീകരിച്ച പുരുഷൻമാർ	23
ആകെ	85
ഗർഭിണികളുടെ എണ്ണം	444
നവജാതശിശുക്കൾ	220
മാതൃമരണം	ഇല്ല

പട്ടിക – 10

1995 – 96 വയറിളക്കരോഗവുമായി മുഹമ്മ പി.എച്ച്.സി.ൽ എത്തിയവർ

മാസം	രോഗികളുടെഎണ്ണം
ജനുവരി	27
ഫെബ്രുവരി	24
മാർച്ച്	49
ഏപ്രിൽ	35
മേയ്	30
ജൂൺ	48
ജൂലായ്	56
ആഗസ്റ്റ്	55
സെപ്തംബർ	66
ഒക്ടോബർ	62
നവംബർ	63
ഡിസംബർ	61
ആകെ	576

നാടൻ ചികിത്സാരീതി.

വളരെയേറെ ശ്രദ്ധിക്കപ്പെടേണ്ടതും വികസിപ്പിക്കപ്പെണ്ടതുമായ ചികിത്സാരീതിയാണ് നാട്ടുവൈദ്യം, ആധുനികവൈദ്യശാത്രംകൈയൊഴിയുന്ന പലരോഗങ്ങൾക്കും നാട്ടുചികിത്സാരീതി ഫലപ്രദമാകുന്നുണ്ട്. മഞ്ഞപ്പിത്തം ഗുരുതരാവസ്ഥയിലാണ് കണ്ടുപിടിക്കാൻ കഴിയുന്നതെങ്കിൽ അലോപ്പതിയിപ്പോലും ഇതിന് ഔഷധമില്ല. എന്നാൽ നാടൻ ചികിത്സാരീതിയായ പച്ചമരുന്നു കളുടെ ഉപയോഗം എത്രവഷളായ മഞ്ഞപ്പിത്തത്തേയും മാറ്റും. അതുപോലെതന്നെ പേപ്പട്ടി വിഷം, പാമ്പുകടിമൂലമുണ്ടാകുന്ന വിഷബാധ എന്നിവയ്ക്കും നാടൻചികിത്സാരീതികളുണ്ട്. അതിനേക്കാൾ പ്രധാനമാണ് ഒറ്റമൂലികളുടെഉപയോഗം. ചില പ്രത്യേകരോഗങ്ങളെ ഒറ്റമൂലികൾകൊണ്ട് നിശ്ശേഷം ഭേതമാക്കൻ കഴിയും. ഇത്രയേറെകഴിവും സാധ്യതയുമുള്ള ഈ ചികിത്സാരീതിയെ അവഗണിക്കുന്നത് ശരിയല്ല. പഞ്ചായത്തുതലത്തിൽ ഒരുനാടൻ ചികിത്സാലയം സ്ഥാപിക്കേണ്ടത് ഈ ചികിത്സാരീതിയുടെ നിലനിൽപ്പിന് ആവിശ്യമാണ്. ശരീരഭാഗങ്ങൾക്കൊടിവുപറ്റുക അസ്ഥികളുടെ സ്ഥാനം തെറ്റുക ഇതിനെല്ലാം ഫലപ്രദമായ ചികിത്സാരീതി പണ്ട് ഉണ്ടായിരുന്നു. ഇന്ന് ആ ചികിത്സാ രിതീ അന്യംനിൽക്കുന്ന അവസ്ഥിയിലാണ്. ഇതു പരിഹരിക്കാൻ ഒരു തിരുമു ചികിത്സാലയം ആവശ്യമാണ്.

വയറിളക്ക രോഗങ്ങൾ പകർച്ചവ്യാധികൾ കുടുംബ ക്ഷേമമാർഗ്ഗങ്ങൾ എന്നിവയെ സംബന്ധിച്ചകൂടുതൽ വിവരങ്ങൾ താഴെ പട്ടികയായി കൊടുക്കുന്നു

പട്ടിക - H, I,J

5.6

ഊർജ്ജം ഗതാഗതം മാർക്കറ്റ്

ഗ്രീക്ക് പുരാണത്തിൽ പ്രോമിത്യൂസ് ഒളിമ്പസ് പർവ്വതത്തിൽ നിന്ന് ഭൂമിയിലേയ്ക്ക് തീപ്പൊരി ഊതിയിട്ടതായും അങ്ങനെ ഭൂമിയിൽ അഗ്നി എന്ന ഊർജ്ജശ്രോതസ് ഉണ്ടായതായും ഒരു കഥയുണ്ട്. മാനവ വംശത്തിന്റെ ഇന്നുവരെയുള്ള പുരോഗതിയുടെ പിന്നിലെ ശക്തിശ്രോതസ് ആണ് ഈ ഊർജ്ജം. പ്രാചീനമായ ഏതൊരു പ്രദേശത്തിന്റെയും ഊർജ്ജശ്രോതസ് വിറക് ആയിരുന്നു. മുഹമ്മയിലേയും പ്രധാന ഊർജ്ജഉറവിടം വിറക് തന്നെയായിരുന്നു. ഇതുകൂടാതെ ചണക വറളികളും ഉപയോഗിച്ചിരുതായും മനസ്സിലാക്കാം. കൂടാതെ തെങ്ങിൽ നിന്ന് ലഭിച്ചിരുന്ന മടല്, കൊതുമ്പ്, ചിരട്ട തുടങ്ങിയവയും ആദ്യകാലങ്ങളിൽ കൂടുതലായി ഉപയോഗിച്ചിരുന്നു. ഇന്നാകട്ടെ പ്രധാന ഊർജ്ജ ഉറവിടങ്ങൾ വിറകും, വൈദ്യുതിയും, മണ്ണെണ്ണയുമാണ്. ഗാർഹികാ വശ്യങ്ങൾക്കാണ് കൂടുതൽ ഊജ്ജം ഉപയോഗിക്കപ്പെടുന്നത്.

മുഹമ്മ പഞ്ചായത്തിൽ വളരെ കൂടുതൽ ആളുകളും ഇപ്പോഴും വിറകുതന്നെയാണ് ഗാർഹികാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത്. അതുകഴിഞ്ഞാൽ തെങ്ങിൽനിന്നുള്ള വസ്തുക്കളും. എന്നാൽ ഇപ്പോൾ മറ്റുചില വസ്തുക്കൾ കൂടി ഈ പട്ടികയിൽ കടന്നുവരുന്നു. അവ യഥാക്രമം എൽ.പി.ജി., മണ്ണെണ്ണ, വൈദ്യുതി എന്നിവയാണ്.

പാചകത്തിന് ഉപയോഗിക്കുന്ന വിറകിൽ 80% ത്തിനു മുകളിൽ വിലകൊടുത്തുവാങ്ങുകയാണ് ചെയ്യുന്നത്. തെങ്ങുകളിൽ നിന്ന് പഴയതുപോലെ വസ്തുക്കൾ ലഭിക്കുന്നില്ല എന്നതുകൊണ്ട് ഇതിന്റെ ഉപയോഗം കുറഞ്ഞുവരുന്നു. മണ്ണെണ്ണയ്ക്ക് റേഷനിംഗ് സമ്പ്രദായം ഉള്ളതിനാലും പുറം മാർക്കറ്റിൽ വില കൂടുതലായതിനാലും ഇതിന്റെ ഉപയോഗവും കുറയുകയാണ്. ഈ സ്ഥാനം എൽ.പി.ജി. കൈയടക്കിയിരിക്കുന്നു. ഉയർന്ന വരുമാനക്കാരുടെ പീടുകളിൽ പാചക ഇന്ധനം എൽ.പി.ജി. തന്നെയാണ്. ഇടത്തരക്കാരിലും ഇതിനോടുള്ള താല്പര്യം വർദ്ധിച്ചുവരുന്നതായിക്കാണാം. വിറക് വിലകൊടുക്കാതെ ലഭിക്കുവാൻ സൗകര്യമുള്ളവർപോലും സൗകര്യത്തിനായും ഒട്ടോക്കെ പരിഷ്കാരത്തിന്റെ ഭാഗമായും എൽ.പി.ജി. ഉപയോഗിക്കുന്നു. പഞ്ചായത്തിലെ 5166 വീടുകളിൽ 325 വീടുകളിൽ മാത്രമാണ് പാചകവാതകം ഉപയോഗിക്കുന്നത്. 143 വീടുകളിൽ ദക്ഷത കൂടിയ വിറകടുപ്പ് ഉപയോഗിക്കുന്നു. 4698 വീടുകളിൽ മൂന്നുകല്ലുള്ള വിറകടുപ്പുതന്നെയാണ് ഇപ്പോഴും ഉപയോഗിക്കുന്നത്.

അറിവില്ലായ്മ മൂലവും, അലസതമൂലവും വളരെയധികം ഊർജ്ജം നഷ്ടമാകുന്നുണ്ട്. പ്രധാനമായും അടുപ്പിന്റെ വിന്യാസം തന്നെയാണ് കുഴപ്പം എന്നുകാണാം. മൂന്നുവശവും തുറന്നകല്ലടുപ്പുകൾ വളരെയധികം ഊർജ്ജം പാഴാക്കികളയുന്നു. പുകയില്ലാത്ത അടുപ്പുകൾ ഉപയോഗിച്ച് ഇത് ഒരു പരിധിവരെ

തടയാൻ കഴിയും. അതുവഴി മലിനീകരണവും തടയാം.

വൈദ്യുതി.

ആധുനികദശയിലെ വമ്പച്ച ഊർജ്ജ ഉറവിടമാണ് വൈദ്യുതി. വൈദ്യുതിയെ ആശ്രയിച്ചണ് ലോകനിലനില്പ്പുതന്നെ. പഞ്ചായത്തിൽ വൈദ്യുതി ലഭിക്കുന്നത് പാതിരപ്പള്ളി 66 കെ. വി. സബ്സ്റ്റേഷനിൽ നിന്നും, ചേർത്തല 66 കെ. വി. സബ്സ്റ്റേഷനിൽ നിന്നുമാണ്. 1983 ഒക്ടോബർ മാസം മുതൽ വൈദ്യുതി ബോർഡിന്റെ ഒരു മേജർ സെക്ഷൻ ആഫീസ് ആര്യക്കര കേന്ദ്രമായി പ്രവർത്തിച്ചുവരുന്നു. പഞ്ചായത്തിലെ വൈദ്യുതി ഉപയോഗം ഇപ്രകാരമാണ്.

ഗാർഹികം	2823	കണക്ഷനുകൾ
കാർഷികം	80	കണക്ഷനുകൾ
വ്യവസായികം	76	കണക്ഷനുകൾ
വ്യാപാരം	209	കണക്ഷനുകൾ (കെ. എസ്. ഇ. ബി. രേഖകൾ).

പഞ്ചായത്തിൽ ആകെ 14 ട്രാൻസ്ഫോർമറുകളുണ്ട്. അവടയുടെ വിശദവിവരങ്ങൾ പട്ടിക I-ൽ കൊടുക്കുന്നു. പഞ്ചായത്തിലെ വഴിവിളക്കുകളായി 380 ബൾഴുകളും 26 ട്യുബുകളും ഉപയോഗിക്കുന്നു. സോഡിയം പേപ്പർ ലാമ്പുകൾ, മെർക്കുറി പേപ്പർ ലാമ്പ് എന്നിവ എങ്ങും ഉപയോഗിക്കുന്നില്ല. വീടുകളിൽ വർദ്ധിച്ചുവരുന്ന ഇലക്ട്രോണിക് ഉപകരണങ്ങൾ കാറണം ഗാർഹികാവശ്യങ്ങൾക്കുള്ള വൈദ്യുതി ഉപയോഗത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിരിക്കുന്നതായി പഠനങ്ങൾ തെളിയിക്കുന്നു.

വൈദ്യുതി ഹീറ്ററുകൾ വളരെയധികം വൈദ്യുതി പാഴാക്കുന്നുണ്ട്. പാചകാവശ്യത്തിന് ഹീറ്ററുകൾ ഉപയോഗിക്കുന്നത് നിരുൽസാഹപ്പെടുത്തേണ്ടതാണ്. അതുപോലെതന്നെ ലൈനിലെ ടച്ചിംഗ് മൂലം ധാരാളം വൈദ്യുതി പാഴായി പോകുന്നുണ്ട്. യഥാകാലം ഇത് വെട്ടിമാറ്റിയാൽ ഈ പ്രശ്നവും പരിഹരിക്കാൻ കഴിയും.

പഞ്ചായത്തിലെ ട്രാൻസ്ഫോർമറുകളുടെ വിവരം

നമ്പർ	സ്ഥിതിചെയ്യുന്നസ്ഥലങ്ങൾ	കപ്പാസിറ്റി
1.	മാവിൻചുവട്	100 KVA
2.	കണിയാകുളം	100 KVA
3.	P.H.സെൻറർ	250 KVA
4.	അമർ ഓയിൽമിൽ	250 KVA
5.	S.N.V.സ്കൂൾ	100 KVA
6.	S.N കവല	100 KVA
7.	കായിപ്പുറം ജംഗ്ഷൻ	160 KVA
8.	കൊച്ചനാകുളങ്ങര അമ്പലം	100 KVA
9.	തടുത്തുവെളി	100 KVA
10.	സുമതിക്കാട്	100 KVA
11.	കല്ലാപ്പുറം	100 KVA
12.	പുത്തനങ്ങാടികിഴക്ക്	100 KVA
13.	പൂജവെളി	100 KVA

പ്രശ്നങ്ങൾ

1. എല്ലാ റോഡുവക്കിലും തെരുവ് വിളക്കുകൾ ഇല്ല.

2. എല്ലാകോളനികളും ഗ്രാമീണ വായനശാലകളുംവൈദ്യുതികരിച്ചിട്ടില്ല.

3. വീടുകൾ ഇനിയും വൈദ്യുതീകരിക്കാനുണ്ട്.

4. വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.

5. പഴക്കം ചെന്ന ലൈനുകളും പോസ്റ്റുകളും നീക്കം ചെയ്യേണ്ടതാണ്.

6. എസ്. സി എസ്. റ്റി വിഭാഗത്തിൽ നിന്ന് വൈദ്യുതി നിരക്ക് ഈടാക്കുന്നു.

7. അംഗൻവാടികൾ ഭൂരിഭാഗം വൈദ്യുതിരിക്കാത്തവയാണ്.

8. സൗരോജ്ജ വിളക്കുകൾ ഉപയോഗിക്കപ്പെടുന്നില്ല.

9. അടുപ്പുകൾ മെച്ചപ്പെട്ടവയല്ല.

10. ലൈൻടച്ചിംഗ് വഴി വൈദ്യുതി പാഴാകുന്നു.

11. പഞ്ചായത്ത് സ്കീമിൽ പണമടച്ചവർക്ക് കണക്ഷൻ കിട്ടിയിട്ടില്ല.

സാധ്യതകൾ

വൈദ്യുതിയാണ് പഞ്ചായത്തിലെ പ്രധാന ഊർജ്ജ ശ്രോതസ്സ്.. 2343 വീടുകളിൽ ഇപ്പോഴും വൈദ്യുതി എത്തിനോക്കിയിട്ടില്ല. ഇതിനു പരിഹാരം കാണേണ്ടതാണ്. പ്രതിമാസം 6372 രൂപ പഞ്ചാതത്ത് വഴി വിളക്കുകൾക്ക് വേണ്ടി വൈദ്യുതി ബോർഡിൽ അടയ്ക്കുന്നുണ്ടെങ്കിലും പലവിളക്കുകളും ഉപയോഗ ക്ഷമമല്ല. പഴക്കം ചെന്ന ലൈനുകളും പോസ്റ്റുകളും കാണപ്പെടുന്നുണ്ട്. ഇത് മാറ്റിസ്ഥാപിക്കേണ്ടതാണ്. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് പുതിയട്രാൻസ് ഫോമറുകൾ സ്ഥാപിച്ചേ

പറ്റു. അപേക്ഷ നൽകിയിട്ടും ഗാർഹിക ഉപയോഗത്തിന് വൈദ്യുതി ലഭിക്കാത്ത കുടുംബങ്ങളുടെ പട്ടിക താഴെകൊടുക്കുന്നു. അവസാനം നൽകിയ കണക്ഷന്റെ തീയതി

ഓർഡിനറി	291	01..10..1991
ഒ.റ്റി.പി.	15	04..10..1996
ഒ.വൈ.ഇ.സി	57	27..03..1996

ഇതിനും പരിഹാരം കാണേണ്ടിയിരുക്കുന്നു.

ഇന്ന് പഞ്ചായത്തിൽ ഉപയോഗിക്കുന്ന സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം.

ബൾബ് 40 വോൾട്ട്	314	എണ്ണം
" 60 വോൾട്ട്	64	"
" 100 വോൾട്ട്	2	"
ട്യൂബ്	26	"
മെർക്കുറിവേപ്പർ	ഇല്ല	
സോഡിയം വേപ്പർ	ഇല്ല	

പഞ്ചായത്തിലെ എല്ലാ കോളനികളും ഗ്രാമീണവായനശാലകളും അംഗൻവാടികളും വൈദ്യുതികരിക്കേണ്ടതാണ്. ഇത് സന്നദ്ധ സംഘടനകളുടേയോ വ്യക്തികളുടെയോ സ്പോൺസറിങ്ങിലുടെ ഈ പ്രശ്നം പരിഹരിക്കാൻ കഴിയും.

രൂക്ഷമായ വൈദ്യുതി ക്ഷാമം അനുഭവപ്പെടുന്നുണ്ടെങ്കിലും ലൈൻ ടച്ചിംഗ് മൂലം വൈദ്യുതി പാഴാകുന്ന അവസ്ഥയും നിലനിൽക്കുന്നു. യഥാസമയം ലൈൻ ടച്ചിംഗ് വെട്ടിമാറ്റേണ്ടതാണ്. പഞ്ചായത്തിലെ ഓരോ പ്രദേശത്തെ ലൈൻ ടച്ചിംഗ് വെട്ടുന്നതിന് അതാത് പ്രദേശത്തെ ക്ലബ്ബുകളുടേയോ, വായനശാലകളുടേയോ, സന്നദ്ധസം ഘടനകളുടേയോ സഹായം തേടാവുന്നതാണ്. പഞ്ചായത്ത് സ്കീമനുസരിച്ച് വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് പണമടച്ച് കാത്തിരിക്കുന്നവർക്ക് കണക്ഷൻ ലഭിക്കാത്ത അവസ്ഥ നിലനിൽക്കുന്നു. ഇതിന് സത്വരപരിഹാരം കാണണം.

വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിക്കാവുന്ന ചില മാർഗ്ഗങ്ങളുണ്ട്. അവയിലൊന്ന് സൗരോർജ്ജ വിളക്കുകൾ ഉപയോഗിക്കുകയാണ്. പഞ്ചായത്ത് മുൻകൈ എടുത്ത് സൗജന്യനിരക്കിൽ വിളകൾ സ്ഥാപിക്കുന്നത് നന്നായിരിക്കും.

കാര്യക്ഷമത മല്ലാത്ത അടുപ്പുകളുടെ ഉപയോഗം നിമിത്തം നല്ലൊരു ശതാമനം ഊർജ്ജം പാഴായിപ്പോകുന്നുണ്ട്. ഇത് പരിഹരിക്കുന്നതിന് മെച്ചപ്പെട്ട വിറകടുപ്പുകൾ സ്ഥാപിക്കാവുന്നതാണ്. ത്വരിതഗതിയിൽ അതിന്റെ പ്രവർത്തനം നടത്തേണ്ടിയിരിക്കുന്നു. വിറകിന് ക്ഷാമം നേരിടുന്ന അവസരമാകയാൽ മെച്ചപ്പെട്ട അടുപ്പുകൾ അനിവാര്യമാണ്. സമയ ബന്ധിതമായി ഈ വർഷം തന്നെ അപ്രകാരമുള്ള 1000 അടുപ്പുകളെങ്കിലും സ്ഥാപിക്കേണ്ടതാണ്.

വർഷങ്ങളായി ഓവർ ലോഡിൽ പ്രവർത്തിക്കുന്ന പാതിരപ്പള്ളി ചേർത്തല എന്നീ സബ്ബ് സ്റ്റേഷനുകളിൽ നിന്നാണ് ഈ പഞ്ചായത്തിൽ വൈദ്യുതി ലഭിക്കുന്നത്. ആയതിനാൽ മുഹമ്മക്ക് പടിഞ്ഞാറുവശം ഒരു സബ്ബ് സ്റ്റേഷൻ അടിയന്തിരമായി സ്ഥാപിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കണം.

മുഹമ്മ പഞ്ചായത്തിലെ ഭൂരിപക്ഷം വീടുകളിലും 60 വാൾട്ടിന്റേയും 100 വാൾട്ടിന്റേയും ബൾബുകളാണ് ഉപയോഗിക്കുന്നത്. ഇത് വോൾട്ടേജ് ക്ഷാമത്തിന് കാരണമാകുന്നുണ്ട് ഇതിന് പകരം ഇലക്ട്രോണിക് ചോക്കോടുകൂടിയ ലൈറ്റുകളും ഉപയോഗിക്കേണ്ടതാണ്. ഇതിനായി പഞ്ചായത്ത് മുൻകൈ എടുത്ത് ഇലക്ട്രോണിക് ചോക്കുകൾ ഗാർഹികോ പഭോക്താക്കൾക്ക് സൗജന്യ നിരക്കിൽ നല്കേണ്ടതാണ്

ഗതാഗതം

ഒരു രാഷ്ട്രത്തിന്റെ ബഹുമുഖമായ വികസനത്തിന് ഒഴിവാക്കാനാവാത്ത കണ്ണിയാണ് ഗതാഗതമാർഗ്ഗം. മുഹമ്മയെ സംബന്ധിച്ചിടത്തോളം വേമ്പനാട്ട് കായലിന് അഭിമുഖമായതിനാലും,കായലുമായി ബന്ധപ്പെട്ടുകിടക്കുന്ന അകത്തോടുകൾ ഉണ്ടായിരുന്നതിനാലും ആദ്യകാലങ്ങളിൽ പ്രധാനം ജലഗതാഗതമായിരുന്നു. മുഹമ്മയുടെ വികസനത്തിന് ജലഗതാതഗം നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്. എന്നാൽ ശാസ്ത്രസാങ്കേതികരംഗത്തുണ്ടായ കുതിച്ചുചാട്ടം ജലഗതാഗതത്തെ പിന്തള്ളുകയും റോഡ് ഗതാഗതത്തിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുകയും ചെയ്തു. എന്നാൽ ഇന്ന് മുഹമ്മയിലെ പ്രധാന ഗതാഗതമാർഗ്ഗം റോഡാണ്.

ആലപ്പുഴ – തണ്ണീർമുക്കം റോഡാണ് പഞ്ചായത്തിലെ ആദ്യ റോഡ്. പഞ്ചായത്ത് രൂപീകരണത്തിന് മുൻപ് ഇടിഞ്ഞുപൊളിഞ്ഞ ചെമ്മൺ പാത മാത്രമായിരുന്നു. 1953–ൽ രൂപീകരിക്കപ്പെട്ട പഞ്ചായത്തിൽ 11–8–1953 ൽ കൂടിയ ആദ്യയോഗം തന്നെ റോഡിന്റെ ഈ ശോച്യാവസ്ഥ ഒരു പ്രമേയത്തിലൂടെ ഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്തുന്നു. ഈ റോഡാണ് പഞ്ചായത്ത് നിർമ്മിച്ച ആദ്യ റോഡ്. റോഡ് വരുന്നതിനുമുമ്പ് കയറുൽപ്പന്നങ്ങളും, കൊപ്രയും മറ്റും വള്ളത്തിൽ കയറ്റി ആലപ്പുഴയിൽ എത്തിക്കുകയും, അതേ വള്ളത്തിൽ തന്നെ നിത്യോപയോഗസാധനങ്ങൾ ഇവിടെ എത്തിക്കുകയും ചെയ്തിരുന്നു. ബസ്സ് സർവ്വീസ് ആരംഭിക്കുന്നതിനു മുമ്പ് ആളുകൾ മുഹമ്മയിൽ നിന്ന് ആലപ്പുഴയ്ക്കും, ചേർത്തലയ്ക്കും നടന്നു പോയിരുന്നു. ഇന്ന് മുഹമ്മയിലൂടെ പ്രൈവറ്റ് ബസ്സും, ട്രാൻസ്പോർട്ട് ബസ്സും സർവീസ് നടത്തുന്നുണ്ട്. മുഹമ്മയിൽ

നിന്ന് ചേർത്തലയ്ക്ക് 13 പ്രൈപറ്റ് ബസ്സുകൾ സർവ്വീസ് നടത്തുന്നുണ്ട്. മുഹമ്മയിൽ നിന്നും ചേർത്തലയ്ക്കും, ആലപ്പുഴയ്ക്കും ട്രാൻസ്പോർട്ട് സർവീസുകളുണ്ട്. ഇവ കൂടാതെ മുഹമ്മ വഴി ആലപ്പുഴനിന്നും തൊടുപുഴ, വൈക്കം, വൈറ്റില, തൃപ്പൂണിത്തുറ, തണ്ണീർമുക്കം എന്നീ സ്ഥലങ്ങളിലേയ്ക്ക് ട്രാൻസ്പോർട്ട് ബസ്സുകൾ കടന്നുപോകുന്നുണ്ട്. അതുപോലെതന്നെ ചേർത്തലയിൽ നിന്നും തിരുവനന്തപുരത്തേയ്ക്ക് ഒരു ബസ്സ് ഈ വഴി കടന്നുപോകുന്നു.

മുഹമ്മ - കുമരകം ഫെറിയാണ് പ്രധാന ബോട്ട് സർവ്വീസ്. പഞ്ചായത്തിൽ 32.208 കി.മി. റോഡാണ് ഉള്ളത്. അതിൽ ടാർ ചെയ്തത് 10.218 കി.മി. ഉം, മെറ്റൽ ചെയ്തത് 450 കി.മി. ഉം, ചെമ്മൺ റോഡ് 21.540 കി.മി. ഉം ആണ്. ഇവ കൂടാതെ 9.800 കി.മി. നീളത്തിൽ റോഡിന്റെ പ്രാരംഭവേലകൾ നടന്നു കഴിഞ്ഞു. ഒരു ചതുരശ്ര കിലോമീറ്റർ വിസ്ത്രീർണ്ണത്തിന് ശരാശരി 3.2 കി.മി. റോഡാണ് സംസ്ഥാന ശരാശരി. പഞ്ചായത്ത് ശരാശരി 1.20 കി.മി. മാത്രമാണ്.

നിലവിലുള്ള പഞ്ചായത്തുറോഡുകൾ

No	റോഡിന്റെ പേരു്	നീളം	വീതി	ടാർ	പൂഴി	റിമാർക്സ്
1.	N.S.S. ജംഗ്ഷൻ പൊന്നാട്	1500 മി	8 മി	✓		
2.	പുത്തൻകായൽ - വേമ്പനാട്ട്കായൽ	400 മി	5 മി		✓	
3.	കോതകുളം - പെരുംതുരുത്ത്	150 മി	4 മി		✓	JRY
4.	അങ്ങാടിക്കടവ് - വേമ്പനാട്ട്കായൽ	500 മി	6 മി		✓	Untied
5.	പള്ളിവാതുക്കൽ C.M.S	1000 മി	6 മി	✓		
6.	നമ്പ്യാത്തുശ്ശേരി - യോഗ്യാവീട്	400 മി	4 മി		✓	
7.	വൈക്കത്തുപറമ്പ് - ആര്യക്കര	600 മി	6 മി		✓	
8.	ആര്യക്കര - വേമ്പനാട്കായൽ	200 മി	5 മി		✓	
9.	S.N.കവല - വേമ്പനാട്ട്കായൽ	800 മി	6 മി	✓	✓	
10.	കുന്നപ്പള്ളി - ജനശക്തി നടപ്പാത	400 മി	4 മി		✓	
11.	ജനശക്തി - SCS 1300 നടപ്പാത	200 മി	4 മി		✓	
12.	ജനശക്തി - വേമ്പനാട്ട്കായൽ	500 മി	5 മി		✓	
13.	കായിപ്പുറം കവല - ജട്ടി	1018 മി	8 മി	✓		
14.	SMS - വേമ്പനാട്ട്കായൽ	1300 മി	6 മി		✓	
15.	കുടിലിങ്കൽ ജംഗ്ഷൻ - SCS 1300	150 മി	3 മി		✓	JRY
16.	AKG ജംഗ്ഷൻ - കുടിലിങ്കൽ ജംഗ്ഷൻ	500 മി	3 മി		✓	
17.	പുത്തനങ്ങാടി - പുളിക്കേച്ചിറ റോഡ്	700 മി	6 മി	✓		
18.	വാഴപ്പള്ളി - കോളനി റോഡ്	100 മി	3 മി		✓	
19.	SN കവല - SNV	900 മി	7 മി		✓	JRY
20.	സി.എം.എസ്. - എഴുകുളം	750 മി	4 മി		✓	
21.	ആര്യക്കര - തറയ്ക്കൽ	600 മി	4 മി		✓	
22.	പുതുപ്പറമ്പ് റോഡ്	40 മി	4 മി		✓	
23.	പുത്തനങ്ങാടി - SN കവല - വിശ്വഖാജിമഠം	600 മി	5 മി		✓	
24.	മാളിയേക്കൽ - പുത്തൻതയ്യിൽ	200 മി	4 മി		✓	
25.	കായിപ്പുറം കവല - തടുത്തുവെളി - എസ്.എൻ.വി - പോളക്കാട്	2600 മി	8 മി	✓	✓	
26.	SMS - കായിക്കര ക്ഷേത്രം	750 മി	4 മി			
27.	പണ്ടാരപ്പാട്ടം - പള്ളിവീട് നടപ്പാത	150 മി	3 മി		✓	
28.	കല്ലാപ്പുറം - തടുത്തുവെളി	1300 മി	6 മി		✓	
29.	കാട്ടുകട - കായിക്കര നടപ്പാത	400 മി	4 മി		✓	
30.	തടുത്തുവെളി - കാട്ടുകട	500 മി	5 മി		✓	JRY
31.	കാട്ടുകട ജംഗ്ഷൻ - കാട്ടുകട അംമ്പലം	400 മി	4 മി		✓	
32.	കാട്ടുകട - കാട്ടുകട ഹരിജൻ കോളനി	450 മി	4 മി		✓	
33.	കാട്ടുകട അംമ്പലം - തെക്കേ തെരുവ്	1650 മി	8 മി		✓	
34.	കണ്ണാടിക്കവല - എസ്.എൻ.വി. സ്ക്കൂൾ	2000 മി	8 മി		✓	
35.	കരിങ്ങാട്ടവെളി - പുല്ലംപാറ	400 മി	4 മി		✓	
36.	ഗ്രാമശക്തി - അമർഓയിൽമിൽ	1000 മി	5 മി		✓	
37.	ഏ.റ്റി.റോഡ് - ഗവൺ. എൽ.പി.എസ്	100 മി	4 മി		✓	
38.	കോതകുളം - കണിയകുളം	100 മി	7 മി		✓	
39.	മാവിൻചുവട് - പി.എച്ച്.സെൻറർ	1500 മി	7 മി		✓	
40.	കണിയാകുളം - ഞാറവേലി	50 മി	6 മി		✓	
41.	കാർമൽപള്ളി - ഗുരുമന്ദിരം	400 മി	6 മി		✓	
42.	കാർമൽകവല - മതർതെരേസ എച്ച്.എസ്.	400 മി	8 മി	✓		
43.	പി.എച്ച്.സെൻറർ - ഹരിജൻകോളനി	200 മി	3 മി		✓	
44.	കുടിൽ ജംഗ്ഷൻ - വേമ്പനാട്ട് കായൽ	500 മി	5 മി		✓	
45.	കൂപ്പിക്കാട്ട് - വാഴപ്പള്ളികോളനി	500 മി	4 മി		✓	

No റോഡിന്റെ പേരു്	നീളം	വീതി	ടാർ	പൂഴി	റിമാർക്സ
46. തുരുത്തൻകവല – പൂജവെളി	1000	മി 6 മി	✓		
47. പൂജവെളി കവല പുളിക്കേച്ചിറ	600	മി 4 മി		✓	
അവലംമ്പം പഞ്ചായത്ത് റോഡ് രജിസ്റ്റർ					

പ്രശ്നങ്ങൾ

പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ പുതിയതായി നിർമ്മിക്കേണ്ട റോഡുകൾ.

വാർഡ് 1
1. വേമ്പനാട്ട് കായൽ – പുത്തൻ കായൽ റോഡും
2. സായിത്തോട് – വേമ്പനാട്
3. പേരയിൽ നിന്നും കിഴക്കോട്ട്
4. പളളിക്കുന്ന് – മുപ്പിരിത്തോട്
5. പളളിക്കുന്ന് – വേമ്പനാടം

വാർഡ് 2
1. പഞ്ചായത്തിന്റെ വടക്കുഭാഗത്ത് നിന്ന് ചിലമ്പിശ്ശേരിൽവരെ നടപ്പാത.
2. അറയ്ക്കാപറമ്പ്വേലിക്കകത്ത് നടപ്പാത
3. തട്ട്പുരയ്ക്കൽ – മഠത്തിപ്പറമ്പ് നടപ്പാത
4. സി. എം. എസ്. – ചിലമ്പിശ്ശേരി

വാർഡ് 3
1. എ. റ്റി. റോഡ് – ആര്യക്കര ലക്ഷംവീട് നടപ്പാത
2. മറ്റത്തിൽ – കുന്നപ്പള്ളി റോഡ്
3. ആസാദ് എൽ. പി. എസിന് സമീപത്ത് നിന്നും കിഴക്കോട്ട്

വാർഡ് 4
1. കന്യേവെളി – മുതലതുണ്ടുങ്കൽ
2. വല്ലേരിമംഗലം – എ. റ്റി. റോഡ്
3. മാളികവെളി – കല്ലാട്ട്

വാർഡ് 5
1. പുളിമൂട് – ആര്യക്കര
2. ചാണിവെളി – എസ്. എൻ. കവല റോഡ്

വാർഡ് 6
1. പാലയ്ക്കൽ – അംഗൻവാടി റോഡ്
2. പറമ്പ് വേലി – അംഗൻവാടി റോഡ്
3. കിഴക്കെമന്ദിരം – കല്ലാപ്പുറം എസ്. എൻ. വളവ്
4. തുരുത്തൻകവലയിൽ നിന്നും ഉദ്ദേശം 100മി. വടക്ക് നിന്ന് തുടങ്ങി പടിഞ്ഞാറോട്ട് പുത്തനങ്ങാടി പുത്തൻതയ്യിൽ റോഡിലേയ്ക്ക് ചേരുന്ന വിധത്തിൽ നടപ്പാത.

വാർഡ് 7
1. ചാന്ദ്രംവെളി – കല്ലാപ്പുറം റോഡ്
2. മെഴുവേലി തടത്തുവെളി നടപ്പാത
3. മണ്ണരങ്ങാട് – തയ്യിൽക്ഷേത്ര നടപ്പാത
4. പള്ളിവീടും – കല്ലാപ്പുറം
5. പുറത്തുവേലി – കണ്ടനാട്ടുനടപാത

വാർഡ് 8
1. എസ്. എൻ. വി – കുറവൻപറമ്പ് ലക്ഷംവീട് കോളനി നടപ്പാത
2. പോട്ടച്ചാൽ – എം. എൽ. എ റോഡ് നടപ്പാത
3. തോട്ടത്തുശ്ശേരി – എസ്. എൻ. വി സ്ക്കൂൾ നടപ്പാത
4. തടുത്തുവെളി മിനിസ്റ്റേഡിയം – കുറവൻ പറമ്പ് ലക്ഷംവീട്
5. എം. എൽ. എ റോഡ് – ആശാരിശ്ശേരി കോളനി നടപ്പാത
6. വെളിയിൽ – തറയ്ക്കൽ റോഡ്

വാർഡ് 9
1. കോതകുളം – ഗവൺ. എൽ. പി. സ്ക്കൂൾ റോഡ്
2. കരയോഗം – കപ്പോള സ്ക്കൂൾ

വാർഡ് 10
1. പൂജവെളി – കുറുപ്പശേരി, സി. എം. എസ്. എൽ. പി. എസ്. റോഡ്
2. ശാസ്താങ്കൽ – വേമ്പനാട്ട് കായൽ
3. കരിന്ത കരയ്ക്കൽ – കലയംപാടി
4. സി. എം. എസ് എൽ. പി. എസ് – കുന്നേമറ്റം.
5. കറാൽവെളി – മേനാശ്ശേരി

നിർമ്മാണം പൂർത്തീകിരിക്കേണ്ട റോഡുകൾ

വാർഡ് 1
1. പുത്തൻകായൽ – വേമ്പനാട്ട് കായൽ
2. കോതകുളം – പെരുന്തുരുത്ത് നടപ്പാത

വാർഡ് 2
3. അങ്ങാടിക്കടവ് – വേമ്പനാട്ട് കായൽ
4. നമ്പ്യാത്ത്ശേരി – യോഗ്യാവീട്
5. വൈകത്ത് പറമ്പ് – ആര്യക്കര
6. ആര്യക്കര – വേമ്പനാട്ട് കായൽ

വാർഡ് 3
7. ജനശക്തി – സി.എസ്.1300 നടപ്പാത
8. ജനശക്തി – കുന്നപള്ളി റോഡ്

വാർഡ് 4
9. മാളിയേക്കൽ – പുളിക്കേച്ചിറ റോഡ്

വാർഡ് 5
10. സി.എം.എസ്. ഏഴുകുളം
11. പുതുപ്പറമ്പ് റോഡ്

വാർഡ് 6
12. മാളിയേക്കൽ –പുത്തൻതയ്യിൽ റോഡ്
13. ആനേക്കാട്ട് – ഗുരുമന്ദിരം റോഡ്

വാർഡ് 7
14. പണ്ടാരപ്പാട്ടം – പളളിവീട് നടപ്പാത
15. കാട്ടുകട – കായിക്കര ക്ഷേത്രം നടപ്പാത
16. കാട്ടുകട ഹരിജൻ കോളനി – തടുത്തുവെളി റോഡ്
17. കണ്ടനാട്ടുവെളി – തയ്യിൽ റോഡ്

വാർഡ് 8
18. കാരിങ്ങാട്ടവെളി – എസ്.എൻ.വി സ്ക്കൂൾ റോഡ്
19. തോപ്പുവെളി – പോട്ടച്ചാൽ റോഡ്
20. കാട്ടുകട തെരുവ് – പാപ്പാളി റോഡ്

വാർഡ് 9
21. കോതകുളം കണിയകുളം റോഡ്
22. എ.റ്റി.റോഡ് ഗവൺ.എൽ.പി.എസ് റോഡ്

വാർഡ് 10
23. പൂജവെളി കവല –പുളിക്കേച്ചിറ

.
S3ർ ചെയ്യേണ്ട റോഡുകൾ
1. കുപ്ളിക്കാട് –വാഴപ്പള്ളി കോളനി റോഡ്
2. സംസ്കൃത സ്ക്കൂളിൽ നിന്നും കിഴക്കോട്ടുള്ള റോഡ്
3. എസ്.എൻ.കവലയിൽ നിന്നും പടിഞ്ഞാറോട്ടുള്ള റോഡ്
4. വള്ളക്കടവ് –വേമ്പനാടു റോഡ്
5. പുത്തനങ്ങാടി – പുളിയ്ക്കൽച്ചിറ റോഡ്
6. തുരുത്തൻകവല – കുളക്കോഴിച്ചിറ റോഡ്
7. ജനശക്തി – വേമ്പനാട് റോഡം
8. സി.എം.എസ് – ഊരാളശ്ശേരി റോഡ്
9. എഴുകുളം – ഗ്രാമശക്തി റോഡ്
10 ഗുരുമന്ദിരം – എസ്സ്.എൻ കവല റോഡ്

റിപ്പയർതെയ്യേണ്ട റോഡുകൾ

1. വാഴപ്പള്ളികോളനിയിലേയ്ക്കുള്ള റോഡിന്റെ ഇരുവശവും കാണകെട്ടി സ്ലാബിട്ട് സഞ്ചാരയോഗ്യമാക്കുക.

2. ജനശക്തി വായനശാലയ്ക്ക് പടിഞ്ഞാറ് വശത്തുനിന്നും വടക്കോട്ടുള്ള റോഡ്.

ആവശ്യമായ വഴികൾ

1. തീണ്ടുത്തുകിഴക്കുവശമുള്ള നടപ്പാതയുടെ വീതി കൂട്ടുക.
2. ചെങ്ങളക്കാടിന് കിഴക്കുവശത്ത് നിന്നും പള്ളിക്കുന്ന് വരെയുള്ള വഴി സഞ്ചാര യോഗ്യമാക്കുക.

3. പെരുന്തുരുത്തി കരിയുടെ വടക്ക് ഭാഗത്തുകൂടി സ്രായിപ്പാലം വരെ പൊതുവഴി നിർമ്മിക്കുക.

4. കുന്നപ്പള്ളി –ജനശക്തി റോഡിന് കിഴക്കുവശത്തായി പഞ്ചായത്ത് പാലത്തിൽകൂടിയുള്ള പരമ്പരാഗതവഴി വിപുലീകരിക്കുക.

5. ചാണിപ്പുരയിടത്തിൽ നിന്നും എസ്.എൻ.റോഡിലേയ്ക്ക് നടപ്പാത നിർമ്മിക്കുക.

6. സി.എംഎസിന്റെ കിഴക്കുവശത്തുകൂടിയുള്ള ചിലമ്പിശേരി നടപ്പാത നിർമ്മിക്കുക.

7. കല്ലാട്ട്ചിറപ്പുരയിടത്തിന് വടക്ക് ഭാഗത്തുകൂടി കിഴക്ക് പടിഞ്ഞാറ് ഉണ്ടായിരുന്ന പൊതുവഴി പുനസ്ഥാപിക്കുക.

8. അറയ്ക്കാപറമ്പ് – വലിയവീട് നടപ്പാത വിപുലീകരിക്കുക

9. തട്ടുപുരയ്ക്കൽ കിഴക്കു വശത്തുകൂടിയുള്ള .ഠത്തിപ്പറമ്പ് പരമ്പരാഗത വഴി വിപുലീകരിക്കുക.

ആവശ്യമായ പാലങ്ങൾ

1. രണ്ടാം വാർഡിൽ തോട്ട് മുഖപ്പിൽ തോടിന് കുറുകെ പാലം

2. ഒന്നാം വാർഡിൽ സ്രായിപ്പാലത്തിന് കിഴക്കുവശത്ത് തോടിന് കുറുകെ പാലം.

3. രണ്ടാം വാർഡിൽ അങ്ങാടിത്തോടിന് കുറുകെ പള്ളിയ്ക്ക് സമീപം ഗോവണിപ്പാലം.

4. മാംചുവടിന് കിഴക്കുവശം പെരുന്തുരുത്ത് കരിയിൽ നിന്ന് റോഡിലേയ്ക്ക് പാലം.

5. പുത്തനങ്ങാടി – പുളിയ്ക്കൽ ചിറതോടിന് മദ്ധ്യഭാഗത്ത് പാലം.

6. മുഹമ്മ കയർഫാക്ടറി വർക്കേഴ്സ് യൂണിയന് തെക്കുവശം മുപ്പിരിത്തോടിന് കുറുകെ പാലം.

പൊതുപ്രശ്നങ്ങൾ

1. വേമ്പനാട്ട് റോഡിന് കിഴക്കെ അറ്റത്ത് പുത്തൻകായൽ പുരയിടം കേന്ദ്രീകരിച്ച് ബോട്ട് ജെട്ടിയില്ല.

2. എസ്. എൻ. റോഡിന് കിഴക്കേയറ്റം ബോട്ട് ജെട്ടിയില്ല.

3. മുഹമ്മതോട്, സ്രായി തോട്, പുത്തനങ്ങാടി തോട്, ആര്യക്കര തോട്, കായിച്ചിറ തോട്, വൈക്കത്ത് പറമ്പ് തോട് എന്നിവ സഞ്ചാരയോഗ്യമല്ല.

4. ബസ്റ്റോപ്പുകളിൽ ആവശ്യമായ വെയിറ്റിംഗ് ഷെഡ്ഡുകൾ ഇല്ല.

5. ആലപ്പുഴയിൽ നന്നും കായിപ്പുറം ജട്ടിയിലേയ്ക്ക് ബസ്സ് സർവ്വീസില്ല.

6. മുഹമ്മ എസ്. എൻ. കവല – എസ്. എൻ. വി സ്ക്കൂൾ വഴി
ബസ്സ് സർവ്വീസില്ല.

7. ആലപ്പുഴയിൽ നിന്നും മണ്ണഞ്ചേരി വരെയുള്ള ബസ്സുകൾ മുഹമ്മവരെ എത്തുന്നില്ല.

8. പൊന്നാട്ട് വഴിയുള്ള ബസ്സ് സർവ്വീസ് അപര്യാപ്തം

9. മുഹമ്മയിൽ ബസ്റ്റാൻഡ് ഇല്ല.

സാധ്യതകൾ

മുഹമ്മ പഞ്ചായത്തിലെ റോഡുകളുടെ വിസ്തീർണ്ണം സംസ്ഥാന ശരാശരിയേക്കാൾ താഴെയാണ്. ചെറുകിട കയർ ഫാക്ടറികളും മത്സ്യവിൽപ്പന ശാലകളും ഉൾനാടുകൾ കേന്ദ്രികരിച്ചുള്ള കച്ചവട സ്ഥാപനങ്ങളും ധാരാളം ഉള്ള ഈ പ്രദേശത്ത് റോഡുകൾ ഇനിയും ആവശ്യമാണ്.

പുതിയ റോഡുകളുടെ നിർമ്മാണം ത്വരിതപ്പെടുത്തുകയാണ് ഒരു മാർഗ്ഗം. ഇതിന് അതാത് പ്രദേശങ്ങളിൽ റോഡ് നിർമ്മാണകമ്മറ്റി സംഘടിപ്പിക്കുകയും ജനപങ്കാളിത്തത്തോടെ, റോഡുകൾ നിർമ്മിക്കുകയും വേണം. നിർമ്മിച്ച റോഡുകൾ സംരക്ഷിക്കുന്നതിന് ജനകീയ കമ്മറ്റികൾ നിലനിൽക്കേണ്ടതാണ്. കൂടാതെ റോഡുകൾ യഥാസമയും അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ താറുമാറായി കിടക്കുകയാണ്. ഇത് യുദ്ധകാലാടിസ്ഥാനത്തിൽ റിപ്പയർചെയ്ത് സംരക്ഷിക്കണം. റോഡുകൾക്കിരുവശവും കാണകെട്ടി സംരക്ഷിക്കേണ്ടതാണ്. യാത്രാക്ലേശം കൂടുതലായി അനുഭവിക്കുന്ന ഒരു പ്രദേശമാണ് മുഹമ്മ. ഇന്നുള്ള ബസ്സ് സർവ്വീസ് തികച്ചും അപര്യാപ്തമാണ്. ആയതിനാൽ ആലപ്പുഴയിൽനിന്നും ചേർത്തലയിൽ നിന്നും മുഹമ്മയിലേയ്ക്കും മുഹമ്മയിലൂടെ ഈ പ്രദേശങ്ങളിലേയ്ക്ക് കടന്നുപോകുന്ന ബസ്സ് സർവ്വീസുകൾ വർദ്ധിപ്പിച്ച് ഗാതാഗതസൗകര്യം വിപുലപ്പെടുത്തണം. കൂടാതെ മുഹമ്മയുടെ ഉൾപ്രദേശങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ള സ്വകാര്യ ബസ് സർവ്വീസുകളൊ, ട്രാൻസ്പോർട്ട് സർവ്വിസുകളൊ ആരംഭിക്കേണ്ടത് ആവശ്യമാണ്. മുഹമ്മ എസ്. എൻ. വി. കവല വഴി എസ്. എൻ. വി. സ്ക്കൂൾ പ്രദേശത്തുകൂടി മുഹമ്മ ആശുപത്രിയുടെ മുന്നിലുടെ വടക്കോട്ട് പുത്തനങ്ങാടി വഴി ബസ്സ സരക്ഷവ്വീസ് ആവശ്യമാണ്. ആലപ്പുഴ നിന്നും മണ്ണഞ്ചേരിവരെ എത്തുന്ന പ്രൈവറ്റ് ബസ്സുകൾ മുഹമ്മവരെ നീട്ടിയാൽ ആലപ്പുഴ മുഹമ്മാറൂട്ടിലെ യാത്രക്ലേശം ഏറെകുറെ പരിഹരിക്കാനാകും. ഇപ്പോൾ മണ്ണഞ്ചേരി വഴി പോകുന്ന ബസ്സുകളിൽ ചിലത് പൊന്നാട്ടുവഴി തിരിച്ച് വഴിതിരിച്ചുവിടുന്നത് നന്നായിരിക്കും. പൊന്നാട് പെരുംന്തുരുത്ത് മേഖലയിൽ താമസ്സിക്കുന്ന വിദ്യാർത്ഥികൾക്ക് മണ്ണഞ്ചേരി, ഏ. ബി. വിലാസം എന്നീ ഹൈസ്ക്കൂളിലേയ്ക്ക് പോകുന്നതിന് ഇത് സഹായകരമാണ്. ഈ പഞ്ചായത്തിലെ പ്രധാന വിനോദസഞ്ചാരകേന്ദ്രമായി വികസിക്കേണ്ട ഒരു പ്രദേശമായ പാതിരാമണലിലേയ്ക്ക് തദേശിയരും വിദേശിയരുമായ വിനോദസഞ്ചാരികൾ എത്തിച്ചേരുന്നതിനുവേണ്ടി ആലപ്പുഴ നിന്നും ചേർത്തല നിന്നും കായിപ്പുറം ജെട്ടിവരെ ട്രാൻസ്പോർട്ട് സർവ്വീസ? ആരംഭിക്കേണ്ടത് അത്യാവശ്യമാണ്. കായിപ്പുറം ജെട്ടിയിൽ നിന്നും പാതിരാമണലിലേയ്ക്ക് സ്ഥിരം ബോട്ട് സർവ്വീസ് ആരംഭിക്കണം പ്രതിദനം 2000 ന് മുകളിൽ സ്ഥിരം യാത്രക്കാരും 1000 ത്തോളം മറ്റ് യാത്രക്കാരും വന്നുപോകുന്ന പഞ്ചായത്തിലെ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ ഒന്നാണ് മുഹമ്മ ജംഗ്ഷൻ ഇവിടെ ബസ്സുകൾക്ക് വന്ന് തിരിഞ്ഞ് പോകുന്നതിനും സ്റ്റേ ചെയ്യുന്നതിനും വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവപ്പെടുന്നുണ്ട്. ഇത് പരിഹരിക്കുന്നതിന് മുഹമ്മ ജംഗ്ഷൻ കേന്ദ്രീകരിച്ച് വിപുലമായ ഒരു ബസ്സ് സ്റ്റാൻഡ് നിർമ്മിക്കേണ്ടതാണ്.

ഇന്ന് മുഹമ്മ ജംഗ്ഷൻ കേന്ദ്രീകരിച്ച് 65 ൽ പരം ഓട്ടോ റിക്ഷകൾ സർവ്വീസ് നടത്തുന്നുണ്ട് ഇവയെല്ലാം തന്നെ മുഹമ്മ ജംഗ്ഷൻ കേന്ദ്രീകരിച്ചാണ് പാർക്ക് ചെയ്യുന്നത്. ഈ സ്ഥിതി

പ്രസ്തുത പ്രദേശത്ത് ഒട്ടേറെ ട്രാഫിക്ക് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. കൂടാതെ അടുത്ത പ്രദേശങ്ങളിൽ ഓട്ടോറിക്ഷയുടെ കുറവും അനുഭവപ്പെടുന്നു. ഇത് പരിഹരിക്കുന്നതിന് ഈ ഓട്ടോറിക്ഷകൾ ടേൺവെച്ച് 10 എണ്ണം വീതം മുഹമ്മ ബോട്ടുജെട്ടി, മുഹമ്മ സർക്കാർ ഡിസ്പെൻസറി, ആര്യക്കര എന്നിവിടങ്ങളിൽ പാർക്ക് ചെയ്യുന്നത് നന്നായിരിക്കും. പഞ്ചായത്തിന്റെ പല പ്രദേശങ്ങളിലും ബലവത്തായതും വേണ്ടത്ര സൗകര്യങ്ങളും ഉള്ളതുമായ വെയിറ്റിംഗ് ഷെഡ് ഇല്ല. ഇതിന് ഫലപ്രഥമായ പരിഹാരം കാണണം. സന്നദ്ധസംഘടനകളുടേയോ സ്വകാര്യവ്യക്തികളുടേയോ സ്പോൺസറിങ്ങിലുടെ ഇതിന് പരിഹാരം തേടാവുന്നതാണ്.


ബോട്ട് സർവ്വീസ് കോട്ടയം ആലപ്പുഴ എന്നീ രണ്ട് ജീല്ലകളെ ബന്ധിപ്പിക്കുന്ന ഈ പഞ്ചായത്തിലെ സുപ്രധാന ഗതാഗതമാർഗ്ഗങ്ങളിൽ ഒന്നാണ്. കച്ചവട സാധനങ്ങൾ കൊണ്ടുപോകുന്നതിന് ഇത് ഫലപ്രധമായി ഉപയോഗപ്പെടുത്തുന്നുണ്ട്. ആയതിനാൽ വേമ്പനാട് റോഡിന് കിഴക്കേ അറ്റത്ത് പുത്തൻകായൽ പുരയിടം കേന്ദ്രീകരിച്ച് എസ്. എൻ. റോഡിന് കിഴക്കേ അറ്റത്തായി ബോട്ട് ജെട്ടികൾ സ്ഥാപിക്കണം. ജലഗതാഗതവകുപ്പിന് കീഴിലുള്ള പ്രധാനപ്പെട്ട ഒരു ഫെറി സർവ്വീസാണ് മുഹമ്മ-കുമരകം. ഏകദേശം 2000 ത്തോളം യാത്രക്കാർ ഇതിലുടെ യാത്ര ചെയ്യുന്നു. ഇവർക്ക് ആവശ്യമായ പ്രാഥമിക സൗകര്യം ഇന്നില്ല. മുഹമ്മ ജെട്ടിയുടെ വടക്കുവശത്തുള്ള സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് മുഹമ്മജെട്ടിയ്ക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തി വികസിപ്പിക്കുകയും ആലപ്പുഴയിൽ പ്രവർത്തിക്കുന്ന ജലഗതാഗത വകുപ്പിന്റെ വർക്ക്ഷോപ്പിന്റെ ഒരു സബ്ഡിവിഷൻ മുഹമ്മയ്ക്ക് മാറ്റി സ്ഥാപിക്കുകയും വേണം.

മാർക്കറ്റ്

പഞ്ചായത്ത് പ്രദേശത്ത് സുലഭമായി ഉണ്ടാകുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും ഗ്രാമവാസികൾക്ക് ആവശ്യമായ വസ്തുക്കൾ വാങ്ങുന്നതിനും വേണ്ടിയാണ് മാർക്കറ്റുകൾ രൂപം കൊള്ളുന്നത്. പച്ചക്കറികൾ, കിഴങ്ങ് വർഗ്ഗങ്ങൾ, നാളികേരം വാഴപ്പഴം എന്നിവയാണ് പ്രദേശവാസികൾ ഉൽപാദിപ്പിച്ച് വിറ്റിരുന്നത്. അരി,കപ്പ, പയറുവർഗ്ഗങ്ങൾ എന്നിവ പുറമേനിന്നും കൊണ്ടുവന്നിരുന്നു. ഗതാഗതസൗകര്യമുള്ള പ്രദേശങ്ങളിലായിരുന്നു പ്രദേശിക ചന്തകൾ എന്നറിയപ്പെടുന്ന ഇന്നത്തെ മാർക്കറ്റുകൾ രൂപപ്പെട്ടിരുന്നത്. തേങ്ങ ഒഴികേയുള്ള എല്ലാ ഉൽപന്നങ്ങളും പുറമേനിന്നും കൊണ്ട് വന്ന് വിൽക്കുകയാണ് പതിവ്. മുഹമ്മ പഞ്ചായത്ത് ഇന്ന് ഏതാണ്ട് പൂർണ്ണമായും ഒരു ഉപഭോക്തൃപ്രദേശമായി മാറിയിരിക്കുന്നു. ഇന്ന് മുഹമ്മ പഞ്ചായത്തിൽ മുഹമ്മ മാർക്കറ്റ് മാത്രമേയുള്ളു. സമീപ പഞ്ചായത്തികളാകുന്ന തണ്ണീർമുക്കം, കഞ്ഞിക്കുഴി എന്നീ പ്രദേശങ്ങളിലെ മാർക്കറ്റുകളെ ഒരു നല്ല ശതമാനം മുഹമ്മാ നിവാസികൾ ഉപയോഗിക്കുന്നു.

മുഹമ്മമാർക്കറ്റ് ഒരു സ്വകാര്യ വ്യക്തിയുടേതായിരുന്നു. പിന്നീടത് പഞ്ചായത്ത് മാർക്കറ്റയി മാറുകയായിരുന്നു. പലചരക്ക്, പച്ചക്കറി, മത്സ്യം എന്നിവ ഇവിടെ വിറ്റഴിക്കുന്നു. ഇന്നിവിടെ സ്ഥല പരിമിതിമൂലം പല വിധത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകുന്നുണ്ട്. പച്ചക്കറി, മത്സ്യം എന്നിവയുടെ അവശിഷ്ടങ്ങൾ നീക്കുവാനുള്ള സംവിധാനം ഇല്ല. ഇത് പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. ഇവിടെ പ്രവർത്തിക്കുന്ന ഇറച്ചിക്കടയിൽ നിന്നുള്ള അവശിഷ്ടങ്ങൾ മുപ്പിരിത്തോടിനെ മലിനമാക്കുന്നു. ആധുനിക സംവിധനാങ്ങളോട് കൂടിയ ഷോപ്പിംഗ് കോപ്ലെക്സ് മുഹമ്മയ്ക്ക് അനിവാര്യമാണ്. പച്ചക്കറി, മത്സ്യം,മാംസം എന്നിവയ്ക്ക് പ്രത്യേകം മാർക്കറ്റുകളാവശ്യമാണ്. പച്ചക്കറി, മത്സ്യം എന്നിവയുടെ അവശിഷ്ടങ്ങളുപയോഗിച്ച് ബയോഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുവാൻ കഴിയുമോ എന്ന് പരിശോധിക്കണം. മുഹമ്മ പഞ്ചായത്തിൽ 8-ാം വാർഡിൽ തടുത്തുവെളിപ്രദേശത്ത് ഒരു പബ്ലിക്ക് മാർക്കറ്റ് സ്ഥാപിക്കണമെന്ന പഞ്ചായത്തുകമ്മറ്റി തീരുമാനം ഇതുവരെ നടപ്പായിട്ടില്ല. ആയതിനാൽ എത്രയും വേഗം തടുത്തുവെളി, കായിപ്പുറം എന്നീമേഖലകളിൽ ഓരോമാർക്കറ്റുകൾ സ്ഥാപിക്കേണ്ടത് അത്യാവശ്യമാണ്. കയറുല്പന്നങ്ങൾ വിറ്റഴിക്കുന്ന ഒരു കേന്ദ്രം മുഹമ്മയിൽ ആരംഭിക്കേണ്ടിയിരുക്കുന്നു.

തണ്ണീർമുക്കം പഞ്ചായത്ത്
കണ്ണാടി കോട്ടുകാട്ടുകടവ് പഞ്ചായത്ത്
വാഴപ്പള്ളിലക്ഷംവീട്
പാതിരാമണൽ
പടിഞ്ഞാറേ കായൽ
വടക്കേഞ്ചേരി പഞ്ചായത്ത്
1
2
3
4
5
6
7
8
9
10



5.7 പാർപ്പിടവും സാമൂഹ്യക്ഷേമവും

കേരളത്തിന്റെ സാമൂഹ്യ പ്രശ്നങ്ങളിൽ ഒന്നായിരുന്നു അന്തിയുറങ്ങാൻ അൽപം സ്ഥലവും ഒരു കൂരയും. മാറിമാറി വന്ന ഗവൺമെൻറുകൾ അവരുടെ നയവും പരിപാടിയും നടപ്പിലാക്കാൻ ശ്രമിച്ചപ്പോഴൊക്കെ പ്രതിബന്ധങ്ങളുണ്ടായി. കുടികിടപ്പവകാശം ഒരു അവകാശമായി സ്ഥാപിച്ച് കിടപ്പാടം സ്വന്തമായപ്പോൾ ഒരു കുടിൽ സ്വന്തമായി ഉണ്ടാകുക, അതിവിടുത്തെ തൊഴിലാളികളുടെ– സാധരണക്കാരുടെ അഭിലാഷമാകുന്നു. 1973ൽ കർഷക തൊഴിലാളികളെ ഉദ്ദേശിച്ച് വീട് നിർമ്മിച്ച് നൽകുന്നതിനുള്ള ലക്ഷംവീട് പദ്ധതി ആവിഷ്കരിച്ചപ്പോൾ പാർപ്പിട സൗകര്യം ആവുന്നത്ര നടപ്പിലാക്കാൻ മുഹമ്മ പഞ്ചായത്ത് അതിന്റെ സാദ്ധ്യതകളിൽ ഒതുങ്ങിനിന്നു. ഗവൺമെൻറുമായി സഹകരിച്ച് പ്രവർത്തിച്ചു.

5166 വീടുകളുള്ള ഈ പഞ്ചായത്തിൽ വളരെ കുറച്ച് വീടുകളിൽ മാത്രമേ പര്യാപ്തമായ സൗകര്യങ്ങളുള്ളു. ഇവിടെ 17 കോളനികൾ ഉണ്ട്. ഇതിൽ ഒന്ന് ഹരിജൻ കോളനിയും മറ്റ് രണ്ട് ഹരിജൻ സെറ്റിൽമെൻറ് കോളനികളുമാണ്. ഐ.ആർ.ഡി.പി. സർവ്വേപ്രകാരം 1381 കുടുംബങ്ങൾക്കാണ് പാർപ്പിട സൗകര്യം ആവശ്യമായിട്ടുള്ളത്. എന്നാൽ ഇതിൽ 41 കുടുംബങ്ങൾക്ക് വീട് നിർമ്മിച്ച് കൊടുത്തെങ്കിലും 14 എണ്ണത്തിന്റെ പണിപൂർത്തിയായിട്ടില്ല. 46 SC/ST കുടുംബങ്ങൾ ഉലപ്പെടെ 2622 കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരാണ് ഇവരെ പുനരധിവസിപ്പിക്കുന്നതിന് 37 SC/ST കുടുംബങ്ങൾ ഉൾപ്പെടെ 185 കുടുംബങ്ങൾക്ക് സാമ്പത്തിക സാഹായം നൽകിയിട്ടുണ്ട്. ടി സ്കീമനുസരിച്ച് ഇന്നത്തെ സ്ഥിതിവിവര കണക്ക് പരിശോധിച്ചാൽ 136 കുടുംബങ്ങളെ ദാരിദ്ര്യരേഖയക്ക് മുകളിലെത്തിക്കാൻ കഴിഞ്ഞപ്പോൾ 2486കുടുംബങ്ങൾ ദാരിദ്ര്യരേഖയക്ക് താഴെ ഇപ്പോൾ നിലവിലുണ്ടെന്ന് കാണാം. ദാരിദ്ര്യ രേഖയക്ക് താഴെ ജീവിക്കുന്ന മത്സ്യ തൊഴിലാളികൾക്ക് കായൽ തീരത്ത് കോളനികൾ സ്ഥാപിക്കേണ്ടതാണ്

ജനങ്ങളുടെ പൂർണ്ണമായ സഹകരണം അനുപേക്ഷണീയമായ ഒരുമേഖലയാണ് സാമൂഹ്യക്ഷേമം. ദാരിദ്ര്യരേഖയക്ക് താഴെയുള്ളവരെ കണ്ടെത്തി അവരുടെ പ്രാഥമികാവശ്യങ്ങൾ പരിഹരിക്കാൻ ശ്രമിക്കേണ്ടതാണ്. കുടിവെള്ളപ്രശ്നം, കക്കൂസ് സംവിധാനം, വിദ്യുച്ഛക്തി, ആരോഗ്യ പരിപാലനം, മാതൃശിശുപരിപാലനം എന്നീ മേഖലകളിൽ ബദ്ധശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു. ആലപ്പുഴ ജില്ലയിൽ ഏറ്റവും കൂടുതൽ കോളനികളുള്ള ഒരു പഞ്ചായത്താണ് മുഹമ്മ എന്നകാര്യം നാം ഗൗരവപൂർവ്വം കണക്കിലെടുക്കേണ്ടതാണ്. ദാരദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾക്ക് ലഭിക്കുന്ന തുകകൾ ലാപ്സാകാതെ മുഴുവൻ തുകയും യഥാസമയം വേണ്ടതുപോലെ ചെലവഴിക്കാൻ നമുക്കുകഴിയണം. മത്സ്യ തൊഴിലാളകൾ തിങ്ങിപ്പാർക്കുന്ന

മേഖലകളിൽ അവരുടെ മാനസികവും ശാരീരികവുമായ വളർച്ചയ്ക്ക് വേണ്ടി കളിസ്ഥലങ്ങൾ നിർമ്മിക്കേണ്ടതാണ്.

പാർപ്പിടം

പ്രശ്നങ്ങൾ

1. കുടിലുകളിലും അത്യാവശ്യം വേണ്ട പ്രാഥമിക സൗകര്യങ്ങളില്ലാത്ത വീടുകളിലും താമസിക്കുന്ന ഒട്ടേറെപ്പേർ ഇപ്പോഴും പഞ്ചായത്തിൽ നിലവിലുണ്ട്.

2. ഭവനനിർമ്മാണ സഹകരണ സംഘങ്ങളിൽനിന്നും വായ്പലഭിക്കുന്നതിനുള്ള കാല താമസവും സാങ്കേതിക തടസ്സങ്ങളും

3. ചിലവ് കുറഞ്ഞതും ഭംഗിയുള്ളതുമായ വീടുകൾ നിർമ്മിക്കുന്നതിനാവശ്യമായ വിദഗ്ദൻമാരുടെ അഭാവം.

സാധ്യതകൾ

ഇടത്തരക്കാരും തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന പ്രദേശമെന്ന നിലയിൽ ഓടിട്ട വീടുകളും ഓലപ്പുരകളും പഞ്ചായത്തിൽ കൂടുതലായി കാണപ്പെടുന്നു. എന്നാൽ ഈ അടുത്തകാലത്തായി വിദേശ വരുമാനത്തിന്റെ വരവും വ്യവസായത്തിൽ നിന്ന് ലഭിക്കുന്ന ലാഭവും വർദ്ധിച്ചതോടെ ആധുനീക രീതിയിലുള്ള വീടുകൾ ഇവിടെ നിർമ്മിച്ചുവരുന്നു. കൂടാതെ സർക്കാർ ജീവനക്കാർ ലോണുകൾ എടുത്ത് വലിയ വീടുകൾ നിർമ്മിക്കുന്ന പ്രവണത കണ്ടുവരുന്നു. പഞ്ചായത്തിൽ ആകെ 5166 വീടുകളുണ്ട്. അതിൽ 467 വീടുകൾ കുടിലുകളുമാണ്. ചിലർവാടകവീടുകളിലും താമസ്സിക്കുന്നുണ്ട്. ജീവിത ക്ലേശംമൂലം അവശ്യ സൗകര്യങ്ങൾ പോലും ഇല്ലാതെ കുടിലുകളിൽ കഴിയുന്നവർക്ക് സബ്സിഡി അനുവദിച്ച് വീടുകൾ നിർമ്മിച്ച് കൊടുക്കാവുന്നതാണ്. ഇതിൽ സന്നദ്ധ സംഘടനകളുടേയും വ്യക്തികളുടേയും സ്പോൺസറിംഗ് ഉപയോഗിക്കാം.

വീടുകൾ നിർമ്മിക്കുന്നതിന് ഇപ്പോൾ ഭവനനിർമ്മാണ സംഘത്തിൽ നിന്നും വായ്പനൽകുന്നുണ്ടെങ്കിലും ഇതിലെ വ്യവസ്ഥകൾ സാധാരണക്കാരന് ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. അതിനാൽ ഭവനനിർമ്മാണ വായ്പ ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉദാരമാക്കേണ്ടതാണ്.

സർക്കാരിൽനിന്നും ഭവന നിർമ്മാണ വായ്പകൾ നൽകുന്നുണ്ട്. ഇതിനുള്ള സാങ്കേതിക ബുദ്ധിമുട്ടുകൾ ഒഴിവാക്കുക. വെയ്ക്കുന്ന വീടിന്റെ ഉറപ്പിൻമേൽ വായ്പ അനുവദിക്കുകയും വേണം. വായ്പതുക വർദ്ധിപ്പിക്കേണ്ടതും ആവശ്യമാണ്. ഭവനനിർമ്മാണം ഇന്നൊരു വൻപിച്ച മുതൽ മുടക്ക് വേണ്ട ഒരവസ്ഥയിൽ എത്തിനിൽക്കുകയാണ്. അസംസ്കൃത വസ്തുക്കളുടെ ഉയർന്ന വിലയും പണിക്കൂലിയുമെല്ലാം ഈ മേഖലയിലെ വലിയ പ്രശ്നങ്ങളാണ്. ഇതിനു പരിഹാരമെന്ന നിലയിൽ ചിലവ് കുറഞ്ഞ വീടുകളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കണം. ഇത്തരത്തിലുള്ള വീടുകളുടെ നിർമ്മാണത്തിനുള്ള ഒരു പരിശീലന കേന്ദ്രം പഞ്ചായത്തിൽ ആരംഭിക്കുകയും കെട്ടിടനിർമ്മാണ വസ്തുക്കളായ കമ്പി, സിമൻറ് മുതലായവ സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെൻറ് വഴി വിതരണംചെയ്യുകയും വേണം. കല്ല്, ഇഷ്ടിക എന്നിവയുടെ വിലയും കുതിച്ചുയരുകയാണ് ഇതിനു പരിഹാരമെന്നവണ്ണം പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്ന മണൽ ഉപയോഗിച്ച് ഇഷ്ടിക നിർമ്മാണ ഫാക്ടറി ആരംഭിക്കേണ്ടതാണ്.

പാർപ്പിടങ്ങളുടെ വിശദ വിവരങ്ങളടങ്ങിയ പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക -1
പാർപ്പിടങ്ങളുടെ വിശദവിവരം

വാർഡ്	ഓല	ഓട്	ഷീറ്റ്	കോൺക്രീറ്റ്	ഓലമേഞ്ഞ കുടിൽ	
ആകെ						
1.	68	336	20	31	27	455
2.	78	347	25	40	35	490
3.	95	451	41	28	42	615
4.	90	311	17	14	31	432
5.	73	401	55	37	43	566
6.	61	411	16	51	26	539
7.	137	327	05	19	108	488
8.	206	503	61	42	95	812
9.	68	284	17	35	35	404
10.	79	237	29	20	25	365
ആകെ	955	3608	286	317	467	

സാമൂഹ്യ ക്ഷേമ പ്രശ്നങ്ങൾ

1. വിവിധ തരത്തിലുള്ള പെൻഷനുകൾ ലഭിക്കുന്നതിൽ കാലതാമസവും തടസ്സങ്ങളും നിലനിൽക്കുന്നു.
2. പൊതു ശ്മശാനത്തിന്റെ അഭാവം.

3. അംഗനവാടികളിൽ പ്രാഥമികാവശ്യം നിർവ്വഹിക്കുന്നതിന് സംവിധാനങ്ങളില്ല.

4. വൃദ്ധസദനം പഞ്ചായത്തിൽ ഇല്ല.

5. തപാലുരുപ്പടികളും കത്തുകളും കിട്ടുന്നതിനുള്ള കാലതാമസം നേരിടുന്നു.

6. വികലാംഗരുടെ ക്ഷേമത്തിനുതകുന്ന പരിപാടികളൊന്നും നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് ഇല്ല.

7. ജനറൽ ഇൻഷ്വുറൻസ് മേഖലയിൽ മുഴുവൻ തൊഴിലാളികളേയും കൊണ്ടുവരിക. (അപകട മേഖലയിൽ പണിയെടുക്കുന്നവർ)

സാമൂഹ്യ ക്ഷേമപദ്ധതികൾ

1. പ്രായപൂർത്തിയായ ആൺമക്കൾ ഉള്ളവർക്ക് വാർദ്ധക്യകാല പെൻഷനോ വിധവാ പെൻഷനോ ഇപ്പോൾ അനുവദിക്കുന്നില്ല എന്നാൽ ആൺമക്കൾ വിവാഹം കഴിഞ്ഞ് മാറിത്താമസിക്കുകയും മാതാപിതാക്കൾക്ക് സംരക്ഷണം നൽകാതിരിക്കുകയും ചെയ്യുന്ന പലകുടുംബങ്ങളും ഇവിടെ നിലനിൽക്കുന്നു. അതുകൊണ്ട് പെൻഷൻ നിയമത്തിൽ ഇതിനനുസരിച്ച് മാറ്റം വരുത്തേണ്ടതാണ്.

2. പെൻഷനുകൾ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുവാൻ എല്ലാവിധ പെൻഷനുകളും പഞ്ചായത്തുവഴിനൽകുവാനുള്ള സംവിധാനം ഉണ്ടാക്കണം.

3. ആലപ്പുഴ ജില്ലയിൽ ഏറ്റവും കൂടുതൽ കോളനികളുള്ള പഞ്ചായത്താണ് മുഹമ്മ. തൻമൂലം മരണമടയുന്നവരെ സംസ്കരിക്കുന്നതിന് ബുദ്ധിമുട്ടുകൾ അനുഭവപ്പെടാറുണ്ട്. ഈ വസ്തുതപരിഗണിച്ച് പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം നിർമ്മിക്കേണ്ടതാണ്.

4. എല്ലാ അംഗനവാടികളിലും പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കണം. കുട്ടികൾക്ക് കളിക്കുന്നതിനുള്ള ഉപകരണങ്ങളും കൂടുതലായി ലഭ്യമാക്കണം. സ്വന്തമായി കെട്ടിടങ്ങളില്ലാത്ത അംഗനവാടികൾക്ക് സ്ഥലംനൽകി കെട്ടിടം നിർമ്മിക്കണം. (പട്ടിക കാണുക.)

5. മുഹമ്മയിലുള്ള പോസ്റ്റാഫീസിന്റെ അധികാര പരിധി വളരെ വിപുലമാണ്. 3 വാർഡുകളിലായി ഒരു പോസ്റ്റുമാന്റെ സേവനമാണ് ലഭിക്കുന്നത്. തൻമൂലം കത്തുകളും മറ്റു തപാലുരുപ്പടികളും യഥാസമയം ലഭിക്കുവാൻ കായിപ്പുറം കേന്ദ്രമാക്കി ഒരു പോസ്റ്റാഫീസ് അനുവദിക്കണം

6. പഞ്ചായത്തിൽ ഒരു വൃദ്ധസദനം ആരംഭിക്കേണ്ടതാണ്.

7. ജനകീയ സമിതികൾക്ക് രൂപംനൽകി അവയുടെ സഹായത്തോടെ പൊതുവിതരണ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താവുന്നതാണ്.


8. പഞ്ചായത്തിലാകെ 106 വികലാംഗർ ഉണ്ട്. ഇവരിൽ പലർക്കും സ്ഥിരമായി തൊഴിൽ ലഭ്യമല്ല. ഇവർക്ക് യോജിച്ച തൊഴിലുകൾ കണ്ടെത്തി അവ പരിശീലിപ്പിക്കുന്നതിനുള്ള കേന്ദ്രങ്ങൾ തുറക്കുവാനുള്ള നടപടികൾ സ്വീകരിക്കുക.

9. സൗജന്യ നിയമ ബോധവൽക്കരണം – ഉപദേശത്തിന്റെ സാദ്ധ്യതകൾ ഉപയോഗപ്പെടുത്തണം.

പട്ടിക

അംഗനവാടികളുടെ വിവരം

വാർഡ്നമ്പർ	എണ്ണം	കെട്ടിടം	
		സ്വന്തം	വാടക
1	2	2	
2	2	1	1
3	2	2	
4	1	1	
5	2	2	
6	2	2	
7	3	3	
8	4	3	1
9	2	2	
10	1	1	
ആകെ	21	19	2



5-8

സാംസ്കാരിക നവോത്ഥാനം

ഐതീഹ്യപ്പഴമകളിലും സ്വാതന്ത്ര്യപ്പോരാട്ടപ്പെരുമയിലും സമ്പന്നമായ ഒരു സാംസ്കാരികപാരമ്പര്യം ഈ വേമ്പനാട്ട് കായലോളങ്ങൾ തഴുകുന്ന മുഖാരമായ മുഹമ്മയ്ക്കുണ്ട്. ഊരാണ്മ ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ച് ജൻമിത്തവ്യവസ്ഥ നിലനിന്നിരുന്നതായും,ഗ്രാമത്തിലെ ദേവതകൾ മിക്കവരും പുറത്തുനിന്നുവന്നവരോ കൊണ്ടുവരപ്പെട്ടവരോആയും പഴമക്കാർ പറയുന്നു. സവർണ്ണസമ്പന്നമാടമ്പിവാഴ്ചകളെ ചെറുത്തുനിന്ന ഐതീഹ്യങ്ങളും,മിത്തുകളും ഗ്രാമപ്പഴമയിൽധാരാളം. പള്ളിക്കുന്നുക്ഷേത്രത്തിൽ ബുദ്ധമതസാന്നിദ്ധ്യവും, മുഹമ്മ എന്നുപേരുവരുവാൻ മുഹമ്മദീയരുടെ വരവും കാരണമായെന്ന് പറയപ്പെടുന്നു. പാതിരാമണൽ പുരാവൃത്തം സമ്പന്നമായ പാരിസ്ഥിതിക സംസ്കാരം തന്നെയാണ് ധ്വനിപ്പിക്കുന്നത്. അരയൻമാരുടെ കരയെന്നും, ആര്യൻമാരുടെ കരയെന്നും ആര്യക്കരയ്ക്ക് രണ്ട് അവകാശവാദങ്ങൾ. ആര്യ,ദ്രാവിഡ സംഗമകേന്ദ്രമായി അറിയപ്പെടുന്ന ഊരാളിശ്ശേരി,തയ്യിൽക്ഷേത്രം ദേശാധിപത്യമുള്ളഭഗവതി കൂടിയിരിക്കുന്ന കൊച്ചുനാകുളങ്ങര ശ്രീ നാരായണ ഗുരുവിന്റെ പാദസ്പർശമേറ്റ കുറുപ്പശ്ശേരി,കായൽക്കരയെ ദ്യോതിപ്പിക്കുന്ന കായിക്കര,തുടങ്ങിയ കുടുംബക്ഷേത്രങ്ങൾ. കല്ലാപ്പുറം വിശ്വഗാജിമഠം,ചാരമംഗലം കിഴക്കേഗുരുമന്ദിരം എന്നിവ ശിവഗിരിധർമ്മസംഘംട്രസ്റ്റിന്റെ ശാഖകളാണ്.

ആറ് ക്രിസ്ത്യൻ പള്ളികൾ പഞ്ചായത്തിലുണ്ട്. പ്രധാനം മുഹമ്മ സെന്റ് ജോർജ് ദേവാലയമാണ്. ഈസ്റ്ററും, ക്രിസ്തുമസ്സും, ഇടവകപ്പെരുന്നാളുകളുമാണ് പ്രധാന ആഘോഷങ്ങൾ. ചരിത്രപരമായിത്തന്നെ വിദ്യാഭ്യാസരംഗത്ത് കനത്ത ക്രിസ്ത്യൻസംഭാവന ദൃശ്യമാണ്. പഞ്ചായത്തിൽ ഒരു മുസ്ലീം പള്ളി മാത്രമാണുള്ളത്. വലിയ പെരുന്നാൾ (ബക്രീദ്), ചെറിയ പെരുന്നാൾ (ഈദുൽ ഫിത്തർ) എന്നിങ്ങനെ രണ്ടു പെരുന്നാളുകളുണ്ട്. മറ്റു മതങ്ങളിലെന്നതുപോലെ മുസ്ലിം സ്ത്രീകൾക്ക് പള്ളിയിൽ ആരാധനാസ്വാതന്ത്ര്യം ഇല്ല.

അനുഷ്ഠാനകലകളായ പുള്ളുവൻ പാട്ട്,ശാസ്താംപാട്ട്, ഗരുഡൻതൂക്കം എന്നിവ പഞ്ചായത്തിൽ നിലവിലുണ്ട്. 8-ാം വാർഡിലെ പുള്ളുവൻമാരുടെ സേവനം

ജനകീയ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഉപയോഗപ്പെടുത്താവുന്നവയാണ്. തിരുവാതിര,കോലടി,ചവിട്ടുകളി, കൈകൊട്ടിക്കളി,തോറ്റംപാട്ട്,ഭഗവതിപ്പാട്ട് എന്നീ നാടൻ കലകൾ നാമമാത്രമായുണ്ട്.

ശാസ്ത്രസാഹിത്യ പരിഷത്ത്, പുരോഗമനകലാ സാഹിത്യസംഘം, ഈപ്പ്റ്റ, ബാലസംഘം, വേമ്പനാട് നേച്ചർ ക്ലബ്ബ്, സാസ് തുടങ്ങിയവയാണ് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രധാന സാംസ്കാരിക സംഘടനകൾ.

പട്ടിക – 1
സാംസ്കാരികസ്ഥാപനങ്ങൾ

ക്ര.ന.	പേര്	സ്ഥാപിത വർഷം	അംഗങ്ങൾ	വാർഡ്
1.	സൻമാർഗ്ഗസന്ദായിനി ഗ്രന്ഥശാല കല്ലാപ്പുറം	1952	905	VII
2.	സുകൃതീന്ദ്രദേശീയ ഗ്രന്ഥാലയം മുഹമ്മ	1933	2028	II
3.	യുവജന ഗ്രന്ഥശാല കായിപ്പുറം	1970	564	IV
4.	എസ്.എൻ. ഗ്രന്ഥ ശാല,തടുത്തുവെളി		172	VII
5.	സാംസ്കാരിക നിലയംമുഹമ്മ.	1994	107	II
6.	ഹരിജൻലൈബ്രറി	താല്ക്കാലികമായി പ്രവർത്തനം നിലച്ചിരിക്കുന്നു.		

ദിവാൻ ഭരണത്തിൻറേയും, രാജവാഴ്ചയുടേയും, ബ്രിട്ടീഷ് ആധിപത്യത്തിൻറേയും രുചി അനുഭവിച്ചറിഞ്ഞ വരാണ് ഈ നാട്ടിലെ അടിസ്ഥാന വർഗ്ഗം. ജനകീയ മുന്നേറ്റത്തിനും, സാംസ്കാരിക മുന്നേറ്റത്തിനും , സ്വാതന്ത്ര്യ സമരത്തിലെ തിളക്കമാർന്ന കണ്ണിയായി മുഹമ്മ മാറുവാനും, പഞ്ചായത്തിൽ ആദ്യം രൂപീകരിച്ച തൊഴിലാളി വായനശാല നിമിത്തമായി തീർന്നു. നിശാ പാഠശാലയുടെ പ്രവർത്തനം ധാരാളം ബഹുജനങ്ങളെ അക്ഷരലോക ത്തെത്തിച്ചു. തൊഴിലാളി വായനശാല പിൽക്കാലത്ത് കയർ ഫാക്ടറി വർക്കേഴ്സ് യൂണിയനായും, ജനകീയ പ്രശ്ന പരിഹാരവേദിയായും വളർന്നു.

മുഹമ്മ പഞ്ചായത്തിലെ ആദ്യത്തെ ഗ്രന്ഥശാലയാണ് ശ്രീ സുകൃതീന്ദ്രദേശീയ ഗ്രന്ഥാലയം. ശ്രീസുകൃതീന്ദ്ര, ദേശീയ – യുവജന, റൂറൽ ഇങ്ങനെ 3 പ്രസ്ഥാനങ്ങൾ ചേർന്നാണ് എസ്. ഡി. ഗ്രന്ഥ ശാലയുടെ ഉത്ഭവം. രാമനാഥ ശർമ്മ സാറിൻറെ മഹത്സേവനങ്ങൾ പ്രത്യേകം പരാമർശിക്കപ്പെടുന്നു. പ്രഭവകാലത്ത് സാംസ്കാരികമുന്നേറ്റ ങ്ങൾക്ക് വഴിയൊരുക്കിയ ഗ്രന്ഥശാലകൾ, അവയുടെ പാരമ്പര്യ മഹത്വത്തിന് മങ്ങൽ പറ്റിയിട്ടില്ലേ എന്ന് ഗൗരവപൂർവ്വം വിലയിരുത്തണം. ശ്രദ്ധേയമായ മറ്റൊരു വായനശാല കല്ലാപ്പുറം സൻമാർഗ്ഗ സന്ദായിനിയാണ്. പിടിയരി ശേഖരിച്ച് വാവൂട്ട് നടത്താൻ രൂപീകരിച്ച വാവൂട്ട് സംഘത്തിൽ തുടങ്ങി എസ്. എൻ. ഡി. പി ശാഖായോഗത്തിൻറെ സഹായത്തോടെ 1938 – ൽ വായനശാലയായി വളർന്നു. സുദീർഘപാരമ്പര്യവും, സ്തുത്യർഹസേവനവും വായനശാലയ്ക്കുണ്ട്. ധാരാളം പേരുടെ കണ്ണു തെളിയിച്ച ഒരു മഹാ പ്രസ്ഥാനമണ് ഈ ഗ്രന്ഥശാല. വായനശാല കേന്ദ്രീകരിച്ച് നിശാപാഠശാലകൾ പ്രവർത്തിച്ചിരുന്നു തൊഴിലാളി വായനശാലയും, സൻമാർഗ്ഗസന്ദായിനി വായനശാലയും ഇത്തരത്തിൽ പ്രവർത്തിച്ചിരുന്ന സാംസ്കാരികസ്ഥാപനങ്ങളാണ്.

ജാതി ചിന്തയിലും, സമീപനത്തിലും മാറ്റമുണ്ടെങ്കിലും ജാതി ഇപ്പോഴുമുണ്ട്. ജാതി മത സംഘടനകളുടെയും, ജാതിമതങ്ങൾ ആരോപിക്കപ്പെടുന്ന രാഷ്ട്രീയപ്പാർട്ടിക ളുടെയും സാന്നിദ്ധ്യം സജീവമാണ്. മതസൗഹാർദ്ദ യത്നങ്ങൾ അടങ്ങുന്ന നൂതന സാംസ്കാരിക പരിപാടികൾ ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.

പ്രശ്നങ്ങൾ

1. കലാകായിക സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഏകീകൃത രൂപമില്ല.
2. സാംസ്കാരിക ഇടപെടലുകൾ ശക്തമല്ല.
3. എല്ലാ വാർഡുകളിലും ഗ്രന്ഥശാലകളില്ല.
4. കലാകായിക സാഹിത്യ പ്രതിഭകളെകണ്ടെത്തി വളർത്തിയെടുക്കാൻ സംവിധാനങ്ങളില്ല.
5. പാരമ്പര്യ കലകൾ പ്രോത്സാഹനമില്ലാതെ നാശോൻമുഖമാകുന്നു.
6. കുട്ടികളുടെ ഒഴിവുകാലം ഉല്ലാസപ്രദമാക്കാൻ കഴിയുന്നില്ല.
7. മദ്യം, മയക്കുമരുന്ന്, ഇവയുടെ ഉപയോഗം, ആത്മഹത്യാ പ്രവണതകൾ, കുടുംബ കലഹംതുടങ്ങിയവവർദ്ധിക്കുന്നു.
8. ഗ്രാമീണ സാഹിത്യ പ്രതിഭകളുടെ സൃഷ്ടികൾപ്രസിദ്ധീകരിക്കുന്നതിനുള്ള ജനകീയ സംവിധാനങ്ങളില്ല.
9. പഞ്ചായത്തു സ്റ്റേഡിയം ഉപയോഗശൂന്യം.
10. കലാകായിക സാംസ്കാരിക സ്ഥാപനങ്ങൾക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ല.
11. വായനയെ ഗൗരവപൂർണ്ണമായി കാണുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നു.
12. ടി.വി പ്രോഗ്രാമുകൾ കുട്ടികളുടെ പഠനത്തെ പ്രതികൂലമായി ബാധിക്കുന്നു.
13. കേരളോത്സവം വാർഡുതല പങ്കാളിത്തമില്ലായ്കയാൽ ഫലപ്രദമായി നടത്തുവാൻ കഴിയുന്നില്ല.
14. ക്ഷേത്രോത്സവങ്ങൾ അവയുടെ ഉത്ഭവകാല ധർമ്മം നിറവേറ്റുന്നില്ല.

സാധ്യതകൾ

പഞ്ചായത്തിലെ സാംസ്കാരിക പ്രവർത്തനങ്ങൾ പുരാണത്തിലെ അഹല്യയെപ്പോലെ ശാപമോക്ഷം കാത്തു കിടക്കുകയാണ്. അങ്ങിങ്ങായി ചില ക്ലബ്ബുകളും, വായനശാലകളും പ്രവർത്തിക്കുന്നതൊഴിച്ചാൽ മറ്റു സാംസ്കാരികപ്രവർത്തനങ്ങളോ, ഇടപെടലുകളോ ഉണ്ടാകുന്നില്ല. പഞ്ചായത്തിലെ 10 വാർഡുകളിലായി ചിതറി
കിടക്കുന്ന കലാകായിക പ്രതിഭകളെ കണ്ടെത്തുകയാണ് പ്രധാനം. ഒരു സർവ്വേയിലൂടെ അവരെ കണ്ടെത്തണം. അവർക്കാവശ്യമായ പരിശീലനകളരികൾ പഞ്ചായത്തുതലത്തിൽ നടത്താൻ കഴിയണം. പഞ്ചായത്ത് സാംസ്കാരിക നിലയത്തെ സാംസ്കാരികസിരാകേന്ദ്രമായി ഉയർത്തണം. അതുപോലെ അതിനെ നിലനിർത്തുവാനും ശ്രമം ഉണ്ടാകണം. അതിനായി വാർഡുതലങ്ങളിൽകലാകായിക സാഹിത്യ സമിതികൾക്ക് രൂപം കൊടുക്കണം.

ഗ്രന്ഥശാലയുടെ പ്രവർത്തനം തൃപ്തികരമല്ലാത്ത പരിതസ്ഥിതിയിൽവാർഡുതലത്തിൽ രൂപംകൊള്ളുന്ന സമിതികൾ ഫലപ്രദമായി ഇടപെടുകയും സെമിനാറുകൾ, സാഹിത്യസൃഷ്ടികളുടെ വായനകൾ, അവയെക്കുറിച്ചുള്ള വിലയിരുത്തലുകൾ, കലാസാംസ്കാരിക ക്ലാസുകൾമറ്റു വിജ്ഞാനപ്രദമായ പരിപാടികൾ സംഘടിപ്പിക്കേണ്ടതാണ്.

വായനശാല,ഗ്രന്ഥശാല പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി നന്നായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് അവാർഡുകൾ ഏർപ്പെടുത്തുന്ന രീതി ആവശ്യമാണ്. അതുപോലെ ഓരോ വാർഡിലേയും നല്ല വായനക്കാരനേയും, വായനക്കാരിയേയും കണ്ടെത്തുവാനും അവർക്ക് സമ്മാനങ്ങൾ നൽകുവാനും ശ്രമിക്കേണ്ടതാണ്.

ധാരാളം യുവ സാഹിത്യ പ്രതിഭകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. അവരുടെ വായനാശീലം വളർത്തുന്നതിനുള്ള വായനശാലകൾ , ഗ്രന്ഥശാലകൾ എന്നിവ കുറവായതിനാൽ വാർഡുതലത്തിൽ വായനശാലകളും ഗ്രന്ഥശാലകളും സ്ഥാപിക്കേണ്ടതാണ്. അവരുടെ സാഹിത്യസൃഷ്ടികളും കലാസൃഷ്ടികളും സാധാരണവായനക്കാരിൽ എത്തിച്ചേരുന്നതിനായി പഞ്ചായത്ത് തലത്തിൽ മാസികയായി ഒരു ഗ്രാമപത്രം ഇറക്കേണ്ടതാണ്.

അനുഷ്ഠാനകലകളായ പുള്ളുവൻപാട്ട്, ശാസ്താംപാട്ട്, ഭഗവതിപ്പാട്ട്, ഗരുഡൻതൂക്കം,തോറ്റംപാട്ട് എന്നിവ വേണ്ടത്ര പ്രോത്സാഹനം ലഭിക്കാതെ നാശോൻമുഖമായിരിക്കുകയാണ്. ഈ രംഗത്ത് ഇന്ന് ശേഷിക്കുന്ന കലാകാരൻമാർക്ക് ശരിയായ പ്രോത്സാഹനം ഉണ്ടാകണം. ഒരു നാടൻ കലാവേദി രൂപീകരിച്ചാൽ ഇത് ഒട്ടൊക്കെ സംരക്ഷിച്ചുനിർത്താൻ കഴിയും.

മിത്തുകൾ,ഐതീഹ്യങ്ങൾ,നാടൻപാട്ടുകൾ, ചൊല്ലുകൾ പഴമൊഴികൾ തുടങ്ങിയവ സമാഹരിച്ച് ദൃശ്യ-ശ്രവ്യ-അച്ചടി മാധ്യമങ്ങളുടെ സഹായത്തോടെ രേഖപ്പെടുത്തി സൂക്ഷിക്കണം.

കലാകായിക സാംസ്കാരിക വളർച്ച ലക്ഷ്യമാക്കിക്കൊണ്ടുള്ള വളരെയധികം ക്ലബ്ബുകൾ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ട്. പട്ടിക താഴെ കൊടുക്കുന്നു. ഇവയിൽ പലതിനേറെയും പ്രവർത്തനം വാർഷികസമ്മേളനങ്ങളിലും വർഷാവർഷമുള്ള ഓണാഘോഷപരിപാടികളിലും ഒതുങ്ങിനിൽക്കുന്നു. ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാനുള്ള പ്രോത്സാഹനം നൽകേണ്ടതാണ്.

പട്ടിക – 2

മുഹമ്മ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മറ്റു കലാകായിക സാംസ്കാരികസംഘടനകൾ

ക്ര.ന.	കലാകായികസാംസ്കാരിക സംഘടനയുടെ പേര്	വാർഡ്
1.	പെസാക്ക് വായനശാല	I
2.	സിക്ലസ് കായികസമിതി	"
3.	ഭാവനാ ആർട്സ് ക്ലബ്ബ്	"
4.	സാക്ഷരത ആർട്സ്	"
5.	വേമ്പനാട് ഗ്രാമശാസ്ത്രസമിതി	"
6.	പ്രതിഭാ ആർട്സ് & സ്പോർട്സ് ക്ലബ്ബ്	II
7.	ജനശക്തി വായനശാല	III
8.	കലികാ ആർട്സ് & സ്പോർട്സ് ക്ലബ്ബ്	"
9.	യുത്ത് ആർട്സ് & സ്പോർട്സ് ക്ലബ്ബ്	"
10.	നവജീവൻ ആർട്സ് & സ്പോർട്സ് ക്ലബ്ബ്	IV
11.	യുവജനവായനശാല	"
12.	സെഞ്ചുറി ആർട്സ് & സ്പോർട്സ് ക്ലബ്ബ്	"
13.	വിക്ടറി കലാകായികവേദി	V
14.	ഗുരുകുല സാംസ്കാരികസമിതി	"
15.	സമന്വയ കലാകായിക സാംസ്കാരികസമിതി	VI
16.	കോറസ് നാടൻകലാവേദി	"
17.	ഭാവനാ ആർട്സ് ക്ലബ്ബ്	"
18.	സ്പാർക്ക് കലാകായിക സമിതി	"
19.	സൻമാർഗ്ഗസന്ദായിനി ആർട്സ് & സ്പോർട്സ് ക്ലബ്ബ്	VII
20.	എസ്.എൻ. ആർട്സ് & സ്പോർട്സ് ക്ലബ്ബ്	"
21.	ഏ.കെ.ജി. ആർട്സ് & സ്പോർട്സ് ക്ലബ്ബ്	VIII
22.	പ്രണവം ആർട്സ് & സ്പോർട്സ് ക്ലബ്ബ്	"
23.	നവമൈത്രി ആർട്സ് & സ്പോർട്സ് ക്ലബ്ബ്	"
24.	യുവശക്തി ആർട്സ് & സ്പോർട്സ് ക്ലബ്ബ്	"
25.	വേമ്പനാട് നേച്ചർ ക്ലബ്ബ്	
26.	സാസ്	
27.	ഗ്രാമശക്തി വായനശാല	VIII

ഗ്രാമീണരുടെ കലാകായിക കഴിവുകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടിയാണ് 1989ൽ കേരളോത്സവം സംഘടിപ്പിക്കപ്പെട്ടത്. ആദ്യകാലങ്ങളിൽ ഇത് ഗ്രാമത്തിൽ ഉണർത്തിവിട്ട ഉൻമേഷം ഇപ്പോൾ കെട്ടടങ്ങിയിരിക്കുന്നു. ഇത് പരിഹരിക്കുന്നതിനായി വാർഡുതലങ്ങളിൽ മത്സരങ്ങൾ ഏർപ്പെടുത്തി അവരിലെ വിജയികളെ പഞ്ചായത്തുതലമത്സരത്തിൽ പങ്കെടുപ്പിക്കേണ്ടതാണ്.

ടി.വി തുടങ്ങിയമാധ്യമങ്ങളുടേയും, സ്ക്കൂൾ, ട്യൂട്ടോറിയൽ തുടങ്ങിയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും ട്യൂഷൻ, പരീക്ഷ തുടങ്ങിയ പഠന മൂല്യനിർണ്ണയ രീതികളുടേയും മടുപ്പിക്കുന്ന നീരാളിപ്പിടുത്തത്തിലാണ് നമ്മുടെ കുട്ടികളുടെ ബാല്യകാലം. ഒഴിവുകാലങ്ങൾപോലും അവർക്ക് ഉല്ലാസപ്രദമാക്കാൻ കഴിയുന്നില്ല. അത് കുട്ടികളുടെ മാനസികനിലയെ തകർക്കുന്നതായി പഠനങ്ങൾ വെളിപ്പെടുത്തിയിട്ടുണ്ട്. ഇതിനൊരു പരിഹാരം എന്ന നിലയിൽ വേനൽക്കാല അവധികളിൽ ബാല വേദികൾ സംഘടിപ്പിക്കേണ്ടതാണ്. അതുപോലെ ടി.വി പ്രോഗ്രാമുകൾ കുട്ടികളിൽ ആശാസ്യമല്ലാത്ത ചില പ്രവണതകൾ സൃഷ്ടിക്കുന്നു ഒപ്പം പഠനത്തെ പ്രതികൂലമായി ബാധിക്കുന്നു. ആയതിനാൽ ടി.വി പ്രോഗ്രാമുകൾ കുട്ടികളെ കൂടി ഉദ്ദേശിച്ച് അവരിൽ മൂല്യബോധം വളർത്തുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കുകയും ജനപ്രിയപരിപാടികളുടെ സംപ്രേക്ഷണസമയം കുട്ടികളുടെ പഠനസമയംനോക്കി ക്രമീകരിക്കേണ്ടതുമാണ്.

നമ്മുടെ യുവത്വം മദ്യം,മയക്കുമരുന്ന് എന്നിയ്ക്ക് അടിമയായ്ക്കൊണ്ടിരിയ്ക്കുന്നു. യുവജനങ്ങളിൽ 20% പേർ ഇവ ഉപയോഗിയ്ക്കുന്നതായിട്ടാണ് ഔദ്യോഗിക കണക്കുകളെങ്കിലും ഇവ ഉപയോഗിയ്ക്കുന്നവരുടെ എണ്ണം ഇതിലും എത്രയോ വലുതാണ്. യുവാക്കളുടെ മാനസിക പ്രശ്നങ്ങൾ ഇതിന് നല്ലൊരുപങ്ക് വഹിയ്ക്കുന്നുണ്ട്.അതുകോണ്ട് പഞ്ചായത്ത് തലത്തിൽ കൗൺസലിംങ് സെൻെററുകൾ തുടങ്ങേണ്ടത് ആവശ്യമാണ്. വർദ്ധിച്ചുവരുന്ന ആത്മഹത്യ പ്രവണതകൾക്ക് കടിഞ്ഞാണിടുവാനും ഈ സെൻററുകൾക്ക് കഴിയും. കുടുംബകലഹങ്ങൾ അടുത്ത കാലത്തായി വർദ്ധിച്ചുവരുകയും അതുമൂലംചിലരെങ്കിലും ആത്മഹത്യയിൽ അഭയം തേടുകയും ചെയ്യുന്നതായി മനസിലാക്കാം. കുടുംബകലഹം, അയൽക്കാർ തമ്മിലുള്ളകലഹം ഇവയെല്ലാംതടയേണ്ടതുണ്ട്. അതിന് ഇരുപത്തിയഞ്ചോ, അൻപതോ വീടുകളെ കേന്ദ്രികരിച്ച്ഒരു അയൽക്കുട്ടംരൂപീകരിയ്ക്കുകയും അവരുടെഫലപ്രദമായിട പെടലുകൾവഴി,കലഹങ്ങൾ ഇല്ലാതാക്കുവാൻ ശ്രമിയ്ക്കുകയും വേണ്ടതാണ്,

ഒരുകാലത്ത് ക്ഷേത്രോത്സവങ്ങൾ സാംസ്കാരിക നവോത്ഥാനത്തിന് കനത്ത സംഭാവനകൾ നൽകിയിരുന്നു. ഉത്സവത്തിനോടനുബന്ധിച്ച് ആര്യക്കര ക്ഷേത്രത്തിൽ പണ്ടുണ്ടായിരുന്ന സാംസ്കാരിക സമ്മേളനങ്ങൾ ഇതിനുദാഹരണമായി ചൂണ്ടിക്കാട്ടാം. ഇന്നിവയെല്ലാം അസ്തമിച്ചിരിക്കുന്നു. ഉത്സവങ്ങൾ അവയുടെ ധർമ്മങ്ങളായ കൂട്ടായ്മയും മതസൗഹാർദ്ദവും നിലനിർത്താൻ പറ്റാത്ത അവസ്ഥയിൽ എത്തിച്ചേർന്നിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടിയിരിക്കുന്നു. ഈ രംഗത്ത് ഒരു തിരിച്ചുപോക്ക് ആവശ്യമാണ്. ഉത്സവങ്ങളോടനുബന്ധിച്ച് ക്ഷേത്രകലകൾക്ക് പ്രോത്സാഹനം നൽകുകയും ഉന്നത നിലവാരത്തിലെത്താൻ കഴിയുന്ന സാംസ്കാരിക സമ്മേളനങ്ങൾ നടത്തുകയും ചെയ്യുന്നത് അഭിലഷണീയമായിരിക്കുമെന്ന് കരുതുന്നു.

സമ്പന്നമായ ഒരു കായികസംസ്കാരം നമുക്കുണ്ടായിരുന്നു. വാറുകളി, കിളിമാസുകളി,തലപ്പന്തുകളി, കുട്ടിയുംകോലും, കുടുകുടു(കബിടി), പകിടകളി തുടങ്ങിയ കളികൾ ഇന്നില്ല. അതിൻെറ സ്ഥാനത്ത് ഫുട്ബോളും വോളിബോളും, ക്രിക്കറ്റുമെല്ലാം കടന്നു കയറിയിരിക്കുന്നു. എൻ.എം.ഏ, പെസാക്ക്എന്നീ വോളിബോൾ ക്ലബ്ബുകൾ ഒരു കാലത്ത് മുഹമ്മയുടെ അഭിമാനമായിരുന്നു. കായിക വിനോദങ്ങളിൽ ഏർപ്പെടുന്നവർക്ക് ശരിയായാ പരിശീലനം കൊടുക്കാൻ കഴിയണം. അതിനായി വാർഡുതലത്തിൽ പ്രവർത്തിക്കുന്ന കായിക ക്ലബ്ബുകൾ ഏകീകരിച്ച് ഒരു വാർഡുതല കായിക സമിതി ആവശ്യമാണ്. ഇതിനെ കേന്ദ്രീകരിച്ച് ഒരു പഞ്ചായത്ത് സമിതിയും വേണം. ഇതിൽ പഞ്ചായത്തിലെ സ്ക്കൂളുകളിൽ സേവനമനുഷ്ഠിക്കുന്ന കായിക അദ്ധ്യാപകനെക്കൂടി ഉൾപ്പെടുത്തണം. ഒരു സ്ഥിരം സ്റ്റേഡിയം ആവശ്യമാണ്. അവർക്ക് പരിശീലനം കൊടുക്കുവാൻ കോച്ചുകളും ആവശ്യമാണ്. സ്ക്കൂൾ തലത്തിൽ കായിക വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കണം.

സ്ക്കൂളുകളിൽ കളി സ്ഥലവും, കുറഞ്ഞപക്ഷം ഹൈസ്ക്കൂളുകളിലെങ്കിലും 100 മീറ്റർ ട്രാക്കും ആവശ്യമാണ്. കായിക വിദ്യാഭ്യാസം വിദ്യാഭ്യാസത്തിന്റെ ഭാഗമാണെന്ന് രക്ഷിതാക്കളെ ബോധ്യപ്പെടുത്താൻ കഴിയണം. എങ്കിൽ മാത്രമേ ഈ രംഗത്ത് മിടുക്കൻമാരേയും, മിടുക്കികളേയും കണ്ടെത്തുവാൻ കഴിയുകയുള്ളു.

ഒരു കാലത്ത് ജലോത്സവങ്ങൾക്ക് നമ്മുടെ നാട് പ്രസിദ്ധമായിരുന്നു. വള്ളംകളിയിൽ തുടക്കംകുറിച്ചുകൊണ്ട് ഒതളശ്ശേരിൽ പുരയിടത്തിലുണ്ടായിരുന്ന ഷഷ്ടി മഠത്തിൽ നിന്ന് ശ്രീ നാരായണഗുരുവിന്റെ ജൻമനക്ഷത്ര ഘോഷയാത്ര നെറ്റിപ്പട്ടം കെട്ടിയ ആനയുടെ അകമ്പടിയോടെ എത്തുന്നതോടെയാണ് വള്ളംകളിയ്ക്ക് തുടക്കം കുറിച്ചിരുന്നത്. മത്സരപങ്കാളികൾ ചീരപ്പൻചിറയിലെ മുൻസിപ്പൽ ഓടിയും, പെരുന്തുരുത്ത് അരയൻമാരുടെ അയ്യപ്പൻ ഓടിയുമായിരുന്നു. ഇത് മുഹമ്മക്കാരുടെ ഗ്രാമോത്സവം തന്നെയായിരുന്നു. 1958ൽ ആണ് ജലോത്സവം അവസാനമായി നടന്നത്. ഈ ജലോത്സവങ്ങൾ പുനർജീവിപ്പിക്കേണ്ടത് ആവശ്യമാണ്.

കലാസാഹിത്യലോകത്തിന് മുഹമ്മയുടെ സംഭാവനകൾ

ബാലസാഹിത്യരംഗത്ത് ശ്രദ്ധേയനായ പ്രതിഭയാണ് ശ്രീ. മുഹമ്മ രമണൻ. മുഹമ്മയിലെ ഒരു നിർദ്ധനതൊഴിലാളി കുടുംബത്തിലാണ് രമണൻ ജനിച്ചത്. പ്രതികൂല പരിതസ്ഥിതികളെ പ്രതിഭയുടെ സവിശേഷ ശക്തികൊണ്ട് കീഴടക്കിയാണ് അദ്ദേഹം തന്റെ സാഹിത്യസപര്യ തുടരുന്നത്. ഇദ്ദേഹത്തിന്റെ യഥാർത്ഥ നാമധേയം ചിദംബരൻ എന്നാണ്. മുഹമ്മ രമണൻ എന്നത് തൂലികാ നാമമാണ്.

പ്രധാനകൃതികൾ

കണ്ണൻകാക്കയുടെ കൗശലങ്ങൾ, കള്ളൻ കുഞ്ഞപ്പൻ, മണ്ടൻമൈതീൻ, ചിഞ്ചു, അഷ്ടാവക്രൻ, പുസ്തകം വളർത്തിയ കുട്ടി മുതലായവയാണ്.

പ്രധാന അവാർഡുകൾ

1989 ലെ കേരള സാഹിത്യ അക്കാദമി അവാർഡ്, 1990ലെ ഉറൂബ് സ്മാരക അവാർഡ്, 1996ലെ ഭീമ സ്മാരകബാലസാഹിത്യ അവാർഡ്, എൻ. ബി. എസ് ബാലസാഹിത്യഅവാർഡ്. 1994ലെ പരിസ്ഥിതി മുദ്രാഗീതത്തിന് ദേശീയ അവാർഡ്നേടിയ ശ്രീ. എൻ.പി. രവീന്ദ്രനാഥ് ഈ പഞ്ചായത്ത് നിവാസിയാണ്.

ഡോക്യുമെൻററി ചിത്രങ്ങളിലൂടെ ദേശീയ ശ്രദ്ധ പിടിച്ചുപറ്റിയ കുന്നപ്പള്ളി മാത്യു പോൾ മുഹമ്മ സ്വദേശിയാണ്. റിവേഴ്സ് ഓഫ് കേരള എന്ന ചിത്രത്തിന് കേരളസംസ്ഥാന അവാർഡും, ഫിലിം ക്രിട്ടിക്സ് അവാർഡുംലഭിച്ചു. കലാമണ്ഡലം കൃഷ്ണൻനായരെക്കുറിച്ചുള്ള ചിത്രത്തിന് പ്രസിഡൻറിന്റെ അവാർഡും കരസ്ഥമാക്കി. കലാമണ്ഡലത്തിൽനിന്നും ശാസ്ത്രീയമായി ചെണ്ട വാദ്യം പഠിച്ച ആദ്യ ക്രിസ്തുമത അനുയായി എന്ന ബഹുമതിയും ഈ ചെറുപ്പക്കാരന്റെ സ്വന്തമാണ്. അതുപോലെ തന്നെ സിനിമാരംഗത്ത് പ്രവർത്തിക്കുന്ന മറ്റൊരു യുവ കലാകാരനാണ് സിബി യോഗ്യാവീട്.

കേരളത്തിൽ അറിയപ്പെടുന്ന ഒരു കഥാകൃത്താണ് മൺമറഞ്ഞുപോയ ജോസ് ചാലാങ്ങാടി. 20ൽപരം പുസ്തകങ്ങളുടെ കർത്താവായ ഇദ്ദേഹവും മുഹമ്മ സ്വദേശിയാണ്.

സാഹിത്യകാരൻ, വിവർത്തകൻ എന്നീ നിലകളിൽ പ്രസിദ്ധനായ ശ്രീ. ചേലാട്ട് വിശ്വംഭരൻ മുഹമ്മ സ്വദേശിയാണ്. ശ്രീ. കൃഷ്ണശാസ്ത്രി, ചേലാട്ട് ഡോ. വി. കെ. പത്മസേനൻ, ജോസ്. ജെ. ചാലാങ്ങാടി, മുഹമ്മ ശശിധരൻ എന്നിവരും മുഹമ്മ സ്വദേശികളായ അറിയപ്പെടുന്ന സാഹിത്യകാരൻമാരാണ്.

പ്രൊഫഷണൽ നാടകരംഗത്ത് സംഗീതസംവിധായകനായി ശോഭിക്കുന്ന ആലപ്പി ഋഷികേശും, നാടകരചയിതാവെന്ന നിലയിൽ പ്രസിദ്ധനായ ശ്രീ. രത്തിനൻ (കെ. കെ. ആർ കായിപ്പുറം) എന്നിവരും മുഹമ്മ സ്വദേശികളാണ്.

നാദസ്വരക്കച്ചേരികൾ നടത്തി പ്രശസ്തിയാർജ്ജിച്ച ശ്രീ. വി. കെ രാഘവൻ, വി. കെ. വാസു (വി. കെ. ആർ ബ്രദേഴ്സ്) എന്നിവർ ഈ പഞ്ചായത്ത് സ്വദേശികളാണ്.



5.9

വനിത

നടമ്പാടും വിമോചന കാഹളം ആർത്തിരമ്പുമ്പോഴും ചരിത്രത്തിൽ ആദ്യമായി വനിത സംരക്ഷണ ബിൽ പാർലമെന്റിന്റെ കയ്യാലായിൽ എത്തിനിൽക്കുമ്പോഴും നമ്മുടെ സ്ത്രികൾ ഇതൊന്നും അറിയാതെ നൂറുകൂട്ടം ജോലികളിലും അടുക്കളപുകയിലും കുരുങ്ങി ഒതുങ്ങിക്കഴിയുകയാണ്.

നമ്മുടെ പഞ്ചായത്ത് ഒരു വനിത പഞ്ചായത്ത് ആണെങ്കിലും തൊഴിൽ മേഖലയിലും പൊതുജീവിതത്തിലും സ്ത്രീകൾക്ക് അർഹമായ പ്രാതിനിധ്യം ലഭിക്കുന്നതായി കാണുന്നില്ല. സ്ത്രീകളുടെ പൊതു അവസ്ഥയിൽ കേരളത്തിന്റെ ഒരു ചെറിയ പതിപ്പ് തന്നെയാണ് നമ്മുടെ പഞ്ചായത്ത്. കേരളത്തിൽ 1000 പുരുഷൻമാർക്ക് 1036 സ്ത്രീകൾ എന്ന കണക്കാണെങ്കിൽ പഞ്ചായത്തിലേത് 1000ന് 1056ആണ്. എന്നിട്ടും വികസന പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ വേണ്ടത്ര പങ്കാളിത്തം ഉറപ്പുവരുത്തുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഈ അടുത്ത കാലങ്ങളിലായി മറ്റൊരു ഭീഷണിയും കേരളീയ സ്ത്രീകൾ നേരിടുകയാണ്. വർദ്ധിച്ചുവരുന്ന സ്ത്രീപീഡനങ്ങളാണിവിടെ സൂചിപ്പിക്കുന്നത്.

സാമൂഹ്യ ജീവിതത്തിൽ മുൻ കാലങ്ങളിൽ സ്ത്രീകളുടെ സ്ഥാനം പരിശോധിക്കേണ്ടിയിരിക്കുന്നു. സ്ത്രീ വിമോചനത്തിന്റെ ജ്വലിക്കുന്ന ഏടുകൾ ഒന്നും പഞ്ചായത്തിൽ രചിക്കപ്പെട്ടിട്ടില്ല. എന്നാൽ അഭിമാനാർഹമായ ഒരു സ്ത്രീ വ്യക്തിത്വം നമ്മുടെ മുന്നിലുണ്ട്. മുലക്കരം ചോദിച്ചുവന്ന അധികാരിയുടെ മുന്നിൽ സ്വന്തം മുലയരിഞ്ഞു കാഴ്ചവെച്ച സ്രാമ്പിക്കലെ മുതുമുത്തശ്ശിയാണ് ആ ജ്വലിക്കുന്ന വ്യക്തിത്വത്തിനുടമ. എടുത്തുപറയേണ്ട മറ്റൊരാൾ ചീരപ്പൻ ചിറയിലെ മാധവിയമ്മയാണ്. ആലപ്പുഴയിലെ തൊഴിലാളി പ്രസ്ഥാനത്തിന്റെ നേതൃത്വത്തിലേക്കുയർന്ന മുഹമ്മ കയർഫാക്ടറി വർക്കേഴ്സ് യൂണിയന്റേയും പുന്നപ്ര-വയലാർ, മാരാരിക്കുളം സമരത്തിന്റേയും അമരക്കാരനായി സ്വന്തം സഹോദരനായ സി.കെ കുമാരപ്പണിക്കരെ വളർത്തിക്കൊണ്ട് വന്നത് മാധവിയമ്മയാണ്.

വിദ്യാഭ്യാസ രംഗത്ത് സ്ത്രീ പങ്കാളിത്തം കുറഞ്ഞുവരുന്നതായിട്ടാണ് പഞ്ചായത്തിലുള്ള 9 സ്ക്കൂളുകളിലേയും കണക്കുകൾ വ്യക്തമാക്കുന്നത്. സ്ക്കൂൾ തിരിച്ചുള്ള വിദ്യർത്ഥി വിദ്യാർത്ഥിനികളുടെ കണക്ക് ചുവടെ ചേർക്കുന്നു.

പട്ടിക 1.

സ്ക്കൂൾ തിരിച്ചുള്ള വിദ്യാർത്ഥി - വിദ്യാർത്ഥിനികളുടെ കണക്ക്

ക്രമനമ്പർ	സ്ക്കൂൾ	സർക്കാർ എയിഡഡ്	ആൺ	പെൺ	ആകെ
1	ഗവ. സംസ്കൃത ഹൈസ്ക്കൂൾ	സർക്കാർ	300	279	579
2	എ. ബീ. വി. എച്ച്. എസ്. മുഹമ്മ	എയിഡഡ്	779	674	1453
3	എം. ടി. എച്ച്. എസ്. മുഹമ്മ	എയിഡഡ്	190	170	360
4	കെ. പി. എം. യു. പി. എസ്. മുഹമ്മ	എയിഡഡ്	298	231	529
5	ഗവ. എൽ. പി. എസ്. മുഹമ്മ	സർക്കാർ	109	111	220
6	സി. എം. എസ്. എൽ. പി. എസ്. മുഹമ്മ	എയിഡഡ്	161	154	315
7	സി. എം. എസ്. എൽ. പി. എസ്. കായിപ്പുറം	എയിഡഡ്	104	77	181
8	എസ്. എൻ. വി. എൽ. പി. എസ്. മുഹമ്മ	എയിഡഡ്	140	130	270
9	എ. എം. എൽ. പി. എസ്. കായിപ്പുറം	എയിഡഡ്	93	104	197
	ആകെ		2174	1930	4104

ഒമ്പതു സ്ക്കൂളുകളിലായി 2174 ആൺകുട്ടികൾ പഠിക്കുമ്പോൾ പെൺകുട്ടികളുടെ എണ്ണം 1930മാത്രം ആണ്. എന്നാൽ 1991ലെ കനേഷുമാരി പ്രകാരം 11373 സ്ത്രീകളും 10755 പുരുഷന്മാരുമാണ് ഉള്ളത്. വനിതകൾക്ക് വ്യക്തമായ മുൻതൂക്കമുണ്ട്. എന്നാൽ വിദ്യാഭ്യാസമേഖലയിൽ ഈ മുൻതൂക്കം കാണപ്പെടുന്നില്ല. സാങ്കേതിക വിദ്യാഭ്യാസരംഗത്ത് സ്ത്രീ പുരുഷ വ്യത്യാസം പ്രകടമാണ്. അനൗപചാരിക വിദ്യാഭ്യാസസ്ഥാപനങ്ങളിൽ നിന്ന് മാത്രമല്ല പുരുഷൻ ഉപകരണങ്ങളുടേയും യന്ത്രങ്ങളുടേയും മേൽ നിയന്ത്രണം നേടാനുള്ള പരിശീലനം നേടുന്നത്, ഗ്രാമത്തിലെ വിവിധ മേഖലകളിൽ പണിയെടുക്കുന്ന സാങ്കേതിക വിദഗ്ധരിൽ നിന്ന് കൂടിയാണ്. ഓട്ടോമൊബയിൽ, വെൽഡിംഗ്, വർക്ക്ഷോപ്പ് എന്നിവ ഉദാഹരണമായി ചൂണ്ടിക്കാണിക്കാം.

തൊഴിൽ പങ്കാളിത്തം

സ്ത്രീ വിദ്യാഭ്യാസത്തിലും, സ്ത്രീയുടെ ആരോഗ്യത്തിലും അസൂയാവഹമായ പുരോഗതി പൊതുവേ കേരളത്തിൽ കൈവരിച്ചിട്ടുണ്ട്. സാധാരണ ഗതിയിൽ വിദ്യാഭ്യാസം ഉയരുകയും ജനനനിരക്ക് താഴുകയും ചെയ്യുന്നതിന്റെ ഭാഗമായി കുട്ടികളുടെ പരിചരണ ഭാരം കുറയുമ്പോൾ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം പാശ്ചാത്യരാജ്യങ്ങളിലേതു പോലെ ഉയരേണ്ടതാണ്. പ്രത്യക്ഷമായോ പരോക്ഷമായോ ഏതെങ്കിലും വരുമാനം ഉണ്ടാക്കുന്ന പണികളെ മാത്രമേ സെൻസസ്സ് കണക്കിൽ രേഖപ്പെടുത്താറുള്ളൂ. അഖിലേന്ത്യാടിസ്ഥാനത്തിൽ സ്ത്രീയുടെ തൊഴിൽ പങ്കാളിത്തം 22.73 ശതമാനം ആണെങ്കിലും കേരളത്തിലേത് 15.85% മാത്രം. സംസ്ഥാന ശരാശരിയോടുത്താണ് മുഹമ്മയുടെ പങ്കാളിത്തവും. സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തത്തിന്റെ നിരക്ക് വളരെ താഴ്ന്നതാണെന്ന് ഇതിൽ നിന്ന് മനസ്സിലാക്കാം.

ഏറ്റവും കൂടുതൽ സ്ത്രീകൾ പണിയെടുക്കുന്നത് കയർ മേഖലയിലാണ്. തീരദേശ വാർഡുകളിൽ മത്സ്യവി പണനത്തിലും കക്കാ സംസ്ക്കരണത്തിലും സ്ത്രീകൾ പ്രധാന പങ്കുവഹിക്കുന്നുണ്ട്. സ്ത്രീകൾ സ്വന്തം വീടുകളിലിരുന്ന് ചെയ്യുന്ന മുഖ്യ തൊഴിൽ കയർ പിരിക്കലാണ്. അഴുകിയ തൊണ്ട് തല്ലി കൈകൊണ്ട് പിരിക്കുന്ന സമ്പ്രദായമാണ് കൂടുതലായി ഉണ്ടായിരുന്നത്. കയർപിരി മേഖലയിൽ ഇപ്പോൾ റാട്ടുകളാണ് കൂടുതലായി ഉപയോഗിക്കുന്നത്. വളരെ കുറച്ചുപേർ മാത്രമേ ഇപ്പോഴും കൈപ്പിരി രീതി സ്വീകരിക്കുന്നുള്ളൂ. ഈ മാറ്റം ആശാവഹമാണ്.

1970 മുതൽ നെൽ പാടങ്ങളിലെ ഉത്പാദനം കുറയുകയും നിലങ്ങൾ പലതും പുരയിടങ്ങളായി മാറുകയും ചെയ്ത സാഹചര്യത്തിൽ ഈ രംഗത്ത് സ്ത്രീകളുടെ തൊഴിലവസരങ്ങൾ കുറയുവാനുള്ള സാഹചര്യം ഉണ്ടായി. മറ്റൊരു പ്രധാന സംഗതി ഒരേജോലിചെയ്യുന്ന പുരുഷന്റേയും സ്ത്രീയുടേയും കൂലി നിരക്കിലുള്ള അന്തരമാണ്. തുല്യജോലിക്ക് തുല്യവേതനം എന്ന തത്വം ഈ രംഗത്ത് നടപ്പാക്കാൻ നമുക്ക് കഴിയണം. ദുർബലവിഭാഗത്തിൽപ്പെട്ട സ്ത്രീകൾ കൂടുതലായി കെട്ടിടനിർമ്മാണ രംഗത്ത് പണിയെടുക്കുന്നുണ്ട്. ഇവിടേയും കൂലിവ്യത്യാസം നിലനിൽക്കുന്നു.

സാമൂഹിക രാഷ്ട്രീയ പദവി

നമ്മുടെ പഞ്ചായത്തിൽ സാമൂഹിക സാമ്പത്തിക സ്ഥാപനങ്ങളിൽ സ്ത്രീകൾ നേതൃത്വ സ്ഥാനം വഹി ക്കുന്നുണ്ട്. എന്നാൽ ട്രേഡ് യൂണിയൻ നേതൃത്ത്വത്തിലോ, സാംസ്കാരിക സന്നദ്ധ സാമുദായിക സംഘടനാ നേതൃത്വത്തിലോ സ്ത്രീകളുടെ പങ്കാളിത്തം കുറവാണ്. സ്ത്രീകൾ സാമൂഹ്യ പ്രവർത്തനത്തിന് തയ്യാറാകാത്തതാണ് കാരണമെന്ന് കരുതാനാവില്ല. വീട്ടിലും ചുറ്റുപാടുകളിലും നിരന്തരമായി അനുഭവിക്കുന്ന അവഗണനയും പുരുഷ മേധാവിത്വ മൂല്യങ്ങളും പൊതു പ്രവർത്തനങ്ങൾക്ക് പറ്റിയതല്ല എന്നചിന്ത പൊതുവിൽ സ്ത്രീയിൽ അടിച്ചേൽപ്പിച്ചിട്ടുണ്ട് എന്ന് കരുതേണ്ടിയിരിക്കുന്നു. സാമൂഹ്യ രംഗത്ത് വളരെ കാലമായി പിന്നിലായിരുന്ന സ്ത്രീകളെ ബോധപൂർവ്വമായ ഇടപെടലിലൂടെ കുറെയേറെ മുന്നോട്ട് കൊണ്ടുവരുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. എന്നത് ഒരു യാഥാർത്ഥ്യമാണ്. പൊതു ജീവിതത്തിലും തൊഴിൽ മേഖലയിലും അതുപോലുള്ള ശക്തമായ ഇടപെടലുകൾ ഇനിയും ഉണ്ടായെങ്കിൽ മാത്രമേ ആരംഗങ്ങളിൽ സ്ത്രീകൾക്ക് അർഹമായ പങ്ക് വഹിക്കാൻ കഴിയൂ. ഏറ്റെടുക്കുന്ന ജോലികൾ ഭംഗിയായി, ഉത്തരവാദിത്വത്തോടെയും ചെയ്യുവാൻ സ്ത്രീകൾക്ക് കഴിയുമെങ്കിലും പൊതുവേ ചുമതല ഏറ്റെടുക്കുവാനുള്ള വിമുഖത സ്ത്രീകളുടെ ഭാഗത്തും ഏൽപ്പിക്കുവാനുള്ള താല്പര്യക്കുറവ് പുരുഷൻമാരുടെ ഭാഗത്തും ഇന്ന് നിലനിൽക്കുന്നു.

പ്രശ്നങ്ങൾ

1. പൊതുരംഗത്ത് പ്രത്യക്ഷപ്പെടാനുള്ള വിമുഖത, ആത്മവിശ്വാമില്ലായ്മ.

2. വനിതാ സ്വയംതൊഴിൽ സംരഭങ്ങളുടെ അപര്യാപ്തത.

3. തൊഴിൽ രംഗത്ത് ആവശ്യമായ വിദ്യാഭ്യാസം വനിതകൾക്ക് ലഭിക്കുന്നില്ല.

4. കൂലിനിരക്കിൽ സ്ത്രീ പുരുഷ വ്യത്യാസം നിലനിൽക്കുന്നു.

5.തൊഴിൽ നിയമങ്ങളിൽ സ്ത്രീകൾക്ക് വേണ്ടത്ര പരിജ്ഞാനമില്ല. പരിശീലന സൗകര്യമില്ല.

6. സർക്കാർ സഹായ പദ്ധതികളെ കുറിച്ചുള്ള അറിവില്ലായ്മ.

7. അംഗൻവാടി ജീവനക്കാർക്ക് ന്യായമായ വേതനമില്ല.

8. വിദ്യാലങ്ങളിലെ പാഠ്യേതര മേഖലകളിലെ സ്ത്രീകളുടെ പങ്കാളിത്തക്കുറവ്.

9. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സ്ത്രീകൾക്കിടയിൽ ധാരാളം.

10. സ്ത്രീകളുടെ പ്രശ്നങ്ങൾ ഗൗരവമായി ചർച്ചചെയ്യാൻ പൊതുവേദികൾ കുറവാണ്.

11. മാതൃശിശു ആരോഗ്യ ബോധവൽക്കരണം കാര്യക്ഷമമല്ല.

12. മത്സ്യവിപണനം നടത്തുന്ന സ്ത്രീകൾക്ക് സാമ്പത്തിക സഹായം ഇല്ല.

13. സ്ത്രീകളെ ആദായകരമല്ലാത്ത അവിദഗ്ധ തൊഴിലുകളിൽ തളച്ചിടുന്നു.

14. സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്ന മാധ്യമങ്ങൾ ധാരാളമുണ്ട്.

15. സ്ത്രീകൾക്കെതിരായ ശാരീരിക മാനസിക പീഡനങ്ങൾ.

16. കക്കാവ്യവസായ മേഖലയിൽ കക്കാതിളപ്പിക്കുവാൻ പൊതുസ്ഥലവും ആരോഗ്യകരമായ സംവിധാനവും ഇല്ല.

17. സ്ത്രീ വ്യവസായ സ്ഥാപനങ്ങളിൽ ശിശുസംരക്ഷണ സംവിധാനം ഇല്ല.

18. സ്ത്രീകളുടെ പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുവാൻ കംഫർട്ട് സ്റ്റേഷനുകൾ ഇല്ല.

19. ഭർത്താവിനെ ഉപേക്ഷിക്കപ്പെട്ട നിലാരംബരായ സ്ത്രീകൾ നിരവധിയുണ്ട്.

സാദ്ധ്യതകൾ

1. സ്ത്രീകൾക്ക് തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ഉടനെ വേണം.

2. അവിദഗ്ദ തൊഴിലുകളിൽ സ്ത്രീകളെ തളച്ചിടുന്ന രീതി അവസാനിപ്പിക്കണം.

3. നെയ്ത്ത്, ക്ലിപ്പിംങ്ങ്, കാർപ്പെൻറർ, സ്റ്റെൻസിലിംഗ് ഇലക്ട്രോണിക് സർവ്വീസിംഗ്, വയറിംഗ്, ഫോട്ടോഗ്രാഫി തുടങ്ങിയവയിൽ പരിശീലനം നൽകണം. നിലവിലുള്ള വർക്ഷോപ്പുകൾ സർവ്വീസിംഗ് സെൻററുകൾ, ഫാക്ടറികൾ, സ്റ്റുഡിയോകൾ എന്നിവയുമായി ചേർന്ന് ഇത്തരം പരിശീലന പരിപാടികൾ നടത്താവുന്നതാണ്.

സ്ത്രീകൾക്കായി വ്യവസായ യൂണിറ്റുകൾ ആരംഭിക്കാം. ഇലക്ട്രോണിക് വസ്തുക്കൾ, ഇലക്ട്രോണിക് ഉപകരണ നിർമ്മാണം തുടങ്ങിയവയ്ക്ക് പ്രാധാന്യം നൽകണം. പുത്തൻ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ തൊഴിലുകളിൽ സ്ത്രീകൾക്ക് നിയന്ത്രണം ലഭിക്കുകയെന്നതും ലക്ഷ്യമാക്കണം. വനിത വ്യവസായ യൂണിറ്റ് എന്നാൽ അച്ചാർ, കറിപൗഡർ എന്ന തരത്തിൽ മാത്രമാകരുത്. ലാഭകരവും നിലനിൽക്കുന്നതുമായ പ്രോജക്ടുകളിൽ സ്ത്രീകൾക്ക് പരിശീലനം വേണം. തയ്യൽപ്പണി അറിയാവുന്ന ഒട്ടേറെ വനിതകൾ ഈ പഞ്ചായത്തിലുണ്ട്. ഇവർക്ക് ജോലി സാദ്ധ്യത ഉറപ്പുവരുത്തുന്നതിനുവേണ്ടി അവരുടെ തന്നെ നേതൃത്വത്തിൽ ഒരു വസ്ത്രനിർമ്മാണ യൂണിറ്റ് സഹകരണാടി സ്ഥാനത്തിൽ സ്ഥാപിക്കാവുന്നതാണ്.

കേരളത്തിൻെറ വികസന ചരിത്രത്തിൽ ജനകീയാസൂത്രണ യജ്ഞം യാഥാർത്ഥ്യമാക്കാൻ കേരളമെമ്പാടും 24 – 40 വീടുകൾക്ക് അയൽകൂട്ടങ്ങൾ വികസനസമിതിയുടെ ആഭിമുഖ്യത്തിൽ രൂപീകരിച്ചുകൊ ണ്ടരിക്കുകയാണ്. അയൽക്കൂട്ടങ്ങളിൽ സ്ത്രി ക്കൂട്ടായ്മ താഥാർത്ഥ്യമാക്കണം. സ്ത്രീകൾക്കെതിരായ നീക്കങ്ങളെ ചെറുക്കുന്നതിനുള്ള ജാഗ്രതാ സംഘങ്ങളായി അയൽകൂട്ടങ്ങൾ മാറണം. വനിതകളുടെ പ്രഥമിക ആവശ്യങ്ങൾ നിറവേറ്റാൻ പൊതു കക്കൂസും, മൂത്രപ്പുരയും തിരക്കേറിയ മുഹമ്മ കമ്പോളത്തിലും, ജെട്ടിയിലും അടിയന്തിരമായി സ്ഥാപിക്കണം.

തൊഴിൽ രംഗത്തെ കൂലി വ്യത്യാസം അവസാ നിപ്പിക്കാൻ അടിയന്തിരമായി കൂടിയാലോചനകൾ ആരംഭിക്കണം.

ട്രേഡ് യൂണിയൻ രംഗത്ത് സ്ത്രീ നേതൃത്വം പ്രോത്സാഹിപ്പിക്കണം. സ്ത്രീ തൊഴിലാളികൾക്ക് തൊഴിൽ നിയമങ്ങളെ സംബന്ധിച്ച് ബോധവൽക്കരണം നൽകണം. പഞ്ചായത്ത് തലത്തിലും വാർഡ് തലത്തിലും സ്ത്രീകളേയും സാമൂഹ്യപ്രവർത്തകരേയും ഉൾപ്പെടുത്തി സംരക്ഷണ സമിതികൾ വേണം. സ്ക്കൂൾ മാതൃ സംഗമങ്ങൾ ക്ലാസ്സടിസ്ഥാനത്തിൽ സുശക്തമാക്കണം. സാമൂഹ്യ, രാഷ്ട്രീയ, സാംസ്ക്കാരിക സന്നദ്ധ സംഘടനകളിൽ സ്ത്രീകൾക്ക് അർഹമായ അംഗീകാരം നൽകുവാൻ വേണ്ട സമ്മർദ്ദങ്ങൾ അത്യാവശ്യമാണ്.


തുടർച്ചയായ ബോധവൽക്കരണവും നേതൃത്വ പരിശീലനവും വൈദഗ്ദ്ധ്യ വൽക്കരണവും വേണം. സ്ത്രീധന സമ്പ്രദായത്തിനെതിരായ സാമൂഹ്യ മുന്നേറ്റം സാദ്ധ്യമാക്കാൻ പൊതുജന ബോധവൽക്കരണം അത്യാവശ്യമാണ്. ആയതിലേക്ക് സാംസ്ക്കാരിക സംഘടനകളേയും, നാടൻ കലകളേയും ഉപയോഗിക്കാം. നിർധനപെൺകുട്ടികൾക്ക് വിവാഹ ധനസഹായ പദ്ധതി ആവിഷ്ക്കരിക്കണം. അതുപോലെ സമൂഹവിവാഹ വേളകൾ സംഘടിപ്പിക്കേണ്ടതാണ്. ആഡംബര വിവാഹങ്ങൾക്ക് പഞ്ചായത്ത് നികുതി ഏർപ്പെടുത്തണം.

ചാരായ നിരോധനം ഫലപ്രദമായി നടപ്പിലാക്കുകയും വ്യാജ ചാരായവിരുദ്ധ പ്രവർത്തനങ്ങൾക്കായി സ്ക്വാഡുകൾ രൂപീകരിക്കണം. പണം വെച്ചുള്ള ചീട്ടുകളിക്കെതിരെ നിയമം കർശനമാക്കണം. സ്ത്രീകൾ നേതൃത്വം നൽകുന്ന കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന വേണം. വായനശാലകളിൽ സ്ത്രീകൾക്ക് വായിക്കുവാൻ കഴിയത്തക്ക രീതിയിൽ സമയം ക്രമപ്പെടുത്തണം. സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്ന സിനിമകളും, നാടകങ്ങളും പരസ്യങ്ങളും പ്രസിദ്ധീകരണങ്ങളും പഞ്ചായത്തിൽ അനുവദിക്കുകയില്ലെന്ന് തീരുമാനിക്കുക.

സ്വന്തമായി കെട്ടിടമില്ലാത്ത അംഗനവാടികൾക്ക് സ്ഥലവും കെട്ടിടവും അനുവദിക്കുക. അംഗനവാടി കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുക. അംഗനവാടികളെ കാര്യക്ഷമമാക്കുക. പഞ്ചായത്ത് മാർക്കറ്റിൽ ഒഴിഞ്ഞുകിടക്കുന്ന കെട്ടിടം വനിതാതൊഴിൽ പരിശീലനത്തിന് ഉപയോഗിക്കുക. അർഹരായ മൂഴുവൻ സ്ത്രീകൾക്കും വിവിധ പെൻഷനുകൾ യഥാകാലം വിതരണം ചെയ്യുക. വികസനപ്രവർത്തനങ്ങളിൽ തൊഴിലില്ലായ്മ വേതനം പറ്റുന്ന യുവതികളെ നിർബന്ധമായും പങ്കെടുപ്പിക്കുക. വനിതാ വ്യവസായ സഥാപനങ്ങളിൽ "ക്രഷേ" ഏർപ്പെടുത്തുക. സർക്കാർ പദ്ധതികൾ സ്ത്രീകളെ യഥാകാലം അറിയിക്കാൻ സംവിധാനം ഉണ്ടാകണം. ഭൂരഹിതരായ സ്ത്രീകൾക്ക് ഭൂമി നൽകുക. മത്സ്യ വിപണനം നടത്തുന്ന സ്ത്രീകൾക്ക് സാമ്പത്തിക സഹായം നൽകുകയും, അവർക്ക് വേണ്ടി പ്രത്യേക വാഹന സൗകര്യം ഏർപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

"ഒരു മനുഷ്യജീവിതത്തെ പൂർണ്ണ സംസ്ക്കാര സമ്പന്നമാക്കാൻ കഴിയുന്ന അവസാനത്തെ വസ്തുവാണ് സ്ത്രീ"

- മെറിഡ്യ -



5 -10

സഹകരണം

സർവ്വനാശത്തിന്റെ ശ്മശാനഭൂമിയിൽനിന്നും ഉയർത്തെഴുന്നേറ്റ ഐക്യത്തിന്റേയും പ്രത്യാശയുടേയും ഫിനിക്സ് പക്ഷിയാണ് സഹകരണ പ്രസ്ഥാനം. ജീർണമായ സാമൂഹ്യവ്യവസ്ഥയിൽ പരമ്പരാഗത കൃഷിരീതികളും പരമ്പരാഗത വ്യവസായങ്ങളും വളർച്ചയറ്റുപോയ പ്രത്യേകദശാസന്ധിയിൽ യോജിപ്പിന്റെ മേഖല കണ്ടെത്തേണ്ടത് അനിവാര്യമായിത്തീർന്ന സാഹചര്യത്തിലാണ് പ്രബുദ്ധ ഹൃദയങ്ങളിൽ സഹകരണമേഖലയെക്കുറിച്ചുള്ള ചിന്ത ഉടലെടുക്കുന്നത്.

ഉല്പാദനമേഖലയെ ശക്തിപ്പെടുത്തുക, തൊഴിലാളികൾക്ക് ന്യായമായ കൂലി ഉറപ്പുവരുത്തുക, ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുക, ഉല്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുക, വട്ടിപ്പലിശക്കാരായ "ബ്ലയിഡുകാരിൽ"നിന്നും ജനങ്ങളെ സംരക്ഷിക്കുക തുടങ്ങി പലതാണ് സഹകരണമേഖലയിൽ അർപ്പിതമായ കടമകൾ. എന്നാൽ സഹകരണ പ്രസ്ഥാനം സ്ഥാപനവത്കരിക്കപ്പെട്ടതോടുകൂടി അതിന്റെ കടമകൾക്ക് മങ്ങലേറ്റിട്ടുണ്ട്. സംഘം, തെരഞ്ഞെടുപ്പുകളുടേയും, ബോർഡ് മീറ്റിംഗുകളുടേയും, മറ്റുചില പൊതു ചടങ്ങുകളുടേയും പിടിയിലായിരിക്കുന്നു. ഇതിനൊരുമാറ്റം അനിവാര്യമാണ്.

മുഹമ്മയിൽ സഹകരണ പ്രസ്ഥാനത്തിന് 70 വർഷത്തിന്റെ ചരിത്രം അവകാശപ്പെടാനുണ്ട്. 10.1.1102 ൽ സ്ഥാപിതമായ കായിപ്പുറം സൻമാർഗ്ഗ സന്ദായിനി പരസ്പര സഹായ സംഘമാണ് മുഹമ്മയിലെ ആദ്യത്തെ സഹകരണസംഘം.(സർവ്വീസ് സഹകരണസംഘം നമ്പർ 1300)

മുൻകൈയെടുത്തത്	തൈമറ്റത്തിൽ രാമൻ
ആദ്യ പ്രസിഡൻറ്	കുട്ടൻവൈദ്യർ, കിളിയൻവെളി
ആദ്യ സെക്രട്ടറി	വാവ.

നമ്മുടെ പഞ്ചായത്തിന്റെ വികസനകാര്യത്തിൽ സഹകരണസ്ഥാപനങ്ങൾക്ക് നിർവ്വഹിക്കാനുള്ള കടമ വളരെ വലുതാണ്. ഉല്പാദനമേഖലയെ ശക്തിപ്പെടുത്തിക്കൊണ്ട് ജനജീവിതത്തിന്റെ ഗുണനിലവാരത്തെ വലർത്തിയെടുക്കാൻ സഹകരണ പ്രസ്ഥാനത്തിനു കഴിയേണ്ടതുണ്ട്. വിവിധ മേഖലകളിലായി നമ്മുടെ പഞ്ചായത്തിൽ 19 സഹകരണസംഘങ്ങൾ നിലവിലുണ്ട്. ഇതിൽ 8എണ്ണം പ്രവർത്തനരഹിതമാണ്.


പട്ടിക 1 ക്രെഡിറ്റ് സൊസൈറ്റികൾ

സംഘത്തിന്റെ പേര്	സ്ഥാപിച്ച വർഷം	അംഗങ്ങളുടെ എണ്ണം	ജീവനക്കാരുടെഎണ്ണം	ഓഹരി മൂലധനം	വാർഷിക ടേണോവർ	ലാഭത്തിലോ നഷ്ടത്തിലോ	കാരണം	ഹ്രസ്വകാല നിക്ഷേപം	സ്ഥിര നിക്ഷേപം
മുഹമ്മസർവ്വീസ് സഹകരണ ബാങ്ക് ലിമി. നമ്പർ.1670	1103	5183	5	920000	22705966	ലാഭം		16ലക്ഷം	55ലക്ഷം
സർവ്വീസ് സഹകരണ ബാങ്ക് ലിമി. നമ്പർ.1300 കായിപ്പുറം	1102	2907	1	300000		നഷ്ടം	സാമ്പത്തിക ബുദ്ധിമുട്ട്	65000	270000
ഭവനനിർമ്മാണ സഹകരണ സംഘം ലിമി. നമ്പർ A-131 മുഹമ്മ.	1961	A-ക്ലാസ് 529 ക്ലോസ് 220	2	10ലക്ഷം				63000	75000
മുഹമ്മ ഹരിജൻ സർവ്വീസ് സഹകരണ ലിമി. നമ്പർ A-762.	ഇപ്പോൾ പ്രവർത്തനക്ഷമമല്ല.								

പട്ടിക 2 നോൺ ക്രെഡിറ്റ് സൊസൈറ്റികൾ

ക്ര.ന.	പേര്	ആരംഭിച്ചവർഷം	അംഗങ്ങൾ	ഓഹരി മൂലധനം	സർക്കാർ ഓഹരി
1.	ലേബേഴ്സ് കയർ മാറ്റ്സ് and മാറ്റിംഗ് സ് സഹകരണസംഘം ലിമിറ്റഡ് നമ്പർ 733 മുഹമ്മ.	1982	118	4000000	1074145
2.	മുഹമ്മ കയർ മാറ്റ്സ് and മാറ്റിംഗ്സ് സഹകരണസംഘം ലിമിറ്റഡ് നമ്പർ 430, ആര്യക്കര.	1979	56	2000000	285160
3.	മുഹമ്മ കയർവ്യവസായ സഹകരണ സംഘം ലിമി. നമ്പർ-9.	1953	630	5 ലക്ഷം	310980
4.	കരപ്പുറം വെള്ളകക്ക സഹകരണ സംഘം ലിമി നമ്പർ A-144 മുഹമ്മ.	1961	1000	2 ലക്ഷം	50000
5.	കറുത്ത കക്കാ സഹകരണസംഘം ലിമി. നമ്പർ -2556.	1123	851	43057	
6.	മുഹമ്മ പഞ്ചായത്ത് ഹാൻഡിക്രാഫ്റ്റ് ഇൻഡസ്ട്രിയൽ സൊസൈറ്റി നമ്പർ A 130	1987	156	2 ലക്ഷം	77500
7.	മുഹമ്മ ക്ഷീരോല്പാദക സഹകരണ സംഘം രജി. നമ്പർ. A 78.	1984	414	4350	ഇല്ല.
8.	മുഹമ്മനോർത്ത് ക്ഷീരോല്പാദക സഹ കരണ സംഘം	1981	231	2310	ഇല്ല.
9.	ക്ഷീരോല്പാദക സഹകരണ സംഘം കായിപ്പുറം	പ്രവർത്തനമില്ല			
10.	കയർ സഹകരണസംഘം കല്ലാപ്പുറം	"			

11	ബീഡി തൊഴിലാളി സഹകരണ സംഘം, മുഹമ്മ	"
12.	ഹരിജൻ കക്കാസഹകരണസംഘം	"
13	വനിതാവെൽഫെയർ സഹകരണസംഘം	"
14.	ഏ.കെ.ജി. മെമ്മോറിയൽ വനിതാ സഹകരണസംഘം – കായിപ്പുറം	"
15.	കസ്തൂർബാ മെമ്മോറിയൽ വനിതാ സഹകരണസംഘം	"



സഹകരണ സംഘങ്ങളുടെ ഇന്നത്തെ സ്ഥിതി.

ക്രഡിറ്റ് മേഖലയിൽ മുഹമ്മ പഞ്ചായത്തിൽ കായിപ്പുറം സർവ്വീസ് സഹകരണ സംഘം നമ്പർ 1300, മുഹമ്മ സർവ്വീസ് സഹകരണബാങ്ക് നമ്പർ 1670, മുഹമ്മ ഭവന നിർമ്മാണ സഹകരണസംഘം നമ്പർ A--131 ,പട്ടികജാതി-പട്ടികവർഗ്ഗസഹകരണ സംഘം നമ്പർ A-762 എന്നിങ്ങനെ നാലു സ്ഥാപനങ്ങളും നോൺ-ക്രഡിറ്റ് മേഖലയിൽ പതിനഞ്ചെണ്ണവും പ്രവർത്തിക്കുന്നു. നോൺക്രഡിറ്റിൽത്തന്നെ 4 സഹകരണ സംഘങ്ങൾ കയർ മേഖലയിലും 3 എണ്ണം കക്കാമേഖലയിലും 3എണ്ണം ക്ഷീരോല്പാദനമേഖലയിലും 3 എണ്ണം വനിതാമേഖലയിലും ഒരെണ്ണം ബീഡിമേഖലയിലും ഒരെണ്ണം പുൽത്തടുക്കു് മേഖലയിലുമായാണ് നിലവിലുള്ളത്. ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന 12 സഹകരണസംഘങ്ങളിലായി 12295 അംഗങ്ങൾ ഉണ്ട്. ഇത് പഞ്ചായത്തിലെ ജനസംഖ്യയുടെ 52.1 ശതമാനമാണ്. ഇതു സംസ്ഥാനശരാശരിയേക്കാൾ കുറവാണ്.

സർവ്വീസ് സഹകരണസംഘം നമ്പർ 1300,കായിപ്പുറം.

1926 ൽ പ്രവർത്തനം ആരംഭിച്ച ഈ സഹകരണസംഘമാണ് പഞ്ചായത്തിലെആദ്യത്തെ സഹകരണ സ്ഥാപനം. 2907 അംഗങ്ങളുള്ള ഈസ്ഥാപനം സാമ്പത്തികപരാധീനതകളിൽ നിന്നും മുക്തമല്ല. കാർഷികവായ്പയും മറ്റുവായ്പകളും ഈ സംഘം നൽകുന്നു. പഞ്ചായത്തിലെ3,4,10വാർഡുകൾ അടങ്ങിയതാണ് ഇതിന്റെപ്രവർത്തനപരിധി.

മുഹമ്മ സവ്വീസ് സഹകരണ ബാങ്ക്, നമ്പർ 1670.

1927 ഒക്ടോബർ മാസത്തിൽ (1103 തുലാമാസം 11-ാം തീയ്യതി രജിസ്റ്റർ ചെയ്തു) പ്രവർത്തനം ആരംഭിച്ചു. പരസ്പരസഹായസംഘം എന്ന പേരിലാണിതു പ്രവർത്തിച്ചുതുടങ്ങിയത്. 5183 പേർ അംഗങ്ങളാണ്. 1,2,5,6,7,8,9 എന്നിവാർഡുകൾ ഇതിന്റെ പ്രവർത്തന പരിധിയിൽപ്പെടും. വ്യവസായം, കാർഷികം, വിവാഹം, വിദ്യാഭ്യാസം തുടങ്ങിയ കാര്യങ്ങൾക്ക് വായ്പ നല്കുന്നു. ചിട്ടി, സ്വർണ്ണ പണയത്തിൻമേൽ വായ്പ എന്നീകാര്യങ്ങളും നടത്തുന്നു. സാമാന്യം നല്ലനിലയിൽ പ്രവർത്തിക്കുന്ന ഒരു സംഘമാണിത്. കൂടുതൽ വികസനത്തിന് ഈ സംഘത്തിന് സാദ്ധ്യതയുണ്ടു്.

മുഹമ്മ ഭവനനിർമ്മാണ സഹകരണസംഘം, നമ്പർ A.131

1961 ഫെബ്രുവരി 6-ാംതീയ്യതി പ്രവർത്തനം ആരംഭിച്ചു. 529 പേർAക്ലാസ് അംഗ്ങ്ങളും 220 പേർ B ക്ലാസ്സ് അംഗങ്ങളുമാണ്. ആലപ്പുഴ ജില്ലയൊട്ടാകെ ഇതിന്റെപ്രവർത്തനപരിധിയിൽപ്പെടുന്നു. ഭവനനിർമ്മാണവായ്പയും ഭവനപുനർനിർമ്മാണ വായ്പയും നല്കുന്നു.

കരപ്പുറം വെള്ളകക്കാസഹകരണ സംഘം A.144,മുഹമ്മ

നോൺ ക്രഡിറ്റ് വിഭാഗത്തിൽപ്പെടുന്ന സഹകരണ സ്ഥാപനമാണിത്. 1961 ൽ പ്രവർത്തനം ആരംഭിച്ചു. തണ്ണീമുക്കം, മുഹമ്മ, മണ്ണഞ്ചേരി, ആര്യാട് പഞ്ചായത്തുകൾ പ്രവർത്തനപരിധിയിൽപ്പെടുന്നു. ആയിരം അംഗങ്ങളുണ്ട്.വേമ്പനാട് കായലിൽനിന്നും കക്കശേഖരിച്ച് വൻകിടസ്ഥാപനങ്ങൾക്ക് വ്യവസായ വില്പനനടത്തുന്ന സ്ഥാപനമാണിത്. ഈ സ്ഥാപനംവന്നതോടുകൂടി തൊഴിലാളിക്ക് ന്യായമായ വില കിട്ടുന്നുണ്ട്. അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസസഹായവും ചികിൽസാ സഹായവും നല്കുന്നു.

മുഹമ്മ കറുത്ത കക്കാ വ്യവസായ സഹകരണ സംഘം നമ്പർ 255.

1948 ആഗസ്റ്റ് (1123 ചിങ്ങം-1 മാസത്തിലാണ് ഇതിന്റെപ്രവർത്തനം ആരംഭിച്ചത്. 851 അംഗങ്ങളുണ്ട്. മണ്ണഞ്ചേരി വാർഡ് നമ്പർ 2, മുഹമ്മ, തണ്ണീർമുക്കം പഞ്ചായത്തുകൾ, ചേർത്തലമുൻസിപ്പാലിറ്റി,ചെങ്ങണ്ട, വയലാർപഞ്ചായത്തിന്റെ രണ്ടുവാർഡുകൾ ഇവചേർന്നാണ്. ഇതിന്റെപ്രവർത്തനപരിധി. തൊഴിലാളികൾ ന്യായമായ വിലനല്കി കക്കശേഖരിച്ചു വില്പന നടത്തുന്നു. രണ്ടായിരം രൂപവരെ മറ്റുവായ്പായിനത്തിൽ നല്കുന്നുണ്ട്.

മുഹമ്മ നോർത്ത് ക്ഷീരോല്പാദക സഹകരണ സംഘം :

മുഹമ്മ പഞ്ചായത്തിലെ 5,6,8, വാർഡുകൾ ഇതിന്റെപ്രവർത്തന പരിധിയിൽ പ്പെടുന്നു. 1981 - ലാണ്

ഇതിന്റെ പ്രവർത്തനം ആരംഭിച്ചത്. 231 അംഗങ്ങളുണ്ട്. അംഗങ്ങളിൽ നിന്നും പാൽ ശേഖരിച്ച് വില്പനനടത്തുന്നു. അംഗങ്ങളിൽ നിന്ന് ഗഡുക്കളായി പണം സ്വീകരിച്ചുകൊണ്ട് കാലിത്തീറ്റ വിതരണം നടത്തുന്നുണ്ട്. ആറാം വാർഡ് പ്രവർത്തന പരിധിയിൽ പെടുന്നുണ്ടെങ്കിലും ദൂരക്കൂടുതൽ കാരണംഅവർക്ക് ഈ സംഘവുമായിബന്ധപ്പെടാൻ കഴിയുന്നില്ല.

മുഹമ്മക്ഷീരോല്പാദക സഹകരണസംഘം നമ്പർ. A.78

മുഹമ്മ പഞ്ചായത്തിലെ 1,2,9 വാർഡുകൾ ഈ സംഘത്തിന്റെ പ്രവർത്തനപരിധിയിൽ വരുന്നു. ഈ നോൺക്രെഡിറ്റ് സ്ഥാപനം 1986 ഫെബ്രുവരിയിൽ പ്രവർത്തനം ആരംഭിച്ചു. 414 അംഗങ്ങൾ ഈ സംഘത്തിലുണ്ട്. ഒരു ദിവസം ഏകദേശം 450 ലിറ്ററിൽ അധികം പാൽ അംഗങ്ങൾ അളക്കുന്നു.

ലേബേഴ്സ് കയർ മാറ്റ്സ് & മാറ്റിംഗ്സ് സഹകരണസംഘം രജി. നമ്പർ 733 മുഹമ്മ.

മണ്ണഞ്ചേരി പഞ്ചായത്ത് വാർഡ് നമ്പർ 2,3, കഞ്ഞിക്കുഴി പഞ്ചായത്ത്, മുഹമ്മ പഞ്ചായത്തിലെ വാർഡ് 1,2,3,6,7,8,9 എന്നീ പ്രദേശങ്ങൾ ഈ സംഘത്തിന്റെ പ്രവർത്തന പരിധിയിൽ പെടുന്നു. 1982 ൽ പ്രവർത്തനം ആരംഭിച്ചു. 118 പേർ ഇതിൽ അംഗങ്ങളാണ്. ഇവിടെ കയറ്റുപായ്, കർണ്ണാട്ടിക് തടുക്ക് തുടങ്ങിയവ നിർമ്മിക്കുന്നു. തൊഴിലാളികളുടെ ഉടമയിലുള്ള സ്ഥാപനമാണിത്.

മുഹമ്മ കയർ മാറ്റ്സ് & മാറ്റിംഗ്സ് CS No.430 ആര്യക്കര

കഞ്ഞിക്കുഴി മുഹമ്മ പഞ്ചായത്തുകൾ ഇതിന്റെ പ്രവർത്തന പരിധിയിൽ പെടുന്നു. 8.11.63ൽ രജിസ്റ്റർ ചെയ്തെങ്കിലും 10.2.79ലാണ് ഇതിന്റെ പ്രവർത്തനം ആരംഭിച്ചത്. 56 പേർ അംഗങ്ങളാണ്. ഇത് തൊഴിലാളികളുടെ ഉടമയിലുള്ള സ്ഥാപനമാണ്. ഈ സംഘത്തിന്റെ കീഴിൽ ഒരു കയറ്റുപായ് നിർമ്മാണ കേന്ദ്രമുണ്ട്.

മുഹമ്മ കയർ വ്യവസായ സഹകരണസംഘം No.9

1953ലാണ് ഇത് പ്രവർത്തനംആരംഭിച്ചത്. മുഹമ്മ പഞ്ചായത്തുപ്രദേശം മുഴുവൻ ഇതിന്റെ പ്രവർത്തനപരിധിയാണ്. 630പേർഅംഗങ്ങളാണ്. അംഗങ്ങൾക്ക് റാഡ് വാങ്ങുന്നതിനുള്ള വായ്പ നൽകുകയും കയർ പിരിക്കുന്നതിനുള്ള അസംസ്കൃത വസ്തുവായ ചകിരി എത്തിച്ചുകൊടുക്കുകയും ഇവരിൽനിന്ന് സംഘം കയർ ശേഖരിക്കുകയും ചെയ്യുന്നു. ഉല്പന്നങ്ങളുടെ വിപണനത്തിനുവേണ്ടി സ്ഥിരമായ ഒരു സംവിധാനം ഉണ്ടാകണം.

മുഹമ്മ പഞ്ചായത്ത് ഹാൻഡിക്രാഫ്റ്റ് ഇൻഡസ്ട്രിയൽ സൊസൈറ്റി നമ്പർ A-130

മുഹമ്മ പഞ്ചായത്ത് പ്രദേശമാകെ ഇതിന്റെ പ്രവർത്തനപരിധിയിൽ വരുന്നു. ഈ നോൺ ക്രെഡിറ്റ് സഹകരണസംഘം 1988ൽ പ്രവർത്തനം ആരംഭിച്ചു. 156 പേർ അംഗങ്ങളാണ്. ഇതിന്റെ പ്രവർത്തനങ്ങൾക്കായി ലഭിയ്ക്കുന്ന വായ്പകൾ അപര്യാപ്തമാണ്.

സഹകരണരംഗത്തെ പ്രശ്നങ്ങൾ

1. പൂക്കൾ കൃഷി ചെയ്യുന്നവർക്കായി ഒരു സഹകരണ സംഘം ഇല്ല.
2. നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ചില സഹകരണ സംഘങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല.
3. തൊണ്ടഴുക്കി കയർ ഉല്പാദിപ്പിക്കുന്ന മേഖലയിൽ സഹകരണസംഘങ്ങൾ ഇല്ല.
4. ഓരോ വാർഡിലേയും കയർഫാക്ടറികളെ ഏകോപിപ്പിച്ച് സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നില്ല.
5. 4,6,7,10 എന്നീ വാർഡുകളിൽ ക്ഷീരോല്പാദക സഹകരണസംഘങ്ങൾ ഇല്ല.
6. വാർഡുതലത്തിൽ കേര കർഷക സഹകരണസംഘങ്ങൾ ഇല്ല.
7. ടൈലറിംഗ് തൊഴിലിൽഏർപ്പെട്ടിരിക്കുന്നവർക്കായി പഞ്ചായത്തുതലത്തിൽ സഹകരണസംഘങ്ങൾ ഇല്ല.
8. പഞ്ചായത്തുതലത്തിൽ ഒരു സഹകരണ പാരലൽ കോളേജ് ഇല്ല.

9. മത്സ്യകൃഷി സഹകരണസംഘമില്ല.
10. സഹകരണമേഖലയിൽ കൺസ്യൂമർ സ്റ്റോർ ഇല്ല.
11. സഹകരണമേഖലയിൽ മെഡിക്കൽ ഷോപ്പ് ഇല്ല.
12. എല്ലാ ക്രഡിറ്റ് സഹകരണസംഘങ്ങളിലും വിവാഹാവശ്യത്തിന് വായ്പ കൊടുക്കുന്നതിനുള്ള വ്യവസ്ഥ ഇല്ല.
13. പുൽത്തടുക്ക് നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് സഹകരണ സംഘങ്ങൾ നാമമാത്രമാണ്.

സാദ്ധ്യതകൾ

വർഷം തോറും പൂക്കൾ വാങ്ങുന്നതിനായി കോടിക്കണക്കിന് രൂപ കേരളത്തിനുവെളിയിലേയ്ക്ക് ഒഴുകുന്നുണ്ട്.ഇതവസാനിപ്പിക്കുന്നതിനായി പഞ്ചായത്തുകൾ തോറും പൂകൃഷിയെ പ്രോത്സാഹിപ്പിക്കണം. മുഹമ്മ പഞ്ചായത്തിൽ ഇതിന് നല്ല സാദ്ധ്യതകൾ ഉണ്ട്. ഈ കൃഷിയിൽ ഏർപ്പെട്ടിരിക്കുന്നവരുടെ ഒരു സഹകരണസംഘം ഉണ്ടാക്കിയാൽ കൃഷിക്കും വിപണനത്തിനും അംഗങ്ങളെ സഹായിക്കുവാൻ കഴിയും.

നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന ഹരിജൻ സർവ്വീസ് സഹകരണസംഘം A 762, ബീഡീസഹകരണസംഘം, 4,10 വാർഡുകളിലെ ക്ഷീരോല്പാദക സഹകരണസംഘം, മുഹമ്മ വനിതാ വെൽഫെയർ സൊസൈറ്റി, കല്ലാപ്പുറം കയർവ്യവസായ സഹകരണസംഘം, എ.കെ.ജി മെമ്മോറിയൽ വനിതാസഹകരണസംഘം, കസ്തൂർബാ കയർ മാറ്റ്സ് & മാറ്റിംഗ് സൊസൈറ്റി, ഹരിജൻ കക്കാ സഹകരണസംഘം എന്നിവ ഇന്നു പ്രവർത്തിക്കുന്നില്ല. ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി ഉണ്ടാകണം.

കയർവ്യവസായ മേഖലയിൽ സഹകരണസംഘങ്ങളുണ്ട്. എന്നാൽ തൊണ്ടഴുക്കി കയർ ഉല്പാദിപ്പിക്കുന്ന ഒരു വലിയ വിഭാഗം തൊഴിലാളികൾ മുഹമ്മ പ്രദേശത്തുണ്ട്. ഇടനിലക്കാർ ഇവരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില നൽകുന്നില്ല. തൊണ്ടു സംഭരിക്കുവാനും പ്രയാസം അനുഭവപ്പെടുന്നു. ഇത് പരിഹരിക്കുന്നതിന് തൊണ്ടഴുക്കി കയർ ഉല്പാദിപ്പിക്കുന്നവരുടെ ഒരു സഹകരണസംഘം പഞ്ചായത്തിൽ അനിവാര്യമാണ്.

മുഹമ്മ ഒരു കയർ മേഖലയാണ്. ഇവിടെ ഓരോ വാർഡിലുംധാരാളം ചെറുകിട കയർ ഫാക്ടറികളുണ്ട്. ഇവർക്കാവശ്യമുള്ള അസംസ്കൃതപദാർത്ഥങ്ങൾ ഇടനിലക്കാർ എത്തിച്ചുകൊടുക്കുകയും ഉല്പന്നങ്ങൾ ഇവർവഴി വിപണനം ചെയ്യുകയുമാണ് പതിവ്. ഇതു മൂലം ചെറുകിട ഫാക്ടറിക്കാർ ഇടനിലക്കാരുടെ ചൂഷണത്തിന് വിധേയരാകുന്നു. ഓരോ വാർഡിലുമുള്ള ചെറുകിട ഫാക്ടറികളെ ഒരു സഹകരണസ്ഥാപനത്തിന്റെ കീഴിൽ കൊണ്ടുവന്നാൽ ഈ ചൂഷണം അവസാനിപ്പിക്കുവാൻ കഴിയും.

പഞ്ചായത്തിന്റെ മിക്ക പ്രദേശങ്ങളിലെയും ഇടത്തരക്കാരായുള്ളവരുടെ വീട്ടിൽ പശുക്കളെ വളർത്തുന്നുണ്ട്. ചില പ്രദേശങ്ങളിൽ ക്ഷീരോല്പാദക സഹകരണസംഘവും പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പഞ്ചായത്തിലെ 4,6,7,10വാർഡുകളിൽ 7ക്ഷീരോല്പാദക സഹകരണസംഘങ്ങളില്ല. അതുകൊണ്ട് ഇവരുടെ ഉല്പന്നം വിറ്റഴിക്കുന്നതിനായി 4,10 വാർഡുകൾ കേന്ദ്രീകരിച്ചും 6,7 വാർഡുകൾ കേന്ദ്രീകരിച്ചും ഓരോ ക്ഷീരോല്പാദക സഹകരണസംഘം ആവശ്യമാണ്.

മുഹമ്മ പഞ്ചായത്തിലെ സാധാരണക്കാരുടെ പ്രധാന വരുമാന മാർഗ്ഗം ഇപ്പോഴും തെങ്ങുതന്നെയാണ്. എന്നാൽ തെങ്ങുകൃഷി വ്യാപകമായ ഭീഷണി നേരിടുകയാണ്. പ്രധാനമായും തെങ്ങുകൾക്കുണ്ടായ രോഗങ്ങൾ, അശാസ്ത്രീയമായ വളപ്രയോഗം, ഇതിനൊക്കെ ഉപരിയായി ലഭിക്കുന്ന നാളികേരം ലാഭകരമായി വിറ്റഴിക്കാനുള്ള ബുദ്ധിമുട്ട്. ഈ രംഗത്ത് ഇടനിലക്കാർ തെങ്ങുകർഷകരെ ചൂഷണം ചെയ്യുന്നു. ഇതിനു പരിഹാരമായി പഞ്ചായത്തു പ്രദേശത്ത് കേരകർഷക സഹകരണസംഘങ്ങൾ സ്ഥാപിക്കേണ്ടതാണ്.

ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനുശേഷം തയ്യൽ രംഗത്തേയ്ക്ക് തിരിഞ്ഞിട്ടുള്ള ധാരാളം വനിതകൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവരെ ഏകോപിപ്പിച്ച് ഒരു വനിതാസഹകരണസംഘം ഉണ്ടാക്കിയാൽ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണരംഗത്ത്വനിതകൾക്ക് അർഹമായ പ്രാതിനിധ്യം കൊടുക്കാൻ കഴിയും.

പഞ്ചായത്തിൽ അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ ധാരാളം യുവതീയുവാക്കളുണ്ട്. അവരെ സംഘടിപ്പിച്ച് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു സഹകരണപാരലൽ കോളേജും സാങ്കേതിക വിദ്യാലയവും തുടങ്ങിയാൽ വിദ്യാഭ്യാസരംഗത്ത് ചലനങ്ങൾ സൃഷ്ടിക്കുവാൻ കഴിയും. ഒപ്പം പരമ്പരാഗത തൊഴിൽ രംഗത്തു സംഭവിച്ചുകൊണ്ടിരിക്കുന്ന തൊഴിലാളി ദൗർലഭ്യം പരിഹരിക്കുവാനും കഴിയും.

വൻപിച്ച സാധ്യതകളുള്ള ഒരു മേഖലയാണ് മത്സ്യകൃഷി. ജലസ്രോതസ്സുകൾ ധാരാളമുള്ളതിനാൽ ഈ പദ്ധതി വിജയിപ്പിക്കുവാൻ കൂടുതൽ സാധ്യതയുണ്ട്. അതിൽ ഏർപ്പെടുന്ന ജനവിഭാഗങ്ങൾക്കായി ഒരുസഹകരണസംഘം ഉണ്ടാക്കിയാൽ ഈ കൃഷിയെ സംബന്ധിക്കുന്ന സാങ്കേതിക വൈദഗ്ദ്ധ്യവും മത്സ്യങ്ങളുടെ വിപണനസൗകര്യവും ഇവർക്ക് നൽകുവാൻ കഴിയും.

മുഹമ്മ-തണ്ണീർമുക്കം പഞ്ചായത്തുകൾക്കായി പുത്തനങ്ങാടിയിൽ ഒരു മാവേലി സ്റ്റോറാണുള്ളത്. ഇത് ഈ പ്രദേശത്തെ ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമല്ല. ഈ സാഹചര്യത്തിൽ മുഹമ്മ പഞ്ചായത്തിൽ സഹകരണാടിസ്ഥാനത്തിൽ കൺസ്യൂമർ സ്റ്റോറുകൾ ആരംഭിച്ചാൽ ഇടനിലക്കാരുടെ ചൂഷണത്തിൽ നിന്നും ജനങ്ങളെ രക്ഷിക്കുവാൻ കഴിയും. അതോടൊപ്പം പൊതുമാർക്കറ്റിൽ വില നിയന്ത്രിക്കുവാനും കഴിയും.

മുഹമ്മ പി.എച്ച്. സെന്ററിനോടനുബന്ധിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന ഒരുസഹകരണ മെഡിക്കൽസ്റ്റോർ അനിവാര്യമാണ്.

പഞ്ചായത്തിലെ അപൂർവ്വം ചില സഹകരണസംഘങ്ങളിലേ വിവാഹാവശ്യത്തിനു വായപ കൊടുക്കുന്ന ഏർപ്പാടുള്ളൂ. കുറഞ്ഞപലിശ നിരക്കിൽ വിവാഹാവശ്യത്തിനുവായ്പ കൊടുക്കുന്ന ഏർപ്പാട് എല്ലാ ക്രെഡിറ്റ് സഹകരണസംഘങ്ങളിലേയ്ക്കും വ്യാപിപ്പിക്കേണ്ടതാണ്.

മുഹമ്മയിൽ അടുത്തകാലത്തായി വികാസം പ്രാപിച്ചുവരുന്ന ഒരു വ്യവസായ മേഖലയാണ് പുൽത്തടുക്ക് നിർമ്മാണം. കുറെയധികം തൊഴിലാളികൾ ഈ രംഗത്തു പ്രവർത്തിച്ചുവരുന്നു. എന്നാൽ ഒരു സഹകരണസംഘം മാത്രമേ പുൽത്തടുക്ക് നിർമ്മാണ മേഖലയിലുള്ളൂ. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലുള്ള പുൽത്തടുക്ക് തൊഴിലാളികളുടെ ആവശ്യങ്ങൾ നിറവേറ്റാൻ ഇതപര്യാപ്തമായതിനാൽ ഈ രംഗത്ത് ഇനിയും സഹകരണസംഘങ്ങൾ ആവശ്യമാണ്.

പഞ്ചായത്തിന്റെ ഏതാണ്ടെല്ലാ വാർഡുകളിലും കേരകൃഷിക്കാർക്കാശ്വാസമായി നാളികേരസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഈ സംഘങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് പഞ്ചായത്തിന്റെ സഹായവും മേൽനോട്ടവും ഉണ്ടാകേണ്ടതാണ്.

5.11

പട്ടികജാതി പട്ടികവർഗ്ഗം

വൈകാരിക പക്ഷപാതത്തോടെ സമീപിക്കേണ്ട ഒരു വിഭാഗമാണ് പട്ടികജാതി-പട്ടികവർഗ്ഗം. രാഷ്ട്രം സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം മാറിമാറിവന്ന കേന്ദ്ര-സംസ്ഥാന ഗവൺമെൻറുകൾ ഈ വിഭാഗക്കാരുടെ ഉന്നമനത്തിനായി ധാരാളം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ഉണ്ടായി എങ്കിലും ഈ വിഭാഗത്തിൽ പെടുന്ന ജനതയുടെ സാർവ്വതോൻമുഖമായ വികസനം ഇന്നും വഴിമുട്ടി നിൽക്കുകയാണ്. പ്രത്യേകം കോളനികൾ സ്ഥാപിച്ചുകൊണ്ട് ഈ വിഭാഗത്തിൻെറ ഉന്നമനം സാക്ഷാത്ക്കരിക്കുവാനുള്ള പ്രവർത്തനങ്ങൾ ധൃതഗതിയിൽ പുരോഗമിക്കുന്നുണ്ട്. അതോടൊപ്പം മറ്റൊരു പ്രധാന പ്രശ്നം ഉയർന്നുവരുന്നതു കാണാതെ വയ്യ. ഈ കോളനികൾ എല്ലാം തന്നെ പ്രാഥമിക ആവശ്യങ്ങൾ പോലും നിറവേറ്റുന്നതിന് പറ്റിയ വിധത്തിലല്ല രൂപപ്പെട്ടിരിക്കുന്നത്. തന്മൂലം ചില ആഭ്യന്തര പ്രശ്നങ്ങൾ രൂപപ്പെടുകയും അത് നിത്യസംഭവമായി മാറുകയും ചെയ്യാറുണ്ട്. ഇവിടുത്തെ ആഭ്യന്തര പ്രശ്നങ്ങളോട് ഒരുതരം നിസ്സംഗതയാണ് മറ്റു ജന വിഭാഗങ്ങൾ കാണിക്കുന്നത്. അതിനാൽ പൊതുധാരയിൽ നിന്നും ഒറ്റപ്പെട്ടുനിൽക്കുവാനുള്ള പ്രവണത ഈ വിഭാഗക്കാരിൽ കണ്ടുവരുന്നു. ഇത് ഉടനടി പരിഹരിക്കപ്പെടേണ്ടതാണ്. കോളനിസംമ്പ്രദായം ഇനി പ്രോൽസാഹിപ്പിക്കാതിരിക്കലാണ് ഉചിതമായ മാർഗ്ഗം. മറ്റുസമുദായങ്ങളുമായി ഇടപഴകി ജീവിക്കുവാനുള്ള ഒരു സാഹചര്യം ഉണ്ടായാൽ മാത്രമേ പൊതുധാരയിലേക്ക് ഈ വിഭാഗക്കാരെ ഫലപ്രദമായി കൊണ്ടുവരുവാൻ കഴിയൂ.

വിദ്യാഭ്യാസ രംഗത്ത് ധാരാളം ആനുകൂല്യങ്ങൾ ഈ വിഭാഗക്കാർക്ക് നൽകുന്നു എങ്കിലും ഹൈസ്ക്കൂൾ വിദ്യാഭ്യാസം നല്ലരീതിയിൽ പൂർത്തിയാക്കി കോളേജ് വിദ്യാഭ്യാസ രംഗത്തേയ്ക്കോ സാങ്കേതിക വിദ്യാഭ്യാസ രംഗത്തേയ്ക്കോ തിരിയുന്ന വിദ്യാർത്ഥികൾ വിരളമാണ്.

ഈ വിഭാഗത്തിൽപ്പെട്ടവരിൽ നല്ലൊരു ശതമാനവും കലാകാരൻമാരാണ്. കായികമായും മറ്റുള്ളവരെ അപേക്ഷിച്ച് ഇവർമുന്നിൽ തന്നെ. ആയതിനാൽ ഈ വിഭാഗത്തിൽ പെടുന്ന കുട്ടികളെ കലാകായിക രംഗത്തെ കഴിവുകൾ വികസിപ്പിക്കുന്നതിനാവശ്യമായ സത്വര നടപടികൾ അനിവാര്യമാണ്. ഇത് പൊതുധാരയിലേക്കുള്ള ഈ വിഭാഗക്കാരുടെ വരവിൻെറ ആക്കം വർദ്ധിപ്പിക്കുന്നതാണ്.

പ്രശ്നങ്ങൾ

1. സഹകരണ സംഘങ്ങളിലും പ്രൈവറ്റ് വിദ്യാലയങ്ങളിലും നിയമങ്ങൾ നടത്തുമ്പോൾ സംവരണതത്വം പാലിക്കുന്നില്ല.
2. കോളനികളിൽ എല്ലാ വീടുകളിലും ശുദ്ധ ജലവും പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യങ്ങളും ലഭ്യമല്ല.

3. പൊതു ശ്മശാനമില്ലായ്മ.

4. വീട് നിർമ്മിക്കുന്നതിനു ലഭിക്കുന്ന തുക അപര്യാപ്തമാണ്.

5. SC/ST വിഭാഗത്തിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുവാൻ സംവിധാനം ഇല്ല.

6. SC/ST വിഭാഗത്തിൽപ്പെട്ട ഒരു ചെറിയ ശതമാനം ജനങ്ങൾ പൊതുധാരയിൽ നിന്നും അകന്നു നിൽക്കുന്നു.

7. വിദ്യാർത്ഥികൾക്ക് നൽകുന്ന ലംസം ഗ്രാൻറിന്റെ തുക അപര്യാപ്തമാണ്.

8. വസ്തുവിന്റെ പട്ടയം യഥാസമയം ലഭിക്കുന്നില്ല.

9. പാരമ്പര്യ തൊഴിലുകൾക്ക് ധനസഹായവും പ്രോൽസാഹനവും ലഭിക്കുന്നില്ല.

10. ബാങ്ക് വായ്പാ രീതി സങ്കീർണ്ണമാണ്.

11. എല്ലാഹരിജൻ വീടുകളിലും വൈദ്യുതി ഇല്ല.

സാദ്ധ്യതകൾ.

സാമൂഹികവും സാംസ്കാരികവും സാമ്പത്തികവുമായി ഒട്ടൊക്കെ പിന്നോക്കം നിന്നിരുന്ന SC/ST വിഭാഗം വിദ്യാഭ്യാസമേഖലയിലും പിന്നോക്കം നിന്നിരുന്നവരാണ്. ഇത്തരം ആളുകളെ വികസനത്തിന്റെ മുഖ്യ ധാരയിലേക്ക് കൊണ്ടുവരേണ്ടതാണ്. ആയതിനു നമ്മുടെ മുന്നിലുള്ള പ്രശ്നങ്ങൾക്കുള്ള സാദ്ധ്യതകൾ കണ്ടെത്തേണ്ടത് അത്യാവശ്യമാണ്. കുടിവെള്ളം, വൈദ്യുതി, പ്രാഥമിക സൗകര്യങ്ങൾ, സുരക്ഷിത ഭവനങ്ങൾ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസം, വിദ്യാഭ്യാസാനുകൂല്യങ്ങൾ മറ്റ് സാമ്പത്തിക ആനുകൂല്യങ്ങൾ ഇവയെല്ലാം യഥാസമയം ലഭിക്കാത്തതിന്റെ നിയമതടസ്സങ്ങൾ സമയബന്ധിതമായി നീക്കംചെയ്യൽ എന്നിവയിലേക്ക് സത്വരശ്രദ്ധ ചെലുത്തേണ്ടിയിരിക്കുന്നു. ഏറെക്കുറെ മുഹമ്മ പഞ്ചായത്തുത്തിയിലുള്ള പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ പ്രശ്നങ്ങൾ സങ്കീർണ്ണമാണെങ്കിലും ഒട്ടൊക്കെ പരിഹാരം കാണുവാൻ ശ്രമങ്ങൾ നടന്നുവരുന്നു. ഇനിയും പരിപൂർണ്ണമായി SC,ST വിഭാഗത്തിന്റെ പ്രശ്നങ്ങൽ പരിഹരിക്കുവാൻ ചുവടെ ചേർക്കുന്ന കാര്യങ്ങളിൽ ശ്രദ്ധകേന്ദ്രീകരിക്കേണ്ടിയിരിക്കുന്നു.

ആരോഗ്യപരമായ കാര്യങ്ങൾ നിലനിർത്തണമെങ്കിൽ ശുദ്ധജല വിതരണവും പ്രാഥമികാവശ്യങ്ങൾക്കുള്ള സംവിധാനവും പര്യാപ്തമായിരിക്കണം. എന്നാൽ ഈ പഞ്ചായത്തിലെ കോളനികളിൽ മേൽപറഞ്ഞ സൗകര്യങ്ങൾ തീരെ ഇല്ലാത്തതിനാൽ അടിയന്തിരമായി ശുദ്ധജല വിതരണവും പ്രാഥമികാവശ്യത്തിനുള്ള സൗകര്യവും ഏർപ്പെടുത്തണം.

പരിസ്ഥിതി സംരക്ഷണത്തിനും ഒരു പരിധിവരെ അനാചാരങ്ങളും അന്ധവിശ്വാങ്ങളും പരിഹരിക്കുന്നതിനും സാമ്പത്തിക ദുർചെലവ് കുറയ്ക്കുന്നതിനും വേണ്ടി ഒരു പൊതു ശ്മശാനം സ്ഥാപിക്കണം.

സ്വകാര്യമേഖലയിലും സഹകരണമേഖലയിലുമുള്ള ഔദ്യോഗിക നിയമനങ്ങൾ നടക്കുമ്പോൾ കൃത്യമായിട്ടും സംവരണ തത്വം പാലിക്കുവാനുള്ള സംവിധാനം വേണം.

സംവരണ തത്വം പാലിക്കുന്നതിലൂടെ SC,ST വിഭാഗക്കാരെ വികസനത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുവാൻ കഴിയും.

സാമ്പത്തികാനുകൂല്യങ്ങൾ അർഹരായ എല്ലാവർക്കും ലഭ്യമാക്കുന്നതിനോടൊപ്പം ഈ തുകകൾ ലാപ്സാവാതെ യഥാസമയം വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കേണ്ടതാണ്.

വർദ്ധിച്ചുവരുന്ന സാധനസാമഗ്രികളുടെ വിലയും ജോലിക്കൂലി വർദ്ധനയും കണക്കിലെടുത്ത് ഭവനനിർമ്മാണത്തിനു നൽകുന്ന തുക വർദ്ധിപ്പിക്കുകയും ആയത് നൽകുന്നതിനുള്ള നിയമ തടസ്സങ്ങൾ നീക്കുകയും വേണം.

പിന്നോക്ക വിഭാഗത്തിലെ കുട്ടികളുടെ വിദ്യാഭ്യാസനിലവാരം വളരെ മോശമാണ്. മറ്റ് വിഭാഗങ്ങളെ അപേക്ഷിച്ച് ഇടക്കുവെച്ച് പഠനം നിർത്തുന്നവരുടെ സംഖ്യയും ആനുപാതികമായി കൂടുതലാണ്.
പട്ടിക ഒന്ന് ശ്രദ്ധിക്കുക.

ഇതിന് പരിഹാരമായി ഈ വിഭാഗത്തിലെ വിദ്യാർത്ഥികളെ പ്രോത്സാഹിപ്പിക്കുകയും ലംപ്സം ഗ്രാൻറ് തുക വർദ്ധിപ്പിച്ച് സുഗമമായ വിദ്യാഭ്യാസത്തിന് പ്രേരിപ്പിക്കുകയും വേണം.

SC,ST വിഭാഗങ്ങൾക്ക് ബാങ്ക് വായ്പകൾ നൽകുമ്പോൾ പൊതുവായ നിബന്ധനകളിൽ നിന്ന് അവരെ ഒഴിവാക്കി ആവുന്നത്രവേഗത്തിൽ വായ്പകൾ ലഭിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കേണ്ടതാണ്.

സൗജന്യമായി വച്ചുകൊടുക്കുന്ന വീടുകൾ കാലാകാലങ്ങളിൽ ജീർണ്ണോദ്ധാരണം നടത്തുന്നതിന് അവരെ പ്രേരിപ്പിക്കുകയും ആവശ്യമായ ധനസഹായം നൽകുകയും വേണം. ഈ വിഭാഗങ്ങൾക്ക് നൽകുന്ന വസ്തുവിന്റെ പട്ടയം കാലതാമസം കൂടാതെ നൽകണം. കോളനികളിൽ ശുദ്ധജല വിതരണം എന്നതുപോലെ തന്നെ വൈദ്യുതീകരണവും അത്യന്താപേക്ഷിതമാണ്.

SC,ST വിഭാഗങ്ങൾ വ്യാപൃതരായിരിക്കുന്ന പാരമ്പര്യ തൊഴിലുകൾ ആധുനികവൽക്കരിക്കുകയും ആവശ്യമായ പരിപാലനം നൽകുകയും വേണം.

ആനുകൂല്യം ലഭിച്ചാലേ ഏതുകാര്യവും ചെയ്യാനാകൂ എന്ന ചിന്താഗതി ഉണ്ടാകാതിരിക്കുന്നതിനും സ്വാശ്രയ ബോധം ഉളവാക്കുന്നതിനും ആവശ്യമായ ബോധവൽക്കരണം നടത്തണം.

നല്ല നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന "മുഹമ്മ ഹരിജൻ വെൽഫയർ കോ ഓപ്പറെറ്റീവ് സൊസൈറ്റി" എന്ന സ്ഥാപനം പ്രവർത്തനരഹിതമാണ്. സൊസൈറ്റിയുടെ മേൽനോട്ടത്തിൽ ഒരു പ്രിൻറിംഗ് പ്രസ്സ് നടത്തിയിരുന്നു. മാനേജ്മെൻറിൻെറ പരിചയക്കുറവും സാങ്കേതികക്കുറവിൽ വന്ന പരാജയവുമാണ് ഈ സൊസൈറ്റി നിന്നുപോകുവാനുള്ള കാരണം. ഗവൺമെൻറിൻെറ ശരിയായ സാങ്കേതിക ഉപദേശത്തിൻെറ അടിസ്ഥാനത്തിൽ ഈ സ്ഥാപനം തുടർന്നു പ്രവർത്തിപ്പിക്കേണ്ടതാണ്.

സാമൂഹികവും സാമ്പത്തികവും വിദ്യാഭ്യാസപരമായി SC,ST വിഭാഗങ്ങളിൽ കൈപിടിച്ചുയർത്തി നമുക്കവരെ രാഷ്ട്ര വികസനത്തിൻെറ മുഖ്യ ധാരയിലേയ്ക്ക് കൊണ്ടുവരാവുന്നതാണ്.

മറ്റു നിർദ്ദേശങ്ങൾ

1. പട്ടികജാതി-വർഗ്ഗ വിദ്യാർത്ഥികൾക്ക് നൽകുന്ന ലംസംഗ്രാൻറ് പണമായി നൽകുന്നതിനു പകരം വിദ്യാഭ്യാസ സ്ഥാപനം തുറക്കുന്ന ആഴ്ചയിൽ തന്നെ പഠനോപകരണങ്ങളായും യൂണീഫോമുകളായും നൽകുക.

2. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് 3-ാം തരം മുതൽ പ്രത്യേക കോച്ചിംഗ് നൽകുക.

3. ഈ വിഭാഗത്തിൽ നിന്നും 4-ാം ക്ലാസ്മുതൽ 50 ശതമാനമോ അതിൽകൂടുതലോ മാർക്ക് വാങ്ങുന്ന കുട്ടികൾക്ക് പഞ്ചായത്തിൻെറ വകയായി സമ്മാനങ്ങൾ നൽകുക (ഇത് സ്പോൺസറിംഗ് രീതിയിലാവാം)

4. പട്ടികജാതി കോളനികൾക്ക് സമീപം പ്രീ പ്രൈമറി സ്ക്കൂളുകൾ ആരംഭിക്കുക.

5. എസ്സ്.എസ്സ്.എൽ.സി പാസ്സാകുന്ന മുഴുവൻ SC,ST വിദ്യാർത്ഥികളേയും അനുമോദിക്കുകയും സമ്മാനങ്ങൾ നൽകുകയും വേണം.

6. ഈ വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് ബസ്യാത്ര സൗജന്യമാക്കുക.

7. പി.എസ്.സി ടെസ്റ്റുകൾക്ക് നൽകുന്ന യാത്രാബത്ത പൂർണ്ണമായും ടെസ്റ്റുദിവസം തന്നെ പരീക്ഷാകേന്ദ്രത്തിൽ വച്ച് വിതരണം ചെയ്യുക.

8. പട്ടികജാതി-വർഗ്ഗ വികസന കോർപ്പറേഷൻ നൽകുന്ന വായ്പകൾ പഞ്ചായത്ത് സമിതികളുടെ നിർദ്ദേശ പ്രകാരം മാത്രം നൽകുക. (അർഹരായവർക്കുമാത്രം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുവാൻ സഹായിക്കും)

9. വിദ്യാസമ്പന്നരായ SC,ST വിഭാഗക്കാരെ 25-50 പേരുള്ള സംഘങ്ങളാക്കി ചെറുകിട ഇടത്തരം വ്യവസായങ്ങൾ, കൂട്ടുകൃഷി സംരഭങ്ങൾ-പട്ടികജാതി-വർഗ്ഗ കോർപ്പറേഷൻെറ ഗ്രാൻറുകളോടെ പഞ്ചായത്ത് മുൻകൈയെടുത്ത് ആരംഭിക്കുക.

10. ടെലിവിഷൻ, കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള സാങ്കേതിക പരിശീലനം പട്ടികജാതി-വർഗ്ഗ വിഭാഗങ്ങൾക്ക് സ്റ്റൈപ്പൻറ് നൽകി കൊണ്ട് ആരംഭിക്കുക.

11. ഹരിജൻ കോളനികളിൽ വായനശാലയും ടെലിവിഷനും സ്ഥാപിക്കുക.

പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പാർപ്പിടവും തൊഴിലും സംബന്ധിച്ചുള്ള വിവരങ്ങൾക്ക് പട്ടിക 2ഉം 3ഉം കാണുക.

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

പട്ടിക -1.

	ആകെ കുട്ടികൾ	SC,ST	%	ആകെ കുട്ടികൾ	പഠനം നിർത്തിയവർ
എൽ.പി.	1190	68	5.71	277	3
യു.പി	1469	104	7.14		
എച്ച്.എസ്	1457	105	7.2		

പട്ടിക 2

SC/ST വിഭാഗം പാർപ്പിട സ്ഥിതി

	സ്വന്തം	വാടക	ഓല	ഓട്	ഷീറ്റ്	കോൺ	കുടിൽ	സെപ്റ്റിക് ടാങ്ക്	ഇ൯. എസ്,പി.	ഇല്ല
SC	340	03	60	251	25	09	38	21	227	95
ST	14	14	11	03	–	–	11	–	3	11

പട്ടിക 3

SC/ST തൊഴിൽ വിവരം

	ആകെ ജനസംഖ്യ	കൂലിപ്പണി	കർഷക തൊഴിലാളി	മറ്റു തൊഴിൽ	തൊഴിൽ രഹിതർ	കയർ	കക്ക	മത്സ്യം	കർണ്ണാട്ടി	മറ്റുള്ളവർ
SC	1240	260	150	95	72	180	30	45	5	70
ST	45	30	–	2	–	–	–	–	–	2



5.12

വിഭവസമാഹരണം

ഏതൊരു വികസനപ്രക്രിയയുടേയും അടിസ്ഥാന ഘടകം വിഭവമാണ്. എന്നാൽ വിഭവം ധനം മാത്രമല്ല മനുഷ്യശേഷിയും വിഭവത്തിൽപ്പെടും. ജനങ്ങൾ പൊതുവെ കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരുന്ന കാലഘട്ടത്തിൽ അതിൽ നിന്ന് ലഭിക്കുന്ന ഉൽപ്പന്നവും, ആ ഉൽപ്പന്നങ്ങൾ വിറ്റുകിട്ടിയിരുന്ന പണവുമായിരുന്നു. പ്രധാന വരുമാനമാർഗ്ഗം. എന്നാൽ കയർമേഖലയുടെ വരവോടെ പണമായി തന്നെ കൂലി ലഭിക്കുവാൻ തുടങ്ങി. ഈ കാലഘട്ടത്തിലൊക്കെ വ്യക്തികളുടെ കൂട്ടായ്മ ഒരു മുഖ്യവിഭവമായിരുന്നു. വയലേലകളിൽ വെള്ളം വറ്റിച്ചിരുന്നതും, കുളങ്ങൾ വെട്ടിയിരുന്നതും, പുരകൾ മേഞ്ഞിരുന്നതും ഈ കൂട്ടായ്മയുടെ ഫലമായിട്ടാണ്.

മുഹമ്മ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വിഭവങ്ങൾ ഇല്ലായ്മ അല്ലെങ്കിൽ വിഭവങ്ങളുടെ കൂട്ടായ്മ ഇല്ലായ്മ വികസനത്തെ പ്രതികൂലമായി ബാധിക്കുന്ന ഒരു ഘടകംതന്നെയാണ്. കാർഷികമേഖലയുടെ തളർച്ചയും കയർ വ്യവസായ രംഗത്തെ മാന്ദ്യവും പഞ്ചായത്തിന്റെ വരുമാന മാർഗ്ഗത്തെ പ്രതികൂലമായി ബാധിച്ചു. സ്വകാര്യ മേഖലയിലൊ പൊതുമേഖലയിലൊ വൻകിട ഫാക്ടറികൾ ഇല്ലാത്തത് മുഹമ്മയുടെ വികസനത്തിന് വിലങ്ങുതടിയാണ്. വേമ്പനാട്ട് കായലിൽ നിന്ന് ലഭിക്കുന്ന കക്കയുടെ കുറവും, തൊഴിലാളികളുടെ വർദ്ധനവും കക്കാ വ്യവസായം നേരിടുന്ന മറ്റൊരു ഭീഷണിയാണ്. കെട്ടിട നികുതി, വിനോദ നികുതി, തൊഴിൽ നികുതി, ഗവൺമെൻറ് ഗ്രാൻറുകൾ, ലൈസൻസ് ഫീസ് എന്നിവയാണ് പഞ്ചായത്തിന്റെ പ്രധാന വരുമാന മാർഗ്ഗം

വിനോദസഞ്ചാരം

വേമ്പനാട്ട് കായലിൽ രൂപംകൊണ്ട പ്രകൃതിദത്തമായ പാതിരാമണൽ ശാസ്ത്രീയമായി ക്രമീകരിച്ചാൽ ഒരു ടൂറിസ്റ്റ് കേന്ദ്രമായി മാറ്റാൻ കഴിയും. ഇപ്പോൾ തന്നെ ഈ പ്രദേശം ടൂറിസ്റ്റുകളുടെ ആകർഷണകേന്ദ്രമായി മാറിയിട്ടുണ്ട്. കായിപ്പുറം ജെട്ടിയിൽ നിന്നും പാതിരാമണലിലേയ്ക്ക് ബോട്ട് സർവ്വീസ് അല്ലെങ്കിൽ റോപ്പ് വേ ആവശ്യമാണ്. ചിൽഡ്രൻസ് പാർക്ക്, നീന്തൽ കുളം, പക്ഷി സങ്കേതം, നാടൻ കലകൾ പ്രദർശിപ്പിക്കുന്ന ആട്ടപ്പുരകൾ, വേമ്പനാട്ട് കായലിൽ ബോട്ടിങ്ങിനുള്ള സൗകര്യങ്ങൾ മുതലായവ ഒരുക്കികൊടുത്താൽ വിദേശിയരേയും തദ്ദേശിയരേയും ആകർഷിക്കാൻ കഴിയും. ഇതുമൂലം പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുവാൻ കഴിയും. വിദേശ നിക്ഷേപവും കൂടും.

മത്സ്യ കൃഷി

പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളിൽ ധാരാളം വെള്ളക്കെട്ടുകൾ ഉണ്ട്. ഇവിടം ശാസ്ത്രീയമായ മത്സ്യം വളർത്തലിന്

ഏറെ സാധ്യതയുണ്ട്. പഞ്ചായത്തിന്റെ നേരിട്ടുള്ള ഉടമസ്ഥതയിലും, നിയന്ത്രണത്തിലും ചെയ്യുന്നതായിരിക്കും പ്രയോജനപ്രദം. അല്ലാത്ത സ്ഥലങ്ങളിൽ സ്വകാര്യ മേഖലയേയും പ്രയോജനപ്പെടുത്താം. ധാരാളം സ്വകാര്യ കുളങ്ങളുള്ള പ്രദേശമാണ് നമ്മുടേത്. പഞ്ചായത്തിൽ നിന്ന് സബ്സിഡി നിരക്കിൽ മത്സ്യക്കുഞ്ഞുങ്ങളേയും, തീറ്റയും നൽകിയാൽ ഈ കുളങ്ങളിലും മത്സ്യം വളർത്താം.

കശുമാവ് കൃഷി

കശുമാവ് കൃഷിക്ക് അനുയോജ്യമായ മണ്ണാണ് നമ്മുടേത്. അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങളും ശാസ്ത്രീയമായ രീതിയിലുള്ള വള പ്രയോഗവും മൂലം ഈ കൃഷി ഒരു നല്ല വരുമാന മാർഗ്ഗമായി മാറ്റാം. ഒപ്പം ഊർജ്ജ പ്രതിസന്ധിക്ക് തെല്ല് സഹായകവുമാവും ഇത്.

വിദേശ നിക്ഷേപം

നമ്മുടെ പഞ്ചായത്തിൽ വിദേശത്ത് ജോലി ചെയ്യുന്ന 137 ആളുകൾ ഉണ്ട്. അവരുടെ വരുമാനം പഞ്ചായത്തിന്റെ വികസന പ്രശ്നങ്ങൾക്ക് ഫലപ്രദമായി വിനിയോഗിക്കപ്പെടുന്നില്ല. പഞ്ചായത്തിന്റെ വികസന പ്രക്രിയയിൽ ഇവരുടെ പങ്കാളിത്തം ഉറപ്പാക്കാൻ കഴിഞ്ഞാൽ തൊഴിലില്ലായ്മയ്ക്ക് പരിഹാരമാകും. ഒപ്പം നമ്മുടെ പഞ്ചായത്തിന്റെ വരുമാന മാർഗ്ഗവും ഉയർത്താം.

സിമൻറ് ഫാക്ടറി

വേമ്പനാട്ട് കായലിൽ നിന്നും ലഭിക്കുന്ന വെള്ള കക്ക ഉപയോഗിച്ച് പൊതു മേഖലയിലോ സഹകരണ മേഖലയിലോ വൈറ്റ് സിമൻറ് ഫാക്ടറി ആരംഭിക്കുവാൻ കഴിയും. ഇത് കക്ക വാരി ഉപജീവനം നടത്തുന്ന ആളുകൾക്ക് ഇടയ്ക്കുണ്ടാകുന്ന തൊഴിൽ മാന്ദ്യം ഇല്ലാതാക്കുവാൻ ഉപകരിക്കും. പുതുതായി കുറച്ചാളുകൾക്ക് തൊഴിൽ നൽകുവാനും സഹായിക്കും.

പഞ്ചായത്തിന്റെ വരുമാനത്തിൽ വർഷം തോറും നേരിയ വർദ്ധനവ് ഉണ്ടാകുന്നുണ്ടെങ്കിലും വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ നിറവേറ്റുന്നതിന് പണം തികയുന്നില്ല. അത്തരം സന്ദർഭങ്ങളിൽ നികുതികൾ ശാസ്ത്രീയമായി പുനക്രമീകരിക്കേണ്ടിവരും. ഇതിനെ കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുകയും ഒപ്പം പഞ്ചായത്തിന്റെ വരവു ചിലവുകൾ സുതാര്യമായിരിക്കുകയും വേണം. ജനങ്ങളുടെ സഹകരണമാണ് പഞ്ചായത്തിന്റെ വികസനത്തിന് പ്രധാനം എന്ന് മറന്നുകൂടാ.

പൊതു നിർദ്ദേശങ്ങൾ

1. നിർമ്മാണ പ്രവർത്തനങ്ങൾ പൊതുജന പങ്കാളിത്തത്തോടെ നടപ്പിലാക്കാം.
2. പഞ്ചായത്ത് പ്രദേശത്ത് നിന്ന് വിദേശത്ത് ജോലിചെയ്യുന്നവരുടെ ഇന്നാട്ടിലെ ബാങ്ക് അക്കൗണ്ടിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രദേശത്തുള്ളവർക്ക് തൊഴിൽ സംരംഭങ്ങൾക്ക് വായ്പ കൊടുക്കുക.
3. സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും കിട്ടാവുന്നത്ര സാമ്പത്തിക സമാഹരണം നടത്തി വികസന പ്രവർത്തനം നടത്തുക.
4. മത്സ്യ കൃഷി പഞ്ചായത്ത് പ്രദേശത്ത് വ്യാപകമാക്കി വിഭവസമാഹരണം നടത്തണം. പഞ്ചായത്തിലെ കുളങ്ങളും മറ്റു ജലാശയങ്ങളും ഇതിനായി ഉപയോഗപ്പെടുത്തുവാൻ കഴിയണം. (ഉദാഹരണം: പുത്തനങ്ങാടിത്തോടിന്റെ പടിഞ്ഞാറു വശം.)
5. കെട്ടിടനികുതി ശാസ്ത്രീയമായി പരിഷ്ക്കരിക്കണം. വീടിന് ആർഭാടങ്ങൾ കൂടുന്നതനുസരിച്ച് നികുതിയും കൂട്ടണം. അത്യാവശ്യസൗകര്യങ്ങൾ മാത്രമുള്ള വീടുകളുടെ നികുതി താരതമ്യേന കുറഞ്ഞിരിക്കണം.

6. കച്ചവടക്കാരെ കൃത്യമായ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് ചെയ്ത് അർഹിക്കുന്ന രീതിയുലുള്ള ലൈസൻസ് ഫീ ഈടാക്കണം.

7. പഞ്ചായത്ത് പ്രദേശത്തുള്ള സ്ക്കൂളിൽ സഞ്ചയ്ക പോലുള്ള പുതിയ പദ്ധതി പഞ്ചായത്ത് മുൻകൈയെടുത്ത് നടപ്പിലാക്കുകയും അതിൽ നിന്ന് കിട്ടുന്ന തുക വികസാനാവശ്യങ്ങൾക്ക് ഉപയോഗിക്കുകയും ചെയ്യുക.

8. മുന്തിയ ഇനം നായ്ക്കളെ വളർത്തുന്നതിനുള്ള ലൈസൻസ് ഫീ 100 രൂപയെങ്കിലുമാക്കി വർദ്ധിപ്പിക്കണം.

9. തെരുവിളക്കുകൾക്ക് മാത്രമായി പ്രത്യേക മീറ്റർ സംവിധാനം ഉണ്ടാക്കാൻ പറ്റുമോയെന്ന് പരിശോധിക്കുകയും അങ്ങനെ ഉപയോഗിക്കുന്ന കറൻറിന് മാത്രം ചാർജ്ജ് കൊടുക്കുകയും ചെയ്യുക.

10. കേബിൾ റ്റി.വി,സംവീധാനം ഉപയോഗിക്കുന്നവരിൽ നിന്നും അതിന് പ്രത്യേക നികുതി ഈടാക്കുക.

11. മുന്നേക്കറിൽ കൂടുതൽ ഭൂമി ഉള്ളവരിൽ നിന്നും കൂടുതൽ നികുതി ഈടാക്കുക.

12. പഞ്ചായത്തിൽ നിന്നും പാട്ടത്തിന് കൊടുത്തിട്ടുള്ള ഭൂമിയുടെ പാട്ടം കലോചിതമായി പുതുക്കുക.

13. പഞ്ചായത്ത് സ്റ്റേഡിയത്തിൽ നടത്തുന്ന പരിപാടികൾക്ക് ചെറിയ രീതിയിലുള്ള ഒരു ഫീ ഈടാക്കാവുന്നതാണ്.

14. സ്വർണ്ണപ്പണയം എടുക്കുന്ന ധനകാര്യസ്ഥാപനങ്ങളിൽ നിന്നും ഈടാക്കുന്ന നികുതി വർദ്ധിപ്പിക്കേണ്ടതാണ്.

15. തൊഴിൽ നികുതി, ലൈസൻസ് ഫീ മുതലായവ കാലോചിതമായി വർദ്ധിപ്പിച്ച് വരുമാനം വർദ്ധിപ്പിക്കാം.

16. പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ഒരു പഞ്ചായത്ത് ബാങ്ക് തുടങ്ങുന്നതിനെപ്പറ്റി ആലോചിക്കാവുന്നതാണ്. പഞ്ചായത്ത് നിവാസികളുടെ നിക്ഷേപം (എൻ.ആർ.ഐ നിക്ഷേപം ഉൾപ്പെടെ) പഞ്ചായത്ത് ബാങ്കിൽ തന്നെ നിക്ഷേപിക്കുവാൻ ആവശ്യമായ പ്രചാരണം നടത്തണം.

17. റോഡ് പുറംപോക്കിൽ കച്ചവട ആവശ്യത്തിനായി സൂക്ഷിച്ചിരിക്കുന്ന കെട്ടിട നിർമ്മാണ സാധനങ്ങൾക്ക് ഫീസ് ചുമത്താവുന്നതാണ്.

18. പഞ്ചായത്ത് അതിർത്തിയിൽ പരസ്യപ്പെടുത്തുന്ന എല്ലാത്തരം പരസ്യങ്ങൾക്കും അഡ്വർടൈസ്മെൻറ് നികുതി ഈടാക്കാവുന്നതാണ്.

19. വസ്തു കൈമാറ്റ നികുതി, വി.റ്റി.സി. വിഹിതം എന്നിവ ഉദ്യോഗസ്ഥൻമാരുടെ ഇംഗിതത്തിന് വിടാതെ അവ പഞ്ചായത്ത് ഡയറക്ടർ വഴി പഞ്ചായത്തുകൾക്ക് നേരിട്ട് നൽകുന്നതിന് നടപടികൾ സ്വീകരിക്കുക.

20. ട്യൂട്ടോറിയൽ വിദ്യാലയങ്ങൾക്ക് ലൈസൻസ് ഫീസ് ചുമത്തണം.

21. തിയേറ്ററുകളിൽ പ്രദർശിപ്പിക്കുന്ന സ്ലൈഡുകൾക്ക് അഞ്ചു രൂപ പ്രകാരം പരസ്യനികുതി ചുമത്തുക. പൊതു ആവശ്യങ്ങൾ ഉൾക്കൊള്ളുന്ന പരസ്യങ്ങളെ ഇതിൽ നിന്നും ഒഴിവാക്കേണ്ടതാണ്.

22. വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് പഞ്ചായത്ത് സമിതി തീരുമാനിക്കുന്ന നിശ്ചിത തുക ചുമത്തുക.

ചെലവ് സംബന്ധിച്ച വിവരങ്ങൾ 1995 – 96

1.	അംഗങ്ങൾക്കുള്ള അലവൻസും യാത്രാപ്പടിയും	57314.00
2.	സെക്രട്ടറിയുടേയും ജീവനക്കാരുടേയുംശബളം, യാത്രാപ്പടി, പെൻഷൻ അംശം	357592.00
3.	തൂപ്പുകാരുടെ ശബളം	23320.00
4.	കറൻറ് ചാർജ്ജ്	76047.00
5.	ഫോൺ, തപാൽ ചാർജ്ജ്	15661.00
6.	പ്രിൻറിംഗ് ചാർജ്ജ്	16443.00
7.	ഇലക്ഷൻ ചിലവ്	1234.00
8.	ഓഫീസ് കണ്ടിജൻസി	19254.00
9.	വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്	17250.00
10.	അൺടൈഡ് ഫണ്ട്	205556.00
11.	മറ്റ് ചിലവുകൾ	208244.00
	ആകെ	997915.00


"ജനങ്ങൾ സ്വാശ്രയ ശീലരും സ്വയം പര്യാപ്തതയുള്ളവരും ആയിരിക്കണം."

ഗാന്ധിജി

MUHAMMA PANCHAYATH

DETAILS OF INCOME DURING 1995-96

1. Building tax	:	2,26,194.80
2. Service tax	:	Nil
3. Professional Tax	:	1,40,723.00
4. Show tax	:	1,844.00
5. Surcharge on show tax	:	461.00
6. E.T.	:	1,13,144.42
7. AET	:	66,629.00
8. Rent on shopping Complex	:	21,595.00
9. Licence fee	:	7,835.00
10. PFA	:	637.00
11. Rent on Community Hall	:	Nil
12. Auction	:	27,733.75
13. Library Receipts	:	742.00
14. Interest	:	1,408.90
15. Duty 75%	:	68,215.00
16. Duty 25%	:	Nil
17. V.T.C	:	97,595.00
18. V.R.M	:	11,305.00
19. M.I.	:	21,800.00
20. EST grant	:	406.00
21. Basic Tax	:	57,288.00
22. United fund	:	2,80,000.00
23. Other Items	:	50,519.48
TOTAL	:	11,96,075.35



5.13
ടൂറിസം

കേരളത്തിലെ പ്രകൃതി മനോഹരമായ കായലുകളിൽ വിസ്തൃതിയിൽ ഒന്നാം സ്ഥാനത്തു നിൽക്കുന്നത് വേമ്പനാട് ആണല്ലോ. ഈ വേമ്പനാട്ട് കായലിന് ഒരു തിലകക്കുറി പോലെ ചാരുതയേകുന്ന ഒരു കൊച്ചു ദ്വീപാണ് മുഹമ്മ പഞ്ചായത്തിന്റെ 10-ാം വാർഡിന്റെ ഭാഗമായി സ്ഥിതി ചെയ്യുന്ന പാതിരാമണൽ. ഏതാണ്ട് 65 ഏക്കർ വിസ്തൃതിയുള്ള ഈ ദ്വീപ് സസ്യ വൈവിധ്യങ്ങളാലും പക്ഷിജാലങ്ങളാലും അനുഗ്രഹീതമാണ്. സംസ്ഥാന ഗവൺമെൻറും കേന്ദ്ര ഗവൺമെൻറും ഇതൊരു ടൂറിസം കേന്ദ്രമായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും കാര്യമായ യാതൊരു പ്രവർത്തനവും ഇവിടെ നടക്കുന്നില്ല എന്നതാണ് പരിതാപകരം. ഇതിന് മാറ്റം വന്നേ പറ്റൂ. നമ്മുടെ ഗ്രാമത്തിന്റെ വികസനത്തിന് സഹായകരമാംവിധം ഇത് ഏറ്റവും വേഗം യഥാർത്ഥ ടൂറിസ്റ്റ് കേന്ദ്രമാക്കേണ്ടതുണ്ട്. പാതിരാമണലിന്റെ ഇന്നുള്ള തനിമ നിലനിർത്തിക്കൊണ്ട് തദ്ദേശീയരും വിദേശീയരുമായ ടൂറിസ്റ്റുകളെ ആകർഷിക്കാൻ നമുക്ക് കഴിയണം. അതിനുതകുന്ന ചില നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

മൃഗങ്ങളും പക്ഷികളും

ഏതാനും ജോഡി മാൻകിടാങ്ങളെ പാതിരാമണലിൽ വളർത്തുക. തിരുവനന്തപുരത്തും തൃശൂരുമുള്ള മൃഗശാലകളിൽ മാനുകൾ ധാരാളം ഉള്ളതുകൊണ്ട് മാൻകിടാങ്ങളെ കിട്ടാൻ പ്രയാസം ഉണ്ടാവുകയില്ല. സാധാരണ കാടുകളിൽ വളരുന്നതുപോലെ പാതിരാമണലിൽ പ്രത്യേക പരിചരണമൊന്നും കൂടാതെ ഇവ വളർന്നുകൊള്ളും. മുയലുകൾ, മലയണ്ണാൻ തുടങ്ങിയ ജീവികളെയും, വിവിധ തരം പക്ഷികളെയും ഇവിടെ വളർത്താവുന്നതാണ്. പെട്ടെന്ന് പറന്നുപോകാൻ കഴിയാത്ത കുറേയിനം പക്ഷികളും ഇവിടെ വേണ്ടതാണ്. കൂടുകളിൽ അല്ലാതെ സ്വാഭാവിക അന്തരീക്ഷത്തിൽ പക്ഷിമൃഗാദികളെ ദർശിക്കാവുന്നത് ടൂറിസ്റ്റുകളെ സംബന്ധിച്ചിടത്തോളം ആകർഷകമായിരിക്കും.

നടപ്പാതകൾ

സന്ദർശകർക്ക് പക്ഷിമൃഗാദികളെ നടന്നുകാണുന്നതിന് ഈ ദ്വീപിന്റെ തലങ്ങും വിലങ്ങുമായി നടപ്പാതകൾ നിർമ്മിക്കേണ്ടതാണ്. ചില ചെറിയ തടിപ്പാലങ്ങളും വേണ്ടിവരും. സന്ദർശകരും, പക്ഷിമൃഗാദികളും തമ്മിൽ നേരിട്ട് ബന്ധം വരാതിരിക്കുന്നതിന് നടപ്പാതകളുടെ ഇരുവശവും പ്രത്യേകതരം സംരക്ഷണവേലികൾ കെട്ടി സുക്ഷിക്കേണ്ടതാണ്.

സ്നാനഘട്ടം

ദ്വീപിന്റെ തെക്കുഭാഗം പൊതുവേ ആഴക്കുറവുള്ളതാണ്. ആ ഭാഗം ടൂറിസ്റ്റുകളുടെ സ്നാനഘട്ടമായി ഉപയോഗപ്പെടുത്താവുന്നതാണ്.

പുൽത്തകിടികൾ

ദ്വീപിന്റെ തെക്കുഭാഗത്തും വടക്കുപടിഞ്ഞാറു ഭാഗത്തുമുള്ള പുൽത്തകിടികൾ സംരക്ഷിക്കപ്പെടണം. ആ ഭാഗങ്ങൾ കളിസ്ഥലങ്ങളായും വിശ്രമസ്ഥലങ്ങളായും ഉപയോഗപ്പെടുത്താവുന്നതാണ്.

കണ്ടൽകാടുകൾ

ദ്വീപ് ഇന്ന് തരിശായിക്കിടക്കുനനതും, മുമ്പ് നെൽപ്പാടങ്ങളായിരുന്നതുമായ പ്രദേശങ്ങളിൽ കണ്ടലുകൾ വച്ചുപിടിപ്പിക്കുക. കണ്ടൽകാടുകൾ പക്ഷികളുടെ സങ്കേതമായും, കണ്ടൽകാടുകളുടെ താഴെയുള്ളഭാഗം മത്സ്യങ്ങളുടെ താവളമായും പ്രയോജനപ്പെടും.

വൈദ്യുതീകരണം

ദ്വീപിൽ കര ഭാഗത്തുനിന്നും വൈദ്യുതി എത്തിക്കുന്നതിന് വളരെയേറെ സാമ്പത്തിക ചെലവുവരും. അതൊഴിവാക്കുന്നതിന് സൗരോർജ്ജത്തിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനുള്ള ഏർപ്പാടുണ്ടാക്കണം. ഇക്കാര്യത്തിൽ അനർട്ടിന്റെ സഹായം തേടാവുന്നതാണ്.

നിരീക്ഷണഗോപുരം (WATCH TOWER)

ടൂറിസ്റ്റുകളെയും പക്ഷിനിരീക്ഷകരെയും ആകർഷിക്കുന്നതിന് ഒരു ഇടത്തരം നിരീക്ഷണഗോപുരം ദ്വീപിന്റെ ഒരു ഭാഗത്ത് പണികഴിപ്പിക്കുന്നത് നന്നായിരിക്കും.

പ്രവേശനപാസ്

സന്ദർശകരെ രാവിലെ 7മണി മുതൽ വൈകുന്നേരം 6മണിവരെ പ്രവേശിപ്പിക്കാവുന്നതാണ്. രാത്രി ദ്വീപിൽ ആരെയും താമസിക്കുന്നതിന് അനുവദിക്കരുത്. സന്ദർശകരിൽനിന്നും 10രൂപ പ്രവേശനപാസ് ഈടാക്കാവുന്നതാണ്. വിദ്യാർത്ഥികൾക്ക് സൗജന്യനിരക്ക് അനുവദിക്കുകയും വേണം.

സ്ഥിരമായ കടത്തുബോട്ടുകൾ

മുഹമ്മ ജട്ടിയിൽനിന്നും കായിപ്പുറം ജട്ടിയിൽനിന്നും പാതിരാമണലിലേയ്ക്ക് കടത്തുബോട്ടുകൾ സർവ്വീസ് നടത്തുന്നതിനുള്ള സംവിധാനം ഉണ്ടായിരിക്കണം.

റോപ്പ്വേ (ROPE WAY)

ദ്വീപിനേയും കായിപ്പുറത്തേയും ബന്ധിപ്പിക്കുന്ന ഒരു റോപ്പ്വേ സംവിധാനം ഉണ്ടാകേണ്ടതാണ്.

റിഫ്രഷർമെൻറ് ഷോപ്പ് (REFRESHMENTSHOP)

സന്ദർശകർക്കുവേണ്ടി അത്യാവശ്യഭക്ഷ്യ പദാർത്ഥങ്ങളും, പാനിയങ്ങളും മറ്റും ലഭിയ്ക്കുന്ന ഒരു റിഫ്രഷർമെൻറ്ഷോപ്പ് ദ്വീപിൽ സ്ഥാപിക്കേണ്ടതാണ്. അത് കോൺട്രാക്ട് രീതിയിൽ പ്രവർത്തിപ്പിക്കുന്നതാണഭികാമ്യം.

ഉപസംഹാരം

ഇതൊരു വിസ്മയമാണ്. വിരുദ്ധ രാഷ്ട്രീയ ചേരികളിലായി അണിനിരന്നിരുന്ന ജനതയെ ഏകലക്ഷ്യാനുമ്മുഖരാക്കുക എന്ന വിസ്മയം. നാടിന്റെ സർവ്വതോന്മുഖമായ പുരോഗതിയിൽ ജനത ഒന്നടങ്കം അണിചേരുക എന്ന വിസ്മയം. ജനകീയാസൂത്രണം ജനാഭിലാഷത്തിന്റെ സ്രോതസ്സിന് തുറന്നു വിട്ടിരിക്കുന്നു. ഇത്രനാളും നമുക്ക് പറ്റിയ അബദ്ധം പുരോഗതി ആരോഹണ ക്രമത്തിലായിരിക്കണമെന്ന സത്യത്തെ കാണാതെ പോയതാണ്. അവരോഹണമാണ് വികസനമെന്ന് നാം കരുതി. കേന്ദ്രസംസ്ഥാനങ്ങൾ താഴേയ്ക്ക് വിടുന്ന ആസൂത്രണത്തിലൂടെ പുരോഗതി കൈവരിയ്ക്കാൻ കഴിയുമെന്ന് മതിമറന്ന് വിശ്വസിച്ചു. സ്വാതന്ത്ര്യാനന്തരമുള്ള ഈ 49 വർഷവും വിസ്മരിച്ചുപോയത് ഓർമ്മിപ്പിയ്ക്കുവാൻ ജനകീയാസൂത്രണ പ്രക്രിയയ്ക്ക് കഴിഞ്ഞിരിക്കുന്നു. വികസനം അവരോഹണമല്ല ആരോഹണമാണ്. ഈ തിരിച്ചറിവാണ് കേരത്തിന്റെ ഭാവിയെ സുരക്ഷിതമാക്കാൻ പോകുന്നത്. രോഗത്തെ മനസ്സിലാക്കി ചികിൽസിക്കുന്ന ആളാണ് യഥാർത്ഥ ഭിഷഗ്വരൻ എങ്കിൽ അതുപോലെ ജനതയുടെ യഥാർത്ഥ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നവനാണ് യഥാർത്ഥ ഭരണാധികാരി. ജനകീയാസൂത്രണം യഥാർത്ഥ ഭരണാധികാരിയെ സൃഷ്ടിക്കുന്ന പ്രക്രിയകൂടിയാണ്. ഉപരിപ്ലവമായ ഒരു മാറ്റം മാത്രമല്ല നാം പ്രതീക്ഷിക്കുന്നത്. പ്രശ്നാധിഷ്ഠിതമായ പരിഹാരമാണ് നമ്മുടെ എല്ലാ ഗ്രാമസഭകളിലും ഉയർന്ന് കേട്ട ശബ്ദം യഥാർത്ഥ പ്രശ്നങ്ങളിലേയ്ക്കുള്ള ചുണ്ടുപലകയാണ്. ആ വഴികളിലൂടെ നമ്മുക്ക് സഞ്ചരിക്കാം. ഒൻപതാം പഞ്ചവൽസരപദ്ധതിയുടെ നടത്തിപ്പിലേയ്ക്കായി പഞ്ചായത്തുകൾക്ക് ലഭിക്കുന്ന 40% വിഹിതം. നമ്മുടെ കൂട്ടായ്മയുടെ ഫലമായി 80% മോ അതിലധികമോ ആക്കാമോയെന്നാണ് നമ്മൾ ഇനി നോക്കേണ്ടത്. അതിനായി ഓരോ ഗ്രാമത്തിന്റേയും ഹൃദയത്തുടിപ്പുകൾ സ്പർശിച്ചറിയണം അവയെ ഭാവിയിലേയ്ക്കുള്ള തായ്വേരുകളായി ഈ മണ്ണിൽ ഉറപ്പിച്ചുനിർത്താം. ലോകത്തിന് മുന്നിൽ മറ്റൊരു വിസ്മയമായി തലയുയർത്തി നിൽക്കാം. അതിന് സമീപഭാവിയിൽ തന്നെകഴിയുമെന്ന പ്രത്യാശയോടെ വരുംകാല ചരിത്രത്തെ സാക്ഷിയാക്കി ഈ വികസനരേഖ വിശദവും സമഗ്രവുമായ വിശകലനത്തിനും ചർച്ചയ്ക്കും അംഗീകാരത്തിനും വേണ്ടി മുഹമ്മ ഗ്രാമ പഞ്ചായത്ത് വികസനസെമിനാർ മുൻപാകെ സമർപ്പിക്കുകയാണ്.

മുഹമ്മ ഗ്രാമപഞ്ചായത്ത്

വികസന സെമിനാറിന് ആശംസകൾ...

കായിപ്പുറം സർവ്വീസ് സഹകരണ സംഘം
ലിമിറ്റഡ് നമ്പർ. 1300, മുഹമ്മ. പി. ഒ

നിക്ഷേപങ്ങൾക്ക് ഉയർന്ന പലിശ നിരക്ക്
25000/- രൂപ സലയുള്ള 2 നമ്പർ പ്രതിമാസ ലേലചിട്ടി
ഉടൻ തന്നെ ആരംഭിക്കുന്നു.

എം. ടി. രമേശൻ
(പ്രസിഡൻറ്)

സി. എം. മധു
(സെക്രട്ടറി)

മുഹമ്മ ഗ്രാമപഞ്ചായത്ത്

വികസന സെമിനാറിന് ആശംസകൾ...

മുഹമ്മ കക്കസഹകരണ സംഘം
ലിമിറ്റഡ് നമ്പർ. 2551
മുഹമ്മ. പി. ഒ

എൻ. കെ. മാധവൻ
(പ്രസിഡൻറ്)

ടി. എൽ. വിജയമ്മ
(സെക്രട്ടറി)







22 കാരറ്റ് സ്വർണ്ണാഭരണങ്ങൾക്ക്

പല്ലവി ജ്യൂവലേഴ്സ്

ദേവീക്ഷേത്രത്തിനു വടക്കുവശം

ചേർത്തല

ഫോൺ-812263

Printed at : S.K. Enterprises, Kochi - 18